# എന്റെ ബലി.




എൽ. ജെ. ചിറവൂർ.

D 22
319




# എന്റെ ബൈബിൾ.




എൽ. ജെ. ചിറ്റൂർ.




PRINTED AT THE ST. JOSEPH'S PRESS,
MANNANAM.
1944.

**Imprimatur.**

† JAMES KALACHERRY,
Ep. Changanacherry.

*Changanacherry,*
*19, March '44.*





Rt. Rev. Mar James Kalacherry Ph. D., D. D.,

*Bishop of Changanacherry.*

# സമർപ്പണം.

ചങ്ങനാശ്ശേരി രൂപതയുടെ മെത്രാൻ

റൈറ്റ് റവ. മൊൺസിഞ്ഞോർ

ജയിംസ് കാളാശ്ശേരി പിഎച്ച്. ഡി; ഡി. ഡി.,

തിരുമനസ്സിലെ

പൗരോഹിത്യരജതജൂബിലി സ്മാരകമായി

'എന്റെ ബലി'

സാദരം

സമർപ്പിക്കുന്നു.

M/265.307

# പ്രസ്താവന.

ക്രൈസ്തവന്റെ ദിവ്യബലി വിശ്വാസത്തിന്റേയും ആരാധനയുടേയും കേന്ദ്രമാണ്. ഈ ബലിയെ സംബന്ധിച്ച ജ്ഞാനം എല്ലാവരിലും പ്രചരിപ്പിക്കണമെന്നു് മാപ്പിളപ്പാമാരും മെത്രാന്മാരും അഭിലഷിക്കയും ചെയ്യുന്നു. 1941 ജൂലൈ 14–ാം നു- കൗൺസിൽ തിരുസംഘം പ. പിതാവിന്റെ ആജ്ഞാനുസരണം ഏതാനും നിർദ്ദേശങ്ങൾ പുറപ്പെടുവിക്കയുണ്ടായി. (A. A. S. 1941. p. 389) ദിവ്യബലിയെ സംബന്ധിച്ചു് പ്രധാനമായി അഞ്ചുകാര്യങ്ങൾ വിശ്വാസികളെ പഠിപ്പിക്കണമെന്നു് പ്രസ്തുത ലേഖനം വഴിയായി മാപ്പിളപ്പാതിരുമനസ്സുകൊണ്ടു് കത്തോലിക്ക മെത്രാന്മാരോടുപദേശിക്കുന്നു.

1. ദിവ്യബലിയുടെ സ്വഭാവവും വൈശിഷ്ട്യവും; അതിന്റെ ഉദ്ദേശ്യങ്ങൾ, ഫലങ്ങൾ, കർമ്മങ്ങൾ.

2. ഭരണാധികാരികളിലും തിരുനാളുകളിലും ദിവ്യബലിയിൽ സംബന്ധിക്കുന്നതിനു്, പ്രായപൂർത്തിയായ വിശ്വാസികൾക്കുള്ള ഗുരുതരമേറിയ ചുമതല.

3. അനുഗ്രഹങ്ങൾ സ്വീകരിക്കുന്നതിനും, ദൈവനീതിയെ തൃപ്തിപ്പെടുത്തുന്നതിനും ബലിയ്ക്കുള്ള വില.

4. ദിവ്യവിരുന്നിൽ വിശ്വാസികൾക്കുള്ള ഓഹരി.

5. പുണ്യവാന്മാരുടെ ഐക്യം; ദിവ്യബലിയുടെ ഫലങ്ങളിൽ മരിച്ചവർക്കും ജീവിച്ചിരിക്കുന്നവർക്കും ലഭിക്കുന്ന ഭാഗം.

എങ്കിലും നമ്മുടെ മലയാളഭാഷയിൽ ദിവ്യബലിയെപ്പറ്റി ശാസ്ത്രികജ്ഞാനം നൽകുന്ന ഗ്രന്ഥങ്ങൾ ഇല്ലെന്നു തന്നെ പറയാം. ഈ കുറവിനൊരു പരിഹാരമായാണ് ഈ ചെറുഗ്രന്ഥം ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്.

കഴ്സിയോങ്ങ് സെമിനാരിയിലെ ദൈവശാസ്ത്രപണ്ഡിതനായ റവ. ഫാദർ ജെ. പുറ്റ്സ്, എസ്. ജെ. എഴുതിയ ഈ ഗ്രന്ഥം ഈ വിഷയത്തെ സംബന്ധിച്ചു് സാധാരണ ജനങ്ങൾക്കായെഴുതപ്പെട്ടിട്ടുള്ളതിൽ ഏറ്റവും നല്ലതായാണ് എനിക്കു തോന്നിയിട്ടുള്ളതു്. ദിവ്യബലിയെ സംബന്ധിക്കുന്ന അതി ഗഹനങ്ങളായ ശാസ്ത്രികതത്വങ്ങളെ കഴിയുന്നതു ലളിതമായി പ്രതിപാദിക്കുന്ന

തിനും, അതിൽ പങ്കുകൊള്ളുന്ന അൽമായരുടെ ഭാഗമെന്തെന്ന് വിശദമാക്കുന്നതിനും ഗ്രന്ഥകാരൻ സഫലമായി പരിശ്രമിച്ചിട്ടുണ്ട്. ഞാൻ തന്നെ, പലരോടും ഈ പുസ്തകം വായിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. വായിച്ചവരെല്ലാം ഒരു അനഘനിക്ഷേപമായി ഈ ചെറുഗ്രന്ഥത്തെ കരുതുന്നതായിട്ടാണെന്നോട് പറഞ്ഞിട്ടുള്ളത്. തന്നിമിത്തം ഇത്ര വിലയേറിയ ഈ പുസ്തകം, ഇംഗ്ലീഷ് ഭാഷ പരിജ്ഞാനമില്ലാത്തവരുടെ ഉപയോഗത്തിനായി മലയാളത്തിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിന് ഞാൻ ആഗ്രഹിക്കയും ഗ്രന്ഥകർത്താവ് സസന്തോഷം അനുമതി നൽകയും ചെയ്തു.

ഭാഷാഭിരുചിയുള്ള എന്റെ രണ്ടു വാത്സല്യശിഷ്യന്മാരുടെ സഹായം ഞാൻ ഈ കാര്യത്തിൽ ആവശ്യപ്പെട്ടു. ചങ്ങനാശ്ശേരി രൂപതയുടെ മെത്രാൻ റൈറ്റു റവ. മോൺസിഞ്ഞോർ ജയിംസ് കാളാച്ചേരി, പി. എച്ച്. ഡി; ഡി. ഡി., തിരുമനസ്സിലെ പൗരോഹിത്യത്തിന്റെയും നവബലിയുടെയും രജതജൂബിലി സ്മാരകമായി 'എന്റെ ബലി' സമർപ്പിക്കണമെന്ന എന്റെ അഭിലാഷം അവരെ കർമ്മനിരതരാക്കി. എന്റെ ചുമതലയിലാണെങ്കിലും ഭാഷാന്തരകൃത്യം മുഖ്യമായി നിർവ്വഹിച്ചത്, ഭാഷാലോകത്തിൽ അറിയപ്പെട്ട ആ രണ്ടു സഹോദരന്മാർ – കുര്യാക്കോസ് ഏണേക്കാടൻ ബി. എ; കുര്യാക്കോസ് കൊട്ടാരത്തുംകുഴി (ഇടമറ്റം) – ആണെന്ന വിവരം ആനന്ദത്തോടെ അറിയിച്ചുകൊള്ളട്ടെ.

ഇതിലെ ഭാഷ, കഴിയുന്നത്ര ലളിതമായിരിക്കണമെന്ന ആദ്യശ്രദ്ധയോടെയാണ്, ഇതെഴുതിയിരിക്കുന്നത്. എങ്കിലും വിഷയം ഗഹനമാകയാലും ശാസ്ത്രീകരിതിയിൽ പ്രതിപാദിക്കുന്നതുകൊണ്ടും ചില ഭാഗങ്ങൾ സാധാരണ വായനക്കാർക്ക് വിഷമകരമായി തോന്നാം. മതസംബന്ധമായി ഉപരിപഠനം ലഭിച്ചിട്ടുള്ളവരുടേയോ, വൈദികരുടേയോ സഹായം ലഭിക്കുന്നപക്ഷം ഇത് സുഗ്രഹമായിത്തീരും. സി. എ. സി. യുടെ ആദിമുഖ്യത്തിൽ നടത്തുന്ന പഠനക്കളരികൾക്കും, മതപഠനത്തിനായുള്ള മേൽക്ലാസ്സുകൾക്കും ഇതൊരു പാഠപുസ്തകമായി ഉപയോഗിക്കാവുന്നതാണ്. വി. കുർബ്ബാനയെ സംബന്ധിച്ച് ജനങ്ങളോട് പ്രസംഗിക്കുന്നതിന് വൈദികർക്കും ഇതൊരു സഹായപുസ്തക ഗ്രന്ഥമായിരിക്കും.

മൂലഗ്രന്ഥത്തിൽ ലത്തീനിൽ കുർബ്ബാനയെമാത്രം സംബന്ധിക്കുന്ന ഭാഗങ്ങളും, ദിവ്യബലിയുടെ വിവിധഭാഗങ്ങൾ കാണിക്കുന്ന ഒരു 'ചാർട്ടും' ദിവ്യബലിയെപ്പറ്റി പഠിപ്പിക്കുന്നതിനെ സംബന്ധിച്ച ചില നിർദ്ദേശങ്ങളും ഈ പരിഭാഷയിൽ വിട്ടു കളഞ്ഞിട്ടുണ്ട്.

ഈ ചെറിയ പരിഭാഷാഗ്രന്ഥത്തിന്റെ സമർപ്പണം സദയം സ്വീകരിക്കുന്നതിനു സമ്മതിച്ച അഭിവന്ദ്യമെത്രാനച്ചൻ തിരുമനസ്സിലെ നേർക്കു ഞങ്ങൾക്കുള്ള കൃതജ്ഞത നിസ്സീമമാണ്. അവിടത്തെ ആദ്യബലിയുടെ രജതജൂബിലിയാഘോഷത്തോടെ, ബലിയെപ്പറ്റിയുള്ള ജ്ഞാനം പ്രചരിപ്പിക്കുന്നതിന്, ത്രുപതവക വൈദികവിദ്യാർത്ഥിമന്ദിരത്തിൽനിന്നു പുറപ്പെടുന്ന 'എന്റെ ബലി' കാരണമായി തീരട്ടെ.

ഇതിന്റെ പ്രസാധനം സംബന്ധിച്ച കാര്യങ്ങൾ സകലതും മറ്റു ജോലിത്തിരക്കിനിടയിൽ ഏറ്റെടുത്തു് എന്നെ സഹായിച്ച മാന്നാനം സെന്റ് ജോസഫ്സ് പ്രസ്സ് സൂപ്രണ്ട് റവ. ഫാദർ വിൽഫ്രിഡ് സി. ഡി. അവർകളോടും എനിക്കുള്ള നന്ദിയെ രേഖപ്പെടുത്തുന്നു.

മനുഷ്യകുലത്തിനുവേണ്ടി സ്വയം സ്നേഹബലിയർപ്പിക്കയും അതിനെ ആവർത്തിച്ചുകൊണ്ടിരിക്കയും ചെയ്യുന്ന ക്രിസ്തുനാഥൻ തന്നെ 'എന്റെ ബലി'യേയും അനുഗ്രഹിക്കട്ടെ; അനുവാചകർക്ക് ആശിസ്സുകളുട്ടെ.

സെന്റ് തോമ്മസ് പൊറിസെമിനാരി,
കോട്ടയം 19–4–1944.

എൽ. ജെ. ചിറയിൽ.

CARMELITE MONASTERY * PAVAMOORE
ST. JOSEPH'S MONASTERY, ALWAYE, TRAVANCORE

# ഉപോദ്ഘാതം.

"കത്തോലിസ്സാസഭയുടെ ലോകത്തിലെ യത്നം മുഴുവൻ മനുഷ്യരെ ദിവ്യപൂജയിലേയ്ക്ക് ആനയിയ്ക്കുന്നതിനാണ് എന്ന് പുരുക്കത്തിൽ പറയാം''. (ഡ്റിങ്ക്വാട്ടർ) വാസ്തവത്തിൽ, 'ദിവ്യപൂജയിൽ ബുദ്ധിപൂർവ്വം ഭാഗഭാക്കാകുന്ന ഒരാൾ' എന്ന കത്തോലിസ്സനെ അദ്ധ്യവസാനം ചെയ്യാവുന്നതാണ്. തന്റെ മതത്തിന്റെ സാരാംശം മുഴുവൻ അയാൾ കണ്ടുപിടിയ്ക്കുന്നതും നടക്കുന്നതും അവിടെനിന്നത്രെ. വിശുദ്ധ കുർബ്ബാന ക്രിസ്തീയ തത്വങ്ങളുടെ സജീവസംഗ്രഹമാണെന്നതത്രെ അതിനുള്ള കാരണം. ക്രിസ്തുമതത്തിന്റെ പഠനം ജീവിതത്തെക്കുറിച്ചുള്ള ഒരദ്ധ്യാഹം എന്നതിനെക്കാൾ കൃതജ്ഞതയായി, ഒരു യാഥാർത്ഥ്യത്തിന്റെ അഥവാ സംഭവത്തിന്റെ ആവിഷ്കരണമാണ്; ഒരു ചിന്താവ്യാപാരം എന്നതിനെക്കാൾ, "വിജയോന്മത്തമായ ഒരു തെളിവാണ്.'' ക്രിസ്തുവിന്റെ ബലി വഴിയായും പവിത്രീകരണശക്തി വഴിയായും മാനവലംശത്തിനു ദൈവവുമായിട്ടുണ്ടായിട്ടുള്ള ഐക്യത്തെയാണ് അത് പ്രഖ്യാപനം ചെയ്യുന്നത്. ലോകത്തെ മുഴുവൻ ദിവ്യമിത്രമാക്കിക്കൊണ്ട് ക്രിസ്തീയ തലമുറകളെയെല്ലാം തന്നോടുതന്നെ ബന്ധിയ്ക്കുന്നതായ ആ മഹാസംഭവത്തെ അതിന്റെ സജീവ യാഥാർത്ഥ്യത്തിൽ അവതിയ്ക്കുക എന്നതാണ് ദിവ്യബലിയുടെ സംഗ്രഹം.

ഇങ്ങനെ ദിവ്യപൂജ ക്രിസ്തീയജീവിതത്തിന്റെ ഉറവും പരിശീലനകേന്ദ്രവുമായി പരിണമിയ്ക്കുന്നു. മതം യഥാർത്ഥമായി എന്താണെന്ന്— അത് സദ്വാർത്തയും നിസ്സാരവുമായ ഒരിടപാടും, ഭക്തിപൂർവ്വകമായ തൻകാര്യപ്രസക്തിയും അല്ല, പ്രത്യുത പ്രധാനമായി സ്നേഹവും ദൈവാരാധനയും സ്വയം വിധേയത്വവുമാണെന്ന്— ഭാവനാജന്യമായ വികാരാനുഭവമല്ല, വാസ്തവമായ ക്രൈസ്തവതത്വത്തിൽ അഥവാ ക്രിസ്തുവിന്റെ നിഗൂഢശരീരത്തിന്റെ ജീവിതത്തിൽ, ഉള്ള കർമ്മനിരതമായ ഭാഗഭാഗിത്വമാണെന്ന്— നാം അവിടെവച്ച് അഭ്യസിച്ചറിയുന്നു. മതബോധത്തിനു മാറ്റ്കുറയാതെ സംരക്ഷിക്കുന്നതും ദിവ്യബലിതന്നെ. വിശുദ്ധ കുർബ്ബാനയിൽ സംബന്ധിയ്ക്കുന്നത് മനസ്സിനും ഹൃദയത്തിനും ഒന്നുപോലെ സിദ്ധിയ്ക്കുന്ന അത്ഭു

തകരമായ ഒരു പരിശീലനമാണ്. എങ്കിലും അതൊരു അഭ്യസന കേന്ദ്രം മാത്രമല്ല. ജീവന്റെയും വിശ്വാസിയുടെയും അപ്പസ്തോലിക ശക്തിയുടെയും സ്വാഭീയ സ്രോതസ്സിനോട് അതു വാസ്തവത്തിൽ നമ്മെ ബന്ധിപ്പിക്കുകയാണ് ചെയ്യുന്നു. അതാണു നമ്മുടെ ഏറ്റവും വലിയ നിക്ഷേപം.

ഇക്കാരണത്താൽ അതു കത്തോലിപ്പിക്കുജീവിതത്തിന്റെ കേന്ദ്രമാണെന്ന് സന്ദേഹം വിശദമാകുന്നു. രാജ്യത്തിന്റെയോ വ്യക്തിയുടെയോ ജീവിതത്തിൽനിന്ന് അതു തിരോഭവിക്കുന്നപക്ഷം അചിരേണ യഥാർത്ഥ ക്രൈസ്തവചൈതന്യവും അധഃപതിപ്പിക്കുതിരിപ്പിക്കുയില്ല. "വാളും വഹിയും കാരാഗൃഹവും" ഉപയോഗിച്ചിട്ടും ഐർലണ്ടുകാരുടെ മതവിശ്വാസം ഇത്ര അഭംഗമായും തീക്ഷ്ണമായും നിലനിൽക്കുന്നതിന്റെ കാരണമെന്താണെന്നുള്ള ചോദ്യത്തിന്, ഐർലണ്ടിന്റെ ചീഫ് സെക്രട്ടറിയായ അഗസ്റ്റിൻബിറൽ, ഒരു സൂക്ഷ്മപരിശോധനയ്ക്കു ശേഷം നൽകിയ മറുപടി ശ്രദ്ധേയമാണ്: "ദിവ്യപൂജയാണ് അതിന്റെ കാരണം. ഒരു കത്തോലിപ്പിക്കുരാജ്യവും പ്രോട്ടസ്റ്റൻറുരാജ്യവും തമ്മിൽ--ഡബ്ലിനും എഡിൻബർഗും തമ്മിൽ—ഉള്ള അനിവ്വചനീയവും ദുർജ്ഞേയവും എന്നാൽ സുവ്യക്തവുമായ വ്യത്യാസത്തിന്റെ ഏക ഹേതു ദിവ്യപൂജയാണ്."

എങ്കിലും പൂജാപ്പണത്തിലുള്ള നമ്മുടെ സാന്നിദ്ധ്യം മാത്രമാണ് ഈ വ്യത്യാസത്തിന്റെ കാരണമെന്നു പറഞ്ഞുകൂടാ. സജീവമായ അംശഭാഗിത്വമാണ് പ്രധാനം. "സഭയുടെ ദിവ്യകർമ്മങ്ങളിലുള്ള സജീവമായ ഭാഗഭാഗിത്വമത്രെ ക്രൈസ്തവചൈതന്യത്തിന്റെ പ്രഥമവും അനുപേക്ഷണീയവുമായ സ്രോതസ്സ്" (പത്താം പീയൂസ്.)

ഏതാനുംപേർ മാത്രം പങ്കെടുക്കുന്ന ജ്ഞാനസ്നാനം, വിവാഹം മൃതലായ ക്രിയാശകൽ പോലെ, നോക്കിക്കൊണ്ടുനിൽക്കേണ്ട ഒരു തിരുക്കർമ്മമല്ല ദിവ്യപൂജ. നിർദ്ദിഷ്ടമായ ഭാഗം ഓരോ വ്യക്തിയും നിവ്വഹിപ്പാനുള്ള സഭയുടെ ഒരു പൊതുകർമ്മമാണ് അത്. വിശുദ്ധ കുർബാന, നമ്മുടെ ദൃഷ്ടിപഥത്തിൽവച്ചു പുരോഹിതൻ അഭിനയിക്കുന്ന ഒരു സാധാരണ നാടകമല്ല; പ്രത്യുത, നാമോരോരുത്തരും പങ്കെടുക്കേണ്ട ഒരു യഥാർത്ഥാഭിനയമാണ്; നമ്മുടെ സ്വന്തം നാടകമാണ്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, കുർബാനയിലെ പ്രധാന കാർമ്മികൻ പുരോഹിതനാണെങ്കിലും അതു അദ്ദേഹത്തിന്റെ കുർബാനയല്ല, നമ്മുടെ കുർബാനയാണ്; അക്കാരണത്താൽ തന്നെ എന്റെ കുർബാനയുമാണ്. പൊതുവെയുള്ള ക്രൈസ്തവപുരോഹിത്യ

ത്തിന്റെ അടയാളമായ ജ്ഞാനസ്നാനമുദ്രയാൽ അലംകൃതരാകാത്ത വരൊഴിച്ച് മറ്റാരും അതിൽ കേവലം "മൂകസാക്ഷി"കളായി നിൽക്കേണ്ടതുമില്ല.

ദിവ്യപൂജയുടെ അർത്ഥം ഒരുവൻ എത്ര അധികമായി മനസ്സിലാക്കുന്നുവോ അത്രയ്ക്കും ഉത്സാഹമായ മനോവേദനയാണ്, പൂജാപ്പുണ്യസമയത്തുള്ള വിശ്വാസികളുടെ പ്രവൃത്തിരഹിതവും ഉദാസീനവുമായ നില കാണുമ്പോൾ അയാൾക്കുണ്ടാകുന്നത്. സ്വന്തദൃഷ്ടിയിൽ വച്ചു നിർവ്വഹിക്കപ്പെടുന്നതും തങ്ങളിൽ ഓരോ വ്യക്തിയെയും നേരിട്ട സ്പർശിക്കുന്നതുമായ ആ ഉൽകൃഷ്ട കർമ്മത്തെക്കുറിച്ച് അനേകം പേർ അറിയുന്നതേയില്ലെന്ന തോന്നിപ്പോകും. Si Scires donum Dei ദൈവത്തിന്റെ ദാനം അവരറിഞ്ഞിരുന്നുവെങ്കിൽ! ദിവ്യപൂജയുടെ സൗന്ദര്യവും മാഹാത്മ്യവും എത്രമാത്രമെന്നും എത്ര വിലയേറിയ ഒരവസരമാണ് തങ്ങൾക്ക നഷ്ടപ്പെടുന്നതെന്നും അവർ ഗ്രഹിച്ചിരുന്നുവെങ്കിൽ!! ഇതാണ് അത്യൽകൃഷ്ടവും അത്യാവശ്യകവുമായ ഒരു കർത്തവ്യം: മറ്റുള്ളവരുടെ ബോധത്തെ തെളിയിക്കുവാനുള്ള ഒരു ചുമതല. ദിവ്യപൂജയോട് ഓരോവ്യക്തിക്കും ഉണ്ടായിരിക്കേണ്ട ഭക്തി ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനമാകയാൽ വൈദികരുടെ പ്രവർത്തനങ്ങളുടെയും കർത്തോലിക്കാപ്രവർത്തനത്തിന്റെയും എല്ലാം പ്രഥമോദ്ദേശ്യം ഇതുതന്നെയായിരിക്കുണം.

കുർബാനയിൽ ബുദ്ധിപൂർവ്വം സംബന്ധിക്കുവാൻ, അതായത് പൂജാപ്പുണ്യസമയത്തിൽ ഉദാസീനമായും വെറുമൊരു പതിവ് എന്ന നിലയിൽ മാത്രവും ഇതരഭക്തികളിൽ നിമഗ്നമായും വർത്തിക്കാതെ സജീവമായി അതിൽ പങ്കെടുക്കുവാൻ, വിശ്വാസികളെ സഹായിക്കുണമെന്നുള്ളതാണ് ഈ ചെറുഗ്രന്ഥത്തിന്റെ ഉദ്ദേശ്യം. പഠനത്തിനും ധ്യാനത്തിനും ഉപകരിക്കുന്ന ഒരു ശാസ്ത്രീയ ഗ്രന്ഥമല്ലെത്രെ ഇത്. പൂജാക്രമത്തെക്കുറിച്ചുള്ള പല നല്ല പുസ്തകങ്ങളും ഇന്നു കർത്തോലിക്കർക്കുണ്ട്. എങ്കിലും പൂജാക്രമം പൂർണ്ണമായി അറിയുവാൻ മാത്രമല്ല, ബലിയുടെ സാരാർത്ഥം – വിശുദ്ധ കുർബാനയാകുന്ന ഭയങ്കരവും ചിന്തോദ്ദീപകവുമായ യാഥാർത്ഥ്യത്തിന്റെ സാരം – അനുഭവവേദ്യമാക്കുവാനാണ് ഇന്നത്തെ ആവശ്യം. അതിന്, സാധാരണ ഗ്രന്ഥങ്ങളിൽ കാണുന്ന അവ്യക്തങ്ങളായ സാമാന്യ തത്വങ്ങളെ അതിലംഘിച്ചു പോകേണ്ടിയിരിക്കുന്നു. വാസ്തവത്തിൽ ഏറ്റവും യഥാർത്ഥവും ശ്രേഷ്ഠവും, അതേസമയം ആദ്ധ്യാത്മികദൃഷ്ട്യാ സുസമ്പന്നവും ചിന്താമൃതവുമായ ഒരു വ്യാഖ്യാനമാണ് ഈ പുസ്തകത്തിൽ നൽകുവാൻ ശ്രമിച്ചിരിക്കുന്നത്.

# പ്രാരംഭം.

## അന്യാദൃശമായ ഒരു നാടകം.

ആദത്തിന്റെ അധഃപതനത്തിനുശേഷമുള്ള മനുഷ്യവർഗ്ഗത്തിന്റെ ആദ്ധ്യാത്മിക ചരിത്രത്തെ മൂന്നു അങ്കങ്ങളടങ്ങിയ ഒരു നാടകമായി പരിഗണിക്കാം.

1. ദൈവാന്വേഷണം:– ദൈവത്തെക്കാണുവാനുള്ള അന്വേഷണമാണ് ഒന്നാമത്തെ അങ്കം. ഏതൊരു മതത്തിന്റെയും ലക്ഷ്യം പാപത്തിൽനിന്നുള്ള മോചനവും ഈശ്വരപ്രാപ്തിയുമാണ്. അതിനുവേണ്ടിയുള്ള മനുഷ്യന്റെ അപ്രതിഹതമായ ആഗ്രഹവും നിരന്തരമായ പരിശ്രമവുമാണ് ഇന്നു കാണുന്ന വിഭിന്നങ്ങളായ പ്രാർത്ഥനകളുടെയും തപാനുഷ്ഠാനങ്ങളുടെയും ആരാധനാക്രമങ്ങളുടെയും എല്ലാം കാരണം. മിസ്സ്പ്പോഴും അവ അന്ധവിശ്വാസങ്ങളായി അധഃപതിച്ചുവെന്നും വന്നേക്കാം. പക്ഷെ പാപത്തെ നിർമ്മാർജ്ജനം ചെയ്യുവാനോ, ദൈവവുമായുള്ള ഐക്യം പുനഃസ്ഥാപിയ്ക്കുവാനോ കേവലം മനുഷ്യശ്രമംകൊണ്ടു സാധിയ്ക്കുകയില്ല. ദൈവത്തെയും മനുഷ്യനെയും തമ്മിൽ യോജിപ്പിയ്ക്കുന്ന ഏക ശൃംഖല– "ദൈവത്തിന്റെയും മനുഷ്യന്റെയും ഇടയിൽ നില്ക്കുന്ന ഏക മദ്ധ്യസ്ഥൻ"– ക്രിസ്തുവാണ്. ക്രിസ്തുമാത്രമാണ് ലോകത്തിന്റെ രക്ഷകൻ. തൻമൂലം ദൈവത്തെ പ്രാപിക്കുവാൻ മനുഷ്യവർഗ്ഗം പരിശ്രമിച്ചപ്പോൾ യഥാർത്ഥത്തിൽ അതു ക്രിസ്തുവിനെ അന്വേഷിയ്ക്കുയായിരുന്നുവെന്നു പറയാം. യഹൂദജനങ്ങളും പുറജാതികളും ഒന്നുപോലെ പ്രതീക്ഷിച്ചിരുന്നതു് ക്രിസ്തുവിനെത്തന്നെയാണ്. ഒരുക്കുട്ടർ പ്രതിശ്രുതനായ രക്ഷകനെ അറിഞ്ഞുകൊണ്ടു് അന്വേഷിയ്ക്കുയും പ്രതീക്ഷിയ്ക്കുയും ചെയ്തപ്പോൾ, മറ്റുള്ളവർ അറിയാതെയും അവ്യക്തമായും അങ്ങനെ ആരാഞ്ഞിരുന്നുവെന്നുമാത്രം. മിശിഹാ അപ്രതീക്ഷിതമായോ അവിചാരിതമായോ അല്ല ലോകത്തിലേയ്ക്കു വന്നതു്. മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ ഉൽക്കടമായ ആഗ്രഹത്തിന്റെയും തീവ്രമായ പ്രാർത്ഥനയുടെയും ഫലമായിട്ടാണ് "നിത്യപർവ്വതങ്ങളുടെ ആശയായ" ക്രിസ്തു ലോകത്തിൽ തിരുവവതാരം ചെയ്തതു്.

2. ക്രിസ്തുവിന്റെ ബലി:– മനുഷ്യവർഗ്ഗത്തിന്റെ പുനരുജ്ജീവനം സാധിയ്ക്കുവാനായി, ദൈവം തന്റെ ഏകകുമാരനെ മനുഷ്യസ്വഭാവത്തിൽ ഭൂമിയിലേയ്ക്കു യാത്രയാക്കി. ഏകകാലത്തിൽ ക്രിസ്തു

ദൈവവും മനുഷ്യനുമായിരുന്നതിനാൽ മനുഷ്യകുലത്തിന്റെ പാപത്തിനു പരിഹാരം ചെയ്യുന്നതിനും പ്രസാദവരം പുനഃസ്ഥാപിയ്ക്കുന്നതിനും അവിടുത്തേയ്ക്കു കഴിഞ്ഞു. കുരിശുമരണത്താൽ മാത്രം പൂർത്തീകരിയ്ക്കപ്പെട്ട ഒരു സ്നേഹജീവിതംകൊണ്ടാണ് അവിടുന്ന് അതു സാധിച്ചതു്. കാൽവരി മുകളിൽവച്ചു് തന്നെത്തന്നെ ബലി അർപ്പിച്ചുകൊണ്ട് അവിടുന്നു മനുഷ്യരക്ഷ സമ്പാദിയ്ക്കുകയും, പാപത്താൽ നശിപ്പിയ്ക്കപ്പെട്ട സ്നേഹവ്യവസ്ഥിതി ദിവ്യസ്നേഹംകൊണ്ട് പുനഃസ്ഥാപിയ്ക്കുകയും ചെയ്തു. ലോകചരിത്രത്തിലെ സവ്പ്രധാനമായ സംഭവമാണ് ആ മഹാബലി. മനുഷ്യസമുദായത്തിന്റെ ഭാവിയും അതിനെ ആശ്രയിച്ചാണ് ഇരിയ്ക്കുന്നതു്.

3. ദൈവം മനുഷ്യനു് സ്വയം നൽകുന്നു:– പാപപ്രവൃത്തിയും പ്രസാദവരത്തിന്റെ നിഷ്ക്രമണവും തദ്വാരാ സ്വർഗ്ഗത്തിൽ വച്ചു അനുഭവപ്പെടുന്ന അനുഗ്രഹീത ദർശനവും കുരിശുവഴിയായിട്ടാണ് ലഭിയ്ക്കുന്നതു്. ക്രിസ്തുവാണ് അവയെല്ലാം സമ്പാദിച്ചു തന്നതു്. ക്രിസ്തുവിൽക്കൂടിയാണ് അവ ഫലവത്തായി തീരുന്നതും. അവിടുന്നു പ്രധാനമായി മനുഷ്യാത്മാവിൽ പ്രവർത്തിയ്ക്കുന്നതു് പ്രസാദവരത്തിന്റെ നിർച്ചാലുകളാകുന്ന സംസ്കാരങ്ങൾ അഥവാ കൃദാശകൾ വഴിയായിട്ടത്രെ. മുന്തിരിവള്ളി അതിന്റെ ശിഖരങ്ങളിലേയ്ക്കു സ്വജീവനെ വ്യാപിപ്പിയ്ക്കുന്നതുപോലെ, സംസ്കാരങ്ങൾ മുഖേന, ക്രിസ്തു തന്റെ അതിസ്വാഭാവികമായ ജീവനെ മനുഷ്യരിലേയ്ക്കു സംക്രമിപ്പിയ്ക്കുന്നു.

മർത്യവംശത്തിന്റെ പൊതുവായ ചരിത്രം ഓരോ മനുഷ്യാത്മാവിന്റെയും ജീവചരിത്രമായി തീരേണ്ടതാണ്. ഈ "മഹാനാടക"ത്തിന്റെ– ആത്മാർത്ഥമായ ദൈവാന്വേഷണം, ക്രിസ്തുവിൽക്കൂടി ദൈവവുമായി ഐക്യം പ്രാപിയ്ക്കുവാൻ കഴിയുമെന്നുള്ള കണ്ടുപിടുത്തം, ഐക്യപ്രാപിയ്ക്കുവായി വീണ്ടുമുള്ള അക്ഷീണയത്നം, ഒടുവിൽ സിദ്ധിയ്ക്കുന്ന സ്രഷ്ടാവും പിതാവുമായ ദൈവത്തിന്റെ അഭിമുഖദർശനം, ആനന്ദം ഇവയുടെയെല്ലാം– ഒരു സംഗ്രഹമായിരിയ്ക്കണം ഓരോ മനുഷ്യന്റെയും ജീവിതം. ക്രിസ്തീയജീവിതം നയിയ്ക്കുക എന്നു പറഞ്ഞാൽ ഈ ക്രൈസ്തവനാടകത്തിൽ അവനവനുള്ളഭാഗം വേണ്ടവിധത്തിൽ അഭിനയിയ്ക്കുക എന്നാണർത്ഥം. നാമോരോരുത്തരും ഇതിൽ സജീവമായി ഭാഗഭാക്കുകളാകുന്നതിനും, അതിന്റെ സാംസ്കാരിക ഫലങ്ങൾ ലഭിയ്ക്കുന്നതിനുംവേണ്ടി ദിവ്യബലിയിൽ ഈ നാടകം വീണ്ടും അഭിനയിയ്ക്കപ്പെടുന്നു. ഇങ്ങനെ ആലോചിച്ചുനോക്കിയാൽ മനുഷ്യകുലത്തിന്റെ ആദ്ധ്യാത്മിക

ചരിത്രത്തിനു അനുസൃതമായ മൂന്നങ്കങ്ങൾ ചേർന്ന ഒരു നാടകമാണു് ഓരോ ദിവ്യബലിയും എന്നു് എളുപ്പത്തിൽ മനസ്സിലാക്കാം.

## പ്രവേശനാർത്ഥികളുടെ ബലി.

ദിവ്യപൂജയുടെ ആദ്യഭാഗം ഈ മഹാനാടകത്തിന്റെ നാന്ദിയാണെന്നു സങ്കല്പിയ്ക്കാം. ജ്ഞാനസ്നാനം സ്വീകരിച്ചിട്ടില്ലാത്തവരും എന്നാൽ സഭാപ്രവേശനത്തിനു ആഗ്രഹിയ്ക്കുകയും ഒരുങ്ങുകയും ചെയ്യുന്നവരുമായ ആളുകൾക്കു് കുർബ്ബാനയുടെ ആദ്യഭാഗത്തിൽ സംബന്ധിയ്ക്കുവാൻ അനുമതിയുണ്ടു്. തൻമൂലം പ്രവേശനാർത്ഥികളുടെ ബലിയെന്നു് ആദ്യഭാഗത്തിനു പേരു സിദ്ധിച്ചു. സമർപ്പണത്തിനു് അഥവാ കാഴ്ചവയ്പിനുള്ള സമയമാകുമ്പോഴേയ്ക്കും, ഇക്കൂട്ടരെയെല്ലാം ദേവാലയത്തിൽനിന്നു് പുറത്തിറക്കിയിരുന്നു.

ഇപ്പോഴത്തെ പൂജാക്രമമനുസരിച്ചു് പ്രവേശനാർത്ഥികളുടെ ബലിയ്ക്കു രണ്ടു ഭാഗങ്ങളുണ്ടു്.

1. ദിവ്യബലിക്കു് ഒരുക്കമായിട്ടുള്ള പ്രാർത്ഥനകൾ:– ക്രിസ്തുവിന്റെ ബലിയേയും, ക്രിസ്തുവിനോടുകൂടി നമ്മെത്തന്നെയും ദൈവത്തിനു സമർപ്പിയ്ക്കുവാനാണു് നാം ആരംഭിയ്ക്കുന്നതു്. അതിനുശേഷം ക്രിസ്തുവിനെത്തന്നെ നാം സ്വീകരിയ്ക്കും. വിശുദ്ധ കുർബ്ബാനയെയും ദിവ്യകാരുണ്യസ്വീകരണത്തെയും കുറിച്ചുള്ള ചിന്ത നമ്മുടെ ആത്മാവിന്റെ ദാഹത്തെ പ്രഥമതഃ ഉദ്ദീപിപ്പിയ്ക്കേണ്ടിയിരിയ്ക്കുന്നു. ("ഞാൻ ദൈവത്തിന്റെ ബലിപീഠത്തെ സമീപിയ്ക്കും") പക്ഷെ കേവലം പാപികളായ നാം എങ്ങനെ നമ്മെത്തന്നെ ദൈവത്തിനു കാഴ്ചയായി സമർപ്പിയ്ക്കും? പരമരഹസ്യമായ ദിവ്യകാരുണ്യത്തെ എങ്ങനെ നാം സമീപിയ്ക്കും? "നമ്മുടെ അയോഗ്യതയെക്കുറിച്ചുള്ള ഈ ബോധം അനുതാപത്തിന്റെയും ശുദ്ധീകരണത്തിന്റെയും പ്രകരണങ്ങൾ ചൊല്ലുവാൻ നമ്മെ പ്രേരിപ്പിയ്ക്കുന്നു." പുരോഹിതൻ വിനയപൂർവ്വം ബലിപീഠത്തിൽനിന്നു ദൂരെമാറി നിലകൊള്ളുന്നു. തന്റെയും ജനങ്ങളുടെയും പാപഭാരം വഹിച്ചുകൊണ്ടു്, ക്രിസ്തുവിന്റെ തിരുരക്തത്താൽ അവയുടെ മോചനം ലഭിയ്ക്കുവാനായി അദ്ദേഹം പ്രാർത്ഥിയ്ക്കുന്നു. ("പാപമോചനാർത്ഥം നിങ്ങൾക്കും അനേകർക്കും വേണ്ടി ചിന്തപ്പെടുവാനുള്ള എന്റെ രക്തം") അനന്തരം കുരിശിലുയിർക്കപ്പെട്ട ബലിതന്നെയാണു് ആവർത്തിയ്ക്കുവാൻ പോകുന്നതെന്നുള്ള ചിന്തയോടുകൂടി "സ്വ ശരീരത്തിൽ കുരിശിന്റെ അടയാളം വരയ്ക്കുന്നു..."

155

ശ്രേഷ്ഠീകരണത്തിനായിട്ടുള്ള പ്രാർത്ഥനകൾ ചൊല്ലിക്കൊണ്ട് ബലിപീഠത്തെ സമീപിക്കുന്നു. അതിനെ ചുംബിയ്ക്കുന്നു.

ബലിപീഠചുംബനം:— ഏതൊരു മതത്തിലായാലും, ബലി അർപ്പിയ്ക്കപ്പെടുന്നുവോ ആ മഹാശക്തിയെയാണ് ബലിപീഠം സൂചിപ്പിക്കുന്നത്. ക്രിസ്തീയ ബലിപീഠമാകട്ടെ, നേരിട്ട് ക്രിസ്തുവിനെത്തന്നെ സൂചിപ്പിയ്ക്കുന്നു. അങ്ങയുടെ മനുഷ്യസ്വഭാവം ദൈവികതയോട് ചേർന്നിരിയ്ക്കുന്നതിനാൽ അതിനെ ബലികഴിയ്ക്കുവാൻ മറൊരു പീഠം ആവശ്യമില്ല. ക്രിസ്തുതന്റെ മനുഷ്യസ്വഭാവത്തിൽ ഒരേ സമയം പുരോഹിതനും ബലിവസ്തുവും പീഠവുമായിരുന്നു. നമുക്കുകൂടെ ക്രമപ്രകാരമുള്ള ദിവ്യപൂജ സമർപ്പിക്കുവാൻ ദൃശ്യമായ ഒരു പീഠം ക്രൂടിയേ കഴിയൂ. എങ്കിലും നമ്മുടെ ബലിയും ക്രിസ്തുവിന്റെ ബലിതന്നെ ആയിരിയ്ക്കേണ്ടതിനാൽ, നമ്മുടെ ദൃശ്യപീഠവും ക്രിസ്തുവിന്റെ ബലിയുടെ സജീവപീഠമായ അങ്ങയെത്തന്നെയാണ് സൂചിപ്പിയ്ക്കുന്നത്. നമ്മുടെ അർച്ചനയും ക്രിസ്തുവിൽക്കൂടി ദൈവസന്നിധിയിലെത്തും. ഇക്കാരണത്താൽ ബലിപീഠം സംപൂജ്യമായ ഒരു വസ്തുവാണെന്നു സിദ്ധിക്കുന്നു. പൂജാർപ്പണത്തിനു മുമ്പിലും അതിനു ശേഷവും വൈദികൻ തലകുനിച്ച് (വി. കുർബ്ബാനസന്നിഹിതമാണെങ്കിൽ, മുട്ടുകുത്തി) പീഠത്തെ വണങ്ങുന്നതിനും, അർപ്പണത്തിനിടയിൽ തന്നെ അനേകം പ്രാവശ്യം ചുംബിയ്ക്കുന്നതിനും ഉള്ളകാരണം ഇതാണ്. ക്രിസ്തുവിനോടും അങ്ങയുടെ യാഗചൈതന്യത്തോടും (sacrificial spirit) നമുക്കുള്ള ഐക്യത്തിന്റെ അടയാളമാണ് ഓരോ ചുംബനവും. പല പ്രാവശ്യം കാമ്മികൻ ജനങ്ങളുടെ നേരെ തിരിഞ്ഞ് 'കർത്താവു നിങ്ങളോടുകൂടി' എന്നുച്ചരിച്ചുകൊണ്ട് അവർക്കും ഈ ഐക്യം ആശംസിയ്ക്കുന്നു.

വൈദികൻ പീഠത്തെ സമീപിച്ചുകൊണ്ടു ചൊല്ലുന്നതും ആ ദിവസത്തെ തിരുനാളിനെ സാധാരണ സൂചിപ്പിയ്ക്കുന്നതും ആയ പ്രവേശനപ്രാർത്ഥനയ്ക്കുശേഷം, ദൈവമാണു നമ്മുടെ ഏകാവലംബമെന്നു ഏറ്റുപറയുകയും ദിവ്യബലിയുടെ സ്വീകർത്താവായ എത്രയും പരിശുദ്ധ ത്രീത്വത്തെ, വിശിഷ്യ അതു് ആരിൽക്കൂടി നാം സമർപ്പിയ്ക്കുവാൻ പോകുന്നുവോ ആ മിശിഹായെ, സ്തുതിയ്ക്കുയും ചെയ്യുന്നു.

2. അടുത്തു നടക്കുന്നതു് വായനയാണ്. അന്നത്തെ തിരുനാളിനുള്ള ഔദ്യോഗിക പ്രാർത്ഥനയോടുകൂടി അതു് ആരംഭിയ്ക്കുന്നു. "ഞങ്ങളുടെ കർത്താവായ ഈശോമിശിഹാ വഴിയായി" എന്നിങ്ങനെയാണ് പൂജാക്രമത്തിലെ മിയ്ക്ക പ്രാർത്ഥനകളും അവസാനിയ്ക്കുന്നത്. ഈ വാക്കുകൾ അർത്ഥഗർഭങ്ങളത്രെ. മിശിഹാ മാത്രമാണ് നമ്മുടെ

ഏക മദ്ധ്യസ്ഥനെന്നും അങ്ങയുടെ ബലിയും ശക്തിയും വഴിയായിട്ടാണ്. എല്ലാ പ്രസാദവരങ്ങളും നമ്മിലേയ്ക്കു പ്രവഹിക്കുന്നതെന്നുമുള്ള ക്രിസ്തീയ തത്വത്തിൽ നമുക്കുള്ള വിശ്വാസത്തെയാണ് ആ വാക്കുകൾ ദ്യോതിപ്പിയ്ക്കുന്നത്.

വായനയിൽ നാം ആദ്യമായി ശ്രവിയ്ക്കുന്നതു ക്രിസ്തുവിന്റെ ആഗമനത്തിനായി പ്രാർത്ഥിയ്ക്കുകയും അതിനു വഴി തെളിയ്ക്കുകയും ചെയ്യുന്ന പ്രവാചകന്മാരുടെ സ്വരമായിരിയ്ക്കും. അല്ലെങ്കിൽ അവിടുത്തെ ദൂതന്മാരുടെയോ അപ്പസ്തോലന്മാരുടെയോ ആയിരിയ്ക്കും. അതിനുശേഷം സുവിശേഷത്തിൽക്കൂടി മിശിഹാതന്നെ നമ്മോടു സംസാരിയ്ക്കുന്നു. മനുഷ്യരക്ഷയ്ക്കായി കുരിശിൽ മരിയ്ക്കുന്നതിനു മുമ്പ് അവിടുന്ന് മനുഷ്യജീവിതം നയിയ്ക്കുകയും മനുഷ്യഭാഷ സംസാരിയ്ക്കുകയും ചെയ്തിട്ടുണ്ട്. അങ്ങയുടെ മാതൃകയെ കണ്ടുപഠിയ്ക്കുകയും വാക്കുകളെ ശ്രവിയ്ക്കുകയും ചെയ്യുക. (ലേഖനവും സുവിശേഷവും ഇക്കാലത്തു് വായിയ്ക്കുന്നതു് അവയുടെ വ്യാഖ്യാനങ്ങളോടുകൂടിയല്ല. തന്മൂലം സാധാരണക്കാർക്ക് അവ ദുർഗ്രഹങ്ങളാണ്. മുൻകൂട്ടി തയാറാകാത്തപക്ഷം ലേഖനം പ്രത്യേകിച്ചും മനസ്സിലാകയില്ല. വൈദികൻ ആദ്യന്തം വായിക്കുമ്പോഴേയ്ക്കും തങ്ങൾക്കു ഹൃദിസ്ഥമാക്കുവാനായി, സുഗ്രഹമായ ഒരു തത്വം അല്ലെങ്കിൽ വാക്യം വശ്വാസികൾ പ്രത്യേകം അടയാളപ്പെടുത്തുന്നതു വളരെ ഉപകാരപ്രദമായിരിയ്ക്കും.)

ഒടുവിൽ വശ്വാസപ്രമാണം ചൊല്ലി ഈ ഭാഗം സമാപിയ്ക്കുന്നു. സത്യവും ജീവനുമാകുന്ന ക്രിസ്തുവിന്റെ പ്രബോധനങ്ങൾ നമുക്കു ലഭിയ്ക്കുന്നതു് വിശ്വാസം മൂലമാകയാൽ നാം വിശ്വാസത്തിൽ അഭിമാനംകൊള്ളുന്നവരും തദനുസരണം ജീവിതം നയിയ്ക്കുന്നവരും ആയിരിയ്ക്കണം.

കുറിപ്പു്:– ചില ഗ്രന്ഥകാരന്മാർ ദിവ്യബലിയുടെ പ്രാരംഭഭാഗത്തെ 1 പ്രാർത്ഥന, അഥവാ ദൈവത്തോടുള്ള നമ്മുടെ സംഭാഷണം; 2 വായന, അഥവാ നമ്മോടുള്ള ദൈവത്തിന്റെ സംഭാഷണം; എന്നിങ്ങനെയും വിഭജിയ്ക്കാറുണ്ട്. ഈ വിഭജനം ഒരു പക്ഷേ കൂടുതൽ പ്രായോഗികമായിരിക്കാമെങ്കിലും അത്രതന്നെ ചരിത്രാനുസൃതമായി തോന്നുന്നില്ല.

# അങ്കം I.

## സമർപ്പണം

പുരോഹിതൻ അതാ, അപ്പവും വീഞ്ഞും സമർപ്പിയ്ക്കുന്നതായി നാം കാണുന്നു. ആ പ്രവൃത്തിയുടെ അർത്ഥമെന്തായിരിയ്ക്കും?

### ബലികർമ്മം.

"ബലിയെക്കുറിച്ചുള്ള ബോധം നഷ്ടപ്പെട്ടതുകൊണ്ടാണ് ആധുനിക മനുഷ്യനു് ദിവ്യപൂജയിൽ ഇത്ര വൈഷമ്യം തോന്നുന്നതു്." ഒരു അക്രൈസ്തവനു്, താൻ അർപ്പിക്കുന്ന കാഴ്ചയുടെ അർത്ഥമെന്താണെന്നു് ഏറെക്കുറെ അറിയാം. അവന്റെ മതം അന്ധവിശ്വാസപൂർണ്ണമായിരിയ്ക്കാമെങ്കിലും, അവനു മതവിശ്വാസമുണ്ടു്; ഈശ്വരബോധമുണ്ടു്. "ആധുനികമനുഷ്യ"നാകട്ടെ, സ്രഷ്ടാവും നാഥനും പരമാനന്ദവുമായ ദൈവത്തെക്കുറിച്ചുള്ള ബോധംതന്നെ നഷ്ടപ്പെട്ടിരിയ്ക്കുന്നു. പോരെങ്കിൽ ബലി എന്ന പദം, സംസാരഭാഷയിൽ, നമുക്കു് അസുഖകരമായ, അല്ലെങ്കിൽ നാം ഇഷ്ടപ്പെടുന്ന വസ്തുക്കളെ ത്യജിയ്ക്കുന്നുവെന്ന ഒരു ബോധം ജനിപ്പിയ്ക്കുന്നതിനാൽ, ബലി എന്താണെന്നു വിശദീകരിയ്ക്കുവാനുള്ള വൈഷമ്യം ഒന്നുകൂടി വർദ്ധിയ്ക്കുന്നു. ബലിയുടെ വാസ്തവത്തിലുള്ള അർത്ഥം എന്താണെന്നു മനസ്സിലാക്കണമെങ്കിൽ, പ്രകൃത്യാ ആനന്ദകരമായ ഒരു കാഴ്ചസമർപ്പണം അഥവാ സമ്മാനദാനം എന്ന നിലയിൽ വേണം അതിനെ പരിഗണിയ്ക്കുവാൻ.

### സമ്മാനദാനം.

വൈദികൻ ചെയ്യുന്നതു് മനുഷ്യസാധാരണവും അനുദിനജീവിതത്തിൽ നമുക്കു സുപരിചിതവുമായ ഒരു പ്രവൃത്തിയാണു്. ചില പ്രത്യേക സന്ദർഭങ്ങളിൽ സമ്മാനങ്ങൾ നൽകുക എന്നൊരു പതിവു് എല്ലാക്കാലത്തും എല്ലാ ജനങ്ങളുടെ ഇടയിലും നടപ്പിലിരുന്നിട്ടുള്ളതാണു്. സമ്മാനാർപ്പണവും ഭിക്ഷാർപ്പണവും തമ്മിൽ വ്യത്യാസമുണ്ടു്. ഭൗതികസഹായം ആവശ്യമുള്ള ദരിദ്രജനങ്ങൾക്കാണു് ഭിക്ഷ കൊടുക്കുന്നതു്. സമ്മാനം അഥവാ കാഴ്ചയാകട്ടെ, ആരുടെ പ്രീതിയും ആനുകൂല്യവും നാം വിലമതിയ്ക്കുന്നുവോ, അയാളോടുള്ള നമുക്കുള്ള സ്നേഹവും നന്മനസ്സുമാണു് കാണിയ്ക്കുന്നതു്. ഭാര്യാഭർത്താ

ക്കുമാരും സ്നേഹിതന്മാരും അന്യോന്യം സമ്മാനം കൊടുക്കും. മാതാവിന്റെ, അല്ലെങ്കിൽ പിതാവിന്റെ, പിറന്നാൾ ദിവസം മക്കൾ കാഴ്ച സമർപ്പിയ്ക്കും. പൂർവ്വകാലങ്ങളിൽ രാജാവിനെ മുഖം കാണിയ്ക്കുവാൻ പോകുന്നവരും രാജസന്നിധിയിൽ എന്തെങ്കിലും കാഴ്ച സമർപ്പിച്ചിരുന്നു.

ഇങ്ങനെയുള്ള ഉപഹാരങ്ങളുടെയെല്ലാം സാമാന്യമായ ഉദ്ദേശ്യം സൗഹാർദ്ദബന്ധം അഥവാ സ്നേഹം സംസ്ഥാപിയ്ക്കുണമെന്നോ ദൃഢപ്പെടുത്തണമെന്നോ ആയിരിയ്ക്കും. കാഴ്ച ആക്ക നൽകുന്നവോ അയാളുടെ സഹായവും സംരക്ഷണയും സമ്പാദിയ്ക്കുണമെന്നുള്ളതായിരിയ്ക്കും ദാതാവിന്റെ ലാക്ക്; അല്ലെങ്കിൽ അയാളുടെ സ്നേഹം സമ്പാദിയ്ക്കുണമെന്നുള്ള മോഹമായിരിയ്ക്കും; മിയ്ക്കപ്പോഴും അതു കൃതജ്ഞതയുടെയോ ബഹുമാനത്തിന്റെയോ അടയാളമായിരിയ്ക്കും; അതുമല്ലെങ്കിൽ ഒരുവനോടുള്ള നിരസവും കലഹവും നീക്കി മൈത്രീബന്ധം സ്ഥാപിയ്ക്കുവാനാണെന്നും വരാം... സമ്മാനം സ്വീകരിച്ചു കഴിയുന്നതുവരെ സമർപ്പണം പൂർത്തിയായി എന്നു കരുതുവാൻ വയ്യ. കാഴ്ച തിരിസ്കരിയ്ക്കുന്നപക്ഷം ദാതാവിനോടുള്ള ബന്ധം വഷ്ക്കിയ്ക്കുന്നുവെന്നാണ് അർത്ഥം. സ്വീകരണമാകട്ടെ സ്വീകർത്താവിനു ദാതാവിനോടുള്ള സൗഹാർദ്ദമനോഭാവത്തെയും ആനുകൂല്യത്തെയുമാണ് വ്യക്തമാക്കുന്നത്. സമ്മാനം സ്വീകരിച്ചുകഴിയുമ്പോൾ അതു പരസ്പരബന്ധത്തിന്റെ ഒരു ശൃംഖലയായി പരിണമിയ്ക്കുന്നു.

ഇങ്ങനെ മൈത്രി സമ്പാദിയ്ക്കുവാനോ സ്ഥിരപ്പെടുത്തുവാനോ പുനഃസ്ഥാപിയ്ക്കുവാനോ ഉള്ള ഒരു ശ്രമമാണ് കാഴ്ചസമർപ്പണം. മറെറാരാളിനോടു നമുക്കു തോന്നുന്ന സ്നേഹത്തെ അഥവാ നന്മനസ്സിനെ—കുറെക്കൂടി വ്യക്തമായിപ്പറഞ്ഞാൽ, ആദരത്തെ—യാണ് അതു പ്രകടിപ്പിയ്ക്കുന്നത്. യഥാർത്ഥമായ ആദരം മറെറാരാളിലുള്ള ശ്രേഷ്ഠഗുണങ്ങളെ ഒരുവൻ വകവയ്ക്കുന്നുവെന്നും, തൽഫലമായി അയാളെ പ്രീണിപ്പിയ്ക്കുവാനും സേവിയ്ക്കുവാനും അവൻ ഉൽക്കണ്ഠിതനാണെന്നും ഉള്ളതിന്റെ ലക്ഷ്യമാണ്. കാഴ്ച നൽകുന്നവനും സ്വീകരിയ്ക്കുന്നവനും തമ്മിൽ പ്രകൃത്യാ ഉള്ള പ്രത്യേക ബന്ധത്തിനു് അനുസൃതമായി ഈ ആദരം വിഭിന്നങ്ങളായ വർണ്ണങ്ങളെയും രൂപങ്ങളെയും പ്രാപിച്ചുകൊള്ളും. ഒരു സുഹൃത്തിന്റെ സമ്മാനം ഏതൊരു വികാരത്തെക്കുറിയ്ക്കുന്നുവോ, അതു തന്നെ ആയിരിയ്ക്കുയില്ല ഒരു കൊച്ചുകുട്ടി തന്റെ പിതാവിനും, ഭൃത്യൻ യജമാനനും നൽകുന്ന കാഴ്ചകൾ സൂചിപ്പിയ്ക്കുന്നത്... നമ്മുടെ ആദരവും "സേവന തൽപരത"യും സമർപ്പിയ്ക്കുക എന്നതാണ് സമ്മാനദാനത്തിന്റെ സാമാന്യം

ത്ഥമെങ്കിലും, സാഹചര്യങ്ങളനുസരിച്ച് ഈ അർത്ഥം വ്യത്യാസപ്പെട്ടുകൊണ്ടിരിയ്ക്കും.

ക്രൂരതലായോ കുറവായോ വിലപിടിയ്ക്കുന്ന വെറുമൊരു "പദാർത്ഥ"മല്ല സമ്മാനമെന്ന് ഇതിൽനിന്നു വിശദമാകുന്നു. അതു ഒരു സന്ദേശം സംവഹിയ്ക്കുന്നതിനുള്ള "ചിഹ്നം" അഥവാ അടയാളമാണ്. രണ്ടു ഹൃദയങ്ങളുടെ ഇടയിൽ നിന്നുകൊണ്ട് ദൗത്യധർമ്മം നിർവ്വഹിയ്ക്കുന്ന ഒരു പദാർത്ഥമാണ്. അതുകൊണ്ടുതന്നെയത്രെ ഒരു വസ്തു അല്ലെങ്കിൽ പദാർത്ഥം എന്ന നിലയിൽ അതിനുള്ള വിലതുച്ഛമാണെന്നു പ്രസ്താവിച്ചതും. കൊടുക്കുന്നതു ഹൃദയവികാരത്തോടെയാണോ എന്നാണ് നോക്കേണ്ടതു. വെറുമൊരു ഹസ്തദാനം ആജീവനാന്തമുള്ള വിശ്വസ്തതയെ പ്രകടിപ്പിക്കുന്നതുപോലെ, ഒരു പിഞ്ഞൈതലിന്റെ വിനീതോപഹാരം മനുഷ്യഹൃദയത്തിന്റെ സമ്പൽസമൃദ്ധിയെ മുഴുവൻ അടക്കിക്കൊണ്ടെന്നു വരാം. ബാഹ്യമായ കാഴ്ച ആന്തരികമായ ആദരവും വണക്കവും പ്രത്യക്ഷപ്പെടുത്തുന്നു. അതില്ലാതുള്ള സമ്മാനാർപ്പണം ശൂന്യമായ ഒരഭിനയവും കപടപ്രവൃത്തിയും വഞ്ചനയുമത്രെ. ആത്മാർത്ഥതയോടുകൂടി നൽകുന്ന ഒരു കാഴ്ചദ്രവ്യത്തിൽ ദാതാവിന്റെ സ്നേഹവും ആദരവും ഹൃദയവും, അല്ലാ അവൻതന്നെയും, അടങ്ങിയിരിയ്ക്കുന്നു.

തന്റെ സ്വകീയമായ തന്നെ മുഴുവൻ, — അതാണു സമ്മാനദാനത്തിനുള്ള അർത്ഥത്തിന്റെ സമുചിതസംഗ്രഹം. ഞാൻ നൽകുന്ന കാഴ്ച വെറുമൊരു സാധനമല്ല, എന്റെ ഒരംശംതന്നെയാണ്; എന്റെ പ്രതിനിധിയാണ്. സമ്മാനത്തോടുകൂടി എന്നെത്തന്നെ സ്വീകരിക്കുവാൻവേണ്ടി, എന്നെത്തന്നെ കാഴ്ചദ്രവ്യത്തിൽ ഞാൻ നിക്ഷേപിക്കുകയും, അതിൽക്കൂടി എന്നെത്തന്നെ സമർപ്പിയ്ക്കുകയും ചെയ്യുന്നു. അതാണു സമ്മാനത്തിന്റെ മൂകഭാഷ — സ്നേഹസമന്വിതമായ ഒരാത്മാർച്ചന: വിവേകപൂർണ്ണമായ ഒരു ന്യായവാദം. കാഴ്ച സ്വീകരിച്ചാൽ ദാതാവിനെയും സ്വീകരിച്ചെന്നർത്ഥം; നിരസിച്ചാൽ, ദാതാവു സ്വീകാര്യനല്ലെന്നും. (1)

---

(1) "വാസ്തവത്തിലുള്ള ദാനം നിന്റെതന്നെ ഒരംശമാണ്. നീ എനിയ്ക്കുവേണ്ടി രക്തം ചൊരിയണം. കവി തന്റെ കാവ്യവും, കൃഷീവലൻ അയാളുടെ ധാന്യവും, ഖനനവൃത്തിക്കാരൻ തന്റെ രത്നവും, അജപാലൻ തന്റെ ആട്ടിൻകുട്ടിയെയും കൊണ്ടുവരുന്നതിനുള്ള കാരണം അതാണ് . . . . ദാനം യഥാർത്ഥമാകണമെങ്കിൽ, ദാതാവിന്റെനേരെ എനിയ്ക്ക് എന്നപോലെ, എന്റെനേരെ ദാതാവിനുള്ള ഒരു വഴിഞ്ഞൊഴുകലായിരിക്കണം അതു."

(എമേഴ്സൺ, "ദാനങ്ങൾ")

## ബലി.

ഇതു സ്വാഭാവികവും അത്യഗാധവുമായ കാഴ്ചസമർപ്പണം എന്ന പ്രവൃത്തി മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധത്തിലും സ്ഥലംപിടിക്കുന്നുവെങ്കിൽ, അതിൽ അത്ഭുതപ്പെടുവാനില്ല. മതത്തിൽ അതിനുള്ളതു് ഒരു പ്രത്യേക നാമമാണ്: ബലി., ബലി ഒരു പ്രത്യേകതരം സമ്മാനദാനമാണ്. ദൈവത്തിനു സമർപ്പിക്കുന്ന കാഴ്ച പാവനമായിത്തീരുന്നുവെന്നാണ് ആ പദം സൂചിപ്പിക്കുന്നതു്. ഒരു വസ്തു ദൈവത്തിനു കാഴ്ചവച്ചുകൊണ്ടു് വിശുദ്ധീകരിക്കുന്നതാണ്. ബലി സമർപ്പണം.

സമ്മാനാർപ്പണം ദൈവത്തിനാകുമ്പോൾ അതിന്റെ അർത്ഥം പ്രത്യേകം അഗാധവും സമ്പന്നവുമായിത്തീരുന്നു. കാരണം, മുമ്പു പറഞ്ഞതുപോലെ, നൽകുന്നവനും സ്വീകരിയ്ക്കുന്നവനും തമ്മിലുള്ള പ്രത്യേകബന്ധമാണ് കാഴ്ചദ്രവ്യത്തിനു് "നിറംകൊടുക്കുന്നതു്. ദൈവവും നാമും തമ്മിലുള്ള ബന്ധമാകട്ടെ, തികച്ചും അന്യാദൃശമാണ്. മുകളിൽ പറഞ്ഞ എല്ലാവക ബന്ധങ്ങളും അതിലേതെ കേന്ദ്രീകരിയ്ക്കപ്പെട്ടിരിക്കുന്നു. മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തിൽ ഒരുനാളും കാണുവാൻ കഴിയാത്ത ഒരു പൂർണ്ണതയും ആഴവും അതിൽ അടങ്ങിയിരിയ്ക്കുയും ചെയ്യുന്നു.

എല്ലാത്തിന്റെയും ഉടയവനാണു ദൈവം. യാതൊരുവൻ "ആയിരിയ്ക്കുന്നു"വോ അതു് അവിടുന്നു മാത്രമാണ്. വാനവഗണങ്ങൾ സംഭ്രമചകിതരും അത്ഭുതഭരിതരും ആയി തന്റെ മുമ്പിൽ ബാഹുമാനപൂർവ്വം നിന്നുകൊണ്ടു് "പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ" എന്നു് ഉൽഘോഷിയ്ക്കുന്നുവല്ലോ അവിടുന്നു് അനന്തപരിപൂർണ്ണതയാണ്: പ്രഭവമാണ്: സൗന്ദര്യമാണ്:— സൂര്യൻ പ്രകാശത്തിന്റെ ഉൽപത്തിസ്ഥാനമായിരിയ്ക്കുന്നതുപോലെ ദൈവം എല്ലാ നന്മയുടെയും പരിപൂർണ്ണതയുടെയും വിളനിലമത്രെ. അവിടുന്നു് നമുക്കും ലോകത്തിനും ആസ്തിക്യം പ്രദാനം ചെയ്തു. സൂക്ഷ്മമായ യാതൊരു ഉപമകൊണ്ടും വർണ്ണിയ്ക്കുവാൻ സാധിയ്ക്കാത്തവിധത്തിൽ, അത്ര ഗാഢമായിട്ടാണ് നമ്മുടെ ഓരോ പ്രവൃത്തിയും ആസ്തിക്യവും അങ്ങയെ ആശ്രയിച്ചിരിയ്ക്കുന്നതു്.— അവിടുന്നു പരിപാവനവും നിസ്സീമമായ വിധത്തിൽ ഉദാരവുമായ സ്നേഹമാണ്; പ്രതിനിമിഷം നമ്മെ കാത്തു പരിപാലിച്ചുപോരുന്ന പിതാവാണ്; ഉൽകൃഷ്ടജ്ഞാനങ്ങളുടെയെല്ലാം ദാതാവാണ്; സ്വജീവിതത്തിന്റെ ഭാഗഭാഗിത്വത്തിലേയ്ക്കു നമ്മെ ഉന്നയിയ്ക്കുന്നതിനും, തന്നെത്തന്നെ എന്നേയ്ക്കുമായി നമുക്കു

നൽകുന്നതിനും സദാ അഭിലഷിയ്ക്കുന്നവനാണ്. – പരമാത്മായ അങ്ങയിൽ മാത്രമെ നമുക്ക് ആനന്ദം കണ്ടെത്തുവാൻ കഴിയൂ. നമ്മുടെ ഹൃദയം ദാഹിയ്ക്കുന്ന സ്നേഹവും സൗന്ദര്യവും അവിടുന്നാണ്. "അങ്ങേയ്ക്കായിത്തന്നെ അങ്ങു ഞങ്ങളെ സൃഷ്ടിച്ചു. അങ്ങിൽ വിശ്രമിയ്ക്കുന്നതുവരെ ഞങ്ങളുടെ ഹൃദയം ആശ്വാസം കണ്ടെത്തുന്നതില്ല." – ഏറ്റവും ഉത്തമന്മാരും മഹാന്മാരുമായ ആളുകളും നമ്മെപ്പോലുള്ള കേവലം സൃഷ്ടികൾമാത്രം; അവക്കുള്ളതെല്ലാം ദൈവദത്തം: അവരിൽ അഭിനന്ദനീയവും സ്നേഹയോഗ്യവുമായി നമുക്കു കാണപ്പെടുന്നവയെല്ലാം വെറുമൊരു പ്രതിച്ഛായ: അവർ നമ്മുടെമേൽ പ്രയോഗിയ്ക്കുന്ന സ്വാധീനതയും, നമ്മുടെമേൽ അവക്കുള്ള അധികാരവും അവർ നൽകുന്ന ദാനങ്ങളുമെല്ലാം ദൈവത്തിന്റെ ശക്തിയുടെയും സ്നേഹത്തിന്റെയും അവരിൽക്കൂടിയുള്ള ഒരു പ്രവർത്തനംമാത്രം; അവർ അവയുടെ വെറും ചാലുകൾ.– എങ്കിലും അന്ധരും അശക്തരുമായ നാം അവിടുത്തെ അനന്തപ്രതാപത്തെയും നന്മയെയും എത്രയോ പ്രാവശ്യം ധിക്കരിയ്ക്കുന്നു! . . . .

ദൈവത്തിന്റെ യാഥാർത്ഥ്യം ഗ്രഹിച്ചുതുടങ്ങുമ്പോൾ, അവിടുത്തെ അനന്തനന്മയും മഹത്വവും പരിശുദ്ധിയും, മനുഷ്യന്റെ ക്ലേശകരമായ ഇല്ലായ്മയും പാപപങ്കിലതയും തമ്മിലുള്ള വ്യത്യാസം എത്രവലുതാണെന്ന് അവൻ മനസ്സിലാക്കാതിരിയ്ക്കയില്ല. എന്നാലും അവന്റെ ആസ്തിക്യം മുഴുവനും അങ്ങയെ ആഗ്രഹിയ്ക്കുന്നു. ഇരുമ്പ് കാന്തത്തിലേയ്ക്കും, ഗ്രഹം സൂര്യനിലേയ്ക്കും, പിഞ്ഞുപൈതൽ അതിന്റെ അമ്മയുടെ പക്കലേയ്ക്കും, ഭക്തൻ തന്റെ ആരാധനാമൂർത്തിയുടെ സമീപത്തേയ്ക്കും എന്നപോലെ മനുഷ്യൻ ദൈവത്തിലേയ്ക്ക് ആകർഷിക്കപ്പെടുന്നു.

ഇങ്ങനെ, പ്രകൃതിദത്തമായ ഒരു വാസനയാൽ പ്രേരിതനായി അവൻ സമ്മാനത്തിന്റെ അഥവാ ബലിയുടെ മാദ്ധ്യസ്ഥതയെ ശരണം ഗമിയ്ക്കുന്നു. ബലി, ദൈവത്തിന്റെ സന്നിധിയിലേയ്ക്കുള്ള ഒരഭിഗമനവും, അങ്ങയെ മനുഷ്യനിൽനിന്നു വേർതിരിയ്ക്കുന്ന മഹാഗർത്തത്തെ തരണം ചെയ്യുവാനും അങ്ങയുടെ ആനുകൂല്യവും സ്നേഹവും സമ്പാദിയ്ക്കുവാനുമുള്ള ഒരു പരിശ്രമവുമാകുന്നു. ദൈവത്തിനു യാതൊരു സമ്മാനവും ആവശ്യമില്ല. മനുഷ്യനുള്ളതെല്ലാം എല്ലാ പ്രകാരത്തിലും അങ്ങയുടേതാണെതാനും. എന്നാലും കാഴ്ചാപൂർണമാകുന്ന ചിഹ്നം വഴിയായി മനുഷ്യൻ തന്നെ മുഴുവനും താഴ്മയോടുകൂടി അങ്ങേയ്ക്ക് അടിയറവയ്ക്കുന്നു. അങ്ങനെ തന്റെ ഹൃദയംഗമമായ ഭക്തിയെ– സ്വതന്ത്രമായ സ്വയാപൂർണത്തെ– ദൈവപ്രസാദത്തിനും സ്നി

കരണത്തിനും സ്വയം പാത്രമാകുവാനായി അവൻ പ്രത്യക്ഷപ്പെട്ടത്തുന്നു. (1)

അത്യധികം അഗാധവും വ്യാപകവുമായ ഒരാദരവാണ് ബലി പ്രകടിപ്പിയ്ക്കുന്നത്. കാരണം, ദൈവം മാത്രമാണ് നമ്മുടെ സൃഷ്ടാവും നാഥനും പരമാന്ത്യവും. ദൈവത്തിന്റെ നേർക്കുള്ള നമ്മുടെ ബഹുമാനം അഥവാ ആദരം ആരാധനയായും, സേവനസന്നദ്ധത സമ്പൂർണ്ണസ്വയാപ്പണമായും രൂപാന്തരപ്പെടുന്നു. അതു മാത്രമെ ദൈവത്തിനു യോഗ്യമായിട്ടുള്ളു. ദൈവം മാത്രമെ അതിനും യോഗ്യനായിട്ടുള്ളു. ദൈവത്തിനല്ലാതെ, സൃഷ്ടികൾക്ക് ബലി സമർപ്പിയ്ക്കുവാൻപാടില്ലാത്തതും ഇതുകൊണ്ടാണ്.

ഈ സിദ്ധാന്തത്തെ വി. തോമസ് ഇങ്ങനെ സമാഹരിക്കുന്നു: "ബാഹ്യമായി അർപ്പിയ്ക്കപ്പെടുന്ന ബലി, ആന്തരികമായ ഒരു ആദ്ധ്യാത്മികബലിയെക്കുറിയ്ക്കുന്നു. അതു വഴിയായി മനുഷ്യാത്മാവ്, തന്റെ അസ്തിത്വത്തിനു ഹേതുഭൂതമായ സൃഷ്ടാവും അവസാനമായി പ്രാപിയ്ക്കേണ്ട പരമാനന്ദവും എന്ന നിലയ്ക്ക്, ദൈവത്തിനു തന്നെത്തന്നെ സമർപ്പിയ്ക്കുന്നു." വീണ്ടും: "ആത്മാവിനു ദൈവത്തോടുള്ള ശരിയായ ബന്ധത്തെ ആണ ബലി പ്രകടിപ്പിക്കുന്നത്. അതായത് തനിയ്ക്കുള്ളതെല്ലാം ആദികാരണമായ ദൈവത്തിൽനിന്നു ലഭിച്ചിട്ടുള്ളതാണെന്നും, അവയുടെ പരമാന്ത്യമായി കരുതേണ്ടതു് അങ്ങയെത്തന്നെയാണെന്നും മനുഷ്യൻ ഏറ്റുപറയുന്നു."

## ബലിയുടെ ലക്ഷണങ്ങളും പ്രേരണകളും.

ദാതാവിന്റെ ശരിയായ മനോഭാവം പ്രകടിപ്പിച്ചുകൊണ്ട് സൗഹാർദ്ദബന്ധം പുലർത്തുവാനാണ് സമ്മാനദാനം പ്രയോജകീഭവിയ്ക്കുന്നത്. ബലി ദൈവത്തോടു മനുഷ്യനുള്ള ശരിയായ മനോഭാവം കാണിയ്ക്കുന്നു. ഈ മനോഭാവത്തിനാകട്ടെ പല ഘടകങ്ങളുണ്ട്.

മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടിയാകയാൽ, പൂജാർപ്പണം വഴിയായി അവിടുത്തെ പരമമായ മേന്മയെ നേരിട്ട് ഏറ്റുപറയുകയാണ് ചെയ്യുന്നതെന്നു മുകളിൽ പ്രസ്താവിച്ചുവല്ലൊ. ആരാ

(1) പരിശുദ്ധ ത്രീത്വത്തിനുള്ള ലത്തീൻ കുർബ്ബാനയിൽ, നമ്മുടെ സമർപ്പണം വഴിയായി ഒരു "നിത്യസമ്മാന"മായി നാം തീരട്ടെ എന്ന് – അതായത് ദൈവം നമ്മെ സ്വീകരിച്ച് അങ്ങയുമായുള്ള നിത്യമായ ഐക്യത്തിലേയ്ക്ക് ബലി വഴിയായിനമ്മെ പ്രവേശിപ്പിയ്ക്കട്ടെ എന്ന് – നാം പ്രാർത്ഥിയ്ക്കുന്നു.

ധനയുടെയും പൂർണ്ണമായ വിധേയത്വത്തിന്റെയും ഒരു കാഴ്ചയത്രെ അത്. ദൈവത്തിന്റെ പരമാധിപത്യത്തെയും അമേയമായ പരിപൂർണ്ണതയേയും ഉജ്വലത്തായ ഭാഷയിൽ പ്രകീർത്തിയ്ക്കുവാനുള്ള മാർഗ്ഗവും അതുതന്നെയാണ്. ബലി അതിൽതന്നെ നോക്കിയാൽ; ദൈവം അർഹിയ്ക്കുന്ന ബഹുമാനം അങ്ങേയ്ക്കു നൽകുവാൻ ആത്മാവിനെ പ്രേരിപ്പിയ്ക്കുന്ന മതഭക്തിയുടെ ഒരു കർമ്മമാണ്.

ദൈവത്തിന്റെ മൂലമായ സ്നേഹത്തിന്റെയും അനർഗ്ഗളമായ കാരുണ്യത്തിന്റെയും ഭാജനമാണ് മനുഷ്യൻ. നമ്മുടെ കടപ്പാടിനെ ഏറ്റുപറയുന്നതും ഓരോ നന്മയുടേയും ഉൽപത്തിസ്ഥാനത്തെ സ്മരിയ്ക്കുന്നതും ന്യായാനുസൃതം മാത്രമത്രെ. അക്കാരണത്താൽ ദൈവത്തിനു നാം സമർപ്പിയ്ക്കുന്ന അർച്ചന നമ്മുടെ അഗാധമായ കൃതജ്ഞതയെയാണു വെളിവാക്കുന്നത്. അത് അങ്ങയുടെ പരിപൂർണ്ണതയെയും നന്മയെയും സ്തുതിക്കുന്നതിനുള്ള മറ്റൊരു മാർഗ്ഗമാണ്.

സഹായവും സംരക്ഷണയും ആവശ്യമുള്ള ഒരാളാണു ദാതാവെങ്കിൽ, ദാനം മൂകമായ ഒരഭ്യർത്ഥനയായും പരിണമിയ്ക്കുന്നു. ഓരോ ബലിയും ശക്തിയേറിയ ഓരോ പ്രാർത്ഥനയാണ്. ഇതും ദൈവത്തോടു നാം പ്രകടിപ്പിയ്ക്കുന്ന ഒരു ബഹുമാനമത്രെ. എന്തുകൊണ്ടെന്നാൽ പ്രാർത്ഥിയ്ക്കുമ്പോൾ ദൈവത്തിന്റെ മഹത്വവും നന്മയും നമുക്കു അങ്ങയിലുള്ള ഏകാശ്രയത്വവും നാം ഏറ്റു പറയുന്നു. ഭൗതികവും ആദ്ധ്യാത്മികവുമായ അങ്ങയുടെ ദാനങ്ങൾ മാത്രമല്ല, നമ്മുടെ ആത്മാവിന്റെ ദാഹവിഷയമാകുന്ന അങ്ങയെത്തന്നെയാണ് സവ്വോപരി നാം യാചിയ്ക്കുന്നത്. നൽകുവാൻ അങ്ങേയ്ക്കു അതിയായ ആഗ്രഹമുണ്ട്. പക്ഷെ സ്വീകരിയ്ക്കുവാൻ നാം നമ്മെത്തന്നെ ഒരുക്കേണ്ടിയിരിയ്ക്കുന്നു.

അവസാനമായി, ദ്രോഹംചെയ്ത ഒരാളാണ് കാഴ്ച നൽകുന്നതെങ്കിൽ അതു പശ്ചാത്താപത്തിന്റെയും ക്ഷമായാചനയുടെയും ഒരു സൂചനകൂടിയാണ്. എല്ലാമനുഷ്യരും പാപികളാകയാൽ, ഓരോ ബലിയും, പരമനന്മയായ ദൈവത്തെ ദ്രോഹിച്ചതിൽ അവക്കുള്ള മനസ്താപവും, പരിഹാരം ചെയ്യുവാനുള്ള സന്നദ്ധതയും, ദൈവസ്നേഹത്തിനു വീണ്ടും പാത്രീഭവിയ്ക്കുവാനുള്ള ആഗ്രഹവും പ്രത്യക്ഷമാക്കുന്നു.

ആരാധന, കൃതജ്ഞതാപ്രകടനം, അഭ്യർത്ഥന, പരിഹാരപ്രവൃത്തി, ഇവ നാലുമാണ് ഏതൊരു ബലിയുടെയും ലക്ഷ്യം അഥവാ ഉദ്ദേശ്യം. ബലിയെ സമ്പൂർണ്ണവും പരമോൽകൃഷ്ടവുമായ ഒരു

മതകർമ്മമാക്കിത്തീർക്കുന്നതും ഇതുതന്നെയാണ്. ബാഹ്യമായി, ബലി ഒരുമൊരു കർമ്മംമാത്രം. അതിന്റെ അർത്ഥമോ? ഗ്രഹണാതീതം. ഏതൊരു വാക്കിനും വെളിപ്പെടുത്തുവാൻ കഴിയാത്തവിധം അത്ര സാരസമ്പന്നം. മനുഷ്യൻ തന്നെത്തന്നെ — തന്റെ പൂർണ്ണമായ അസ്തിത്വവും ഭക്തിയും — കാഴ്ചദ്രവ്യത്തിൽക്കൂടി ദൈവത്തിന്റെ തൃപ്പാദത്തിങ്കൽ സമർപ്പിയ്ക്കുന്നതിനാൽ, ദൈവമനസ്സിനെ ഇളക്കുവാൻ അതിനുള്ള ശക്തി ഒന്നുവേറെതന്നെയാണ്.

ബലി സമർപ്പണത്തിനു പ്രേരകങ്ങളായി നിൽക്കുന്നത് ഇപ്പറഞ്ഞ നാലു ഉദ്ദേശ്യങ്ങളിൽ ഏതെങ്കിലുമോ എല്ലാംതന്നെയോ ആകാം:— അനന്തപരിപൂർണ്ണനായ ദൈവത്തിന്റെ നേരെ മനുഷ്യർക്കുള്ള ബഹുമാനം പ്രകടിപ്പിയ്ക്കുന്നതിനും, സൃഷ്ടികളെന്ന നിലയിൽ അവർക്കുള്ള വിധേയത്വത്തെ സമ്മതിച്ചു പറയുന്നതിനുമുള്ള ഒരാന്തരിക പ്രേരണ; ദൈവത്തിന്റെ നന്മയും അങ്ങയോടുള്ള നന്ദിയും പ്രഖ്യാപനം ചെയ്യുവാനുള്ള ഒരാഗ്രഹം; അങ്ങയുടെ സ്നേഹവും സഹായവും പരിപാലനയും ലഭിയ്ക്കുവാനുള്ള ആവശ്യം; ചെയ്തുപോയ ദ്രോഹത്തെക്കുറിച്ചുള്ള ബോധം. ചിലപ്പോൾ അത് ലോകത്തിന്റെ വിസ്മൃതിയ്ക്കും നന്ദികേടിനും പാപങ്ങൾക്കും പരിഹാരം ചെയ്യുവാനും, മറ്റുള്ളവരുടെ ആത്മാക്കളിൽ ദൈവാനുഗ്രഹം ചൊരിയിയ്ക്കുവാനും ആയിരിയ്ക്കും. പക്ഷെ സർവ്വോത്തമവും മതഭക്തിയെക്കാൾ തന്നെ ശ്രേഷ്ഠതരവുമായ പ്രേരണ സ്നേഹമാണ്. സൃഷ്ടികളെന്നനിലയിൽ മാത്രമല്ല നമുക്കു ദൈവത്തോടുള്ള ബന്ധം. നാം അങ്ങയുടെ വത്സലസന്താനങ്ങളാണ്: അങ്ങുമായുള്ള ഗാഢമായ ഒരു ഐക്യത്തിലേയ്ക്കു ഉയർത്തപ്പെട്ടവരും, എന്നേയ്ക്കും അങ്ങയോട് ഒരുമിച്ചു വാഴുവാൻ ഉദ്ദേശിയ്ക്കപ്പെട്ടിട്ടുള്ളവരുമാണ്. അതുകൊണ്ടാണ് ദൈവത്തോടു നമുക്കു സർവ്വോപരിയായി വേണ്ടതു സ്നേഹമനോഭാവമാണെന്നു പ്രസ്താവിച്ചതും. ബലി സമർപ്പിയ്ക്കുവാൻ സ്നേഹം നമ്മെ പ്രേരിപ്പിയ്ക്കുന്നു; അതു മതഭക്തിയെ ജനിപ്പിക്കുന്നു; ബലിയ്ക്കു ഒരു നൂതനാത്മാവിനെ പ്രദാനം ചെയ്യുന്നു. ബലിസമർപ്പണത്തെ ബഹുമാനസൂചകവും കൃതജ്ഞതാനിർഭരവും വിശ്വാസപൂർണ്ണവും പ്രതീക്ഷാഭരിതവും പശ്ചാത്താപജന്യവുമായ സ്നേഹത്തിന്റെ ഒരാനന്ദകൃത്യമായി— പുത്രസഹജമായ ഒരു പ്രവൃത്തിയായി—മാറുകയും ചെയ്യുന്നു.

അതാണു യഥാർത്ഥമതം. മതത്തെ കേവലമൊരു സംസ്കൃതിയും ഇഷ്ടമുള്ളതെല്ലാം നേടുന്നതിനുള്ള ഒരെളുപ്പമാർഗ്ഗമായുമാണു വളരെയധികം ക്രിസ്ത്യാനികൾ കരുതുന്നതെന്നു തോന്നുന്നു. മതത്തെ

വെറും യാചകവൃത്തിയാക്കിത്തീർക്കയാണു് അക്രൂട്ടർ ചെയ്യുന്നതു്. സ്വാഭിലാഷപൂർത്തിയ്ക്കായി മാത്രമെ അവർ ദൈവത്തെ സ്മരിയ്ക്കാറുള്ളു. അതു സാധിച്ചില്ലെങ്കിൽ, ശാഠ്യം പിടിയ്ക്കുന്ന കുട്ടികളെപ്പോലെ, മുഖം വീർപ്പിയ്ക്കുയും പ്രാർത്ഥന ഉപേക്ഷിയ്ക്കുയും ചെയ്യും. ഇത്തരത്തിലുള്ള കാര്യലാഭമാത്രമായ ഒരു സങ്കുചിത മനസ്ഥിതി, മതത്തിന്റെയും ദൈവത്തിന്റെയും മനുഷ്യന്റെ തന്നെയും വിലകളയുന്നു. മതം സാരാംശത്തിൽ അനന്തശക്തിയുടെ ആരാധനയും അതിനുള്ള ആത്മവിധേയത്വവുമാണു്. മനുഷ്യനിൽനിന്നു പുറത്തുള്ളതും മനുഷ്യനുപരിയായതുമായ ഒരവസ്ഥയിലേയ്ക്കു് അതു് അവനെ ഉയർത്തുന്നു. അതോടുകൂടി അവന്റെ ഹ്രസ്വമായ വീക്ഷണപരിധി വികസിതമായും, മനുഷ്യസഹജമായ നിസ്സാരപരിശ്രമങ്ങൾ സ്രഷ്ടാവിന്റെ തിരുച്ചിത്തത്തോടു സംവൃണ്ണയോജിപ്പുള്ളവയായും ഭവിയ്ക്കുന്നു.

യാചനാരൂപത്തിലുള്ള പ്രാർത്ഥനകളും മതത്തിൽ അടങ്ങിയിരിയ്ക്കുന്നുവെന്നതു് വാസ്തവംതന്നെ. നാം ദൈവത്തോടു യാചിയ്ക്കണം. വളരെയധികം യാചിയ്ക്കണം. ദൈവം മാതൃകാണു് നമ്മുടെ ഏകാലംബമെന്നുള്ള വസ്തുതയെ അതു പ്രകാശിപ്പിയ്ക്കുന്നു. തൻമൂലം അതുരൂപാന്തരത്തിൽ ഒരു ആരാധനയും സ്തുതിയുമാണു്: ദൈവേഷ്ടം നമ്മുടെ ഇംഗിതത്തിനു അനുസൃതമാക്കിത്തീർക്കുവാനുള്ള ഒരുദ്യമമല്ല, അങ്ങയുടെ അഭിമതം നിർവ്വഹിയ്ക്കുവാൻ വേണ്ട കഴിവും സന്നദ്ധതയും നൽകണമെന്നുള്ള പ്രത്യുചിതമായ ഒരഭ്യർത്ഥനയാണു്. സാർത്ഥസഹനായ നമ്മുടെ പിതാവിനോടുള്ള വിശ്വാസപൂർണ്ണമായ ഒരു വിധേയത്വം അഥവാ കീഴടക്കമത്രെ പ്രാർത്ഥനയിൽ സ്ഫുരിയ്ക്കുന്നതു്. "അന്നന്നു വേണ്ട അപ്പ"ത്തിനായി പ്രാർത്ഥിയ്ക്കുവാൻ ക്രിസ്തു കല്പിയ്ക്കുന്നുണ്ടെങ്കിലും "നിന്റെ തിരുനാമം ശുദ്ധമാകപ്പെടണം. നിന്റെ തിരുമനസ്സു് ആകാശത്തിലെപ്പോലെ ഭൂമിയിലും ആകണം" എന്നു പറഞ്ഞതിനുശേഷമെ അതു പാടുള്ളുവെന്നു് അവിടുന്നു നിഷ്കർഷിയ്ക്കുന്നു.

തന്റെ ഔദാര്യത്തിൽ വിശ്വാസികളാകുന്നവർക്കു പങ്കാളികളാകണമെന്നു ദൈവം ആഗ്രഹിയ്ക്കുന്നതിനാൽ അവരോടും നാം പ്രാർത്ഥിയ്ക്കുന്നു. പക്ഷെ ഇവിടെയും നമ്മുടെ പ്രാർത്ഥന തീരെ അഭിമാനമില്ലാത്ത ഒരു യാചനയാണെന്നു പറഞ്ഞുകൂടാ. വിശ്വാസികളുടെ ഐക്യം നമ്മുടെ ജീവിതത്തിൽ അനുഭവവേദ്യമാക്കിത്തീർക്കയാണു് അതു ചെയ്യുന്നതു്. നാമെല്ലാം വിശ്വാസികളുടെ സ്നേഹിതന്മാരാണെന്നും, ഒരേ പിതാവിന്റെ സന്താനങ്ങളാണെന്നും, ദൈവതിരുമനസ്സിനു

അനുസരണമായി ജീവിയ്ക്കുവാനും ജീവിതകടമകൾ നിവ്വഹിയ്ക്കുവാനും ശക്തന്മാർ അശക്തന്മാരെ സഹായിയ്ക്കുന്ന ക്രിസ്തുവിന്റെ ശരീരത്തിലെ അംഗങ്ങളാണെന്നും അതു നമ്മെ അനുസ്മരിപ്പിയ്ക്കുന്നു.

## ബലിയുടെ വിഭിന്നാർത്ഥങ്ങൾ.

1. ബലി അതിന്റെ സൂക്ഷ്മമായ അർത്ഥത്തിൽ, മുമ്പു പ്രസ്താവിച്ചതുപോലെ, ദൈവം നമ്മുടെ സ്രഷ്ടാവും പരമാന്ത്യവുമാണെന്നു സമ്മതിച്ചുകൊണ്ടു ചെയ്യുന്ന ബാഹ്യവും സൂചനാഗർഭവുമായ ഒരർച്ചനയാണ്. അർത്ഥസൂചകമായ വെറും കാഴ്ചയല്ല കാര്യമായിട്ടുള്ളതു്. വാസ്തവത്തിൽ ഹൃദയംഗമവും ജീവിതത്തെ ബാധിയ്ക്കുന്നതുമായ സ്വയാപ്പണമാണ് സർവ്വപ്രധാനം. മുമ്പു വിവരിച്ച ആന്തരികമായ യാഗമനോഭാവം— അതായതു് തൻകാര്യപ്രതിപത്തിയ്ക്കു് എതിരായിട്ടുള്ളതും, സ്നേഹവും ആരാധനയും വിധേയത്വവും ദ്യോതിപ്പിയ്ക്കുന്നതുമായ ആത്മാവിന്റെ ഒരു മനസ്ഥിതി—മാത്രമേ ഗണനീയമായിട്ടുള്ളു. മറെറാരുവിധത്തിൽ പറഞ്ഞാൽ, നമ്മുടെ സമർപ്പണം ഫലപ്രദമായ വിധേയത്വത്തോടും സേവനത്തോടുംകൂടി വേണം നിവ്വഹിയ്ക്കുവാൻ. ദൈവം യഥാർത്ഥത്തിൽ നമ്മുടെ ജീവിതത്തിന്റെ കേന്ദ്രമായിത്തീരണം. പ്രായോഗികമായഈആത്മസമർപ്പണവും ആന്തരികമനോഭാവവും പോഷിപ്പിയ്ക്കുന്നതിനും പ്രകടിപ്പിയ്ക്കുന്നതിനും മാത്രമാണ് ബാഹ്യമായ അർച്ചനയുടെ ഉദ്ദേശ്യം. അവയില്ലെങ്കിൽ ബാഹ്യമായ ബലി അർത്ഥശൂന്യമായ ഒരാചാരവും ആത്മാർത്ഥതയില്ലാത്ത ഒരു വാദാനവും മാത്രമായിരിയ്ക്കും.

ഇക്കാരണത്താൽ യാഗമനോഭാവത്തെയും തൽപ്രേരിതങ്ങളായ ത്യാഗപ്രവൃത്തികളെയും കുറിയ്ക്കുവാൻ ബലി എന്ന പദം പലപ്പോഴും ഉപയോഗിയ്ക്കാറുണ്ട്. ഹൃദയത്തിന്റെ അഗാധതയിൽനിന്നു നാം ദൈവത്തെ സ്തുതിയ്ക്കുമ്പോഴും, അവിടുന്നു നമുക്കു ഭൂമിയിൽ നിർദ്ദേശിച്ചിട്ടുള്ള ജോലി പൂർത്തിയാക്കുവാൻ ശ്രമിയ്ക്കുമ്പോഴും, അന്യരെക്കുറിച്ചുള്ള അറിവിലേയ്ക്കും അവിടുത്തെ സ്നേഹത്തിലേയ്ക്കും അന്യരെ നയിയ്ക്കുമ്പോഴും നാം യാഗമനോഭാവം പരിശീലിയ്ക്കുന്നു. അപ്പോഴെല്ലാം നമ്മുടെ അർച്ചന നിറവേറുകയും ബാഹ്യാപ്പണം സൂചിപ്പിയ്ക്കുന്ന ആന്തരികമായ അഥവാ ആദ്ധ്യാത്മികമായ ബലി കാഴ്ചവയ്ക്കുയുമാണു് നാം ചെയ്യുന്നതു്. (1) ഈ അർത്ഥത്തിൽ, നമ്മുടെ ജീവിതം

(1) ഇപ്രകാരം ആരാധന എന്ന പദവും അഗാധമായ വണക്കത്തിന്റെ ബാഹ്യചിഹ്നങ്ങളായ സാഷ്ടാംഗപ്രണാമം, പാദചുംബനം മുതലായ പ്രവൃത്തികളെ മാത്രമെ അർത്ഥകാലങ്ങളിൽ സൂചിപ്പിച്ചിരുന്നുള്ളു. ഇന്നാകെ

മുഴുവൻ ഒരു ബലിയായി തീരേണ്ടതാണു്. വാസ്തവത്തിൽ നമ്മുടെ ലോക ജീവിതം ദൈവത്തിൻ പക്കലേയ്ക്കുള്ള ഒരു ചലനം അല്ലെങ്കിൽ നീക്കമാണു്. അങ്ങുമായുള്ള അത്ഭുതകരമായ ഐക്യത്തിൽ ചെന്നവേണം അതു പൂർത്തിയാക്കുവാൻ. ദൈവത്തിന്റെ നേരെ ശരിയായ ഒരു മനോഭാവമില്ലാതെ—അങ്ങയോടുള്ള വിധേയത്വത്തിന്റെയും ആത്മാർപ്പണത്തിന്റെയും ഒരു ജീവിതംവഴിയായിട്ടല്ലാതെ—ഒറ്റവാക്കിൽ പറഞ്ഞാൽ നമ്മുടെ ആന്തരികബലിക്കൂടാതെ—അങ്ങേപ്രകൃതിയുവാൻ നമുക്കു സാധിയ്ക്കുന്നതല്ല. "കാഴ്ചദ്രവ്യങ്ങ"ളായും "ബലിവസ്തു"വായും എന്നേയ്ക്കുമായി സ്വീകരിയ്ക്കപ്പെട്ട സമ്മാനങ്ങളായും മാത്രമേ നമുക്കു സ്വർഗ്ഗത്തിൽ പ്രവേശിയ്ക്കുവാൻ സാധിയ്ക്കുയുള്ളു. നമ്മുടെ ബലിയുടെ സമ്പൂർത്തി എന്ന നിലയിൽ മാത്രമാണു് സ്വർഗ്ഗഭാഗ്യം നമുക്കു നൽകപ്പെടുന്നതു.

2. നമുക്കു് ഒരു വസ്തുദാനം ചെയ്യുവാനും അതേസമയം കൈവശംവച്ചുകൊണ്ടിരിയ്ക്കുവാനും സാധിയ്ക്കുകയില്ല. ദാനത്തിൽ പരിത്യാഗവുംകൂടി അടങ്ങിയിരിയ്ക്കുന്നു. ത്യാഗം ബലിയല്ല; ബലിയുടെ (അല്ലെങ്കിൽ, ഏതൊരു സമ്മാനദാനത്തിന്റെയും) ഒരു വ്യവസ്ഥയാണു്. പക്ഷെ ഏതു വസ്തുവിന്റെയായാലും അസുഖകരമായ വശം കാണുവാനാണു് പ്രായേണ മനുഷ്യർക്കുള്ള വാസന. തന്മൂലം, "ബലി കഴിയ്ക്കുക" എന്ന പദത്തിനു് "പരിത്യജിയ്ക്കുക" അല്ലെങ്കിൽ "നഷ്ടപ്പെടുക" എന്ന അർത്ഥം വന്നുകൂടി. പാപികളുടെ മാനസാന്തരത്തിനായി "ബലി അനുഷ്ഠിയ്ക്കുക"; അല്ലെങ്കിൽ, "മാതാപിതാക്കന്മാർ അവന്റെ വിദ്യാഭ്യാസത്തിനായി പലതും ബലി കഴിച്ചു"; "പരീക്ഷയ്ക്കു ഒരുങ്ങുന്നതിനായി അവൻ തന്റെ അവധിക്കാലം ബലികഴിച്ചു" എന്നൊക്കെപ്പറയുന്നതു് ഈ അർത്ഥത്തിലത്രെ.

മൃഗങ്ങളെ ബലി അർപ്പിയ്ക്കുന്നതിനു് (ദൈവത്തിനു സമർപ്പിയ്ക്കുന്നതിനു്) ഉള്ള പ്രാരംഭവ്യവസ്ഥ, അവയെ വധിയ്ക്കുക എന്നതായിരുന്നു. അങ്ങനെ മനുഷ്യോപയോഗത്തിൽനിന്നു അവയെ വേർപെടുത്തുകയും അവയുടെ ജീവരക്തം ദൈവത്തിനു സമർപ്പിയ്ക്കുകയും ചെയ്യുമ്പോഴും. ക്രമേണ ബലിയിലെ വധകൃത്യത്തിനു് അതു സൂചിപ്പിച്ചിരുന്ന അർത്ഥത്തെക്കാൾ കൂടുതൽ പ്രാധാന്യം കല്പിച്ചുകൊണ്ടു്, കേവലം "കൊല" എന്നുള്ള അർത്ഥത്തിൽ "ബലി" എന്ന പദം ഉപ

---

ട്ടെ ആ പദം, ഉള്ളിലുള്ള വണക്കത്തെത്തന്നെ കുറിയ്ക്കുന്നു. ദൈവത്തെ "ആരാധിയ്ക്കുന്നു" എന്നു പറഞ്ഞാൽ ഒരു കായികപ്രണാമത്തിന്റെ ചിന്തപോലും നമുക്കു സാധാരണ ഉണ്ടാകാറില്ല.

യോഗിച്ചുതുടങ്ങി. "അനേകായിരം നിരപരാധികളെ യുദ്ധത്തിൽ ബലി കഴിച്ചു" എന്ന പറയുന്നതിലുള്ള അർത്ഥം ഇങ്ങനെ വന്നതാണ്.

ഇങ്ങനെ ശാസ്ത്രീയമല്ലാത്ത നാടോടിഭാഷയിൽ ബലി എന്ന മനോഹരപദത്തിനു്, അതിന്റെ പൂർണ്ണവും യഥാർത്ഥവുമായ അർത്ഥം നഷ്ടപ്പെടുന്നതിനും, ഭയാനകവും നിഷേധരൂപത്തിലുള്ളതും വാസ്തവത്തിൽ നിരുത്തേജകവുമായ എന്തോ ഒന്നു് എന്നുള്ള പ്രതീതി ജനിയ്ക്കുന്നതിനും ഇടയായി. എങ്കിലും അക്കാർണത്താൽ, നമ്മുടെ ആത്മപ്രീണനത്തിന്റെയും ബലിയുടെയും യഥാർത്ഥമായ അർത്ഥം വിസ്മരിയ്ക്കപ്പെടുവാൻ പാടില്ല.

നമ്മുടെ ബലിയ്ക്കു് നിഷേധപരമായ അഥവാ അസുഖകരമായ ഒരു വശം ഉണ്ടെന്നുള്ളതു് സമ്മതിയ്ക്കാതെ തരമില്ല. നാം ദൈവത്തിനുവേണ്ടി ജീവിയ്ക്കുന്നപക്ഷം പ്രകൃത്യാ നമുക്കുള്ള സ്വാർത്ഥജീവിതം പരിത്യജിയ്ക്കേണ്ടിയിരിയ്ക്കുന്നു. സ്വയസ്നേഹവും സ്വയാന്വേഷണവും— വിശുദ്ധ പൗലോസിന്റെ ഭാഷയിൽ പറഞ്ഞാൽ, ജഡികവികാരങ്ങളും ആഗ്രഹങ്ങളുമുള്ള "പഴയ മനുഷ്യനെ"— "ബലി കഴി"യ്ക്കണം. നമ്മുടെ ദുരാശകളെയും സ്വാർത്ഥവാസനകളെയും "നിഗ്രഹിയ്ക്ക"ണം. കാരണം, ഒരേ സമയത്തു് ദൈവകായ്പ്രസക്തരും തൻകായ്പ്രസക്തരുമായിരിയ്ക്കാൻ നമുക്കു കഴികയില്ല. ദൈവത്തിനു പ്രസാദകരമായവയെ ആരായുകയും, അതേ സമയം സ്വേച്ഛാപൂരണത്തിൽ നിരതരായിരിയ്ക്കുകയും ചെയ്യുക അസാദ്ധ്യമാണ്. അവ തമ്മിൽ പലപ്പോഴും സംഘട്ടനമുണ്ടാകും. "ഒരു മനുഷ്യനും രണ്ടു യജമാനന്മാരെ സേവിയ്ക്കുവാൻ സാധിയ്ക്കുകയില്ല. എന്തുകൊണ്ടെന്നാൽ അവൻ ഒന്നുകിൽ ഒരുത്തനെ ദ്വേഷിയ്ക്കുകയും മറ്റവനെ സ്നേഹിയ്ക്കുകയും ചെയ്യും. അല്ലെങ്കിൽ ഒരുത്തനെ ബഹുമാനിയ്ക്കുകയും മറ്റവനെ നിന്ദിയ്ക്കുകയും ചെയ്യും." (മത്തായി, vi– 24) യാഗമനോഭാവത്തിന്റെ പരിപൂർണ്ണമാതൃകയായ മിശിഹാതന്നെ ഈ വ്യവസ്ഥ നല്ലവണ്ണം വ്യക്തമാക്കുന്നുണ്ട്. "എന്റെ പിന്നാലെ വരുവാൻ മനസ്സുള്ളവൻ തന്നെത്തന്നെ പരിത്യജിച്ചു്, തന്റെ കുരിശു് എടുത്തുകൊണ്ടു് എന്റെ പിന്നാലെ വരട്ടെ" (മത്തായി xvi-24) ആകയാൽ ദൈവത്തിനു് സ്വയം കാഴ്ചവയ്ക്കുന്നവൻ വിഷമങ്ങളായ കായ്ക്കുകൾ ചെയ്യുവാനും സഹിയ്ക്കുവാനും സന്നദ്ധനായിരിയ്ക്കണം.

എങ്കിലും, ഈ വൈഷമ്യതയ്ക്കും ത്യാഗത്തിനും ആത്മനിഗ്രഹത്തിനും മതിയായ പ്രതിസമ്മാനവും പ്രേരണയും ബലിയുടെ വാസ്തവത്തിലുള്ള അർത്ഥത്തിൽ നാം കണ്ടെത്തുന്നു. സാരാർത്ഥത്തിൽ ബലി ദൈവത്തിനുള്ള ഒരു സ്നേഹാർപ്പണമാണ്; നാം പാപികളല്ലാ

യിരുന്നെങ്കിൽ, നമുക്കു അത്യാനന്ദത്തെ പ്രദാനം ചെയ്യുമായിരുന്ന ഒരു കൃത്യമാണ്. പക്ഷെ അധഃപതിച്ച മനുഷ്യനെ സംബന്ധിച്ചിടത്തോളം, ജന്മപാപത്തിന്റെ ഫലമായി, സ്നേഹം സ്വാർത്ഥതയെ ജയിയ്ക്കേണ്ടതായിട്ടാണ് ഇരിയ്ക്കുന്നതു്; അതിനു ചില സന്തോഷങ്ങളും അഭിലാഷപൂർത്തികളും ത്യജിയ്ക്കേണ്ടതായും, വേദനയെയും സഹനത്തെയും സ്വാഗതം ചെയ്യേണ്ടതായും ഇരിയ്ക്കുന്നു. അതാണു ഇന്നത്തെ വ്യവസ്ഥിതിയിൽ സ്നേഹത്തിനുള്ള പ്രത്യേക മേന്മയും, അതിന്റെ അത്മാർത്ഥത പരീക്ഷിച്ചറിയുന്നതിനുള്ള മാർഗ്ഗവും. നമ്മെക്കാൾ ക്ലേശതലായി നാം ദൈവത്തെ സ്നേഹിയ്ക്കുന്നതുകൊണ്ടാണ് ബലിസമർപ്പണത്തിൽ അന്തർഭവിച്ചിരിയ്ക്കുന്ന ബഹുപ്രാധാന്യം അത്മത്യാഗവും നാം സന്തോഷപൂർവ്വം സഹിയ്ക്കുന്നതു്. പോരെങ്കിൽ അങ്ങനെ ചെയ്യുമ്പോൾ നാം പല നഷ്ടങ്ങളും സഹിയ്ക്കുന്നുവെന്നു തോന്നുമെങ്കിലും വാസ്തവത്തിൽ അതിനെക്കാൾ വളരെയധികം സമ്പാദിയ്ക്കുകയാണു ചെയ്യുന്നതു്. കുറേക്കൂടി പൂർണ്ണമായ ഒരു ജീവിതം കണ്ടെത്തുവാൻ വേണ്ടി നാം നമ്മെ ദൈവത്തിനു നൽകുന്നു. സ്വാഭാവികമായ നമ്മുടെ സ്വാർത്ഥജീവിതത്തെ വർജ്ജിയ്ക്കുന്നതിനോടുകൂടി, ദൈവവുമായി അത്ഭുതകരമായവിധത്തിൽ ഒരുമിച്ചുകൊണ്ടുള്ള ഒരു ദൈവികജീവിതത്തെ നാം പരിപോഷിപ്പിയ്ക്കുന്നു. നമ്മെത്തന്നെ കീഴടക്കികൊണ്ടു്, സ്രഷ്ടാവിന്റെ ഹിതമനുസരിച്ചുള്ള സുശക്തവും സുന്ദരവുമായ ഒരു ജീവിതം നയിയ്ക്കുവാൻ വേണ്ടിയ സ്വാതന്ത്ര്യം നാം പ്രാപിയ്ക്കുന്നു. വാസ്തവത്തിൽ മഹത്തായതും ഫലപ്രദമായതുമായ ഒരു ജീവിതമത്രെ അതു്. എന്തുകൊണ്ടെന്നാൽ "നമ്മിൽ വെളിപ്പെടുത്തപ്പെടുവാനിരിയ്ക്കുന്ന മഹത്വ"ത്തേക്കാൾ (റോമ. viii– 18) അതു നമ്മെ നയിയ്ക്കുകയും മിശിഹായുടെ ലോകചരിത്രാനന്തരത്തിൽ ഇപ്പോൾതന്നെ നമ്മെ സഹപ്രവർത്തകരാക്കിത്തീർക്കുകയും ചെയ്യുന്നു. വിത്തു് അഥവാ ഗോതമ്പുമണി അതിനു ഇപ്പോഴുള്ള ജീവൻ ബലികഴിച്ചെങ്കിൽ മാത്രമെ അതിനുള്ളിൽ ഉറങ്ങിക്കിടക്കുന്ന ജീവൻ വളർന്നുവരികയുള്ളു. "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: ഗോതമ്പുമണി നിലത്തുവീണു അഴിയുന്നില്ല എങ്കിൽ അതു തനിയെ ഇരിയ്ക്കുന്നു; അതു അഴിയുന്നു എങ്കിലോ വളരെ ഫലങ്ങൾ ഉളവാക്കുന്നു" (യോഹ. xii– 24) അതാണ് ജീവിതനിയമം (1)

(1) "ബലി"യ്ക്കു എന്നപോലെ, ബലിവസ്തു എന്ന പദത്തിനും സാമാന്യഭാഷയിൽ, സഹിയ്ക്കുന്നവൻ, അനീതി പ്രവർത്തനത്തിനു വിധേയൻ, ഖിദിയ്ക്കപ്പെട്ടവൻ എന്നൊക്കെയാണ് അർത്ഥം. എങ്കിലും അതിനു മതപരമായി രുന്ന അർത്ഥം "സമർപ്പിതൻ" അഥവാ കാഴ്ചവയ്ക്കപ്പെട്ടവൻ എന്നായിരുന്നു.

സംസാരഭാഷയിൽ "ബലി" എന്ന വാക്കിന്റെ ശരിയായ അർത്ഥം തീരെ നഷ്ടപ്പെട്ടുവെന്നു പറയുവാൻവയ്യാ. അന്യർക്കു ആത്മദാനം ചെയ്യുവാൻ പ്രേരിപ്പിയ്ക്കുന്നതും സ്വാർത്ഥത്യാഗം സ്വകായക്ലേശം സഹിയ്ക്കുന്നതും വിരുദ്ധമായിട്ടുള്ളതുമായ ആ സുന്ദരമനോഭാവം എന്ന ബോധം ആ പദം മിയ്ക്കപ്പോഴും നൽകാറുണ്ട്. അതുകൊണ്ടാണ് അമ്മ തന്റെ കുഞ്ഞിനും, ഭിഷഗ്വരൻ രോഗിയ്ക്കും, ഭടൻ സ്വരാജ്യത്തിനുംവേണ്ടി സ്വയം 'ബലികഴിച്ചു' എന്നു പറയുന്നതു്. എങ്കിലും പ്രാഥമികവും ശരിയായതുമായ അർത്ഥത്തിൽ, ബലി മതത്തിന്റെ ഒരു ആരാധനാകർമ്മം— ദൈവത്തിനുള്ള ബാഹ്യവും അർത്ഥസൂചകവുമായ ഒരു കാഴ്ചാസമർപ്പണം— ആണെന്നു ഒരിയ്ക്കൽക്കൂടി എടുത്തുപറഞ്ഞുകൊള്ളുന്നു. ബാഹ്യാർച്ചന സൂചിപ്പിയ്ക്കുന്ന ആന്തരികബലിയാണ് വാസ്തവത്തിലുള്ള ആത്മസമർപ്പണം.

## ബലിയുടെ ചരിത്രം.

ബലി കഴിച്ചുകൊണ്ട് ദൈവത്തോടുള്ള ബന്ധം പരിപാലിയ്ക്കുവാൻ മനുഷ്യവർഗ്ഗം എന്നും ശ്രമിച്ചിട്ടുണ്ട്. ആബേൽ തന്റെ ആട്ടിൻപറ്റത്തിൽനിന്നുള്ള കടിഞ്ഞൂൽ കുട്ടികളെയും, കായേൻ വയലുകളിൽനിന്നു കിട്ടിയ ആദ്യഫലങ്ങളെയും കാഴ്ചവച്ചുകൊണ്ട്, ദൈവം എല്ലാത്തിന്റെയും നാഥനാണെന്നും എല്ലാ ഉത്തമദാനങ്ങളുടെയും ദാതാവാണെന്നും സമ്മതിച്ചുപറഞ്ഞു. പെട്ടകത്തിൽനിന്നു പുറത്തിറങ്ങിയ നോഹ ആദ്യമായി ചെയ്ത പ്രവൃത്തി ദൈവത്തിനു ഒരു ബലിപീഠം നിർമ്മിച്ച് ഏതാനും മൃഗങ്ങളെ അതിൽ ബലികഴിയ്ക്കുക എന്നതായിരുന്നു. തന്നെ കാത്തുരക്ഷിച്ച സർവ്വശക്തനു നോഹ ക്രമപ്രകാരം കൃതജ്ഞത പ്രകടിപ്പിച്ചതു് അത്തരത്തിലാണ്. ക്രിസ്തുവിനു രണ്ടായിരം കൊല്ലങ്ങൾക്കു മുമ്പ്, രാജാവും പുരോഹിതനുമായിരുന്ന മൽക്കിസേദേക്ക് അപ്പവും വീഞ്ഞും കാഴ്ചവച്ചു. ഭക്ഷണപാനീയങ്ങൾ ജീവസന്ധാരണത്തിനു അവശ്യം ആവശ്യമാകയാൽ അവയുടെ അർച്ചന നമ്മുടെ സ്വയാർപ്പണത്തെ സൂചിപ്പിയ്ക്കുവാൻ തികച്ചും പര്യാപ്തമാണ്. തനിയ്ക്കു ലോകത്തിലേയ്ക്കും പ്രിയംകരമാ

---

തന്മൂലം, യഥാർത്ഥമായ അർത്ഥത്തിൽ, സ്നേഹപൂർവ്വം ആത്മസമർപ്പണം ചെയ്യുന്ന ക്രൈസ്തവൻ ഒരു ബലി വസ്തുവായിത്തീരുന്നുവെന്നു പറയാം. സ്നേഹവും സ്വയം വിധേയത്വവുമാണ്, ഒന്നിനെ ബലിവസ്തുവാക്കിത്തീർക്കുന്നതു്. പക്ഷേ സ്നേഹം വേണ്ടവിധം സംശോധിയ്ക്കപ്പെടുന്നതും തീക്ഷ്ണമായി അഭ്യസിയ്ക്കപ്പെടുന്നതും സഹനത്തിലാകയാൽ കൂടുതൽ സഹിയ്ക്കുവാൻ ദൈവം ക്ഷണിയ്ക്കുന്ന ആത്മാവുകളെയാണ് ബലിവസ്തുക്കളെന്നു പ്രത്യേകം വിളിയ്ക്കുവേണ്ടതു്.

യിരുന്ന ഒന്നിനെ– സ്വപുത്രനെത്തന്നെ– ബലികഴിയ്ക്കുവാൻ താൻ സന്നദ്ധനാണെന്നു അബ്രാഹം തെളിയിച്ചു. പുരാതനമതങ്ങളിൽ ബലിയ്ക്കുണ്ടായിരുന്നതു് ഒരു പ്രധാനസ്ഥാനമാണു്. മിയ്ക്കപ്പോഴും അതിന്റെ ശരിയായ അർത്ഥം തീരെ വിസ്മരിക്കപ്പെട്ടിരുന്നുവെന്നുമാത്രം. ബലി കേവലം "ഭൗതിക"മായിത്തീർന്നു. ബാഹ്യമായ അർപ്പണം അന്തരികബലിയിൽനിന്നു വേർതിരിയ്ക്കപ്പെട്ടുകയും, അർപ്പിയ്ക്കുന്ന സാധനത്തിന്റെ അഥവാ ബലിവസ്തുവിന്റെ മേന്മയിലും വലിപ്പത്തിലുമാണു് ബലിയുടെ സാരാംശവും ശക്തിയും മുഴുവൻ അടങ്ങിയിരിയ്ക്കുന്നതു് എന്നൊരു ധാരണ ജനിയ്ക്കുകയും ചെയ്തു. അങ്ങനെ ബലി ദൈവമഹത്വത്തിനു യോജിയ്ക്കാത്ത അനാചാരങ്ങളായി അധഃപതിച്ചു.

യഹൂദജനങ്ങളുടെ നിയമനിർമ്മാതാവായ മോശ, ദൈവവുമായുള്ള ഒരു വലിയ ഉടമ്പടി ബലിസമർപ്പണത്തോടുകൂടി പൂർത്തിയാക്കിയശേഷം, പല ചടങ്ങുകളോടുകൂടിയ അനേകം പൂജാക്രമങ്ങൾ സ്ഥാപിച്ചു. അവയിൽ ചിലതു പതിവായും മറ്റു ചിലതു് പ്രത്യേകാവസരങ്ങളിൽ മാത്രവും നിർവ്വഹിയ്ക്കുവാനുള്ളവയായിരുന്നു. ദൈവത്തിനു അവരുടെ മൃഗങ്ങളുടെ മൃതശരീരം ആവശ്യമുണ്ടായിരുന്നതുകൊണ്ടല്ല മോശ അങ്ങനെ നിർദ്ദേശിച്ചതു്. പ്രത്യുത ദൈവത്തോടുള്ള അവരുടെ ഭക്തിയും വിശ്വസ്തതയും പ്രകടിപ്പിയ്ക്കുന്നതും, "നമുക്കുള്ള സകലതിന്റെയും ആധാരവും പരമാന്ത്യവും ദൈവമാണെ"ന്നുള്ള (വി. തോമ്മസ്) തത്വം സദാ അവരെ അനുസ്മരിപ്പിയ്ക്കുന്നതുമായ ഒരടയാളം അവയ്ക്കു് ആവശ്യമുണ്ടായിരുന്നതുകൊണ്ടാണു്.

"അല്ലയോ ഇസ്രായേൽ ജനമെ, ശ്രവിച്ചാലും. നമ്മുടെ കർത്താവായ ദൈവം ഒന്നുമാത്രമാണു്. നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും, പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടുംകൂടി നീ സ്നേഹിയ്ക്കുക. ഞാൻ ഇന്നു നിന്നോടു കല്പിയ്ക്കുന്ന ഈ വാക്കുകൾ നിന്റെ ഹൃദയത്തിൽ വർത്തിയ്ക്കട്ടെ. നീ അവയെ നിന്റെ സന്താനങ്ങളോടു പറയുക. വീട്ടിനുള്ളിലായിരിയ്ക്കുമ്പോഴും, വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും അവയെക്കുറിച്ചു നീ ധ്യാനിയ്ക്കുകയും ചെയ്യുക" (Deuter vi. 4-6.)

മൃഗങ്ങളെ വധിച്ചിരുന്നതു് സമർപ്പണത്തിനുള്ള ഒരുക്കമായിരുന്നു. ബലിവസ്തു ദൈവത്തിനു കാഴ്ചവച്ചു എന്നു സൂചിപ്പിക്കുവാനായി പുരോഹിതൻ അതിന്റെ രക്തം എടുത്തു് പീഠത്തിന്മേൽ തളിച്ചിരുന്നു. മാംസത്തിന്റെയും മറ്റു കാഴ്ചദ്രവ്യങ്ങളുടെയും ദഹനം

ബലിവസ്തു ദൈവത്തിനു നൽകിയെന്നും "അസ്വാദ്യമായ സുഗന്ധമായി അതു അങ്ങയുടെ സന്നിധിയിലേയ്ക്കു ഉയർന്ന"വെന്നുമാണു് സൂചിപ്പിച്ചിരുന്നതു്. ദഹനബലി അഥവാ പൂർണ്ണദഗ്ദ്ധമായ കാഴ്ചദ്രവ്യം ദൈവത്തിനുള്ള കാഴ്ചവയ്പിനെയും ആത്മാവിന്റെ സമർപ്പണത്തെയും പൂർണ്ണമായി വ്യക്തമാക്കിയിരുന്നു.

ആ ബലികൾക്ക് എന്തു വിലയാണുണ്ടായിരുന്നതു്? അവ ദൈവത്തിന്റെ പരമാധിപത്യത്തെക്കുറിച്ചു് ജനങ്ങളെ അനുസ്മരിപ്പിക്കുകയും, മതചൈതന്യം അവരുടെ ഉടയിൽ സജീവമായി നിലനിർത്തുകയും ചെയ്തു. എങ്കിലും ഒന്നാമത്തെ അധ്യായനം മുതൽ മനുഷ്യനെ ദൈവത്തിൽ നിന്നു അകറ്റിനിർത്തിയിരുന്ന മഹാഗർത്തം നികത്തുവാൻ അവയ്ക്കു കഴിഞ്ഞില്ല. ദൈവവുമായുള്ള ബന്ധം സ്ഥാപിക്കുവാൻ മനുഷ്യനുണ്ടായിരുന്ന ആഗ്രഹത്തെ അവ പ്രകടമാക്കി. മാത്രമല്ല അവ ഈശ്വരാഭിമുഖമായുള്ള മനുഷ്യന്റെ ഒരു നിക്ഷേപക്രിയയായിരുന്നു എങ്കിലും മനുഷ്യാഭിലാഷങ്ങൾക്കു സ്വർഗ്ഗപ്രവേശനം ലഭിക്കുവാൻ ക്രിസ്തു തന്നെ വരണമായിരുന്നെന്നു നമുക്കറിയാം. അവിടുത്തെ കുരിശുബലി മാത്രമെ പാപത്തെ മായിച്ചുകളയുവാൻ ശക്തമായിരുന്നുള്ളു. മതത്തിന്റെയും സ്നേഹത്തിന്റെയും പരമോൽകൃഷ്ടകൃത്യമാകുന്ന ആ ഒരു ബലിമാത്രമാണു് മനുഷ്യനെ ദൈവവുമായി രമ്യപ്പെടുത്തുന്നതു്. ദൈവത്തെയും മനുഷ്യനെയും തമ്മിൽ യോജിപ്പിക്കുന്ന പാലവും അതിന്റെ നിർമ്മാതാവും ക്രിസ്തുവാണു്. "വഴിയും സത്യവും ജീവനും ഞാനാകുന്നു. ഞാൻ വഴിയായിട്ടല്ലാതെ ഒരുത്തനും എന്റെ പിതാവിന്റെ അടുക്കലേക്കു വരുന്നില്ല" (യോഹ. xiv- 6). പഴയ ബലികളെല്ലാം ഈയൊരു മഹായാഗത്തിന്റെ ദുർബ്ബലങ്ങളായ നിഴലുകൾ മാത്രമായിരുന്നു.

തന്റെ ബലിയുടെ സമ്പാദ്യങ്ങളെ ക്രിസ്തു തന്റെ അവയവങ്ങളിലേയ്ക്കു ഇന്നു ഒഴുക്കിക്കൊണ്ടിരിയ്ക്കുന്നതു്. പക്ഷെ അതിനു വേണ്ടി ബലികർമ്മം നിവർത്തിയ്ക്കണമെന്നു് – നാം നമ്മെത്തന്നെ ദൈവത്തിനു സമർപ്പിയ്ക്കണമെന്നു് – അവിടുന്നു നമ്മോടു് ആവശ്യപ്പെടുന്നു. അതാണു് പീഠത്തികൽ നിന്നുകൊണ്ടു് വൈദികൻ ഇപ്പോൾ ചെയ്യുന്നതു്.

## സഭയുടെ സംയുക്തബലി.

പുരോഹിതന്റെ വക്കുലേയ്ക്കു നാം ദൃഷ്ടികളെ തിരിയ്ക്കുമ്പോൾ, അവിടെ നടക്കുന്ന സമർപ്പണം അദ്ദേഹത്തിന്റെ സ്വന്തമല്ല, നമ്മുടെ വകയാണെന്നു അറിഞ്ഞിരിയ്ക്കണം. വൈദികൻ സഭയുടെ ഒരു

പ്രതിനിധി മാത്രമാണ്. വാസ്തവത്തിലുള്ള അപ്പൊസ്തലൻ സഭ അഥവാ വിശ്വാസികൾ മുഴുവനുമാണ്; അതിലും പ്രത്യേകിച്ച് അവിടെ സന്നിഹിതരായിരിയ്ക്കുന്നവർ. ഇത് ഒൻപ്രാടി വിശദമാക്കാം.

## ക്രിസ്ത്യാനികളുടെ പൗരോഹിത്യം.

ആദ്യമായിത്തന്നെ, അനേകംപേരുടെയും മനസ്സിൽ ഒളിഞ്ഞു കിടക്കുന്ന ഒരു തെറ്റായ ധാരണ ദൂരീകരിയ്ക്കേണ്ടിയിരിയ്ക്കുന്നു. ദിവ്യ ബലി, അതിന്റെ അപ്പണത്തിനായി പ്രത്യേകം അഭിഷിക്തനും നിയുക്തനുമായിരിയ്ക്കുന്ന പുരോഹിതന്റെ ഏർപ്പാടാണ് എന്നൊരു അവ്യക്ത ധാരണയത്രെ അവർക്കുള്ളത്. കേവലം അത്മായരായ തങ്ങൾക്ക് അവിടെ സന്നിഹിതരായിരിയ്ക്കുവാൻ അനുവാദമുണ്ടെന്നല്ലാതെ ആ പ്രവൃത്തിയിൽ സ്വന്തമായി യാതൊരു പങ്കുമില്ലാത്തവരെന്ന്... വാസ്തവത്തിൽ മിശിഹായുടെ പൗരോഹിത്യത്തിൽ എല്ലാ ക്രിസ്ത്യാനികൾക്കും പങ്കുണ്ട്. "വൈദികവംശ"ത്തിലും "രാജകീയപൗരോഹിത്യ"ത്തിലും എല്ലാവരും ഉൾപ്പെടുന്നു.

ക്രിസ്തുവിനാൽ പരിത്രാണം ചെയ്യപ്പെട്ടവരും പവിത്രീകരിയ്ക്കപ്പെട്ടവരുമായ സകല മനുഷ്യരും അങ്ങയോടുകൂടി ഒരു ശരീരമായിത്തീരുന്നു. അങ്ങനെ അങ്ങയോട് ഏകീഭവിയ്ക്കുന്നതിനാൽ ക്രിസ്തു എന്തായിരിയ്ക്കുന്നുവോ അത് അവരും അവശ്യം ആയിരിയ്ക്കുകയും, അങ്ങേയ്ക്കു എന്തുണ്ടോ അത് അവർക്കും ഉണ്ടായിരിയ്ക്കുകയും ചെയ്യുന്നു. ക്രിസ്തു സാരാംശത്തിൽ ദൈവപുത്രനാണ്; ദത്തുപുത്രരെന്ന നിലയിൽ, അവിടുത്തെ അവയവങ്ങൾ അങ്ങയുടെ ദൈവപുത്രത്വത്തിൽ അംശഭാക്കുകളാണ്. ക്രിസ്തു സാരാംശത്തിൽ മദ്ധ്യസ്ഥനാണ്, പുരോഹിതനാണ്, ബലിവസ്തുവാണ്; അവിടുത്തെ അംഗങ്ങളും അവശ്യം പുരോഹിതന്മാരും ബലിവസ്തുക്കളും ആയിരുന്നേ മതിയാവൂ. പവിത്രീകരണ വരംവഴിയായി അവർ ദൈവസന്നിധിയിൽ സ്വീകാര്യരായിത്തീർന്നതുകൊണ്ട് തങ്ങളുടെതന്നെ നാമത്തിലും, ബോധരഹിതവും പാപപൂർണ്ണവുമായ ലോകത്തിനുവേണ്ടിയും സ്തുതിയുടെയും സ്നേഹത്തിന്റെയും ആത്മരിക ബലി സമർപ്പിയ്ക്കുവാൻ അവർക്കു കഴിയും. അതിനുള്ള ഒരാഹ്വാനമാണ് ജ്ഞാനസ്നാനത്തിൽ അവർ സ്വീകരിച്ചിട്ടുള്ളത്.

"യേശുക്രിസ്തു ... നമ്മെ സ്നേഹിയ്ക്കുകയും സ്വന്തരക്തംകൊണ്ട് നമ്മുടെ പാപങ്ങളിൽ നിന്നു നമ്മെ മോചിയ്ക്കുകയും തന്റെ പിതാവായ ദൈവത്തിനു നമ്മെ രാജ്യവും പുരോഹിതന്മാരുമാക്കിത്തീർക്കുകയും ചെയ്തു" (വെളി. i-5; v-10, xx-vi. ഇവ നോക്കുക.)

✓ നിങ്ങൾ "ദൈവത്തിന്റെ സന്നിധിയിൽ ഈശോമിശിഹാമൂലം സ്വീകരിയ്ക്കപ്പെടത്തക്ക ആത്മബലികൾ സമർപ്പിയ്ക്കേണ്ട വിശുദ്ധാചാര്യന്മാർ ആകുന്നു... നിങ്ങളോ അന്ധകാരത്തിൽനിന്ന് തന്റെ അധികമായ പ്രകാശത്തിലേയ്ക്ക് നിങ്ങളെ വിളിച്ചവന്റെ മഹത്വങ്ങളെ അറിയിയ്ക്കുവാനായിട്ട് രാജ്യത്തിനായി ആചാര്യത്വം നിർവ്വഹിക്കുന്ന തിരഞ്ഞെടുക്കപ്പെട്ട വംശവും വിശുദ്ധ ജനവും രക്ഷിയ്ക്കപ്പെട്ട ഗണവുമാകുന്നു:" (I പത്രോസ് ii – 5,9)

✓ "സൂര്യോദയം മുതൽ അസ്തമനംവരെയും എല്ലാസ്ഥലത്തും ദൈവത്തിനു വിശുദ്ധ ബലി നൽകുവാനുള്ള കാൽവറിക്കാരായി പ്രധാന പുരോഹിതനായ മിശിഹാ നിശ്ചയിച്ചിട്ടുള്ളവർ മാത്രമല്ല, പരിപാവനമായ ഈ പൗരോഹിത്യത്തിലും, ബലിയും പരിഹാരവും സമർപ്പിയ്ക്കുന്ന കൃത്യത്തിലും ഭാഗഭാക്കുകളാകുന്നു. ജനസമൂഹത്തിൽ നിന്നു തെരഞ്ഞെടുക്കപ്പെട്ടിരിയ്ക്കുന്ന ഓരോ പുരോഹിതനും ദൈവത്തെ സംബന്ധിയ്ക്കുന്ന കാര്യങ്ങളിൽ ജനങ്ങൾക്കുവേണ്ടി നിയുക്തനായിരിയ്ക്കുന്നതുപോലെ, തെരഞ്ഞെടുക്കപ്പെട്ട ജനമെന്നും രാജകീയ പൗരോഹിത്യമെന്നും അപ്പസ്തോല പ്രഭുവിനാൽ ന്യായപൂർവ്വം അഭിസംബോധന ചെയ്യപ്പെട്ട ക്രിസ്തീയജനത മുഴുവൻ തങ്ങളുടെയും സർവ്വലോകത്തിന്റെയും പാപപരിഹാരത്തിനായി ബലി സമർപ്പിയ്ക്കുവാൻ കടപ്പെട്ടവരാണ്" (പതിനൊന്നാംപീയൂസ് Miserentissimus.)

പ്രസാദവരത്തിലിരിയ്ക്കുന്ന ഓരോ ക്രൈസ്തവനും അന്തരികവും ആദ്ധ്യാത്മികവുമായ ബലി തനിയ്ക്കും മറ്റുള്ളവർക്കുംവേണ്ടി ദൈവത്തിനു നേരിട്ടു സമർപ്പിയ്ക്കുവാൻ സാധിയ്ക്കും. അതു അവന്റെ അവകാശവും അധികാരവും പാവനമായ ഒരു കർത്തവ്യവുമാണ്. ദൈവത്തെ സ്തുതിച്ചുകൊണ്ടും, എല്ലാക്കാര്യങ്ങളിലും അവിടുത്തെ അഭീഷ്ടം നിറവേറ്റിക്കൊണ്ടും, ദുരാശകളെ അമർത്തിക്കൊണ്ടും, സുകൃതങ്ങൾ—വിശിഷ്യ പരസ്നേഹം—അഭ്യസിച്ചുകൊണ്ടുമാണ് അവൻ തന്റെ ആദ്ധ്യാത്മിക പൗരോഹിത്യത്തെ പ്രയോഗിയ്ക്കുന്നത്. ഈ യാഗത്തിലെ "ബലിവസ്തു"വും അവൻതന്നെയാണ്. കാഴ്ചദ്രവ്യം, ബലിവസ്തു മുതലായ ബാഹ്യചിഹ്നങ്ങളുടെ സഹായംകൂടാതെതന്നെ, നേരിട്ട് അവൻ സ്വയം കാഴ്ചവയ്ക്കുന്നു. തന്റെ എല്ലാ പ്രവൃത്തികളിലും ദൈവമഹിമം മാത്രം ആരാഞ്ഞുകൊണ്ട്, ദൈവത്തെ കീർത്തിയ്ക്കുന്നതും അങ്ങയോടുള്ള ഐക്യം വർദ്ധിപ്പിയ്ക്കുന്നതും തന്റെ മേലും ലോകത്തിന്റെമേലും അവിടുത്തെ പൈതൃകാശിസ്സുകളെ ചൊരി

യിസ്സ്രായേലുമായ ഒരു ശാശ്വതസമ്പ്രദായമായി, സജീവിതം അവൻ രൂപാന്തരപ്പെടുത്തുന്നു.

"ആകയാൽ എന്റെ സഹോദരന്മാരേ, ദൈവത്തിന്റെ കരുണയെപ്രതി നിങ്ങളോട് ഞാൻ അപേക്ഷിക്കുന്നതെന്തെന്നാൽ: നിങ്ങൾ നിങ്ങളുടെ ശരീരങ്ങളെ ജീവനുള്ളതും, പരിശുദ്ധവും, ദൈവത്തിനു സ്വീകാര്യവുമായ ബലിയായി ബുദ്ധിപൂർവ്വകമായ ശുശ്രൂഷമൂലം സമർപ്പിപ്പിൻ. നിങ്ങൾ ഈ ലോകത്തിനു അനുരൂപരാകരുത്. മറിച്ചു നിങ്ങളുടെ ബോധങ്ങളുടെ നവീകരണത്താൽ രൂപാന്തരപ്പെടുവിൻ. നല്ലതും സ്വീകാര്യവും പൂർണ്ണവുമായ ദൈവതിരുമനസ്സ് ഏതാകുന്നുവെന്നു വിവേചിച്ചറിയുകയും ചെയ്യുവിൻ" (റോമ. xii. 1,2.)

"മിശിഹായിക്കുള്ളവരാകട്ടെ തങ്ങളുടെ ശരീരത്തെ അതിന്റെ സകല വികാരങ്ങളോടും അതിന്റെ ദുരാശകളോടുംകൂടി കുരിശിൽ തറച്ചിരിയ്ക്കുന്നു." (ഗാല. v. 24.)

"അവൻ (മിശിഹാ) മൂലം നാം ദൈവത്തിനു തന്റെ നാമത്തെ ഏറ്റു പറയുന്ന അധരങ്ങളുടെ ഫലങ്ങളാകുന്ന സ്തുതിയുടെ ബലികളെ എപ്പോഴും സമർപ്പിയ്ക്കണം. ദരിദ്രരോടുള്ള കരുണയും ചേർപ്പും നിങ്ങൾ മറന്നുകളയരുത്. എന്തുകൊണ്ടെന്നാൽ ഈ ബലികൾകൊണ്ട് മനുഷ്യൻ ദൈവത്തെ പ്രസാദിപ്പിക്കുന്നു." (എബ്രാ. xiii– 15, 16.)

"ആകയാൽ നിങ്ങൾ ഭക്ഷിയ്ക്കുന്നു എങ്കിലും പാനം ചെയ്യുന്നു എങ്കിലും എന്തെങ്കിലും പ്രവർത്തിയ്ക്കുന്നു എങ്കിലും എല്ലാം ദൈവത്തിന്റെ മഹത്വത്തിനായി ചെയ്യുവിൻ" (1 കോറ. x. 31.)

ഇതാണ് ഓരോ ക്രൈസ്തവന്റെയും സഭാകൂട്ടായ്മയുടെയും ആദ്ധ്യാത്മിക സമർപ്പണവും. ക്രിസ്തുവിന്റെ സജീവാവയവങ്ങൾ ഉള്ള സ്ഥലങ്ങളിലെല്ലാം ആന്തരികമായ ഈ ബലി അനുസ്യൂതം സമർപ്പിയ്ക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ കാഴ്ചവയ്പു മുതൽ ആരംഭിയ്ക്കുന്നതും സാക്ഷാൽ ക്രിസ്തുവിന്റെ ബലിയായി രൂപാന്തരപ്പെടുന്നതുമായ, സഭയുടെ പൂജാക്രമമനുസരിച്ചുള്ള ദൃശ്യബലിയുമായി സാധാരണക്കാരായ വിശ്വാസികൾക്കുള്ള ബന്ധമെന്താണ്? വിശ്വാസികളും ദിവ്യബലിയും തമ്മിലുള്ള ഈ ഐക്യം സാധിയ്ക്കുന്നത് അവരുടെ സാംസ്കാരിക "മുദ്ര" വഴിയായിട്ടാണ്.

സഭയുടെ പരസ്യബലി അർപ്പിയ്ക്കുവാൻ പ്രസാദവരവും പരസ്നേഹവും മാത്രമുണ്ടായിരുന്നാൽ പോരാ. അതിനു പ്രത്യേകമായ ഒരധികാരം വേണ്ടിയിരിയ്ക്കുന്നു. ഈ വൈദികാധികാരം ക്രിസ്തു തന്റെ സഭയ്ക്കു നൽകിയിട്ടുണ്ട്. പല തോതുകളിലായിട്ടാണെങ്കിലും, സാധാ

സ്കാരിക മുദ്രയിൽക്കൂടി അതു അവളുടെ അംഗങ്ങളിലേയ്ക്കു വ്യാപിയ്ക്കുന്നു. അതു പൂർണ്ണമായി ഒരുവനു ലഭിയ്ക്കുന്നതു് പൗരോഹിത്യാഭിഷേകം മൂലമാണു്. അഭിഷിക്തനായ പുരോഹിതനുമാത്രമെ സഭയുടെ നാമത്തിൽ ബലി അർപ്പിയ്ക്കുവാൻ പാടുള്ളു. അദ്ദേഹത്തിനു മാത്രമെ അപ്പവും വീഞ്ഞും പവിത്രീകരിയ്ക്കുന്നതിനും (Consecrate), അങ്ങനെ സഭയുടെ സമർപ്പണം ക്രിസ്തുവിന്റെ സമർപ്പണമായി മാറുന്നതിനും അധികാരമുള്ളു.

എങ്കിലും സഭയുടെ വൈദികമുദ്രയിൽ എല്ലാ ക്രിസ്ത്യാനികളും പങ്കാളികളാണു്. ആദ്ധ്യാത്മിക ബലിസമർപ്പണത്തിനു് അവരെ പ്രാപ്തരാക്കുന്ന ഉപവിയും പ്രസാദവരവും മാത്രമല്ല ജ്ഞാനസ്നാനത്തിൽ അവർക്കു ലഭിയ്ക്കുന്നതു്; ജ്ഞാനസ്നാനമുദ്രയെക്കൂടി അതു് അവരിൽ പതിയ്ക്കുന്നു. ഈ മുദ്ര ദൃശ്യസഭയോടു് അവരെ ബന്ധിയ്ക്കുകയും, തന്റെ പൗരോഹിത്യത്തെ സഭ പ്രയോഗിയ്ക്കുന്ന കർമ്മങ്ങളിൽ – ക്രിയാശകളിലും ദിവ്യപൂജയിലും – പങ്കെടുക്കുവാൻ അവർക്കു ശക്തി നൽകുകയും ചെയ്യുന്നു. അവരും പരസ്യബലിയുടെ അഥവാ സാമൂഹ്യബലിയുടെ അർച്ചനയ്ക്കായി അഭിഷേകം ചെയ്യപ്പെട്ടവരാണു്.

കാഴ്ചസമർപ്പണത്തോടു വാസ്തവത്തിൽ അവരെ എങ്ങനെ ബന്ധിയ്ക്കും? പീഠത്തിങ്കൽനിന്നു പുരോഹിതൻ കാഴ്ചവയ്ക്കുന്ന ദൃശ്യബലി ആന്തരികമായ ഒരു ബലിയുടെ അടയാളമാണു്. ആന്തരികബലിയാകട്ടെ, സമസ്തവിശ്വാസികളുടേതും ക്രിയയത്രെ. കാരണം, സഭയുടെ നാമത്തിലാണു് അദ്ദേഹം സമർപ്പിയ്ക്കുന്നതു്. വൈദികമുദ്രവഹിയ്ക്കുന്ന പുരോഹിതൻ സഭയുടെ പ്രതിപുരുഷനാകയാൽ സഭ മുഴുവന്റെയും നാമത്തിൽ ബലി സമർപ്പിയ്ക്കുവാൻ അദ്ദേഹത്തിനു കഴിയും. അദ്ദേഹം അർപ്പിയ്ക്കുമ്പോൾ പൗരോഹിത്യമുദ്രയിൽ പങ്കുള്ള സകലരും യഥാർത്ഥമായും വാസ്തവികമായും "സാംസ്കാരിക"മായും അദ്ദേഹത്തോടു യോജിച്ചിരിയ്ക്കുന്നു. അപ്പവും വീഞ്ഞും ക്രിയാശചെയ്യുന്ന സമയത്തുള്ള മിശിഹായുടെ ബലിയുമായി അത്ഭുതകരമായവിധം യോജിയ്ക്കുവാൻവേണ്ടി, എല്ലാ വിശ്വാസികളുടെയും ആന്തരികബലി വൈദികൻ ഒരുമിച്ചു കൂട്ടുകയും ദൃശ്യരൂപത്തിൽ തിരുവോസ്തിയിൽക്കൂടി കാഴ്ചവയ്ക്കുകയും ചെയ്യുന്നു. ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാ മനുഷ്യരുടെയും ആദ്ധ്യാത്മികബലികൾ ഒരു സംഘടിതബലിയായി– സഭയുടെ ബലിയായി– ഒരുമിയ്ക്കുയും കേന്ദ്രീകരിയ്ക്കുയും ചെയ്യുന്ന ഒരുവന്റെ ജോലിയാണു് പുരോഹിതൻ നിർവ്വഹിയ്ക്കുന്നതു്. ഇങ്ങനെ ദൃശ്യബലി സമർപ്പിയ്ക്കുവാനുള്ള കാര്മികാധികാരം വൈദികനു മാത്ര

മെയ്യുള്ളപ്പെങ്കിലും അദ്ദേഹത്തിന്റെ പ്രവൃത്തിയോട് ക്രൈസ്തവലോകം മുഴുവൻ ഗാഢമായി ബന്ധിയ്ക്കപ്പെട്ടിരിയ്ക്കുന്നു.

ഇങ്ങനെ വൈദികൻ ഒരിയ്ക്കലും തനിയെ ദിവ്യപൂജ ചെയ്യുന്നില്ല. അദ്ദേഹം തിരുവോസ്തി ഉയർത്തുമ്പോഴെല്ലാം സാർവ്വത്രിക സമരസഭയുടെ നാമത്തിലാണ് അതു സമർപ്പിയ്ക്കുന്നതു്. ഈ മഹാകൃത്യത്തിനായി ക്രൈസ്തവലോകത്തെ മുഴുവൻ അദ്ദേഹം വിളിച്ചുകൂട്ടുന്നുവെന്നു വേണമെങ്കിൽ പറയാം. ഓരോ ക്രൈസ്തവനും, അവൻ വാസ്തവത്തിൽ അതിനെക്കുറിച്ചു ചിന്തിയ്ക്കുന്നില്ലെങ്കിൽ തന്നെയും, ഈ സമർപ്പണത്തോടു സംബന്ധിച്ചിരിയ്ക്കുന്നു. അവൻ പ്രസാദവരത്തിലാണെങ്കിൽ അവനു സ്വാഭാവികമായ പരസ്നേഹമുണ്ടു്. തന്മൂലം സ്വാഭാവികമായിത്തന്നെ അവൻ ആന്തരികബലി സമർപ്പിയ്ക്കുകയും, അവന്റെ നാമത്തിൽ കാൽവികൻ ചെയ്യുന്ന സമർപ്പണം പരോക്ഷമായി അംഗീകരിയ്ക്കുയും അതിനു സമ്മതം നൽകുകയും ചെയ്യുന്നു. അവന്റെ ആന്തരികപൂജ സഭയുടെ പൂജയോടു സംഘടിതമാണ്. ലോകത്തിലെവിടെയും അർപ്പിയ്ക്കപ്പെടുന്ന ദിവ്യബലികളോടു ഓരോ ക്രൈസ്തവനും യോജിച്ചാണിരിയ്ക്കുന്നതു്. എല്ലാ ബലിപീഠത്തിങ്കലും അദ്ധ്യാത്മികമായി അവൻ സന്നിഹിതനാണ്. സമർപ്പണത്തിലും അതിന്റെ വലങ്ങളിലും അവിന്റെ പരസ്നേഹത്തിന്റെ അളവനുസരിച്ചുള്ള ഒരു പങ്കു് അവനുണ്ടായിരിയ്ക്കുയും ചെയ്യും.

നേരെ മറിച്ചു്, ജ്ഞാനസ്നാനം സ്വീകരിയ്ക്കാത്തവർക്കു് ഈ സമർപ്പണത്തിൽ പങ്കു ലഭിയ്ക്കുക സാധ്യമല്ല. ക്രിസ്തീയപൗരോഹിത്യത്തിന്റെ മുദ്ര അവർക്കു കിട്ടിയിട്ടില്ല. പൂർവ്വകാലങ്ങളിൽ, കാഴ്ചവയ്പിനു മുമ്പായി, പ്രവേശനാർത്ഥികളെ ബഹിഷ്കരിയ്ക്കുന്നതിനും, സമർപ്പണം മുതലുള്ള ഭാഗത്തെ "വിശ്വാസികളുടെബലി" എന്നു വിളിയ്ക്കുന്നതിനുമുള്ള കാരണം ഇതുതന്നെ. പൂർണ്ണമായ ഒരു പരസ്നേഹപ്രകരണം വഴിയായി ഒരു അക്രൈസ്തവൻ പ്രസാദവരം പ്രാപിയ്ക്കുന്നുവെന്നു വിചാരിയ്ക്കുക. ആന്തരികമായ അവന്റെ സ്വകാര്യബലി ദൈവത്തിനു സമർപ്പിയ്ക്കുവാൻ തന്മൂലം അവനു സാധിയ്ക്കും. എന്നാൽ കാഴ്ചവയ്പുസമയത്തുള്ള സഭയുടെ ദൃശ്യബലിയോടാകട്ടെ, പവിത്രീകരണസമയത്തുള്ള ക്രിസ്തുവിന്റെ ബലിയോടാകട്ടെ അതു ചേർന്നിരിയ്ക്കുയില്ല. പുരോഹിതൻ അവന്റെ പ്രതിനിദ്ധ്യം വഹിയ്ക്കുന്നില്ല. പൂജാക്രമമനുസരിച്ചുള്ള കർമ്മത്തോടു് അവൻ ബദ്ധനുമല്ല.

സ്തോത്രയാഗമുദ്ര വഴിയായി സഭയുടെ പൗരോഹിത്യത്തിലുള്ള അംശഭാഗിത്വം കുറെക്കൂടി വർദ്ധിയ്ക്കുന്നു. നമ്മെ അപ്പസ്തോലന്മാരായി അഭിഷേചിയ്ക്കുകയും, ലോകരക്ഷാകൃത്യത്തിൽ മിശിഹാ

യോട്ട സഹകരിയ്ക്കുവാനുള്ള ഒരു ചുമതല നമ്മിൽ നിക്ഷേപിയ്ക്കുകയുമാണ് സ്രൈഷ്യലേപനം ചെയ്യുന്നതു്. അതിനാൽ നാം നമ്മെക്കുറിച്ചുമാത്രം ചിന്തിയ്ക്കുകയും നമുക്കുവേണ്ടിമാത്രം അർച്ചിയ്ക്കുകയും ചെയ്താൽ പോരാ. മറ്റുള്ളവരുടെ കായ്ത്തിലും അല്ല, സ്വർഗ്ഗലോകത്തിന്റെയും തന്നെ ഭാവിയിലും ആവശ്യങ്ങളിലും, സജീവമായ ഒരു താൽപര്യം നാം പ്രദർശിപ്പിച്ചേ മതിയാവൂ... സ്രൈഷ്യലേപനമുദ്രയുടെ ഒന്നാമത്തെ ഫലം ജ്ഞാനസ്നാനമുദ്രയുടെ നവീകരണമാണ്; അങ്ങനെ ദിവ്യബലിയിലും സംസ്കാരങ്ങളിലും നമുക്കുള്ള പങ്ക് ദൃഢതരമായിത്തീരുന്നു.

## സഭാമാതാവിന്റെ പ്രേരണ.

ക്രിസ്തുവിന്റെ പൗരോഹിത്യം സഭ ഇപ്രകാരം തന്റെ അംഗങ്ങൾ വഴിയായി ഭൂമിയിൽ നിലനിർത്തുന്നു. ലോകത്തിന്റെ പൊതുവെയുള്ള വ്യവസ്ഥിതിയിൽ ഈ ഉദ്യോഗത്തിനുള്ള ശ്രേഷ്ഠതയും പ്രാധാന്യവും അവൾ വേണ്ടവിധം മനസ്സിലാക്കിയിട്ടുണ്ട്.

ദൈവം എന്താണെന്നു അവൾക്കറിയാം. സർവ്വശക്തമായ സ്നേഹം വിശാലമായ വിശ്വത്തെ മുഴുവൻ ആസ്തിക്യത്തിലേയ്ക്കു വിളിച്ചുവരുത്തുന്നതായും, അവിടത്തെ വിശേഷബുദ്ധിയുള്ള സൃഷ്ടിയായ മനുഷ്യനെ പ്രത്യേക ശ്രദ്ധയോടുകൂടി നിർമ്മിയ്ക്കുന്നതായും അവൾ കാണുന്നു... സ്രഷ്ടാവായ ദൈവത്തെ അറിയുന്നതിനും ആരാധിയ്ക്കുന്നതിനും സ്നേഹിയ്ക്കുന്നതിനുമുള്ള പ്രത്യേകവരം മനുഷ്യനുണ്ട്. അവൻ സംപൂർണ്ണമായ ആനന്ദത്തിൽ ദൈവത്തോടുകൂടി വാഴുവാൻ ഉദ്ദിഷ്ടനുമാണ്. എങ്കിലും തന്റെ സ്രഷ്ടാവിനെയും, തന്റെതന്നെ മാഹാത്മ്യത്തെയും ഭാവിയെയും വിസ്മരിച്ചുകൊണ്ട് മനുഷ്യൻ അസത്യവിഗ്രഹങ്ങളിലേയ്ക്കു തിരിയുന്നു. മനുഷ്യസ്മൃതിയെയും മാനുഷികപുരോഗതിയെയും സൃഷ്ടസന്തോഷങ്ങളെയും തന്നെത്തന്നെയും അവൻ ആരാധിയ്ക്കുന്നു. താനുമായ ഈ വ്യവസ്ഥിതി ആരു പുനരുദ്ധരിയ്ക്കും? താന്തോന്നിയായ മനുഷ്യനെ ആരു നേർവഴിയിലാക്കും?

മനുഷ്യന്റെ അവിശ്വസ്തതയ്ക്കു പരിഹാരം ചെയ്യുന്നതിനും സ്രഷ്ടാവും സൃഷ്ടികളും തമ്മിൽ ശരിയായ ബന്ധം പുനഃസ്ഥാപിക്കുന്നതിനുംവേണ്ടി ക്രിസ്തു തന്റെ മഹായാഗം നിവൃഹിച്ചു. എങ്കിലും ദൈവസ്മൃതിയുടെയും, മനുഷ്യവർഗ്ഗത്തിനു ആവശ്യമുള്ള ദിവ്യാനുഗ്രഹങ്ങളുടെയും ഒരു ശാശ്വത സ്രോതസ്സായി "സൂര്യോദയം മുതൽ അസ്തമനംവരെയും" തന്റെ ബലി നിലനിൽക്കണമെന്നാണ് അവിടു

ത്തെ അനുഗ്രഹം. ദിവ്യപൂജയോളം വലിയ ഒരു നിക്ഷേപം സഭയ്ക്കു വേറെയില്ല.

സ്വന്തം കാര്യങ്ങളായ അപ്പവും വീഞ്ഞും കൊണ്ടുവന്നു കൊണ്ടുവേണം, സഭ അതിന്റെ സമർപ്പണം സമാരംഭിയ്ക്കുവാൻ. അവ സഭയുടെ ബഹുമാനസൂചകവും കൃതജ്ഞതാഭരിതവും പശ്ചാത്താപപൂർണ്ണവും വിശ്വാസോത്തേജകവുമായ സ്നേഹത്തിന്റെ ബാഹ്യലക്ഷ്യങ്ങളത്രെ.

ദൈവത്തിന്റെയും ലോകത്തിന്റെയും ദർശനത്താൽ പ്രേരിതയായും, മഹാ പുരോഹിതന്റെ ഇംഗിതത്തിനു വിധേയയായും സഭ പുരോഹിതന്മാരെ അഭിഷേചിയ്ക്കുകയും തന്റെ നാമത്തിൽ ബലി സമർപ്പിയ്ക്കുവാൻ അവരോട് ആവശ്യപ്പെടുകയും ചെയ്യുന്നു. അർപ്പണസമയത്തു് പുരോഹിതൻ അല്പം അപ്പവും വീഞ്ഞുമെടുത്തു സർവ്വശക്തനായ ദൈവത്തിനു കാഴ്ചവയ്ക്കുന്നു. ഒരു പദാർത്ഥമെന്നുള്ള നിലയിൽ നോക്കിയാൽ അതു തീരെ നിസ്സാരമാണ്. പക്ഷെ ഒരു സൂചന അഥവാ ചിഹ്നം എന്ന നിലയിൽ അതു വളരെ വലുതാണ്. "ഞാൻ നിന്റെ ദാനമല്ല നിന്നെത്തന്നെയാണ് ആരായുന്നതു്:" (ക്രിസ്താനുകരണം iv–8) ലോകത്തിലെല്ലായിടത്തുമുള്ള സഭയെയാണ് തിരുഹൃദയം കുറിയ്ക്കുന്നതു്. അതിന്റെ സമർപ്പണം, ധനികരും നിർദ്ധനരും, രാജാക്കന്മാരും തൊഴിലാളികളും, പണ്ഡിതന്മാരും പാമരന്മാരും, വലിയ വിശുദ്ധന്മാരും കഷ്ടപ്പെടുന്ന പാപികളും എല്ലാം ഉൾപ്പെടുന്ന ഗുണനാരീതമായ ക്രൈസ്തവ സമൂഹത്തിന്റെ ആന്തരികബലിയെ വെളിപ്പെടുത്തുന്നു. ആദ്ധ്യാത്മികമായി ബലിപീഠത്തിനു ചുറ്റിലും അവരെല്ലാം വന്നുനില്ക്കുന്നതായും, സ്നേഹത്തിന്റെയും ആത്മാർപ്പണത്തിന്റെയും ഒരു പൊതുകുമ്മത്തിൽ ഒരുമിച്ചു പങ്കെടുക്കുന്നതായും വേണം അവരെ നാം ദർശിയ്ക്കുവാൻ. ചിന്തോദ്ദീപകമായ ഒരു മുഹൂർത്തമത്രെ അതു്.

അതു ശക്തിയേറിയ ഒരു ഗാനംപോലെയാണ്; എല്ലാക്കാര്യങ്ങളും തന്റെ തിരുച്ചിത്തംപോലെ നടത്തുന്നവനും എല്ലാ ഉൽകൃഷ്ടദാനങ്ങളും നൽകുന്നവനുമായ സർവ്വശക്തനെ സ്തുതിയ്ക്കുന്ന ഭൂമിയുടെ ഒരു വിശിഷ്ടഗാനം: ദൈവത്തിന്റെ മഹത്വത്തെയും സൗന്ദര്യത്തേയും, അങ്ങയുടെ ദൈവികമായൗദാര്യത്തോടും പൈതൃകമായ സ്നേഹത്തോടും മനുഷ്യനുള്ള കൃതജ്ഞതയേയും പ്രകീർത്തിയ്ക്കുന്ന– സർവ്വസൃഷ്ടികളുടെയും മൂകാഭിലാഷത്തെ വെളിപ്പെടുത്തുന്ന–ഒരു സംഗീതം. ("ആകാശം ദൈവമഹാത്മ്യത്തെ വിളിച്ചറിയിയ്ക്കുന്നു." "കർത്താവിന്റെ എല്ലാ പ്രവൃത്തികളുമെ കർത്താവിനെ വാഴ്ത്തുവിൻ") എങ്കിലും

ഈ സ്തുതി കീർത്തനത്തിന്റെ അടിയിൽ ചില നേരിയ സ്വരങ്ങളും അടങ്ങിയിട്ടുണ്ട്. കാരണം, തന്റെയും ലോകത്തിന്റെയും പാപങ്ങളെക്കുറിച്ചും, വിവിധാവശ്യങ്ങളെയും കഷ്ടതകളെയും സംബന്ധിച്ചും സഭയ്ക്കു നല്ല ബോധമുണ്ട്. ആ കാഴ്ചസമർപ്പണത്തിൽ — ദൈവത്തിന്റെ പൈതൃകസ്നേഹത്തിലുള്ള പ്രത്യാശയാൽ ആർദ്രമായ ആ പ്രാർത്ഥനയിൽ — അവളുടെ കൂറസമ്മതവും, പശ്ചാത്താപവും കാരുണ്യാഭ്യർത്ഥനയും, സൗഭാഗ്യവാഞ്ഛയും, നന്മയ്ക്കും സഹായത്തിനും വെളിച്ചത്തിനും വേണ്ടിയുള്ള യാചനയും എല്ലാം അന്തർവിചിരിയ്ക്കുന്നു. ഒരു വാക്കിൽ പറഞ്ഞാൽ കാഴ്ചവയ്പ്, സഭവഴിയായി പുരോഹിതനിൽകൂടി മനുഷ്യവർഗ്ഗം ദൈവത്തിനു ഏകോപിച്ചു സമർപ്പിയ്ക്കുന്ന സംയുക്തസ്തുതിയും കാരുണ്യാർത്ഥനയുമാണ്.

ക്രിസ്തന്നെ തിരഞ്ഞെടുത്ത അപ്പവും വീഞ്ഞും ബലിയ്ക്കു പ്രത്യേകിച്ചും സമുചിതങ്ങളായ കാഴ്ചദ്രവ്യങ്ങളത്രെ. ജീവസംരക്ഷണത്തിനു ഭക്ഷ്യപാനീയങ്ങൾ അത്യന്താപേക്ഷിതങ്ങളാകയാൽ അവയുടെ സമർപ്പണം നമ്മുടെ ആത്മാർപ്പണത്തെ സൂചിപ്പിയ്ക്കുവാൻ മതിയാകുന്നതാണ്. പോരെങ്കിൽ തിരുവോസ്തി അനേകം ഗോതമ്പുമണികളിൽനിന്നും വീഞ്ഞ് അനേകം മുന്തിരിങ്ങായിൽനിന്നും ഉണ്ടാക്കുന്നതിനാൽ ഒരേസമർപ്പണത്തിൽ സമസ്തവിശ്വാസികൾക്കുമുള്ള ഐക്യം അതു സൂചിപ്പിയ്ക്കുകയും ചെയ്യുന്നു. അവസാനമായി, ദിവ്യകാരുണ്യം ഉൾക്കൊള്ളുമ്പോൾ ഏതൊരു രൂപത്തിൽ നാം ക്രിസ്തുവിനെ സ്വീകരിയ്ക്കുന്നുവോ ആ സാന്ദർഭികചിഹ്നം (sacramental sign) മായും നമ്മുടെ കാഴ്ചദ്രവ്യം തീരേണ്ടിയിരിയ്ക്കുന്നു. അതിനാകട്ടെ അപ്പത്തെയും ദ്രാക്ഷാരസത്തെയുംകാൾ ഉചിതമായ ഒരു സാധനം വേറെ കണ്ടുകിട്ടാനുമില്ല. (1)

പൂർവ്വകാലത്തു് സമർപ്പണത്തിൽ വിശ്വാസികൾക്കുണ്ടായിരുന്ന ഭാഗഭാഗിത്വം പൂജാക്രമത്തിൽനിന്നുതന്നെ വ്യക്തമായിരുന്നു. ഓരോരുത്തനും അവനവന്റെ കാഴ്ചദ്രവ്യം പീഠത്തിനു സമീപം കൊണ്ടുവരും. അവയിൽനിന്നു ഒരു ഭാഗം അപ്പത്തിനു എടുത്ത ശേഷം ബാക്കിയുള്ളതു് ദരിദ്രരുടെ ഇടയിൽ വിതരണം ചെയ്യും.

---

(1) ദിവ്യപൂജയുടെ സാധുത്വത്തിനു വീഞ്ഞു കൂടിയേ കഴിയൂഎന്നു് സഭ എക്കാലത്തും അവശ്യപ്പെടുന്നു. കാരണം മറ്റൊന്നുമല്ല: മിശിഹാതന്നെയാണ് അതു ഉപയോഗിയ്ക്കുയും സ്ഥാപിയ്ക്കുയും ചെയ്തതു്. തന്മൂലം, ദിവ്യപൂജ കർത്താവിയ്ക്കുടെ ആരാധനാകേന്ദ്രമായിരിയ്ക്കുയാൽ, വീഞ്ഞിന്റെ ഉപയോഗം പൂർണ്ണമായി നിരോധിയ്ക്കുന്ന ഒരു നിയമം സഭയുടെ മതാനുഷ്ഠാനത്തെത്തന്നെ തടയുന്നതിനോടു തുല്യമാണ്.

ഇന്ന് ഓസ്തിയുടെ ചെലവു വഹിയ്ക്കുന്നത് പുരോഹിതൻതന്നെയാണെങ്കിലും, അതിന്റെ അർത്ഥം പഴയതുതന്നെ: അതായത്, സഭയുടെ നാമത്തിൽ അതു് അർപ്പിയ്ക്കപ്പെടുന്നു; അതു് ഭൂമിയിലുള്ള ദൈവത്തിന്റെ കുടുംബാംഗങ്ങൾ സ്വർഗ്ഗസ്ഥനായ തങ്ങളുടെ പിതാവിനു സമർപ്പിയ്ക്കുന്ന ആത്മാർച്ചനാസൂചകമായ ഒരു കാഴ്ചയാണ്. അതു നമ്മുടെ സ്നേഹത്തെയും കൃതജ്ഞതയെയും പശ്ചാത്താപത്തെയും വിധേയത്വത്തെയും ഹൃദയത്തെത്തന്നെയും സംവഹിയ്ക്കുന്നു.

വിശ്വാസികളുടെ കാഴ്ചയിൽനിന്നാണ് ദിവ്യബലി സമർപ്പിയ്ക്കുന്നതെന്നുള്ള ധാരണ ഇന്നും നിലനില്ക്കുന്നുണ്ട്. സഭയുടെയും സഭയിലെ ആരാധനയുടെയും സംരക്ഷണത്തിനുവേണ്ടി കാഴ്ചവയ്പുസമയത്തു് പിരിവുനടത്തുന്ന സമ്പ്രദായം അതിൽനിന്നുളവായിട്ടുള്ളതാണ്. ഇതു് കാഴ്ചകൾ ഓരോ ഇനങ്ങളിലുമായി കൊണ്ടുവരുന്നതിനെക്കാൾ എളുപ്പമായ മാർഗ്ഗമാണെന്നു പറയേണ്ടതില്ലല്ലൊ. പൂജാധർമ്മം അഥവാ കുർബാനർപ്പണം കൊടുക്കുന്നതിൽ അടങ്ങിയിരിയ്ക്കുന്ന തത്വവും ഇതുതന്നെ. പ്രസ്തുത ധർമ്മം ദിവ്യപൂജയ്ക്കുള്ള "കൂലി" യല്ല, പ്രസ്തുത ദിവ്യബലിയ്ക്കു് ആവശ്യമുള്ള സാധനങ്ങൾ സമ്പാദിയ്ക്കുവാൻ കൊടുക്കുന്ന ഒരു തുകയാണ്. കുർബാനയുടെ ആവശ്യം കഴിഞ്ഞു മിച്ചമുള്ളതു് അതിന്റെ കാര്മികന്മാരുടെ സംരക്ഷണത്തിനു ഉതകുന്നു. ആ ബലിയുടെ അർപ്പണത്തിന്റെയും ഫലത്തിന്റെയും മുഖ്യഭാഗം ദാതാവിനുള്ളതായിരിയ്ക്കും.

വീഞ്ഞിലൊഴിയ്ക്കുന്ന വെള്ളത്തുള്ളി ക്രിസ്തുവിന്റേതിനോടു യോജിച്ചുള്ള വിശ്വാസികളുടെ സമർപ്പണത്തെ സൂചിപ്പിയ്ക്കുന്നുവെന്നാണ് സാധാരണ സങ്കല്പം. എന്നാൽ ഈ സൂചന അത്ര പ്രാധാന്യമുള്ളതല്ല. നമ്മുടെ സമർപ്പണത്തെ പ്രാഥമികവും സ്വാഭാവികവുമായി പ്രകടിപ്പിയ്ക്കുന്നതു് അപ്പവും വീഞ്ഞും തന്നെയാണെന്നുള്ള വസ്തുത വിസ്മരിയ്ക്കുവാൻ അതു കാരണമാകരുതു്. അപ്പവും വീഞ്ഞുമാണ് നമ്മുടെ കാഴ്ചദ്രവ്യം. അവയാണ് നമ്മുടെ ആത്മാർപ്പണത്തെ സൂചിപ്പിയ്ക്കുന്നതും.

## ദിവ്യപൂജ കാണുവാൻ എന്തിനു പോകുന്നു?

ദിവ്യപൂജയിൽ സംബന്ധിയ്ക്കുവാൻ ഒരു കത്തോലിയ്ക്കനും പോയില്ലെങ്കിലും ശരി, വൈദികൻ എല്ലാവരുടെയും നാമത്തിൽ ബലി സമർപ്പിക്കും; എല്ലാവരുടെയും ആന്തരികപൂജ ആ സമർപ്പണത്തോടു യോജിച്ചിരിയ്ക്കും. അത്ഭുതകരമായ ആ ഗ്രന്ഥാർത്ഥത്തിൽ അല്ലെങ്കിൽ

രഹസ്യത്തിൽ ഏവർക്കും പങ്കുണ്ടായിരിയ്ക്കുയും ചെയ്യും. പക്ഷെ, ആ പങ്കു പൂർണ്ണമാകുകയില്ല. ദിവ്യബലി എന്തായിരിയ്ക്കുണമൊ അതു് അതായിരിയ്ക്കുയുമില്ല. ആന്തരികബലിയാണു ഏറ്റവും പ്രധാനമായിട്ടുള്ളതു്; സംശയമില്ല. എങ്കിലും ആന്തരികബലി ആത്മാർത്ഥമാണെങ്കിൽ, പൊതുവായ ദിവ്യപൂജയിൽ ബാഹ്യമായി ഭാഗഭാക്കാകുന്നതിനും അതു തീർച്ചയായും നമ്മെ പ്രേരിപ്പിയ്ക്കും.

മനുഷ്യസ്വഭാവം ആവശ്യപ്പെടുന്ന തരത്തിലുള്ള (ബാഹ്യവും സാമൂഹ്യവുമായ) ഒരു ബലിയായിട്ടാണു് മിശിഹാ വിശുദ്ധ കുർബാന സ്ഥാപിച്ചതു് (ത്രെന്തോസ് സൂനഹദോസ്.) മനുഷ്യൻ ഒരു അശരീരിയോ ഒറ്റതിരിഞ്ഞ വ്യക്തിയോ അല്ല. അവൻ ജഡത്തിൽ നിവസിയ്ക്കുയും പ്രവർത്തിയ്ക്കുയും ചെയ്യുന്ന ഒരു അരൂപിയാണു്; ഒരു സമുദായത്തിൽപെട്ടവനാണു്. സമുദായത്തിലും സമുദായത്തിൽ കൂടിയുമാണു് കായികവും ശാരീരികവുമായ വളർച്ച അവൻ പ്രാപിയ്ക്കുന്നതു്. മാത്രമല്ല, പ്രത്യേകിച്ചു്, അവൻ സഭയുടെ ഒരംഗം കൂടിയാണു്. സഭയിൽകൂടി സത്യത്തിന്റെ ആവിഷ്കരണവും പ്രസാദവരത്തിന്റെ ജീവനും അവൻ ദൈവത്തിൽനിന്നു പ്രാപിയ്ക്കുന്നു. തന്മൂലം ഏതെല്ലാം മാർഗ്ഗങ്ങളും ഉപകരണങ്ങളും വഴിയായി അവനു് അസ്തിത്വവും വളർച്ചയും ലഭിയ്ക്കുന്നുവോ, അവയെല്ലാം അനുരൂപമായിത്തന്നെ തന്റെ അസ്തിത്വത്തിന്റെ ഉറവായ ദൈവത്തെ ആരാധിയ്ക്കുണമെന്നു് അവന്റെ പ്രകൃതി ആവശ്യപ്പെടുന്നു. ആന്തരികമായി മാത്രമല്ല, ബാഹ്യമായിക്കൂടി, അതായതു്, ദേഹത്തോടും ദേഹിയോടുംകൂടി— രഹസ്യമായും വ്യക്തി എന്ന നിലയിലും മാത്രമല്ല, താൻ ഏതൊരു ഗണത്തിന്റെ അല്ലെങ്കിൽ സംഘടനയുടെ അംഗമായിരിയ്ക്കുന്നുവോ ആ സമുദായത്തോടുചേർന്നു പരസ്യമായും സാമൂഹ്യമായുംകൂടി— ദൈവത്തെ ആരാധിയ്ക്കുവാൻ തന്റെ പ്രകൃതി അനുസരിച്ചു് മനുഷ്യൻ കടപ്പെട്ടവനാണു്.

തന്റെ ഈ കർത്തവ്യത്തെക്കുറിച്ചുള്ള ബോധം മനുഷ്യനു നൈസർഗ്ഗികമാണു്. ദേവാലയങ്ങളും കൂട്ടമായിട്ടുള്ള ആരാധനകളും എല്ലാമതക്കാർക്കുമുണ്ടു്. ക്രിസ്തു അൾത്താരയുടെ ബലി നമുക്കു തന്നു. അതിന്റെ അർത്ഥം വെളിവാക്കുന്നതിനും, നമ്മെ അതിൽ അംശഭാക്കുകളാക്കുന്നതിനുംവേണ്ടി സുന്ദരങ്ങളും ഹൃദയാവർജകങ്ങളുമായ അനുഷ്ഠാനക്രമങ്ങൾകൊണ്ടും പ്രാർത്ഥനകൾകൊണ്ടും സഭ അതിനെ പൊതിഞ്ഞു. ദൈവത്തിന്റെ നേരെ സഭയ്ക്കുള്ള മനോഭാവത്തിന്റെ ഒരു പരസ്യപ്രകടനം, അഥവാ ഏകശരീരത്തിന്റെ – മിശി

ഹായുടെ ശരീരത്തിന്റെ — അംഗങ്ങളെന്ന നിലയിൽ മൈ
വത്തിന്റെ സന്താനങ്ങൾ പ്രദർശിപ്പിയ്ക്കുന്ന ഒരു സംയുക്ത
വണക്കം ആയിട്ടാണ് ദിവ്യപൂജ ഉദ്ദേശിയ്ക്കപ്പെട്ടിരിയ്ക്കുന്നത്.
വി. കുർബാന, നമ്മുടെ സഹോദരനായ ക്രിസ്തു നമുക്കുവേണ്ടി ചെ
യ്ത ആത്മാർപ്പണത്തിന്റെ പരസ്യമായ ഒർമ്മസ്മരണമത്രെ. തന്മൂലം
ഈ വണക്കപ്രകടനത്തിൽ പങ്കെടുക്കേണ്ടതു കൂടക്കൂടി ആവശ്യക
മാണെന്ന വ്യക്തം. അവിടെയുള്ള സാന്നിദ്ധ്യം പരസ്യമായ ഒരു വി
ശ്വാസപ്രഖ്യാപനവും, ദൈവത്തിന്റെ അമൂല്യദാനങ്ങൾക്ക് രക്ഷ
കൻ വഴിയായും സഭ വഴിയായും നൽകുന്ന കൃതജ്ഞതാപ്രകടനവു
മാണ്. അതിൽ പങ്കെടുക്കുന്നതു് ഒരു യഥാർത്ഥ ക്രൈസ്തവനു ആന
ന്ദകരമായിരിയ്ക്കുമാറു വഴിയുള്ള. ഈ മഹാ കർമ്മത്തിൽ സഭയോടു
കൂടി ചേരുവാൻ വിസമ്മതിയ്ക്കുന്നതു്, ദൈവത്തിന്റെ കുടുംബാംഗ
മെന്ന സ്ഥാനവും ക്രിസ്തുവിനോടും അവിടുത്തെ സത്യമതത്തോടു
മുള്ള ബന്ധവും നിഷേധിയ്ക്കുന്നതിനു സമമാണ്. ഔദ്യോഗികമായ
ക്രൈസ്തവാരാധനകളിൽ പങ്കെടുക്കുന്നവർക്കു ലഭിയ്ക്കാവുന്ന അമൂല്യ
ദാനങ്ങളും അനുഗ്രഹങ്ങളും അവനു നഷ്ടപ്പെടുകയും ചെയ്യുന്നു.

8. ക്രിസ്തുമതത്തിന്റെ സർവ്വപ്രധാനമായ ഒരു പ്രകടനം മാത്ര
മല്ല ദിവ്യബലി. ക്രിസ്തീയ ചൈതന്യം പരിശീലിയ്ക്കുവാനുള്ള—
മനസ്സും ഹൃദയവും അത്ഭുതകരമായ വിധത്തിൽ സംസ്കരിയ്ക്കുവാനു
ള്ള—ഒരു മഹാ വിദ്യാലയംകൂടിയാണ് അതു്. മനഃപൂർവ്വമായും യഥാ
ർത്ഥമായും അർപ്പണത്തോടു നമ്മെ സംയോജിപ്പിയ്ക്കുവാൻ അവിടെവ
ച്ചാണ് നാം അഭ്യസിയ്ക്കുന്നതു്. ഇങ്ങനെ സുന്ദരമായ ആ യാജ്ഞിക
മനോഭാവം — യഥാർത്ഥമായ മതൈചതന്യം — സ്നേഹത്തിന്റെയും
ആരാധനയുടെയും കൃതജ്ഞതയുടെയും ചൈതന്യം — പരിശീലിയ്ക്കു
ന്നതിനും സജീവമായി സംരക്ഷിയ്ക്കുന്നതിനും ആഴമായി ഉറപ്പിയ്ക്കു
ന്നതിനും ദിവ്യബലിയിൽ നാം സന്നിഹിതരാകുകതന്നെ വേണം (1)

സ്വയാർപ്പണം നാം നിർവ്വഹിയ്ക്കുന്നതു് നമ്മുടെ ഉത്തമാംഗമായ
ക്രിസ്തുവിനോടു ചേർന്നൊണ്ടാണ്. ദിവ്യപൂജവഴിയായി ആവർത്തി

---

(1) "വളരെ ഉപകാരം" എന്നു പറയുവാനും സാമൂഹ്യമര്യാദയുടെ
മറ്റു സാമാന്യ നിയമങ്ങൾ അനുഷ്ഠിയ്ക്കുവാനും ഒരു മാതാവു് തന്റെ കുട്ടി
കളെ ക്രൂടെക്കൂടെ പറഞ്ഞുകൊടുത്തു പഠിപ്പിയ്ക്കുന്നു. ഇപ്രകാരംതന്നെ ദൈവ
ത്തിന്റെ നേരെ നാം പ്രദർശിപ്പിയ്ക്കേണ്ട "മര്യാദ"കളെക്കുറിച്ചു് സഭാ മാതാ
വു് ദിവ്യപൂജ വഴിയായി നമ്മെ അനുസ്മരിപ്പിയ്ക്കുന്നു. "വളരെ ഉപകാര"
മെന്നു ദൈവത്തോടു പറയണമെന്നു എത്രയോപേർ ചിന്തിയ്ക്കുന്നുപോലുമില്ല!

സ്സുപ്പെടുന്ന അവിടുത്തെ ബലി, അങ്ങയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ആ മഹാ ചൈതന്യത്തിന്റെ ശക്തിയേറിയ പ്രകരണങ്ങളെ ആത്മാവിൽ ജനിപ്പിയ്ക്കാതിരിയ്ക്കയില്ല. സമാഗതരാകുന്നവരെല്ലാം പൊതുവായ ആ ബലിയിൽ തങ്ങൾക്കുള്ള ഐക്യം പ്രത്യക്ഷപ്പെടുത്തുന്നു. അങ്ങനെ, സംയുക്തമായ ഒരു രീതിയിലാണ് അതു നിവൃത്തിയ്ക്കപ്പെടുന്നത്. ഇങ്ങനെ അനുഭവവേദ്യമായിത്തീരുന്ന "ഭാഗഭാഗിത്വം" അഥവാ "പങ്കെടുക്കൽ", നമ്മെ അന്യോന്യം ശക്തിപ്പെടുത്തുന്നതിനും, വിശ്വാസവും മതത്തോടുള്ള വിശ്വസ്തതയും വർദ്ധിപ്പിയ്ക്കുന്നതിനും നമ്മുടെ ഇടയിൽ ഐക്യബോധം പുലർത്തുന്നതിനും ഉപകരിയ്ക്കുന്നു....

"വിശുദ്ധ രഹസ്യങ്ങളിലും സഭയുടെ ക്രമമനുസരിച്ചുള്ള പരസ്യപ്രാർത്ഥനകളിലുമുള്ള സജീവ ഭാഗഭാഗിത്വമത്രെ യഥാർത്ഥമായ ക്രിസ്തീയചൈതന്യത്തിന്റെ പ്രഥമവും അനുപേക്ഷണീയവുമായ ഉറവ്" (പീയൂസ് X.)

C. കുർബാന ഒരു സാംസ്കാരികകർമ്മമാണെന്നുള്ള തത്വം ഇനിയുമുള്ള വ്യാഖ്യാനങ്ങളിൽ നിന്നു വിശദമാകും. ആദ്ധ്യാത്മികദാനങ്ങൾ ദൃശ്യമായ ചാലുകൾ വഴിയായി നൽകപ്പെടുന്നു. ക്രിസ്തുവിന്റെ ബലി ബാഹ്യമായ അനുഷ്ഠാനക്രമങ്ങൾ മുഖേന നമ്മിൽ എത്തിച്ചേരുന്നു. തന്മൂലം, ദൃശ്യകർമ്മത്തോടു നമ്മൾ എത്ര ഗാഢമായി ബന്ധിയ്ക്കപ്പെട്ടിരിയ്ക്കുന്നുവോ, (ശരിയായ ആന്തരിക മനോഭാവമുണ്ടെന്നുള്ള സങ്കല്പത്തിൽ), അത്രയ്ക്കും ധാരാളമായിട്ടാണ് സമർപ്പണത്തിലും അതിന്റെ ഫലങ്ങളിലും നാം പങ്കെടുക്കുന്നത്. യഥാർത്ഥത്തിൽ സന്നിഹിതരായിരിയ്ക്കുന്നവർ മാത്രമെ പൂജാർപ്പണത്തിൽ പൂർണ്ണമായി ഭാഗഭാക്കുകളാകുന്നുള്ളു. സർവ്വോപരി, അവർക്കുമാത്രമെ ദിവ്യകാരുണ്യം ഉൾക്കൊള്ളുവാൻ സാധിയ്ക്കയുള്ളു. ദിവ്യബലിയുടെ പരിപൂർണ്ണമായ ഭാഗഭാഗിത്വവും ഏറ്റവും അമൂല്യമായ ഫലവും അടങ്ങിയിരിക്കുന്നത് ഉൾക്കൊള്ളലിലാണെന്നു വഴിയേ കാണാം.

ഉപ്പറഞ്ഞ കാരണങ്ങളാൽ, കുറഞ്ഞപക്ഷം ഞായറാഴ്ചകളിലും മറ്റു ചില തിരുനാൾ ദിവസങ്ങളിലുമെങ്കിലും ദിവ്യപൂജയിൽ സംബന്ധിയ്ക്കേണ്ടതു സ്വസന്താനങ്ങളുടെ കടമയാണെന്നു സഭ പഠിപ്പിയ്ക്കുന്നു. ഇതുവരെ നാം പ്രസ്താവിച്ചതിൽനിന്നും ഇതൊരു പ്രധാന സംഗതിയാണെന്നു വെളിവാകുന്നുണ്ട്. എങ്കിലും ദിവ്യബലിയുടെ അർത്ഥം മനസ്സിലാക്കിയിട്ടുള്ള ഒരു കത്തോലിയ്ക്കനെ, അതിൽ സംബന്ധിയ്ക്കാതിരിയ്ക്കുന്നതു ചാവുദോഷമാണെന്നു പറഞ്ഞു ഭീഷണിപ്പെടുത്തേണ്ട ആവശ്യമില്ല. ദിവ്യപൂജയിൽ സന്നിഹിതനാ

കുക എന്നത് തന്റെ ഒരവകാശമായി അവൻ കരുതുന്നു. കഴിവുള്ളപ്പോളെല്ലാം ആ അവകാശം പ്രയോഗിയ്ക്കുവാൻ അവൻ പ്രത്യേകം ശ്രദ്ധാലുവുമാണ്.

## ഞാൻ എന്തു ചെയ്യണം?

എന്റെ സ്വകാര്യഭക്തികളിൽ വ്യാപൃതനായി കുമ്പാനസമയത്തു് എനിയ്ക്കു ഇരുന്നുകൂടെയോ? – ഉദാഹരണമായി വി. ഫിലോമിനായോട്ടു് അല്ലെങ്കിൽ കൊച്ചുത്രേസ്യായോടുള്ള ഭക്തി.– അയിരം മൈൽ ദൂരെയിരിയ്ക്കുന്ന മറ്റു കത്തോലിയ്ക്കരുടെ സമർപ്പണംപോലെ എന്റേതും വൈദികൻ നിർവ്വഹിച്ചുകൊള്ളുമല്ലൊ.

പക്ഷെ കാഴ്ചവയ്പ്പിൽ സന്നിഹിതനായിരിയ്ക്കുവാൻ മുഖ്യപൂർവ്വകമായ മാർഗ്ഗം ഒന്നേയുള്ള. പുരോഹിതൻ സമർപ്പിക്കുന്നതു എന്റെ നാമത്തിലാകയാൽ, അവിടെ നടക്കുന്നതു എന്താണെന്നു എനിക്കു വല്ലതും ഗ്രാഹ്യമുണ്ടെങ്കിൽ, അദ്ദേഹം എനിക്കുവേണ്ടി ചെയ്യുന്നതു് ഞാൻ സുബോധത്തോടുകൂടിയും മനഃപൂർവ്വമായും അംഗീകരിയ്ക്കും; സംയുക്തമാർപ്പണത്തോടു് ഞാൻ എന്നെത്തന്നെ നേരിട്ടു യോജിപ്പിയ്ക്കും. പൂർണ്ണഹൃദയത്തോടെ ആ തിരുപ്പാത്രങ്ങളിൽ എന്നെ ഞാൻ നിക്ഷേപിയ്ക്കും. അങ്ങനെ സമർപ്പണത്തിലും അതിന്റെ ഫലങ്ങളിലും കൂടെക്കൂടി ഗാഢമായി ഞാൻ അംശഭാക്കാകുന്നു. "കുമ്പാനയിൽ പ്രാർത്ഥിയ്ക്കരുതു്, കുമ്പാനയെ പ്രാർത്ഥിക്കുക" (Do not pray in the Mass, pray the Mass) എന്നാണു് പുണ്യചരിതനായ പത്താംപീയൂസ് പഠിപ്പിക്കുന്നതു്. (1)

ഉത്തമബോദ്ധ്യത്തോടുകൂടി സമർപ്പണത്തോടു ഞാൻ എന്നെ ചേർക്കണമെങ്കിൽ, ആ "അർച്ചനകർമ്മം" എന്നെ സ്പർശിക്കണം. അതായതു എന്റെ ഹൃദയത്തിൽ ഒരു പ്രതിധ്വനി ഉളവാക്കുകയും, ഗാഢമായ സഹാനുഭവങ്ങളെ എന്നിൽ ഇളക്കിവിടുകയും, അജ്ഞാതങ്ങളും സുജ്ഞാതങ്ങളുമായ ആവശ്യങ്ങളോടും അഭിലാഷങ്ങളോടും അനുസ്യൂതമായിരിക്കുകയുംവേണം. അങ്ങനെ, ഒരു "യാജ്ഞിക ചൈതന്യം" ഉണ്ടാകുവാൻവേണ്ടി – ഞാനൊരു "യാഗമാനസ"നായിത്തീരുവാൻവേണ്ടി – ദിവ്യപൂജയുടെ അർത്ഥത്തെയും ഉദ്ദേശ്യ

(1) സ്വകാര്യഭക്തികൾ ദിവ്യപൂജയിൽനിന്നു നിശ്ശേഷം വേർതിരിച്ചിട്ടില്ല. ഒന്നാമത്തെ ഭക്തിയായ ദിവ്യപൂജയെത്തന്നെ നാം മറക്കുവാൻ മറ്റുഭക്തികൾ കാരണമാകുന്നതെന്നുമാത്രം.

ങ്ങളെയും പ്രേരണാഹേതുക്കളെയും കുറിച്ച് ഞാൻ ക്രടെക്രടെ ധ്യാനിക്കേണ്ടിയിരിക്കുന്നു.

I. ഞാൻ എന്തിനാണു കാഴ്ചയപ്പിക്കുന്നത്? എന്തുകൊണ്ടെന്നാൽ ദൈവം എന്താണെന്നു എനിക്കറിയാം. (മുകളിൽ കാണുക.) അതുകൊണ്ടാണ് തന്റെ സ്നേഹത്താൽ എന്നെ സൃഷ്ടിച്ച കർത്താവിനെ ആരാധിക്കുന്നതിനും, എന്റെ പിതാവിന്റെ മഹത്വവും അങ്ങയിലുള്ള എന്റെ പൂർണ്ണമായ ആശ്രയവും, അങ്ങയോട് എനിക്കുള്ള സ്നേഹപൂർവ്വകമായ കീഴ്വഴക്കവും പ്രഖ്യാപനം ചെയ്യുവാനും ഞാൻ ആഗ്രഹിക്കുന്നതു. . . . എനിക്കുള്ളതെല്ലാം അങ്ങിൽ നിന്നു ലഭിച്ചിട്ടുള്ളതാണ്. അവിടുന്നതന്നെ എന്റെ എന്നേക്കുമുള്ള ആനന്ദമായിത്തീർന്നുകൊണ്ട് അവിടത്തെ ദാനങ്ങൾക്കു മകുടം ചാർത്തുവാൻ ഇച്ഛിക്കുന്നു. അനന്തനന്മയായ അങ്ങയോടുള്ള കടപ്പാടു വിളംബരം ചെയ്യുവാൻ എനിക്കു അത്യധികമായ സന്തോഷമുണ്ട്. അവിടത്തെ ദാനമല്ലാതെ ഒന്നും എന്നിലാകട്ടെ എന്റെ വകയിലാകട്ടെ ഇല്ല. "കർത്താവു എനിക്കു നൽകിയിട്ടുള്ളവയ്ക്കെല്ലാം ഞാൻ എന്തു പ്രതിനന്ദി കാണിക്കും?" നന്ദി പറയുന്നതിനു ഞാൻ ചിന്തിക്കുകൂടി ചെയ്തിട്ടില്ലാത്ത ദാനങ്ങൾ എത്രയെത്ര! ഈശോ സുഖപ്പെടുത്തിയ ആ ഒൻപതു കുഷ്ഠരോഗികളെപ്പോലെ ആയിരിക്കുമോ ഞാനും? സങ്കീർത്തകൻ, തന്റെ ഹൃദയത്തിന്റെ അത്യുത്സാഹസൂചകങ്ങളായ പദപ്രവാഹങ്ങൾകൊണ്ട് "വാഴ്ത്തുക, കീർത്തിക്കുക, പുകഴ്ത്തുക . . . " എന്നിങ്ങനെ ദൈവത്തെ സ്തുതിച്ചു. അതിനെക്കാൾ ഉജ്വലത്തായ ഭാഷയിൽ ഞാൻ എനിക്കുള്ള ബഹുമാനവും കൃതജ്ഞതയും പ്രഖ്യാപനം ചെയ്യും. എന്നെ സ്വീകരിക്കുന്നതിനും സ്നേഹകാരുണ്യങ്ങളോടെ തുക്കൺപാർക്കുന്നതിനും ദൈവം തിരുമനസ്സാകും. . . .

എന്നാൽ കഷ്ടമെ! ധൂർത്തപുത്രനെപ്പോലെ ഞാൻ എന്റെ പിതാവിനോടു നന്ദികേടു കാണിക്കുകയും അങ്ങയെ വേദനിപ്പിക്കുകയും വിട്ടകലുകയും ചെയ്തു. എന്റെ ദുഃഖം അങ്ങയെ പറഞ്ഞറിയിക്കുന്നതിനും അങ്ങയോടു മാപ്പു ചോദിക്കുന്നതിനും ഞാൻ ആഗ്രഹിക്കുന്നു. . . അങ്ങേക്കുള്ള എന്റെ പൂർണ്ണമായ ആത്മാർപ്പണം ഒരർത്ഥനയാണ്. ക്രിസ്തുവിന്റെ അഭ്യർത്ഥനയോടു യോജിച്ചായതുകൊണ്ട് അതു വിശേഷിച്ചും വാക്കുകളെക്കാൾ ശക്തിയേറിയതുമായിരിക്കും. അനുദിനജീവിതത്തിൽ വന്നുപോകുന്ന അവിശ്വസ്തതകൾക്കു പരിഹാരം ചെയ്യുവാനുള്ള മാർഗ്ഗവും ദിവ്യപൂജ എനിക്കു നൽകുന്നു. . . . കഴിഞ്ഞതെല്ലാം ദൈവം എന്നോടു പൊറുക്കും. സ്വന്തം ശിശുവിനോടെന്നപോലെ

എന്നോട് പൊരുമാറും. എന്റെ ആവശ്യങ്ങൾ നിവൃത്തിയ്ക്കും. അവിടുന്നു എന്റെ ശക്തിയും സന്തോഷവുമായിരിയ്ക്കും. അവിടുത്തെ പൈതുകകരങ്ങളാൽ എന്നേയ്ക്കും എന്നെ ആലിംഗനം ചെയ്കയും ചെയ്യും...

ഞാൻ എന്നെക്കുറിച്ചുമാത്രം ചിന്തിച്ചാൽപോരാ. മനുഷ്യ സമുദായത്തിന്റെ ഒരംഗമാണു ഞാനും. മനുഷ്യകുലത്തിനു ദൈവത്തെ എത്തുമാത്രം ആവശ്യമുണ്ടെന്നും എത്ര ദാരുണമായ വിധത്തിൽ അതു അങ്ങയെ വിസ്മരിച്ചുകളയുന്നുവെന്നും കാണുമ്പോൾ, അതിന്റെ നന്ദികേടിനു പരിഹാരം ചെയ്യുന്നതിനും അതിന്റെ കഷ്ടപ്പാടിലും ആവശ്യങ്ങളിലും മദ്ധ്യസ്ഥം യാചിയ്ക്കുന്നതിനും എനിയ്ക്കു ആഗ്രഹം ജനിക്കുന്നു. . . . ഞാൻ എന്നെത്തന്നെ അങ്ങേയ്ക്കു കാഴ്ചവയ്ക്കുന്നു. എന്റെ മാതാപിതാക്കൾക്കും, സുഹൃത്തുക്കൾക്കുംവേണ്ടി മാത്രമല്ല, ആക്കെല്ലാം ദൈവത്തെ ആവശ്യമുണ്ടോ, ആരെല്ലാം കഷ്ടത അനുഭവിയ്ക്കുകയും വഴിപിഴച്ചുപോകയും ചെയ്യുന്നുണ്ടോ അവക്കെല്ലാവർക്കുംവേണ്ടി ഞാൻ സ്വയം സമർപ്പിക്കുന്നു... അവർക്കുവേണ്ടിയും ക്രൂശിയാണു ക്രിസ്തു മരിച്ചതു്. അങ്ങയുടെ പരിത്രാണകൃത്യം പൂർത്തിയാക്കുവാൻ എന്റെ സഹായവും സമർപ്പണവും അവിടുന്നു ഇപ്പോൾ ആവശ്യപ്പെടുന്നു...

ഇപ്പറഞ്ഞ മഹോദ്ദേശ്യങ്ങളെല്ലാം, ബലിപീഠത്തിങ്കൽ നിന്നുകൊണ്ടു വൈദികൻ ചെയ്യുന്ന പ്രവൃത്തിയോടു് – യാജ്ഞികകർമ്മത്തോടു് – സ്വയം കൂട്ടിച്ചേർക്കുവാൻ നിർബ്ബന്ധപൂർവ്വം എന്നെ പ്രേരിപ്പിക്കുന്നു. മനുഷ്യനു ചെയ്യാവുന്നതിൽ ഏറ്റവും സുന്ദരമായതും അർത്ഥപൂർണ്ണമായതും സൃഷ്ടികൾക്കു നൽകുവാൻ പാടില്ലാത്തവണ്ണം അത്ര മഹത്തായതുമായ ഒരു കൃത്യമാണു് ബലികർമ്മം. അതു മതത്തിന്റെ അടിസ്ഥാനകർമ്മവും വിശുദ്ധിയുടെ സംഗ്രഹവുമാണു്. ആ കർമ്മത്തിൽ എന്റെ ജീവിതം അതിന്റെ യഥാർത്ഥവും പൂർണ്ണവുമായ അർത്ഥം കണ്ടെത്തുന്നു. അതുവഴിയായി എന്റെ അസ്തിത്വം എനിക്കു പുറമെയുള്ളതും എന്നെക്കാൾ ഉപരിയായതുമായ അതിന്റെ യഥാർത്ഥകേന്ദ്രത്തിലേയ്ക്കു നയിയ്ക്കപ്പെടുന്നു... സ്വയം നഷ്ടപ്പെടുകൊണ്ടു് എന്നെത്തന്നെ ഞാൻ കണ്ടെത്തുന്നു. കാരണം, ദൈവത്തിലും ദൈവത്തോടു ചേർന്നുകൊണ്ടും മാത്രമേ എനിക്കു പൂർണ്ണത പ്രാപിക്കുവാൻ കഴികയുള്ളു... ഈ സ്വയാർപ്പണത്തിനാണു് എന്റെ ആത്മാവു ദാഹിക്കുന്നതു്: അതായതു്, തനിൽത്തന്നെ ഒതുങ്ങിനിൽക്കുന്നതായ അസ്തിത്വത്തിന്റെ സങ്കുചിതപരിധികളെ അതിലംഘിച്ചു ഉയരുവാനും, എല്ലാ അസ്തിത്വത്തിന്റെയും ഉറവും പര

മാന്യവുമായ ഒന്നിൽ – തന്നെക്കാൾ വലുതും ശ്രേഷ്ഠതരവുമായ ഒന്നിൽ – ചെന്നുചേരുവാനും അതിൽ ലയിയ്ക്കുവാനും ...

ഒരുപക്ഷെ വളരെക്കാലത്തേയ്ക്കു എന്റെ മതം ആഴമില്ലാത്ത വെറും ബാഹ്യാചാരം മാത്രമായിരുന്നിരിയ്ക്കാം. പക്ഷേ ബലികർമ്മം എന്താണെന്നു ഞാൻ മനസ്സിലാക്കുകയും, യഥാർത്ഥമായി നിവൃഹിയ്ക്കുകയും ചെയ്യുന്ന ദിവസംമുതൽ വെറുമൊരാചാരമെന്നുള്ള അതിന്റെ നില പാടേ വ്യത്യാസപ്പെടുന്നു.

2. എന്താണ് എനിയ്ക്കു സമർപ്പിയ്ക്കുവാൻ കഴിയുന്നതു? പിലാസായിൽ എന്നെത്തന്നെ ഞാൻ നിക്ഷേപിയ്ക്കുമ്പോൾ യഥാർത്ഥമായും പ്രായോഗികമായും എന്താണ് ഞാനുദ്ദേശിയ്ക്കുന്നതു?

A. എന്നെത്തന്നെ ഞാൻ ദൈവതിരുമുമ്പിൽ സമർപ്പിയ്ക്കുന്നു: എന്നു പറഞ്ഞാൽ ഒന്നാമതായി, എനിയ്ക്കു ഇപ്പോളുള്ള ഭക്തിയും, എന്റെ ഹൃദയംഗമമായ സ്നേഹവും സ്തുതിയും കൃതജ്ഞതയും, എന്റെയും ലോകത്തിന്റെയും പാപങ്ങളെക്കുറിച്ചുള്ള പശ്ചാത്താപവും എല്ലാം കാഴ്ചവയ്ക്കുന്നു എന്നർത്ഥം. ദൈവത്തെ പ്രസാദിപ്പിയ്ക്കുന്നതിനും സേവിയ്ക്കുന്നതിനുമായി ഞാൻ എന്തെല്ലാം ചെയ്തിട്ടുണ്ടോ അതെല്ലാം എന്റെ ആത്മാർത്ഥതയുടെ ലക്ഷ്യമായി കണക്കാക്കാം.

ഞാൻ സ്വയം നൽകുന്നു: എന്നു പറഞ്ഞാൽ, ഇനിമേൽ ഞാൻ എന്റേതായിരിയ്ക്കയില്ല എന്നു മുരുക്കം. എന്റെ അസ്തിത്വം മുഴുവനും — ദേഹവും ദേഹിയും മനസ്സും ഹൃദയവും ഇച്ഛാശക്തിയുമെല്ലാം — അവകാശപ്രകാരം സൃഷ്ടാവുമായ ദൈവത്തിനുള്ളതുതന്നെ; സംശയമില്ല. പക്ഷെ പരമാർത്ഥത്തിൽ പലപ്പോഴും ദൈവത്തിന്റെ അനുവാദംകൂടാതെ അവയെ എന്റെ സ്വാർത്ഥതയുടെയും അഹങ്കാരത്തിന്റെയും ഭോഗാസക്തിയുടെയും പൂർത്തീകരണത്തിനായി ഞാൻ വിനിയോഗിച്ചിട്ടുണ്ട്. ദൈവത്തിന്റെ കർത്തൃത്വത്തിൽ നിന്നു രക്ഷപെടുവാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. ഇനിമേൽ നിമിഷംപ്രതി സർവ്വലോകത്തിന്റെയും പരമാധിപതിയായ അവിടുത്തെ തിരുവുള്ളം പൂർണ്ണഹൃദയത്തോടെ ആശ്ലേഷിയ്ക്കുകയും, അവിടുത്തെ അഭീഷ്ടനിവൃഹണത്തിനു എനിയ്ക്കുള്ള സ്ഥാനം സന്തോഷപൂർവ്വം സ്വീകരിയ്ക്കുയും ചെയ്യും. ക്രിസ്തുവിന്റെ പരിപാടിയും ഇതുതന്നെയായിരുന്നു. "എന്റെ ഇഷ്ടമല്ല, പിന്നെയോ എന്നെ അയച്ചവന്റെ ഇഷ്ടം നിറവേറുവാനാണു ഞാൻ വന്നിരിയ്ക്കുന്നതു." "എന്നെ അയച്ചവന്റെ ഇഷ്ടം നിറവേറുകയും അവന്റെ ജോലി നിവൃഹിയ്ക്കുകയും ചെയ്യുന്നതാണ് എന്റെ ഭക്ഷണം" "എന്റെ ഇഷ്ടമല്ല പിന്നെയോ അങ്ങയുടെ ഇഷ്ടം നിറവേറട്ടെ." ദൈവം തിരുമ

നസ്സാകുന്നതിനെല്ലാം "അപ്രകാരം സംഭവിയ്ക്കട്ടെ" എന്നുമാത്രം ഞാൻ പ്രത്യുത്തരിയ്ക്കുന്നു.

ഇപ്പറഞ്ഞ വിധേയത്വവും ആത്മാപ്പണവും സമ്മതരൂപത്തിലുള്ള (passive) മാത്രമായിരുന്നാൽ പോരാ, സജീവം അഥവാ കർമ്മോൽസുകം (active) കൂടി ആയിരിയ്ക്കണം. ദൈവം യാത്രയാക്കുന്നതെല്ലാം—വിജയവും സന്തോഷവുമെന്നപോലെതന്നെ പരാജയവും സഹനവും കഷ്ടപ്പാടും— പുത്രസഹജമായ അനുസരണയോടുകൂടി സ്വീകരിയ്ക്കുകയും, അവിടുത്തെ പരിപാലനയ്ക്കു കണ്ണുമടച്ചു സ്വയം വിട്ടുകൊടുക്കുകയും ചെയ്യുന്നതാണ് സമ്മതരൂപത്തിലുള്ള ആത്മാപ്പണം. എന്റെ സഹനങ്ങൾക്ക് സ്വാഗതമരുളിക്കൊണ്ട് ക്രിസ്തുവിന്റെ പീഡാനുഭവത്തിലുള്ള കുറവ് ഞാൻ പരിഹരിയ്ക്കുന്നു. എന്റെ അപജയങ്ങൾ അങ്ങേയ്ക്കു സമർപ്പിച്ചുകൊണ്ട് അവയെ വിജയത്തിലേയ്ക്കുള്ള ഒരു സോപാനമാക്കിത്തീർക്കുവാൻ എനിയ്ക്കു കഴിയും.

എന്റെ എല്ലാ കടമകളും പൂർണ്ണഹൃദയത്തോടുകൂടി നിറവേറുന്നതിനാണ് ദൈവതിരുമനസ്സിനോടുള്ള സജീവമായ യോജിപ്പ് അഥവാ കർമ്മോൽസുകമായ വിധേയത്വം എന്നു പറയുന്നത്. അനുദിന കൃത്യങ്ങളിൽ എനിയ്ക്കുള്ള ശ്രദ്ധ (അതു വഴിയായിട്ടത്രെ സ്രഷ്ടാവിനോടു ഞാൻ സഹകരിയ്ക്കുന്നതു); ഉദാരകതയോടും പ്രലോഭനങ്ങളോടുമുള്ള പോരാട്ടം; ദൈവസ്നേഹവും ദൈവത്തെക്കുറിച്ചുള്ള അറിവും വ്യാപിപ്പിക്കാനുള്ള അപ്പസ്തോലികധർമ്മം എന്നിവയെല്ലാം അതിൽ അടങ്ങിയിരിയ്ക്കുന്നു. എന്റെ തൊഴിൽ അല്ലെങ്കിൽ ജീവിതവൃത്തിയാണ് എന്റെ അപ്പണത്തിന്റെ രൂപം നിർണ്ണയിയ്ക്കുന്നതു. ദൈവാഭീഷ്ടനിവൃഹണത്തിൽ എനിയ്ക്കുള്ള സ്ഥാനവും ജോലിയും ചുമതലകളും സന്ദർഭങ്ങളും എന്താണെന്നു നിശ്ചയിക്കുന്നതും— എന്റെ ദൈവവിളി തീർച്ചപ്പെടുത്തുന്നതും – അതു തന്നെയാണ്.

കാഴ്ചവയ്ക്കുവാൻ എന്തുള്ളുവെന്ന് ഇതിലധികം ഞാൻ അന്വേഷിയ്ക്കേണ്ടതില്ല. എന്റെ പ്രതിദിന ജീവിതം: അതുമാത്രമാണ് സഭയുടെയും ക്രിസ്തുവിന്റെയും സമർപ്പണത്തോട് എനിയ്ക്കു കൂട്ടിച്ചേർക്കുവാനുള്ളതു.

B. ദൈവത്തോടുള്ള സ്നേഹത്തിന്റെ ഒരവശ്യവ്യാപ്തി അല്ലെങ്കിൽ ഭാഗമാണ് സഹോദരനോടുള്ള സ്നേഹം. ഇക്കാര്യം ഞാൻ മറക്കുവാൻ പാടില്ല. ഈശ്വരപ്രാപ്തിയ്ക്കായുള്ള നമ്മുടെ തിടുക്കത്തിനിടയിൽ, എല്ലാപ്പുത്തിൽ നാം വിട്ടുപോകാവുള്ള ഒരു വാസ്തവമാണിതു. ചിലപ്പോഴെല്ലാം നാം അഗ്രഹിച്ചേക്കാമെങ്കിലും, ദൈവത്തെ

അങ്ങയുടെ സന്താനങ്ങളിൽ നിന്നു വേർതിരിയ്ക്കുവാനും അങ്ങയെ തനിച്ചാക്കുവാനും അശക്യമാണ്. ദൈവവുമായുള്ള ഐക്യവും സ്നേഹവും നാം കാംക്ഷിയ്ക്കുന്ന പക്ഷം ആ ഐക്യത്തിൽ അയൽക്കാരനെക്കൂടി ഉൾപ്പെടുത്തുവാൻ നാം നിർബ്ബന്ധിയ്ക്കപ്പെടുന്നു. പൂജാപ്പണം ദൈവത്തിന്റെ പക്കലേയ്ക്കുള്ള ഒരു ചലനം അല്ലെങ്കിൽ നീക്കമാണെന്നു് പറഞ്ഞുകഴിഞ്ഞുവല്ലൊ. തൻമൂലം അതു അവശ്യം സഹജീവിയുടെ പക്കലേയ്ക്കുമുള്ള ഒരു ചലനമാണ്. ഈ പരമാർത്ഥം ക്രിസ്തു തന്നെ എന്നെ പഠിപ്പിയ്ക്കുന്നു. "ആകയാൽ നീ ബലിപീഠത്തിങ്കൽ നിന്റെ വഴിപാടു കൊണ്ടുവരികയും നിന്റെ സഹോദരൻ നിന്നോടു എന്തെങ്കിലും വിരോധം വച്ചുകൊണ്ടിരിയ്ക്കുന്നുവെന്നു് അവിടെവച്ചു് നീ ഓർക്കയും ചെയ്താൽ, നിന്റെ വഴിപാടു് അവിടെ ബലിപീഠത്തിന്മേൽ വച്ചുകൊണ്ടു് നീ ചെന്നു് ഒന്നാമതായി നിന്റെ സഹോദരനോടു സമാധാനപ്പെടുക. പിന്നെ വന്നു് നിന്റെ വഴിപാടു സമർപ്പിയ്ക്കുക" (മത്ത. v–23, 24) യഹൂദബലിയിൽ ഇതു് ആവശ്യകമായിരുന്നുവെങ്കിൽ ക്രിസ്തീയബലിയിൽ ഇതിനുള്ള ആവശ്യം എത്ര അധികമായിരിയ്ക്കണം? എന്തുകൊണ്ടെന്നാൽ ഇവിടെ ഓരോരുത്തനും വ്യക്തിനിലയിൽ സമർപ്പിക്കുവാനല്ല, ദൈവത്തിന്റെ കുടുംബാംഗങ്ങളുടെ സംയുക്തസമർപ്പണത്തിൽ സംബന്ധിയ്ക്കുവാനാണ് നമ്മോടു കല്പിച്ചിരിയ്ക്കുന്നതു്. നാം കാഴ്ചവയ്ക്കുന്നതു നമ്മുടെയെല്ലാവരുടേയും സഹോദരനായ ക്രിസ്തുവിന്റെ ആത്മാർപ്പണം തന്നെയായിരിയ്ക്കും. അവിടുന്നു നമുക്കും എല്ലാ മനുഷ്യർക്കും വേണ്ടി മരിച്ചു. അവിടുന്നു നമ്മെ സ്നേഹിച്ചതുപോലെ നാം അയൽക്കാരനെയും സ്നേഹിക്കണമെന്നാണ് അങ്ങയുടെ കല്പന. അവിടത്തെ ഏറ്റവും എളിയ സഹോദരനുവേണ്ടി ചെയ്യുന്നതെല്ലാം (നന്മയായാലും തിന്മയായാലും) അങ്ങേയ്ക്കു തന്നെ ചെയ്തതായി പരിഗണിയ്ക്കുകയും ചെയ്യുന്നു. പൂർവ്വകാലങ്ങളിൽ സമാധാനചുംബനം നൽകി വന്നതു് ഈ സമയത്തായിരുന്നു.

ഇങ്ങനെ, ദൈവത്തിന്റെ സന്താനങ്ങളും മിശിഹായുടെ സഹോദരരുമായ സമസ്തഷ്ടികളുടെ നേരെ എനിയ്ക്കുള്ള മനഃസ്ഥിതി എന്താണെന്നു പരിശോധിയ്ക്കുവാൻ കാഴ്ചവയ്പു നിർബ്ബന്ധപൂർവ്വം എന്നെ ക്ഷണിയ്ക്കുകയത്രെ ചെയ്യുന്നതു്. എന്റെ നീരസവും വിരോധവും വിദ്വേഷവും ഞാൻ പരിത്യജിയ്ക്കുന്നു എന്നെ ദ്രോഹിച്ചവനോടു ഹൃദയപൂർവ്വം ക്ഷമിയ്ക്കുകയും വേണം. കാരണം, ദൈവത്തെ സ്നേഹിയ്ക്കുവാനും, അതേ സമയം അയൽക്കാരന്റെ നേരേ വിദ്വേഷപൂർവ്വമോ ഉദാസീനമായോ വർത്തിയ്ക്കുവാനും എനിയ്ക്കു സാധി

സ്സുകയില്ല. അയൽക്കാരനിൽ നിന്നു എന്നെ വേർതിരിസ്സുന്നതെല്ലാം ദൈവത്തിൽനിന്നും എന്നെ വേർതിരിസ്സുന്നു. വാസനയിൽനിന്നുതടവിക്കുന്ന സ്വാഭാവിക വികാരങ്ങളെയും അവയുടെ പ്രതിഫലനങ്ങളെയും തടയുവാൻ ഞാൻ ശക്തനായില്ലെന്നു വരാം. (ചില മനുഷ്യർ വെറുപ്പു തോന്നിസ്സുന്നവരാണ്); എങ്കിലും യുക്തിയാലും വിശ്വാസത്താലും പ്രബുദ്ധമായ എന്റെ ഇച്ഛാശക്തി അവയെ അടക്കി ഭരിസ്സുണം. പോരാ, ഒരു പടികൂടി കടന്നു് ഞാൻ എല്ലാ മനുഷ്യരെയും ആത്മാർത്ഥമായി സ്നേഹിസ്സുകയും, അവരോടു ദൈവത്തിനുള്ള മനോഭാവത്തിൽ പങ്കുകൊള്ളുകയും വേണം. സ്നേഹിതനോടും സഹോദരനോടുമെന്നപോലെ അവരോടു പെരുമാറണം. അവരുടെ പോരായ്മകൾ ക്ഷമിസ്സുണം; അവരോടും അവരെക്കുറിച്ചും കരുണയോടുകൂടിമാത്രം സംസാരിസ്സുണം. കഴിയുന്ന വിധത്തിലെല്ലാം സഹായിസ്സുവാൻ അതീവ തൽപരനായിരിസ്സുണം. അവരെ സേവിസ്സുവാൻ ഒരിസ്സുലും മടികാണിസ്സുരുതു്. സർവ്വോപരി, അവരുടെ ആത്മരക്ഷയിൽ പ്രത്യേക ശ്രദ്ധ പതിസ്സുണം. ഇതെല്ലാം എന്റെ സമർപ്പണത്തിന്റെ ഒഴിച്ചുകൂടുവാൻ പാടില്ലാത്ത ഭാഗങ്ങളാണ്. മനുഷ്യകുലത്തിനു എന്നെത്തന്നെ സമർപ്പിസ്സാതെ ദൈവത്തിനു എന്നെ സമർപ്പിസ്സുക അസാധ്യമാണ്. ഞാൻ എന്നെ ദൈവത്തിനു സമർപ്പിസ്സുകയും അയൽക്കാരനിൽ ദൈവത്തെ സേവിസ്സുയും വേണം

ചുരുക്കത്തിൽ, എന്റെ സമർപ്പണം ആത്മാർത്ഥമാണെങ്കിൽ, ഇപ്പറഞ്ഞ മനോഭാവങ്ങളും പ്രതിജ്ഞകളുമെല്ലാം അതിൽ അടങ്ങിയിട്ടുണ്ട്. കാണായിലും പിലാനായിലും ഞാൻ നിക്ഷേപിസ്സുന്നതും അതുതന്നെയാണ്. അൾത്താരയിൽ വച്ചു് അർപ്പിസ്സുപ്പെടുന്ന തിരുവോസ്തി സൂചിപ്പിക്കുന്ന എന്റെ ആന്തരികബലിയും മറ്റൊന്നല്ല. അതു അതു ഏളുപ്പമായ ഒരു കാര്യമാണെന്നോ, വിലയില്ലാത്ത ഒരു കാഴ്ചദ്രവ്യമാണെന്നോ അരുതു കരുതേണ്ട. സ്വാർത്ഥതയേയും തൻകാര്യപരായണതയെയും ജയിസ്സുവാൻ ശക്തിയുള്ള അ ഉൽകൃഷ്ട സ്നേഹത്തിന്റെ ഒരു പ്രവൃത്തി അതിനാവശ്യമാണ്. ദൈവത്തിന്റെ അർത്ഥം മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ അ ഒരു മനോഭാവം മാത്രമെ എനിസ്സുണ്ടാകുവാൻ വഴിയുള്ളു.

എന്റെ സമർപ്പണത്തിനായി സഭ കാത്തു നിൽക്കുന്നു; ക്രിസ്തു കാത്തു നിൽക്കുന്നു. തന്റെ സമർപ്പണത്തോടു ക്രട്ടിച്ചേക്കുവാനും ദൈവമഹത്വത്തിനും ലോകരക്ഷസ്സുമായി വിനിയോഗിസ്സുവാനുംവേണ്ടി നമ്മുടെ ഏകോപിച്ചുള്ള സമർപ്പണം അവിടുന്നു അവശ്യപ്പെടുന്നു.

തന്റെ ദിവ്യബലിയോട് നമ്മുടെ സംയുക്താർച്ചന ചേർത്തുകൊണ്ട് അതിനു അതുല്യമായ ഒരു വില അവിടുന്നു ഉണ്ടാക്കിക്കൊടുക്കുന്നു. എങ്കിലും ഒരു വിധത്തിൽ, സമർപ്പകരുടെ ഭക്തി അനുസരിച്ചിരിയ്ക്കും ആ വില. എന്റെ ആത്മാർപ്പണവും ദിവ്യബലിയുടെ മേന്മയെ ബാധിയ്ക്കുന്നതാണ്.

ഇങ്ങനെ, ക്രിസ്തുവിന്റെ ശരീരത്തിലെ ബുദ്ധിയുള്ള ഒരംഗമെന്ന നിലയിൽ, കാഴ്ചവയ്പിന്റെ സമയത്ത്, ദൈവത്തിന്റെ നന്മയെയും മാഹാത്മ്യത്തെയും കുറിച്ചെന്നപോലെ, സർവ്വലോകത്തിന്റെ പാപങ്ങളെയും ആവശ്യങ്ങളെയും കഷ്ടതകളെയും കുറിച്ചും ഞാൻ ചിന്തിയ്ക്കുന്നു. അനന്തരം, അനുഭാവമില്ലാത്തവരും ഉദാസീനരുമായ ആളുകളുടെ ഇടയിൽനിന്നും മാറിനിന്നുകൊണ്ട്, ജീവിതത്തിന്റെ എല്ലാത്തുറകളിലുമുള്ള കത്തോലിയ്ക്കരെ—ആശ്രമജീവിതം നയിയ്ക്കുന്നവരായും അല്ലാത്തവരായുമുള്ള സാർവ്വലൗകികസഭയുടെ എല്ലാ യഥാർത്ഥാംഗങ്ങളെയും—ഞാൻ ദർശിയ്ക്കുന്നു. ക്രിസ്തുവിനോടുകൂടി തങ്ങളെത്തന്നെ കാഴ്ചവയ്ക്കുവാൻ വേണ്ടി സ്വയാനുകമ്പയെ കീഴടക്കുന്ന വീരസഹിഷ്ണുക്കളെയും, പണിപ്പുരയിലെ ക്രിസ്തുവിനെപ്പോലെ അനുദിനകൃത്യങ്ങളിൽ വിശ്വസ്തതാപൂർവ്വം വ്യാപരിയ്ക്കുന്ന എണ്ണമില്ലാത്ത സ്ത്രീപുരുഷന്മാരെയും, ക്രിസ്തീയാദർശങ്ങളെ ലാക്കാക്കി അക്ഷീണയത്നം ചെയ്യുന്ന ബാലികാബാലന്മാരെയും, സ്വകാര്യനിരതരായ മാതാക്കളെയും, വിദ്യാഭ്യാസപ്രവർത്തകന്മാരെയും, ക്ലേശമനുഭവിയ്ക്കുന്ന പ്രേഷിതരെയും, പ്രത്നാനിമഗ്നരായ സന്ന്യാസിനികളെയും മനോഹരമായ കത്തോലിയ്ക്കാപ്രവർത്തനസൈന്യത്തെയും, എന്നു വേണ്ട അവരവരുടെ ദൈവവിളിയനുസരിച്ചുള്ള ഉദ്യോഗം ദൈവരാജ്യത്തിൽ വഹിയ്ക്കുന്ന ഏവരെയും ഞാൻ കാണുന്നു. മഹിമയേറിയ രക്തസാക്ഷിത്വം കൈവരിച്ചുകൊണ്ട് ചിലർ ഇന്നുതന്നെ തങ്ങളുടെ ആത്മാർപ്പണത്തിനു മകുടം ചാർത്തുകയില്ലെന്നു ആരറിഞ്ഞു! കാരണം, രക്തസാക്ഷികളുടെ ഒരു യുഗത്തിലാണു നാംജീവിയ്ക്കുന്നതു. സ്നേഹത്തിന്റെയും സ്വയാർപ്പണത്തിന്റെയും ഈ നിധികളെല്ലാംകൂടി ആ ചെറിയ ഓസ്തിയ്ക്കുള്ളിൽ വൈദികൻ "കേന്ദ്രീകരിയ്ക്കു"ന്നതായും, മഹിമയേറിയ ഒരു ദൈവസ്തോത്രവും വിശ്വാസപൂർണ്ണമായ ഒരനുഗ്രഹപ്രാർത്ഥനയുമായി അതു കാഴ്ചവയ്ക്കുന്നതായും എനിയ്ക്കു കാണാം. എന്നെ മുകളിലേയ്ക്കു ഒഴുക്കിക്കൊണ്ടുപോകുന്ന ശക്തിയേറിയ ഒരു പ്രവാഹംപോലെയത്രെ അതു. "നിന്റെ കാഴ്ചയെവിടെ? നമ്മുടെ പിതാവിനു കൊടുക്കുവാൻ നിനക്കു യാതൊന്നുമില്ലയോ?— സ്നേഹവും?- കൃതജ്ഞതയും? ഉദാരമായ അനുഗ്ര

ങ്ങളും പ്രതിജ്ഞകളും?— പുണ്യപ്പെടുത്തുവാനുള്ള പ്രവൃത്തിയും ഫല വത്താക്കുവാനുള്ള പ്രവൃത്തിയും ഒന്നും?—" എന്നിങ്ങനെ ആ ലക്ഷ ങ്ങൾ എന്നോട് ചോദിയ്ക്കുന്നതായി മിയ്ക്കവാറും എനിയ്ക്ക് കേൾക്കുവാൻ കഴിയും.

അതുകൊണ്ട് സഭയുടെ കാഴ്ചയോട് എന്റെ ചെറിയ കാഴ്ചയും ഞാൻ കൂട്ടിച്ചേർക്കുന്നു. അതു ഇതു കുറച്ചുമാത്രമെയുള്ളുവെന്നതിൽ എനിയ്ക്ക് ലജ്ജതോന്നുന്നുണ്ട്. എനിയ്ക്കുള്ളതു മുഴുവൻ ഞാൻ കൊടുക്കുന്നുവെന്നതു വാസ്തവംതന്നെ. പക്ഷെ എന്റെ ദാനം മിയ്ക്കവാറും ആത്മാർത്ഥതാരഹിതമാണെന്നു തോന്നത്തക്കവിധം എന്റെ ജീവിതം അതു അപൂർണ്ണവും സ്നേഹം തണുത്തതുമാണ്. എന്നാൽ ഞാൻ തനിയെ അല്ലെന്നും, സജീവസഭയിൽ വീരാത്മാക്കളും വിശുദ്ധന്മാരുമുണ്ടെന്നുമുള്ള ചിന്ത എന്നെ ആനന്ദിപ്പിക്കുന്നു. അങ്ങനെ നമ്മുടെ ദാനത്തിൽ അനേകം അമൂല്യരത്നങ്ങളും അടങ്ങിയിരിയ്ക്കുന്നുവെന്നോർക്കുമ്പോൾ എനിയ്ക്ക് ധൈര്യം തോന്നുന്നു. അവയെല്ലാമാണ് താലത്തിലും പാനപാത്രത്തിലും ഞാൻ വയ്ക്കുന്നത്. അവിടെയിരിയ്ക്കുന്ന അപൂർണ്ണതയും ദൗർബ്ബല്യവും അതു സൂചിപ്പിയ്ക്കുകയും സംപ്രീതിയ്ക്കുകയും ചെയ്യുന്നു. കാമ്മിക്കോട്ടുക്കുടി ഞാനതു കാഴ്ച വയ്ക്കുന്നു.

മനശ്ശാസ്ത്രമനുസരിച്ചു നോക്കിയാലും, കാഴ്ചവയ്പിന്റെ സമയമാണ് ദിവ്യപൂജയിലുള്ള നമ്മുടെ സജീവമായ ഭാഗഭാഗിത്വം നിർണ്ണയിയ്ക്കുന്ന വിനാഴിക. അതു സ്വകാര്യഭക്തികൾക്കായി ചെലവഴിയ്ക്കുവാനുള്ള സമയമല്ല. സമർപ്പിക്കുന്ന മഹത്തായ ആ സംയുക്തകർമ്മം നാം അനുജീവിയ്ക്കണം. നിർദ്ദിഷ്ടങ്ങളായ അനേകം പ്രാർത്ഥനകൾ ഉരുവിടാത്തപക്ഷം തങ്ങൾ പ്രാർത്ഥിക്കുന്നതേയില്ലെന്നു ചിലർക്കും ഒരു തോന്നലുണ്ട്. സഭയുടെ സമർപ്പണത്തിലുള്ള സജീവമായ ഐക്യമാണ് ഏറ്റവും വലിയ പ്രാർത്ഥനയെന്നു അക്കൂട്ടർ മനസ്സിലാക്കണം.

## സമർപ്പണക്രമം.

അർപ്പണക്രമത്തിനു പ്രകൃത്യാ രണ്ടു വിഭാഗങ്ങളാണുള്ളതു്. ഒന്നാമതായി കാഴ്ചദ്രവ്യങ്ങളുടെ സമർപ്പണകൃത്യംതന്നെ. അതു്, ക്ലിപ്തതയിൽ പ്രായേണ സാങ്കേതികങ്ങളെങ്കിലും അർത്ഥഗർഭങ്ങളായ സൂത്രവാക്യങ്ങൾകൊണ്ടു് പ്രകാശിപ്പിയ്ക്കപ്പെടുന്നു. ആരാധനയും സ്തുതിയും പ്രാരംഭവാക്കുകളിൽതന്നെ അടങ്ങിയിട്ടുണ്ടു്; പശ്ചാത്താപവും ക്ഷമാ

യാചനയും പ്രത്യേകം എടുത്തു കാണിയ്ക്കുന്നു. സമർപ്പണത്തിന്റെ പരമാനന്ദമാകുന്ന ദൈവത്തോടുള്ള ഐക്യം സൂചിപ്പിച്ചുകൊണ്ട് കാഴ്ചവയ്പ് സമാപിയ്ക്കുന്നു. തുടർന്നു നടക്കുന്നത് അനേകം പ്രാർത്ഥനകളും കൈകഴുകലുമാണ്. നമ്മുടെ അയോഗ്യതയെക്കുറിച്ചു ബോധമുള്ളപ്പോൾ എങ്ങനെയാണ് ദൈവവുമായുള്ള മൈത്രി നാം ആശിയ്ക്കുന്നതു? പക്ഷെ ദൈവം വിശുദ്ധിയെക്കാൾ ക്ഷമയായി വിനയത്തെ സ്നേഹിയ്ക്കുന്നുവെന്നു നമുക്കറിയാം. (തീച്ചൂളയിലിടപ്പെട്ട മൂന്നു ബാലന്മാരുടെ സംഗീതം നോക്കുക) തന്റെ ദിവ്യശക്തിയുപയോഗിച്ച് നമ്മുടെ കാഴ്ചദ്രവ്യം അത്യധികം വിലയുള്ള ഒരു സമർപ്പണമാക്കിത്തീർക്കുവാൻ അവിടുന്നു തുടങ്ങുകയാണെന്നും നാം അറിയുന്നു. അങ്ങനെ ആസന്നമായ നിഗൂഢസത്യത്തിലേയ്ക്കു നാം നമ്മുടെ മനസ്സു തിരിയ്ക്കുകയും, നമ്മുടെ സമർപ്പണത്തെ അനുഗ്രഹിയ്ക്കുവാൻ (അതിനു രൂപഭേദം വരുത്തുവാൻ) ദൈവത്തോടു പ്രാർത്ഥിയ്ക്കുകയും, കൈകൾ കഴുകിക്കൊണ്ട് (അതു തന്നെ പവിത്രീകരണത്തിനുള്ള ഒരു ഒരുക്കമാണ്.) നമ്മുടെ ബലി സ്വീകരിയ്ക്കുണമെന്നും ഫലവത്താക്കിത്തീർക്കണമെന്നും തുടർന്നു യാചിയ്ക്കുകയും ചെയ്യുന്നു.

ഫലം സംശയാസ്പദമായതുകൊണ്ടല്ലേ ഇത്ര ഹൃദയസ്പർശകമായ ഇമ്മാതിരി പ്രാർത്ഥനകൾ ഇവിടെയും തുടർന്നുള്ള ഭാഗങ്ങളിലും ആവർത്തിയ്ക്കുന്നതു. നമ്മുടെ അഗ്രഹം വർദ്ധിപ്പിയ്ക്കുണമെന്നും ദൈവനന്മയിൽ നമുക്കുള്ള വിനീത വിശ്വാസം വെളിപ്പെടുത്തണമെന്നുമുള്ളതാണ് അതിന്റെ ഉദ്ദേശ്യം. ഒരു സംഗതികൂടി അതു പ്രത്യേകം കാണിയ്ക്കുന്നു: അതായതു നമ്മുടെ വിശ്വാസിയും മനോഭാവങ്ങളും കൂടാതുള്ള യാന്ത്രികമായ ക്രിസ്തുവിന്റെ ഒരു കാഴ്ചവയ്പു മാത്രമല്ല നമ്മുടെ സമർപ്പണം. സമർപ്പണത്തിൽ ക്രിസ്തുവിനെ നാം നമ്മുടെ കാഴ്ചയായി അർപ്പിയ്ക്കുകയാണു ചെയ്യുന്നതു. അതിന്റെ വില ഒരു വിധത്തിൽ, നമ്മുടെ മനോഭാവത്തെ ആശ്രയിച്ചിരിയ്ക്കുന്നു. (അടുത്ത അദ്ധ്യായം കാണുക.)

ധൂമാർച്ചന (ലത്തീൻക്രമമനുസരിച്ചു പാട്ടുകുർബാനയിൽ മാത്രം) പ്രധാനമായി ആരാധനയുടെ അടയാളമാണ്. കുരിശുരൂപം, അൾത്താര, സുവിശേഷഗ്രന്ഥങ്ങൾ, കാഴ്ചകൾ, എന്നിങ്ങനെ ക്രിസ്തുവിനെ അനുസ്മരിപ്പിക്കുന്ന വസ്തുക്കൾ വഴിയായി അങ്ങേയ്ക്കു നൽകപ്പെടുന്ന ഒരു ബഹുമാനമത്രെ അതു. ആദ്യം അൾത്താരയിലിരിയ്ക്കുന്ന കാഴ്ചദ്രവ്യം ധൂമംകൊണ്ടു വാഴ്ത്തുന്നു; അതിനുശേഷം ശുശ്രൂഷകന്മാരെയും ജനങ്ങളെയും. സമർപ്പണം വഴിയായി അവയെല്ലാം ദൈവത്തിനേറ്റതായിത്തീരണമെന്നായിരിയ്ക്കുണം അതു

സൂചിപ്പിയ്ക്കുന്നത്. നമ്മുടെ ഹൃദയം നിർമ്മലവും സ്നേഹപൂർണ്ണവുമാണെങ്കിൽ ആത്മാപ്പണം "ആസ്വാദ്യമായ സുഗന്ധ"മായി മുകളിലേയ്ക്കു ഉയർന്നുകൊള്ളും.

സന്നിഹിതരായിരിയ്ക്കുന്നവരെല്ലാം അന്യോന്യം നൽകുന്ന ഒരു സമാധാനചുംബനത്തോടുകൂടിയായിരുന്നു കാഴ്ചവയ്പ് പണ്ടു തുടങ്ങിയിരുന്നത്. സഹോദരസ്നേഹത്തിന്റെ ഈ ചിഹ്നത്തിനു കാരണമായിത്തീർന്നത് വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ അഞ്ചാം അദ്ധ്യായത്തിലുള്ള 25-ാമത്തെ വാക്യമാണ്. പക്ഷെ കുറേനാൾ കഴിഞ്ഞപ്പോൾ അതു് സമർപ്പണസമയത്തിൽനിന്നും മാറ്റി പവിത്രീകരണത്തിനു മുമ്പാക്കിത്തീർത്തു.

കുറിപ്പു്:- ചില പദങ്ങൾ സൂചിപ്പിച്ചേക്കാവുന്നതുപോലെ, കാഴ്ചവയ്പിൽ, ക്രിസ്തുവിനെ മുൻകൂട്ടി സമർപ്പിക്കുകയല്ല ചെയ്യുന്നതു്. അതു നമ്മുടെ കാഴ്ചദ്രവ്യങ്ങളുടെ ഒരു അർപ്പണമാണ്. അർപ്പത്തിന്റെ കാഴ്ചവയ്പിൽ ഉപയോഗിക്കുന്ന "നിർമ്മലമായ" എന്ന വാക്ക് പൂജാഭാഷയിലെ ഒരു സാങ്കേതിക പദം മാത്രമാണ്. "നമ്മുടെ കാഴ്ചകൾ" "നമ്മുടെ ഭക്തിയുടെ അടയാളങ്ങൾ" എന്നിങ്ങനെ സമർപ്പണപ്രാർത്ഥനകൾ തെളിച്ചു പറയുന്നുണ്ടു; ചില പ്രാർത്ഥനകൾ, പൂർവ്വകാലത്തു വിശ്വാസികൾ കൊണ്ടുവന്നിരുന്ന കാഴ്ചവസ്തുക്കളെ സൂചിപ്പിയ്ക്കുകപോലും ചെയ്യുന്നുണ്ടു്. പക്ഷെ നമ്മുടെ കാഴ്ചദ്രവ്യങ്ങൾക്കു വ്യത്യാസം സംഭവിയ്ക്കുമെന്നു നമുക്കറിയാം. വാസ്തവത്തിൽ ആ വ്യത്യാസത്തിനുവേണ്ടിയാണ് നാം അവ സമർപ്പിയ്ക്കുന്നതു്. നമ്മുടെ പാപങ്ങൾ മായിച്ചുകളയുവാനോ ലോകരക്ഷ സാധിയ്ക്കുവാനോ അപ്പത്തിനാകട്ടെ വീഞ്ഞിനാകട്ടെ ശക്തിയില്ലെന്നു നാം അറിയുന്നു. തന്മൂലം കാഴ്ചവയ്പു പുരോഗമിയ്ക്കുന്നതിനോടൊപ്പം നമ്മുടെ ചിന്തയും ഒന്നിനൊന്നിനു പവിത്രീകരണത്തിലേയ്ക്കു തിരിഞ്ഞുകൊണ്ടിരിയ്ക്കുന്നു. ചില പ്രാർത്ഥനകൾ പവിത്രീകരണത്തെ പ്രതിക്ഷിയ്ക്കുന്നപോലുമുണ്ടു്.



## അങ്കം II

# പവിത്രീകരണം.

കാഴ്ചവയ്പു അതിൽതന്നെ ഒരു മനോഹരകൃത്യമാണ്: ദൈവത്തിന്റെ കുടുംബം സ്വർഗ്ഗസ്ഥനായ പിതാവിനു നൽകുന്ന ഒരുകാഴ്ചസമർപ്പണം. എന്നാലും അതു ക്രിസ്തീയബലിയുടെ ആദ്യത്തെകർമ്മം മാത്രമാണ്. നാം കാഴ്ചസമർപ്പിയ്ക്കുന്നതുകൊണ്ടു മാത്രം നമ്മുടെ ബലി പൂർണ്ണമായിത്തീരുന്നില്ല. എന്തുകൊണ്ടെന്നാൽ നാം കാഴ്ചവയ്ക്കുവാനായി ഈശോ അങ്ങയുടെ ബലിയെത്തന്നെ നമുക്കു നൽകുവാൻ തിരുമനസ്സാകുന്നു. തന്റെ തിരുശ്ശരീരവും തിരുരക്തവുമായി രൂപാന്തരപ്പെടുത്തുവാൻവേണ്ടി നമ്മുടെ ബലി സാധനങ്ങൾ അവിടുത്തേയ്ക്കു അവശ്യമുണ്ട്.

ഇങ്ങനെ, സമർപ്പണത്തിന്റെ സമയത്തു് വാസുവത്തിലുള്ള ബലിയല്ല, ബലിയ്ക്കു ആവശ്യമുള്ള സാധനമാണ് നാം അർപ്പിയ്ക്കുന്നതു്. ക്രിസ്തീയ ബലി ദൈവത്തിനു സമർപ്പിയ്ക്കുവാനുള്ള ആഗ്രഹം നാം പ്രകടമാക്കുന്നു. അതുമാത്രമെ നമുക്കു സ്വയം സാധ്യമായിട്ടുമുള്ളൂ. അനന്തരം ക്രിസ്തു സമാഗതനാകയും പവിത്രീകരണസമയത്തു് ആശ്ചര്യകരമായ ഒരു മാറ്റം വരുത്തുകയും ചെയ്യുന്നു. സ്വർഗ്ഗകവാടങ്ങൾ തുറക്കപ്പെടുന്നു; ഭൂതം വർത്തമാനമായി മാറുന്നു; നാം ക്രിസ്തുവിന്റെ ആത്മാർപ്പണത്തിൽ പങ്കുകാരായിത്തീരുന്നു. ഇതാണ് ദിവ്യബലിയിലെ രണ്ടാമത്തെ കർമ്മവും അതിന്റെ പാരമ്യവും. നാം അതുഭുതം കൊള്ളുന്നതും, ആരാധിയ്ക്കുന്നതും, എന്നാൽ പൂർണ്ണമായി ഗ്രഹിയ്ക്കുവാൻ ഒരുനാളും ആശിക്കുവാൻപോലും കഴിയാത്തതുമായ വിശുദ്ധ കുർബ്ബാനയുടെ നിഗൂഢതത്വവും ഇതുതന്നെ.

## നമ്മുടെ കാഴ്ചദ്രവ്യം ക്രിസ്തുവായി രൂപാന്തരപ്പെടുന്നു.

പവിത്രീകരണത്തിന്റെ ഏറ്റവും പ്രത്യക്ഷമായ സാരം വസ്തുഭേദം അഥവാ അപ്പവും വീഞ്ഞും രക്ഷകന്റെ തിരുശ്ശരീരരക്തങ്ങളായിത്തീരുന്ന മാറ്റം എന്ന അത്ഭുതമാണ്. ക്രിസ്തുവിന്റെ തിരു

ശരീരവും രക്തവും എവിടെയെല്ലാമുണ്ടോ, അവിടെയൊക്കെ തന്റെ ആത്മാവോടും ദൈവത്വത്തോടുംകൂടി അവിടുന്നു പൂർണ്ണമായി സന്നിഹിതനാണ്. മുമ്പ് അൾത്താരയിലുണ്ടായിരുന്നതു ഒരു വസ്തുവായിരുന്നു. ഇപ്പോളാകട്ടെ, ഒരാളാണ്. നമ്മുടെ ശാരീരികനേത്രങ്ങൾകൊണ്ടു യാതൊരു മാറ്റവും നാം ദർശ്ശിക്കുന്നില്ല. വസ്തുക്കളുടെ ഉപരിതലത്തിൽ കവിഞ്ഞ് ഒന്നും കാണുവാൻ അവയ്ക്കു ശക്തിയില്ല. മാംസമായ വചനം — ക്രിസ്തു — ബലിപീഠത്തിൽ സാക്ഷാൽ സന്നിഹിതനാണെന്നു നമുക്കറിയാം. ദൈവനേത്രങ്ങളാകുന്ന വിശ്വാസത്തിന്റെ കണ്ണുകൾകൊണ്ട് അതു നാം കാണുന്നു. വ്യത്യസ്തമായ വിധത്തിലാണെങ്കിലും, സ്വർഗ്ഗത്തിലെന്നപോലെ അവിടുന്നു പീഠത്തിൽ എഴുന്നെള്ളിയിരിക്കുന്നു. ആത്മാവു ശരീരത്തിൽ എങ്ങനെ സ്ഥിതി ചെയ്യുന്നുവോ, ഏതാണ്ട് അത്തരത്തിൽ അവിടുന്നു തിരുവോസ്തിയിൽ സ്ഥിതിചെയ്യുന്നു.

വിശ്വാസരഹസ്യം: നമ്മുടെ "ഗ്രഹണശക്തി" കണ്ട് അതിനെ സ്വീകരിക്കുന്നതു എന്തുകൊണ്ടാണെന്നു നമുക്കറിയാം. കാരണം, അതു അത്ഭുതജനകമാണ് വിശ്വാസത്തിന്റെ ഈ നിഗ്രഹതത്വം. വാസ്തവത്തിൽ ക്രിസ്തുമതം മുഴുവൻ ഒരു വലിയ വിശ്വാസരഹസ്യമാണ്; (വ്യാപകമായ അർത്ഥത്തിൽ) ഒരു വലിയ "സംസ്കാര"മാണ്: അതായതു വിശ്വാസംകൊണ്ടു മാത്രം അർത്ഥം ഗ്രഹിക്കുന്നതിനു ഭൗതികവും മാനുഷികവുമായ അടയാളങ്ങളിൽക്കൂടി നൽകപ്പെടുന്ന അദൃശ്യവും ദിവ്യവുമായ ഒരു യാഥാർത്ഥ്യമാണ്. ആദ്യമായിത്തന്നെ മനുഷ്യാവതാരം: ദൈവം നമ്മുടെ സ്വഭാവത്തിൽ, വിശ്വാസികളായ നമുക്കു പ്രത്യക്ഷവും അവിശ്വാസികൾക്കു അപ്രത്യക്ഷവും ആയ വിധത്തിൽ നമ്മുടെ പക്കലേയ്ക്കു വരുന്നു. ബാഹ്യമായ യാതൊരു വ്യത്യാസവും ജ്ഞാനസ്നാനത്തിൽ സംഭവിക്കുന്നില്ല. എങ്കിലും ഒരു "നൂതന സൃഷ്ടികർമ്മം" പോലെ അതു സുപ്രധാനമായ ഒരു വ്യതിയാനം അവിടുന്നു നമ്മുടെ ആത്മാവിൽ വരുത്തുന്നു. ഇപ്രകാരംതന്നെ ഏതാനും നിമിഷങ്ങൾ മുമ്പ് നമ്മെപ്പോലുള്ള മനുഷ്യനായിരുന്ന ഒരുവൻ പൗരോഹിത്യാഭിഷേകത്തിനുശേഷം ദിവ്യശക്തികളുള്ള ഒരാളായിത്തീരുന്നു. വിശ്വാസംകൊണ്ടുമാത്രം ഗ്രഹിക്കുവുന്ന മനോഹരങ്ങളും സംഭ്രമകരങ്ങളുമായ ദിവ്യയാഥാർത്ഥ്യങ്ങളുടെ ഒരു ലോകത്തിൽ അക്ഷരാർത്ഥം നിമഗ്നനാണ് ക്രൈസ്തവൻ. ഈ യാഥാർത്ഥ്യങ്ങളിൽ ഏറ്റവും അത്ഭുതകരമായിട്ടുള്ളതാണ് വിശുദ്ധ കുർബ്ബാന. അതാകട്ടെ ഒറ്റതിരിഞ്ഞുനിൽക്കുന്നില്ല. ഒരു പദ്ധതിയുടെ–മനുഷ്യാവതാരത്തിൽനിന്നു പ്രവഹിക്കുന്ന സാംസ്കാരികപദ്ധതി

യുടെ – ഒരു ഭാഗമത്രെ അത്. ദിവ്യലോകവുമായി സംസർഗ്ഗം സ്ഥാപിയ്ക്കുന്ന വിശ്വാസം ദൈവത്തിന്റെ ഒരു ദാനവും, ആന്തരികമായ ഒരു പ്രകാശനവും പ്രാർത്ഥനീയമായ ഒരവകാശവുമാണ്. അതു മനുഷ്യബുദ്ധിയ്ക്കു അതീതമാകയാൽ ദൈവവചനത്തിനു നമ്മുടെ ബുദ്ധി കീഴ്പ്പെടേണ്ടിയിരിയ്ക്കുന്നു. പക്ഷേ ഇപ്രകാരമുള്ള ഒരു വിശ്വാസപ്രകരണത്തെക്കാൾ ബുദ്ധിപൂർവ്വകമായി മറ്റെന്താണുള്ളതു?

ക്രിസ്തുവിന്റെ അഭീഷ്ടം വഴിയായും പുരോഹിതനിൽക്രൂടിയും എന്നാൽ എത്രയും പരിശുദ്ധ ത്രീത്വത്തിന്റെ ശക്തിയിലുമാണ് ഈ മാറ്റം സംഭവിയ്ക്കുന്നതു. ദൈവത്തിന്റെ സ്നേഹകൃത്യങ്ങൾ എത്രയും പരിശുദ്ധ ത്രീത്വത്തിലെ മൂന്നാമാളിനു "നിർദ്ദിഷ്ട"ങ്ങളാകയാലാണു, പവിത്രീകരണം സംഭവിപ്പിയ്ക്കുന്നതു പരിശുദ്ധാത്മാവിയാണെന്നു നാം വായിയ്ക്കുന്നതു.

വസ്തുഭേദം സംഭവിച്ചശേഷം, ക്രൂശാശചെയ്യപ്പെട്ട അപ്പവും വീഞ്ഞും പുരോഹിതൻ എടുത്തുയർത്തുന്നു. വിശ്വാസത്തോടും ആശ്ചര്യത്തോടുംക്രൂടി നാം അവയെ നോക്കുന്നതിനായിട്ടാണ് അദ്ദേഹം അങ്ങനെ ചെയ്യുന്നതു. ഇങ്ങനെ നോക്കുന്നതു അനാദരസൂചകമാണെന്നു ജാൻസനിസ്റ്റുകാർ സിദ്ധാന്തിച്ചു. എന്നാൽ പരിശുദ്ധപിതാവു് പത്താംപീയൂസാകട്ടെ, തിരുവോസ്തിയെ ഭക്തിപൂർവ്വം നോക്കിക്കൊണ്ടു് "എന്റെ കർത്താവെ, എന്റെ ദൈവമെ" എന്നു ചൊല്ലുന്ന വിശ്വാസികൾക്കേവർക്കും ഒരു ദണ്ഡവിമോചനം തന്നെ കല്പിച്ചനുവദിച്ചു. (1) നിശ്ശബ്ദമായി ആരാധിച്ചുകൊണ്ടു് പുരോഹിതൻ മുട്ടുകുത്തുമ്പോൾ ആരാധനാസൂചകമായി നാമും നമസ്കരിയ്ക്കുണം.

## ക്രിസ്തുവിന്റെ ബലി നമ്മുടെ കരങ്ങളിൽ നൽകപ്പെടുന്നു.

ചില ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം, ദിവ്യകാരുണ്യസ്വീകരണത്തിന്റെ പ്രാരംഭമായുള്ള ക്രിസ്തുവിന്റെ ഒരാഗമനമെന്നു മാത്രമെ പവിത്രീകരണകർമ്മത്തിനു അർത്ഥമുള്ളുവെന്നു

---

(1) പവിത്രീകൃതമായ തിരുവോസ്തി കാണണമെന്നു ജനങ്ങൾ ആവശ്യപ്പെട്ടതുകൊണ്ടാണ് (12–ാം നൂറ്റാണ്ടിൽ) അതു ഉയർത്തിക്കാണിയ്ക്കുന്ന പതിവുണ്ടായതു്. ദണ്ഡവിമോചനം പ്രാപിയ്ക്കുവാൻ, തിരുവോസ്തിയിൽ നോക്കണമെന്നോ സുകൃതജപം ചൊല്ലണമെന്നോ ഇല്ല; (എഴുന്നെള്ളിച്ചു ഉയർത്തുമ്പോൾ, അല്ലെങ്കിൽ പരസ്യമായി എഴുന്നെള്ളിച്ചുവച്ചിരിയ്ക്കുമ്പോൾ) "ഹൃദയം കൊണ്ടു" ചൊല്ലിയാൽമതി.

തോന്നിപ്പോകും. ഈ മഹാകർമ്മത്തിന്റെ സവ്വപ്രധാനമായ അർത്ഥം— ഉൾക്കൊള്ളൽ വഴിയായി ക്രിസ്തുവിനെ നാം സ്വീകരിയ്ക്കുന്നതിനു മുമ്പ് ദൈവത്തിനു അങ്ങയെ സമർപ്പിയ്ക്കുന്നുവെന്ന തത്വം— അവർക്കു അജ്ഞാതമാണ്. പവിത്രീകരണമാണു പുതിയ നിയമത്തിലെ മഹാബലി. അല്പമൊന്നു ചിന്തിച്ചാൽ മതി, നമ്മുടെ വിനീതോപഹാരത്തിനു സംഭവിയ്ക്കുന്ന ആശ്ചര്യാവഹമായ രൂപാന്തരം വിശദമാക്കുവാൻ.

## 1. പവിത്രീകരണം കാൽവരിയിലെ ബലിയുടെ പ്രാതിനിദ്ധ്യം വഹിയ്ക്കുന്നു.

ക്രിസ്തു വധിയ്ക്കപ്പെട്ടാലെന്നപോലെ, ശരീരരക്തങ്ങളുടെ വേർതിരിവിനെ കാണിയ്ക്കുന്ന രണ്ടു പവിത്രീകരണങ്ങളുണ്ട്. പുനരുത്ഥാനത്തിനും സ്വർഗ്ഗാരോഹണത്തിനും ശേഷം അങ്ങയെ വധിയ്ക്കുവാൻ സാദ്ധ്യമല്ലെന്നുള്ളതു നിശ്ചയംതന്നെ. ഇപ്പോൾ അവിടുന്നു മഹത്വീകരിയ്ക്കപ്പെട്ടവനാണ്. സഹിയ്ക്കുന്നതിനാകട്ടെ മരിയ്ക്കുന്നതിനാകട്ടെ അങ്ങേയ്ക്കു സാദ്ധ്യമല്ല. (1) തന്മൂലം അൾത്താരയിൽ അവിടുത്തെ തിരുശ്ശരീരവും രക്തവും വാസ്തവത്തിൽ സംയോജിച്ചിരിയ്ക്കുന്നു. വെവ്വേറെയുള്ള പവിത്രീകരണം അവിടുത്തെ കുരിശു ബലിയുടെ ഒരു അഭിനയവും (representation) സ്വയാപ്പണത്തിന്റെ ഒരു "അനുസ്മരണ"വുമാണ്. അവിസ്മരണീയമായ ആ ആത്മാപ്പണം വഴിയത്രെ അവിടുന്നു നമ്മുടെ പാപങ്ങൾക്കു പരിഹാരം ചെയ്യുന്നതും എല്ലാ പ്രസാദവരങ്ങളും നമുക്കു അർഹിച്ചുതരുന്നതും.

എന്നിരുന്നാലും ശൂന്യമായ ഒരഭിനയം മാത്രമല്ല നമുക്കുള്ളതു്. കുരിശുബലി ഒരു ഭൂതകാലസംഭവമാണെങ്കിലും (അതു യഹൂദ

---

(1) ഈ വസ്തുത സഭ ഒരിയ്ക്കലും വിസ്മരിയ്ക്കുന്നില്ല. ദിവ്യബലിയിൽ ഉന്മേഷപൂർവ്വം അവൾ രണ്ടു പ്രാവശ്യം ഇങ്ങനെ പ്രാർത്ഥിയ്ക്കുന്നു. "നമ്മുടെ കർത്താവീശോമിശിഹായുടെ പീഡാനുഭവത്തിന്റെയും ഉത്ഥാനത്തിന്റെയും സ്വർഗ്ഗാരോഹണത്തിന്റെയും ഓർമ്മയിൽ ഞങ്ങൾ സമർപ്പിയ്ക്കുന്നു." ഒരു വസ്തുത എന്ന നിലയിൽ മാത്രമല്ല ഉത്ഥാനത്തെയും ആരോഹണത്തെയുംകുറിച്ചു സൂചിപ്പിയ്ക്കുന്നതു്. അവ, ക്രിസ്തുവിന്റെ ബലി ദൈവം സ്വീകരിച്ചെന്നുള്ളതിന്റെ പ്രത്യക്ഷലക്ഷ്യവും, നമ്മുടെ ബലി സ്വീകരിയ്ക്കുമെന്നുള്ളതിന്റെ അച്ചാരവും കൂടിയാകയാലാണ്. ക്രിസ്തു മരിച്ചവരിൽനിന്നു ഉയിർത്തില്ലായിരുന്നുവെങ്കിൽ, കുരിശിനു അതിന്റെ ബാഹ്യമായ അർത്ഥത്തിൽ കഴിഞ്ഞു — ക്രിസ്തുവിന്റെ പരാജയവും അവിടുത്തെ ശത്രുക്കളുടെ വിജയവുമെന്നതല്ലാതെ— മറ്റൊരർത്ഥവും ഉള്ളതായി കാണപ്പെടുമായിരുന്നില്ല.

ജനതയുടെ പാതകമായിരുന്നു) ശാശ്വതമായ എന്തോ ഒന്ന് അതിൽ ശേഷിച്ചിരുന്നുണ്ട്. നമ്മുടെ കാഴ്ചകൾ അവിടുത്തെ തിരുശ്ശരീരരക്തങ്ങളായി മാറിക്കൊണ്ട്, കുരിശിലെ ബലി വസ്തുവും അവിടുത്തെ മരണത്തിന്റെ വിലയും (ക്രൂരമരണം സ്വയം സ്വീകരിച്ചതിൽ അങ്ങു പ്രകടിപ്പിച്ച വിധേയത്വത്തിൽ നിന്നാണ് ആ വില ഉണ്ടായിട്ടുള്ളതു) ക്രിസ്തു നമ്മുടെ കരങ്ങളിൽ നൽകുന്നുവെന്നുപറയാം. തന്റെ ബലിയുടെ അനന്തയോഗ്യതകളാൽ ആവൃതനായ കാൽവരിയിലെ ബലിവസ്തുവിനെ നാം സ്വീകരിച്ചിരുന്നു. ഈ അർത്ഥത്തിൽ കുരിശിലെ ബലിതന്നെ അൾത്താരയിൽ സന്നിഹിതമായിരിക്കുന്നു. *

2. കുരിശുബലിതന്നെ വാസ്തവത്തിൽ സമർപ്പിക്കപ്പെടുന്നു.

ഒടുവിലത്തെ അത്താഴത്തിന്റെ സമയത്തു് രക്ഷകൻ ചെയ്ത പ്രവൃത്തിയെത്തന്നെ ദിവ്യബലിയിൽ നാമും ചെയ്യുന്നു. "എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഇതു ചെയ്യുവിൻ" ഒടുവിലത്തെ അത്താഴസമയത്തു ക്രിസ്തു തന്നെത്തന്നെ വധിക്കുകയല്ല, ആസന്നമായിരുന്ന പീഡാനുഭവത്തിനും മരണത്തിനും സ്വയം സമർപ്പിക്കുകയാണു ചെയ്തതു്. തന്റെ ആത്മാർപ്പണത്തിനു അവിടുന്നു മാനുഷികങ്ങളായ കാഴ്ചദ്രവ്യങ്ങൾതന്നെ– അപ്പവും വീഞ്ഞും ഉപയോഗിച്ചു. എന്നാൽ കാഴ്ചകൾ ദാതാവിന്റെ പ്രതിനിധികളായിരിക്കുക മാത്രമല്ല ചെയ്തതു്. അദ്ഭുതപൂർവ്വമായ ഒരത്ഭുതം വഴിയായി, ഭൗമ്യമായ കാഴ്ചകളുടെ രൂപത്തിൽ, അവ ക്രിസ്തുതന്നെയായിരുന്നു. "നിങ്ങൾക്കായി ഏല്പിച്ചുകൊടുക്കപ്പെടുവാൻ പോകുന്ന (അഥവാ ഇപ്പോൾതന്നെ ഏല്പി

* ഏതോ വിധത്തിലുള്ള ഒരു വധംതന്നെ ബലിപീഠത്തിൽ സംഭവിക്കുന്നുവെന്ന പല ദൈവശാസ്ത്രജ്ഞന്മാരും കരുതിപ്പോന്നു. കഴിഞ്ഞകാലത്തു അവരുടെ എണ്ണം വളരെ കുറഞ്ഞിട്ടുണ്ട്. പ്രായേണ ഭക്തിജനകങ്ങളായ ബലിവർണ്ണനകളുടെ വ്യാഖ്യാനങ്ങളുടെയെല്ലാം അടിസ്ഥാനം മുൻവിധിയോടുകൂടിയ ലിയെപ്പറ്റിയുള്ള ധാരണയാണ്. അതു കൃത്രിമവും അയഥാർത്ഥവുമായി തോന്നുകയും ചെയ്യുന്നു. യഥാർത്ഥ്യമാകട്ടെ ഇതിലും ഭൗമ്യവും സുന്ദരവുമാണ്. ക്രിസ്തു കുരിശ്ശിൽ ഛിന്നനായി; അതു യഹൂദജനങ്ങളുടെ പാതകവുമായിരുന്നു. അവിടുന്നു തന്റെ മരണം കാഴ്ചവച്ചു. അവിടുന്നു കാഴ്ചവച്ചതിനെത്തന്നെ – ഒരു പുതിയ മരണത്തെയല്ല, കുരിശിലെ അതേ മരണത്തെത്തന്നെ– നമ്മളും സമർപ്പിക്കുന്നു.

പിന്തിലുള്ളതു് വൃധത്തിന്റെ പ്രതിരൂപം മാത്രമാണ്. കുരിശിലുള്ള ക്രിസ്തുവിന്റെ മരണത്തിന്റെ ഒരാവിനയം. അതു വഴിയായി യഥാർത്ഥമായ ഒരു വിധത്തിൽ, "സാംസ്കാരിക"മായി– കടന്നുപോയ ചരിത്രസംഭവമെന്ന ഭൂതികരൂപത്തിലല്ല, അതിന്റെ ശാശ്വതമായ ശക്തിയോടും സാഫല്യത്തോടുംകൂടി– കാൽവരിയിലെ ബലി അൾത്താരയിൽ സന്നിഹിതമായിരിക്കുന്നു.

ച്ചുകൊടുക്കപ്പെടുന്ന) എന്റെ ശരീരമാകുന്നു ഇതു് . . . ഇതു് നിങ്ങൾക്കായി. ചൊരിയപ്പെടുവാനിരിയ്ക്കുന്ന എന്റെ രക്തമാകുന്നു." പൊതുവായ വിധത്തിൽ മാത്രമല്ല അവിടുന്നു സമർപ്പിച്ചതു്. നമുക്കുവേണ്ടി സഹിയ്ക്കുവാനിരുന്നതും, രണ്ടു പവിത്രീകരണങ്ങൾ വഴിയായി അലങ്കാരികരൂപത്തിൽ അപ്പോൾതന്നെ താൻ കാണിച്ചതുമായ ക്രൂരമരണത്തിനു് അവിടുന്നു സ്വയം നേരിട്ടു സമർപ്പിച്ചു.

"മനുഷ്യപ്രകൃതി ആവശ്യപ്പെടുന്നവിധത്തിലുള്ള ഒരു ശ്രേഷ്ഠമായ ഒരു ബലി സഭയ്ക്കു പ്രദാനം ചെയ്യുന്നതിനുവേണ്ടിയാണു്" (തെയോസ്) കാൽവരിയും സാഘോഷവുമായ സമർപ്പണം ക്രിസ്തു നിർവ്വഹിച്ചതു്. നാം ബലി സമർപ്പിയ്ക്കണമെന്നു അവിടുന്നു ആഗ്രഹിച്ചു. അവിടുത്തെ ബലിതന്നെ നമുക്കായി നിക്ഷിപ്തമാക്കുകയും ചെയ്തു. തിരുവത്താഴത്തിലെ കർമ്മങ്ങളും വാക്കുകളും പുരോഹിതൻ ദിവ്യപൂജയിൽ ആവർത്തിയ്ക്കുകയും നമ്മുടെ കാഴ്ചകൾ സ്വശരീരരക്തങ്ങളായി ക്രിസ്തു പകർത്തുകയും ചെയ്യുമ്പോൾ നമ്മുടെ രക്ഷയുടെ ബലി ഒരിയ്ക്കൽക്കൂടി സമർപ്പിയ്ക്കപ്പെടുന്നു. ഇത്തവണ അതു നമ്മിൽക്കൂടിയാണു്. ക്രിസ്തു ഒരിയ്ക്കൽ മാത്രമെ മരിച്ചുള്ളു. എന്നാൽ അസംഖ്യം സമർപ്പണങ്ങൾക്കു അവിടുത്തെ ഒരു മരണം മതിയാകും. മാറ്റമില്ലാത്ത വിധത്തിലും ഫലപ്രദമായും അങ്ങു എന്നേയ്ക്കുമായി ഒരിയ്ക്കൽ സ്വയം സമർപ്പിച്ചു. അവിടുത്തെ ആത്മാർപ്പണം നമ്മുടെ പിതാവിനു നാം കാഴ്ചവയ്ക്കുന്നതിനുവേണ്ടി അങ്ങയെത്തന്നെ ഇപ്പോൾ അവിടുന്നു നമുക്കു നൽകുന്നു. നാം വഴിയായി അങ്ങു സ്വയം സമർപ്പിയ്ക്കുന്നു.

ഊട്ടുശാലയിൽവച്ചുള്ള അങ്ങയുടെ ആത്മാർപ്പണം ക്രൂശാരോഹണത്തെ പ്രതീക്ഷിച്ചുകൊണ്ടായിരുന്നു. ദിവ്യബലിയിൽ നാം അങ്ങയെ കാഴ്ചവയ്ക്കുന്ന സമർപ്പണമാകട്ടെ കാൽവരിയിലേയ്ക്കു പ്രത്യാവലോകനം ചെയ്യുന്നു. പക്ഷെ ഈ വ്യത്യാസം അപ്രധാനമാണ്. കാലം വീക്ഷണകോണത്തെ ഭേദപ്പെടുത്തുക മാത്രമെ ചെയ്യുന്നുള്ളു. കുരിശിൽവച്ചു് ക്രിസ്തുവും ദൈവവും തമ്മിൽ സംഭവിച്ച രഹസ്യം– മനുഷ്യവർഗ്ഗത്തോടുള്ള സ്നേഹത്തിന്റെയും ദൈവത്തോടുള്ള സ്വയം വിധേയത്വത്തിന്റെയും സർവ്വോൽകൃഷ്ടമായ ഒരു പ്രവൃത്തി, ദൈവത്തെയും മനുഷ്യനെയും തമ്മിൽ ബന്ധിയ്ക്കുന്ന ശൃംഖലയായി പരിണമിയ്ക്കുന്നതിലുള്ള നിശ്ചയതത്വം– കാലത്തിലാണു സംഭവിച്ചതെങ്കിലും അതിന്റെ ശാശ്വതമായ സാഫല്യശക്തി വഴിയായി അതു കാലത്തെ അതിലംഘിയ്ക്കുകതന്നെ ചെയ്യുന്നു.

അതു നമ്മുടെ അമ്മയായ കന്യകാമറിയത്തോടുകൂടി നാം കാൽവരിയിൽ സന്നിഹിതരായിരുന്നാൽ എന്നപോലെയാണു്.

ക്രിസ്തു മറിയത്തിന്റെ പുത്രനായിരുന്നതിനാൽ അങ്ങനെ ദൈവത്തിനു കാഴ്ചവയ്ക്കുവാൻ അവൾക്കു കഴിഞ്ഞു. നമ്മുടെ ദാനങ്ങളെ അവിടുത്തെ തിരുശ്ശരീരവും രക്തവുമാക്കിത്തീർത്തുകൊണ്ടു തന്നെത്തന്നെ അവിടുന്നു നമുക്കു നൽകുന്നതിനാൽ അങ്ങനെ സമർപ്പിയ്ക്കുവാൻ നമുക്കും സാധിയ്ക്കും. "നമുക്കു" എന്നു പറഞ്ഞാൽ, കാഴ്ചവയ്പിൽ സംബന്ധിയ്ക്കുന്നവർക്കെല്ലാവർക്കും — ജ്ഞാനസ്നാനം സ്വീകരിച്ചവരായി ലോകത്തിലുള്ള സഭയുടെ എല്ലാ അംഗങ്ങൾക്കും — എന്നർത്ഥം. ഇതാണു നമ്മുടെ വലിയ അവകാശം. പ്രത്യേകം അഭിഷിക്തനായ പുരോഹിതനിൽക്കൂടി മാത്രമേ ബലി സമർപ്പിയ്ക്കുവാൻ നമുക്കു സാധിയ്ക്കുകയുള്ളുവെങ്കിലും ജ്ഞാനസ്നാനമുഖ വഴിയായി നമ്മളും പുരോഹിതന്മാരാണ്.

എങ്കിലും വാസ്തവത്തിലുള്ള സമർപ്പണമെവിടെ? ബലിപീഠം ദൈവത്തെ സൂചിപ്പിച്ചിരുന്നതിനാൽ, ബലിവസ്തു പീഠത്തിന്മേൽ വയ്ക്കുന്നതായിരുന്ന പുരാതനകാലത്തെ സമർപ്പണം. ബലിവസ്തുവിന്റെ ജീവൻ ദൈവത്തിനു നൽകിയെന്നു കാണിയ്ക്കുവാനായി, യഹൂദ പുരോഹിതൻ അതിന്റെ രക്തമെടുത്തു പീഠത്തിന്മേൽ തളിച്ചിരുന്നു. ഇപ്രകാരം താൻ അൾത്താരയിൽ എഴുന്നെള്ളി വരുന്നതായ ആ പ്രവൃത്തിയാൽതന്നെ— രണ്ടായിട്ടുള്ള പവിത്രീകരണക്രമത്താൽ തന്നെ - ദിവ്യപൂജയിൽ ക്രിസ്തു സമർപ്പിയ്ക്കപ്പെടുന്നു. ആ പൂജാക്രമത്തിൽ, നമ്മുടെ രക്ഷയ്ക്കുവേണ്ടി കാൽവരിമലയിൽവച്ചു ക്രിസ്തു കൈവരിച്ച മരണം നാം അഭിനയിയ്ക്കുകയും ദൈവത്തിനു സമർപ്പിയ്ക്കുകയും ചെയ്യുന്നു. തുടർന്നുള്ള പ്രാർത്ഥനകൾ പവിത്രീകരണത്തിൽ നടന്ന സംഭവത്തെ വ്യക്തമാക്കുകമാത്രമേ ചെയ്യുന്നുള്ളു.

ഗാഗുൽത്തായിലെ ബലിവസ്തുവിനെയും അങ്ങനെ കുരിശിലെ ബലിയും നാം സമർപ്പിയ്ക്കുന്നുവെന്നുള്ളതാണു ദിവ്യപൂജയിലെ ഹൃദയസ്പർശകവും പ്രധാനവുമായ ലക്ഷണം. അതിഭയങ്കരമായ ഒരവകാശമായി അതു നമുക്കു അനുഭവപ്പെടുന്നു. വാസ്തവത്തിൽ അങ്ങനെയാണതാനും. പക്ഷെ അതിന്റെ ആന്തരികമായ അർത്ഥം ഇനിയും നാം കണ്ടുപിടിച്ചിട്ടില്ല. അതിനു കുറേക്കൂടി ഉള്ളിലേയ്ക്കു കടക്കേണ്ടിയിരിയ്ക്കുന്നു.

### 3. നാം നമ്മളെ ക്രിസ്തുവിനോടുകൂടിയും ക്രിസ്തുവിൽ കൂടിയും സമർപ്പിയ്ക്കുന്നു.

നാം സമർപ്പിച്ച കാഴ്ചദ്രവ്യം നമ്മുടെ ആത്മാർപ്പണത്തെ സൂചിപ്പിയ്ക്കുന്നും "സംവഹിയ്ക്കുക"യും ചെയ്യുവെന്നു ഓർമ്മിയ്ക്കുണം. കാഴ്ച

സാധനം കാൽവരിയിലെ ബലിവസ്തുവായി മാറി. അതു ഇപ്പോൾ നാം ദൈവത്തിനു സമർപ്പിയ്ക്കുന്നു. എന്നാൽ നമ്മുടെ ആത്മാർപ്പണത്തിനു സംഭവിയ്ക്കുന്നതെന്താണു്? നാം ക്രിസ്തുവിനെ കാഴ്ചവയ്ക്കുന്നതു കൊണ്ടു് നമ്മുടെ ആത്മാർപ്പണം ശേഷിച്ചിട്ടുണ്ടെന്നുള്ളതു വാസ്തവമാണു്. ഓരോ കാഴ്ച സമർപ്പണവും ആന്തരികമായ ആത്മാർപ്പണത്തിന്റെ ചിഹ്നമത്രെ. നമ്മുടെ കാഴ്ചദ്രവ്യത്തോടുകൂടിയും കാഴ്ചദ്രവ്യത്തിൽകൂടിയും നമ്മെത്തന്നെ സമർപ്പിച്ചുകൊണ്ടാണു നാം തുടങ്ങിയതു്. തുടർന്നു്, ഇപ്പോൾ ക്രിസ്തുവിനോടുകൂടിയും ക്രിസ്തുവിൽകൂടിയും നമ്മെ സമർപ്പിച്ചുകൊണ്ടിരിയ്ക്കുന്നു. ഇപ്പോൾ നമ്മുടെ ഭക്തിയും സ്നേഹവും "സംവഹിയ്ക്കു"ന്നതു കാൽവരിയിലെ ബലിവസ്തുവാണു്.

അവിടുന്നു നമ്മുടെ ആന്തരികമായ വിധേയത്വം ദൈവത്തിൻ വക്കലെത്തിയ്ക്കുന്നു. എന്നാൽ അതു നമ്മുടെ കാഴ്ചദ്രവ്യം ചെയ്തുപോലെ തന്നെയല്ല. നമ്മുടെ കാഴ്ചകൾ പിന്തിലിരിയ്ക്കുന്നിടത്തോളം കാലം ബലി നമ്മുടെ ആന്തരിക ബലിയുടെ ഒരു പ്രകടനം മാത്രമായിരുന്നു. നമ്മുടെ കാഴ്ചദ്രവ്യം വെറുമൊരു "പദാർത്ഥം" മാത്രമായിരുന്നു. നമ്മുടെ ഭക്തി സൂചിപ്പിയ്ക്കുവാനല്ലാതെ അതിന്റെ ഫലദായകത്വം വർദ്ധിപ്പിയ്ക്കുവാൻ അതിനു കഴിയുമായിരുന്നില്ല. നേരെമറിച്ചു ഇപ്പോളാകട്ടെ, കാൽവരിയിലെ സ്നേഹമേറിയ ബലിവസ്തു തന്നെ നമ്മുടെ ആത്മാർപ്പണത്തെ വഹിയ്ക്കുന്നു. അവിടുന്നു നമ്മുടെ ഭക്തിയുടെ പ്രവൃത്തിരഹിതമായ ഭൗതികലക്ഷ്യം മാത്രമല്ല, നമ്മുടേതിനെക്കാൾ അവർണ്ണനീയമില്ലാത്ത വിധത്തിൽ അമൂല്യമായ അങ്ങയുടെ കുരിശിലെ സ്വയാർപ്പണത്തിന്റെ വിലയാൽ അങ്ങു തന്നെ നമ്മുടെ ആത്മാർപ്പണത്തിന്റെ വാഹകനായിത്തീരുകയും ചെയ്തുകൊണ്ടു് അവിടുന്നു നമ്മുടെ ഭക്തി തന്നോടുതന്നോടുതന്നെ കൂട്ടിച്ചേർക്കുകയും, തന്നോടുതന്നോടുകൂട്ടിച്ചേർത്തുകൊണ്ടു് ഒരു സമർപ്പണമാക്കിത്തീർക്കുകയും ചെയ്യുന്നു. കുരിശിൽവച്ചു നടത്തിയ തന്റെ ആത്മബലിയോടു് ഏകീകരിച്ചുകൊണ്ടു് അതു സ്വർഗ്ഗീയ പിതാവിനു കാഴ്ചവയ്ക്കുന്നു. ഇങ്ങനെ ഔന്നത്യവും രൂപഭേദവും പ്രാപിച്ചു നമ്മുടെ കാഴ്ച "ആസ്വാദ്യമായ സുഗന്ധ"മായി- ദൈവത്തിനു പ്രസാദകരമായി- മുകളിലേയ്ക്കുയരുന്നു. ക്രിസ്തു തന്നെത്തന്നെ നമ്മിൽ സമർപ്പിയ്ക്കുന്നതായിട്ടു്, അതായതു് അങ്ങയുടെ ആത്മാർപ്പണം നമ്മുടെ ആത്മാർപ്പണത്തിൽ കാഴ്ച വയ്ക്കുന്നതായിട്ടു്, അണു് ദൈവം കാണുന്നതു്.

രഹസ്യത്തിന്റെ ഉള്ളറയിൽ ഇപ്പോൾ നാം എത്തിച്ചേർന്നി

രിയ്ക്കുന്നു. ബാഹ്യമായി പ്രകടിപ്പിയ്ക്കുന്ന നമ്മുടെ ആന്തരികബലിയെ ഒരു പാനപാത്രത്തോട് ഉപമിച്ച്, എന്താണു സംഭവിയ്ക്കുന്നതെന്നു ഒരു വിധത്തിൽ മനസ്സിലാക്കാം. ദൃശ്യമായ ബലിവസ്തു അൾത്താരയിൽ വയ്ക്കുമ്പോൾ നമ്മുടെ ഭക്തിയുടെ ആദ്ധ്യാത്മിക പാനപാത്രം ദൈവതിരുമുമ്പിൽ സമർപ്പിയ്ക്കപ്പെടുന്നു. ഒരു സാധാരണവസ്തു കൊണ്ടാണ് ആ പാനപാത്രം നിർമ്മിയ്ക്കപ്പെട്ടിരിയ്ക്കുന്നത്; അതായതു പാപിയായ മനുഷ്യന്റെ അപൂർണ്ണസ്നേഹംകൊണ്ട്. കാഴ്ചദ്രവ്യത്തിനു അതിന്റെ വില വർദ്ധിപ്പിയ്ക്കുവാൻ സാധിയ്ക്കുകയില്ല. തൻമൂലം നമ്മുടെ കാഴ്ച സ്വീകാര്യമായിത്തീരേണമെ എന്ന് വിനയപൂർവ്വം നാം പ്രാർത്ഥിയ്ക്കുന്നു. തൽക്ഷണം രക്ഷകൻ സമാഗമിയ്ക്കുന്നു. പിതൃസന്നിധിയിലുള്ള നമ്മുടെ ദരിദ്രമായ കാഴ്ച തന്റെ അമൂല്യശരീരവും ചോരയുമായി മാറിക്കൊണ്ട്, നമ്മുടെ ഭക്തിയുടെ പാനപാത്രത്തെ കുരിശിൽവച്ചുള്ള അങ്ങയുടെ ഭക്തിയാകുന്ന കനകത്താൽ നിറയ്ക്കുന്നു. അതു അപ്പൊഴും നമ്മുടെ സമർപ്പണമായിത്തന്നെയാണു ഇരിയ്ക്കുന്നതെങ്കിലും കുരിശിന്റെ സ്പർശത്താൽ "നിറയ്ക്കപ്പെട്ടാണു" ദൈവസന്നിധിയിലേയ്ക്കുയരുന്നത്.

കാൽവരിയിലെ ബലിവസ്തു കാഴ്ചവയ്ക്കുവാനുള്ള അവകാശം, അതു എത്രതന്നെ വാസുവവും അത്ഭുതകരവുമായാലും മറ്റൊരുവകാശത്തിന്റെ അടയാളം മാത്രമെയാകുന്നുള്ളുവെന്നു ഇതിൽനിന്നു വിശദമാണ്. നമ്മുടെ കാഴ്ചദ്രവ്യത്തിനുണ്ടാകുന്ന മാറ്റത്തോടുകൂടിത്തന്നെ നടക്കുന്ന ഒരാദ്ധ്യാത്മിക സംഭവത്തിലേയ്ക്കു അതു നമ്മുടെ മനസ്സിനെ ഉന്നയിയ്ക്കേണ്ടിയിരിയ്ക്കുന്നു. നമ്മുടെ കാഴ്ചയെ മഹത്വപ്പെടുത്തുമ്പോൾ നമ്മുടെ ആത്മാർപ്പണത്തെത്തന്നെയാണ് ക്രിസ്തു മഹത്വപ്പെടുത്തുന്നത്. നിത്യപുരോഹിതനായ ക്രിസ്തുവിന്റെ ദിവ്യബലിയിലെ പ്രാർത്ഥനകളിൽ നിന്നു ഇപ്പറഞ്ഞ രണ്ടുമാറ്റങ്ങളും വേണ്ടവിധം വിശദമാകുന്നുണ്ട്. "ഓ ദൈവമെ, ഞങ്ങളുടെ മദ്ധ്യസ്ഥനായ ഈശോമിശിഹാ ഈ കാഴ്ചകൾ നിനക്കു സ്വീകാര്യമാക്കിത്തീർക്കട്ടെ. തന്നോടു ചേർത്തുകൊണ്ട് ഞങ്ങളെയും അങ്ങേയ്ക്കു പ്രസാദകരങ്ങളായ കാഴ്ചകളായി അവിടുന്നു സമർപ്പിയ്ക്കട്ടെ" (പരിശുദ്ധത്രിത്വത്തിന്റെ തിരുനാളിനുള്ള പ്രാർത്ഥനകളും കാണുക.)

### 4. നമ്മുടെ സമർപ്പണം വഴിയായി ക്രിസ്തുവിന്റെ ബലിയുടെ ഫലം നാം സ്വായത്തമാക്കുന്നു.

നമ്മുടെ സമർപ്പണം ക്രിസ്തുവിന്റെ ബലിയായി രൂപാന്തരപ്പെട്ടില്ലെങ്കിൽ അതിനെന്തുവിലയാണുള്ളത്? മറ്റു ഏതു സ്നേഹപ്ര

കരണത്തിന്റെയും ആത്മവിധേയത്വത്തിന്റെയും ഫലം മാത്രം അതിനുമുണ്ടായിരിക്കും. നമ്മുടെ കാഴ്ചവയ്ക്കലിലല്ല, അവ സൂചിപ്പിക്കുന്ന ആന്തരികമായ ആത്മാർപ്പണത്തിലാണ് മാഹാത്മ്യം സ്ഥിതി ചെയ്യുന്നത്. ക്രിസ്തുവിന്റെ രക്ഷാകരബലിയുടെ സ്വാധീനശക്തി വഴിയായി ദിവ്യമായ പ്രസാദവരം നാം കൈക്കൊണ്ടിരിക്കുന്നതിനാൽ നമ്മുടെ ആന്തരികവൃത്തി തന്നെ ദൈവത്തിനു ഇഷ്ടകരവും പുണ്യയോഗ്യതയുള്ളതുമാകുന്നു. ഇങ്ങനെ, പ്രകൃത്യതീതമായ ഫലത്തിന്റെയും യോഗ്യതയുടെയുമെല്ലാം ഉത്ഭവസ്ഥാനമായ കുരിശിൽ നിന്നും അതിന്റെ ഫലം നാം സ്വീകരിക്കുന്നു. നമ്മിൽ പ്രവർത്തിക്കുന്ന ക്രിസ്തുവിന്റെ പ്രസാദവരം വഴിയായി നമ്മുടെ "പാനപാത്ര"ത്തിന്റെ (നമ്മുടെ പ്രവൃത്തികളുടെ) ലോഹം വ്യത്യസ്തമാക്കപ്പെട്ടിരിക്കുന്നുവെന്നു, മുകളിൽ കൊടുത്തിട്ടുള്ള ഉപമയെ ആധാരമാക്കി നമുക്കു പറയാവുന്നതാണ്.

നമ്മുടെ കർത്താവു തന്റെ ബലിയുടെ അമൂല്യസമ്പത്തിൽ നമ്മെ കൂടുതൽ സമൃദ്ധമായ വിധത്തിൽ ഭാഗഭാക്കുകളാക്കുവാൻ ആഗ്രഹിക്കുന്നു. ഇക്കാരണത്താലത്രേ, നാം തന്നെ അർപ്പിക്കുന്നതിനു വേണ്ടി ബലിയെ അവിടുന്നു നമ്മുടെ കരങ്ങളിൽ ഏല്പിക്കുന്നത്. നാം ബലി അർപ്പിക്കുമ്പോൾ അവിടുന്നു നമ്മുടെ ആത്മാർപ്പണത്തെ അവിടുത്തേതിനോടു യോജിപ്പിക്കുന്നു; കുരിശിലെ കനകം നമ്മുടെ പാനപാത്രത്തിൽ അവിടുന്നു പകരുന്നു.

ഇങ്ങനെ, ക്രിസ്തുവിന്റെ യോഗ്യതകൊണ്ടു സംപൂർണ്ണമായിത്തീർന്നിരിക്കുന്ന നമ്മുടെ സമർപ്പണത്തിന്റെ യോഗ്യത എന്താണു? അതു മുമ്പുള്ളതിനെക്കാൾ അനുപമമായ വിധത്തിൽ വർധിച്ചതും അമൂല്യവുമാകുന്നു; അനന്തമാകുന്നില്ല എന്നു മാത്രമേയുള്ളു. അതേ യമായ ബലി കുരിശിലേതുമാത്രമാണ്. അതിനാൽ എണ്ണമറ്റ സമർപ്പണങ്ങൾകൊണ്ടു അതു തീർന്നുപോകുന്നില്ല. കുർബാന ചിലർ വിചാരിക്കുന്നതുപോലെ നമുക്കുവേണ്ടി (ക്രിസ്തു) സ്വയം പുനരർപ്പിക്കുന്നതായിരുന്നെങ്കിൽ ഓരോ അർപ്പണവും അനന്തമാകുമായിരുന്നു; എന്നാൽ കുർബാന അഭിനവവും സ്വകീയവുമത്രേ. ക്രിസ്തുവിന്റെ കുരിശിലെ ആത്മാർപ്പണം അവസാനത്തേതായിരുന്നു; ഉന്നാകട്ടെ അവിടുത്തെ അർപ്പിക്കുന്നതു് തിരുസ്സഭയാകുന്നു. തിരുസ്സഭ കുരിശിലെ അമൂല്യനിധി അനുഭവിക്കുന്നതിനുവേണ്ടി, ക്രിസ്തു അവൾ വഴിയായി സ്വയം അർപ്പിക്കുന്നു. അവൾ, തന്റെ കഴിവിന്റെ തോതനുസരിച്ചാണു ആ സമ്പത്തു സ്വായത്തമാക്കുന്നതു്; അവളുടെ സ്നേഹത്തിന്റെ ആധിക്യംകൊണ്ടും വിധേയത്വത്തിന്റെ ആത്മാർത്ഥതകൊണ്ടും,

അതായതു, ബലി അപ്പിക്കുമ്പോഴുള്ള അവളുടെ ഒരുക്കങ്ങൾകൊണ്ടാണു ഈ കഴിവു അളക്കപ്പെടുന്നതു്. ഇവയാകുന്നു, ക്രിസ്തു, തന്റെ കനകം പകർന്നരുന്ന പാനപാത്രം. തിരുസ്സഭയുടെ സ്നേഹമനോഭാവവും ഭക്തിയും എത്ര അധികമാകുന്നുവോ, അത്രയും ക്ലൃപ്ത ലായി ബലിയുടെ യോഗ്യത വർദ്ധിക്കുന്നു. എന്റെ പ്രസാദവരവും ഭക്തിയും എത്ര ക്ലൃപ്തതലാകുന്നുവോ, അത്രയും ക്ലൃപ്തതലായി ഓരോ പൂജയുടെയും യോഗ്യതയിൽ ഞാൻ ഭാഗഭാക്കാകുന്നു *

ഈ യോഗ്യത അടങ്ങിയിരിക്കുന്നതു എന്തിലാണ്? നമ്മുടെ അപ്പണം ക്രിസ്തുവിനോടു യോജിപ്പിക്കപ്പെട്ടിരിക്കുന്നതിനാൽ, നമ്മുടെ പരിമിതമായ സാദ്ധ്യതയെ അതിലംഘിക്കുന്ന ഒരു ശക്തി വിശേഷത്താൽ നമ്മുടെ അർച്ചനത്തിന്റെ ഉദ്ദേശ്യങ്ങളെ നാം പ്രാപിക്കുന്നു. ആദ്യമായി ദൈവത്തോടുള്ള കടപ്പാടു നാം നിറവേറുന്നു. അവിടുത്തെ അമേയമായ മഹത്വത്തിനു യോജിച്ച ആരാധനയും ദിവ്യമായ ഔദാര്യത്തിനു തക്ക കൃതജ്ഞതയും നാം നൽകുന്നു. അപ്പോൾ ദൈവത്തിന്റെ പ്രീതിയും സ്നേഹവും നാം സമ്പാദിക്കുന്നു. നമ്മുടെ പ്രാർത്ഥന ക്രിസ്തുവിന്റെ മദ്ധ്യസ്ഥാപേക്ഷയോടു ചേർന്നുകൊണ്ടു പാപത്തിനും അതിന്റെ അനന്തരഫലങ്ങൾക്കും പൊറുതി ലഭിച്ചുതരുന്നു. നമ്മുടെ വിനീതയാചനകൾ ക്രിസ്തുവിന്റെ യാചനകളോടു ചേർന്നുകൊണ്ടു നമ്മുടെ ആവശ്യങ്ങളിലും കഷ്ടതകളിലും വിശിഷ്യ ലോകരക്ഷാകർമ്മത്തിലും ദൈവസഹായം ലഭിച്ചുതരുന്നു.

ദിവ്യബലി ലോകത്തെ ആകമാനം ഉദ്ദീപിപ്പിക്കുന്നു. ശക്തി സംഭരിച്ചു നാനാഭാഗങ്ങളിലേയ്ക്കും പ്രവഹിപ്പിക്കുന്ന ഒരു കേന്ദ്രസ്ഥാനമെന്നോണം ബലി അതിന്റെ അദ്ഭുതരംഗങ്ങളെ എല്ലായിടത്തും പ്രസരിപ്പിക്കുന്നു. ഓരോ ബലിക്കും സ്വർഗ്ഗത്തിലും ശുദ്ധീകരണസ്ഥലത്തിലും ഭൂമിയിലും ശക്തിമത്തായ ഒരു പ്രതിധ്വനിയുണ്ടു്. അതിന്റെ ഫലത്തെ നമ്മുടെ ആവശ്യങ്ങൾക്കുവേണ്ടിയും, നമ്മുടെ സ്നേഹിതന്മാർക്കുവേണ്ടിയും ഉദിതപൂരിതരും ആകാംക്ഷാഭരി

---

* ദിവ്യബലി ക്രിസ്തുവിന്റെ ആത്മാർപ്പണം മാത്രമായിരുന്നുവെങ്കിൽ നമ്മുടെ സമർപ്പണം വെറും യാദൃശ്ചികം മാത്രമാകുമായിരുന്നു. അതു ബലിയ്ക്കു യാതൊരു വ്യത്യാസവും വരുത്തുകയുമില്ലായിരുന്നു. എന്നാൽ നമ്മിൽക്കൂടിയുള്ള ക്രിസ്തുവിന്റെ അർപ്പണമാകുന്നു ബലി. തിരുസ്സഭയുടെ സമർപ്പണം ബലിയുടെ ആന്തരിക ഘടകമാകുന്നു. തന്മൂലം അതു ഓരോ ബലിയർപ്പണത്തെ സംബന്ധിച്ചിടത്തോളം അതിന്റെ യോഗ്യതയ്ക്കു ഒരു പരിമിതി നൽകുന്നുണ്ടു്.

തരുമായ മനുഷ്യർക്കെല്ലാവർക്കുംവേണ്ടിയും ഉപയോഗപ്പെടുത്താവുന്നതാണ്. അതു നമ്മുടെ ഏറ്റവും വലിയ ശക്തിയും നമുക്കനുഷ്ഠിക്കുവാൻ കഴിവുള്ള ഏറ്റവും ഫലപ്രദമായ പ്രവർത്തനവുമാകുന്നു.

## പുനസ്സമാഹരണം.

ഈ ഭാഗം ബലിയുടെ സാരാംശമാകയാൽ ഇതിന്റെ ശരിയായ അർത്ഥം നാം ഗ്രഹിച്ചിരിക്കേണ്ടതാണ്. ഇതു നല്ലവണ്ണം മനസ്സിലാക്കുന്നതിനു കാഴ്ചവയ്പു മുതൽ ആരംഭിക്കേണ്ടിയിരിക്കുന്നു. ഏതുബലിക്കും രണ്ടു കാഴ്ചകൾ ആവശ്യമാണെന്നു നാം കാഴ്ചവയ്പിൽ കണ്ടുകഴിഞ്ഞു: ഒന്നു ബാഹ്യമായതു, അഥവാ വസ്തുപരമായതു: നമ്മുടെ കാഴ്ചദ്രവ്യങ്ങൾ; മറ്റതു ആന്തരികമായതു, അഥവാ ആദ്ധ്യാത്മികമായതു: നമ്മുടെ ആത്മാർപ്പണം. രണ്ടാമത്തേതു ആദ്യത്തേതിനാൽ സൂചിപ്പിക്കപ്പെട്ടിരുന്നു.

പവിത്രീകരണത്തിൽ നമ്മുടെ ഉപഹാരങ്ങൾ കാൽവരിയിലെ ബലിവസ്തുവായി രൂപാന്തരപ്പെടുകയും, അങ്ങനെ നാം കുരിശിലെ ബലി സമർപ്പിക്കുകയും ചെയ്യുന്നു. ക്രിസ്തു സ്വയം നമുക്കു തന്നരുളുകയും നാം ഛായിയായി സ്വയം അർപ്പിക്കുകയും ചെയ്യുന്നു. നാടകത്തിന്റെ ഈ ഭാഗം ബലിപീഠത്തിൽ അഭിനയിക്കപ്പെടുന്നു: ഇതു നമ്മുടെ ബലിയുടെ ബാഹ്യവും ഭൗതികവുമായ ഒരുവശമാണ്; ഇതു ഒരു ആത്മികസംഭവത്തിന്റെ സാംസ്കാരികവും ഫലപ്രദവുമായ അടയാളമാകുന്നു; ഇതു ക്രിസ്തുവിന്റെ ആത്മസമർപ്പണത്തോടുള്ള നമ്മുടെ ഐക്യത്തിന്റെ ക്രോഡീകരണമാകുന്നു.

ബലി നമ്മാൽ അർപ്പിക്കപ്പെടുന്നതിനാൽ നമ്മുടെ കാഴ്ചകൾക്കുപകരം സ്വയം സമർപ്പിച്ച ക്രിസ്തുവിനോടുകൂടിയും ക്രിസ്തുവഴിയായും നാം നമ്മെത്തന്നെ അർപ്പിക്കുന്നു. ഈ പ്രവൃത്തിയിൽ ക്രിസ്തുതന്റെ ആത്മാർപ്പണത്തെ നമ്മുടേതിനോടു യോജിപ്പിക്കുന്നു. ബലിയുടെ ആന്തരികവും ആദ്ധ്യാത്മികവുമായ വശം, അഥവാ, അതിന്റെ ഏറ്റവും ആന്തരികമായ അർത്ഥം, ഇതാകുന്നു.

ദിവ്യബലി സാംസ്കാരികമായ ഒരു നാടകമാകുന്നു. അതിന്റെ സൂക്ഷ്മമായ അർത്ഥം, അതിന്റെ ആന്തരികവും ആദ്ധ്യാത്മികവുമായ അർത്ഥമാകുന്നു; എന്നാൽ ഇതിനെ പ്രതിനിധീകരിക്കുകയും സൂചിപ്പിക്കുകയും അർത്ഥവത്താക്കുകയും ചെയ്യുന്നതു ബലിപീഠത്തിൽ അഭിനയിക്കപ്പെടുന്ന ബാഹ്യമായ നാടകമാണ്. ആദ്ധ്യാത്മികവും ഭൗതികവുമായ വശങ്ങൾ തമ്മിലുള്ള വ്യത്യാസം തന്നെ ദിവ്യകാരു

ണ്യത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലുമുണ്ടെന്നു നാം ധരിച്ചിരുന്നാൽ ആ വ്യത്യാസത്തിൽ ആശ്ചര്യത്തിനു വകയുണ്ടാകുകയില്ല.

അപ്പത്തിന്റെ രൂപത്തിലുള്ള നമ്മുടെ കർത്താവിന്റെ സാന്നിധ്യം അത്ഭുതാവഹവും, അതിൽ തന്നെ ആശ്വാസകരവും, സാഹായകവും അയ ഒരു സത്യമാകുന്നു. എന്നാൽ, അതുതന്നെയല്ല അതിന്റെ അന്ത്യം, പ്രയുക്ത, ആദ്ധ്യാത്മികമായ ഒരു ഫലം നമ്മുടെ ആത്മാവുകളിൽ ഉളവാക്കുന്നതിനുവേണ്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ള ഒരു മാർഗ്ഗമാകുന്നു അത്. എന്തുകൊണ്ടെന്നാൽ ദിവ്യകാരുണ്യം ഒരു ക്രിയാശയല്ലാതെ മറെറന്താണു? ദൃശ്യമായ അടയാളത്തിന്റെയും പരമമായ ആത്മികഫലപ്രാപ്തിയുടെയുമിടയ്ക്ക് മറെറാരു ഫലം ക്രിയുണ്ടെന്നുള്ളതു മാത്രമാണു ഇതര ക്രിയാശകളെ അപേക്ഷിച്ചു സാംസ്കാരിക ഘടനയിൽ ഇതിനുള്ള വ്യത്യാസം. ഇടയ്ക്കുള്ള ഈ സത്യം ക്രിയാശാവചനങ്ങളുടെ ഉടനടിയുള്ള ഫലമാകുന്നുവെങ്കിലും പിന്നീടുള്ള ഒരു ഫലോദയത്തിന്റെ അടയാളവും കാരണവുമാകുന്നു. അതു നമ്മുടെ ആത്മാവിൽ ഇഷ്ടപ്രസാദത്തെ ഉൽപാദിപ്പിക്കുന്നു. അതു ഒരേ സമയം ഫലവും അടയാളവുമാകുന്നു.

ക്രിസ്തുവിന്റെ വെറും സാന്നിധ്യം (അതായതു അവിടുത്തെ ശാരീരിക സാന്നിധ്യം) കൊണ്ടുമാത്രം ദിവ്യകാരുണ്യസാന്നിധ്യത്തിന്റെ അർത്ഥം പൂർണ്ണമാകുന്നില്ല. അതിന്റെ അമൂല്യമായ ഗുണം ആദ്ധ്യാത്മികമായ അർത്ഥം: ക്രിസ്തുവിന്റെ ശക്തിയുടെ സാന്നിധ്യവും നമ്മെ വിശുദ്ധരാക്കുന്നതിനുള്ള ആഗ്രഹവും ആകുന്നു. നമ്മുടെ മേൽ പ്രവർത്തിക്കുന്നതിനും അവിടുത്തെ ജീവൻ നമ്മിലേയ്ക്കു പകരുന്നതിനുമായി അവിടുന്നു സന്നിഹിതനായിരിക്കുന്നു. യഥാർത്ഥസാന്നിധ്യം, സ്വീയമായ മഹത്വത്താലും മനോഹാരിതയാലും, ഒരു വിധത്തിൽ (ദൃശ്യമായ അടയാളം വഴിയായി) ദൃശ്യമായിരിക്കുന്നതിനാലും, നമ്മെ ഹഠാദാകർഷിക്കുന്നു. എന്നാൽ നമ്മുടെ രക്ഷകന്റെ ആത്മികസാന്നിധ്യത്തെയും പ്രവർത്തനത്തെയും പറ്റിയുള്ള ചിന്തയിലേക്കു അതു നമ്മുടെ മനസ്സിനെ ഉയർത്തണം. സന്നിഹിതനായിരിക്കുന്ന ക്രിസ്തുവിനോടുള്ള ഭക്തി ബുദ്ധിപൂർവ്വകമാണെങ്കിൽ കർമ്മനിരതനായ ക്രിസ്തുവിനെപ്പറ്റിയുള്ള ബോധം അതു നമ്മിൽ പോഷിപ്പിക്കേ തന്നെ വേണം. യഥാർത്ഥസാന്നിധ്യം, നമ്മിലുള്ള ക്രിസ്തുവിന്റെ ജീവിതത്തിന്റെ മഹത്തായ ക്രിയാശയാകുന്നു. അവിടുന്നു മനുഷ്യവർഗ്ഗത്തിന്റെ ജീവദായകമായ കേന്ദ്രസ്ഥാനവും പ്രകൃതീതജീവിതത്തിന്റെയെല്ലാം സ്രോതസ്സുമാണെന്നുള്ള വസ്തുത അതു നമ്മെ സദാ അനുസ്മരിപ്പിക്കുന്നു.

ദിവ്യകാരുണ്യസ്വീകരണത്തിൽ ക്രിസ്തുവിന്റെ യഥാർത്ഥസാന്നിദ്ധ്യം നമ്മിലേയ്ക്കു പ്രവഹിക്കുന്നു; നാം തിരുവോസ്തി സ്വീകരിച്ചുകഴിയുമ്പോൾ കർത്താവു നമ്മിൽ സന്നിഹിതനാകുന്നു. ശാരീരികമായ ഈ സാന്നിദ്ധ്യം തികച്ചും യഥാർത്ഥവും അത്ഭുതകരവുമാണ്. എന്നാൽ അതു വെറുമൊരു സന്ദർശനമല്ല; അതിനായി മാത്രമുദ്ദേശിക്കപ്പെട്ടിട്ടുള്ളതുമല്ല. അതു ഉൽകൃഷ്ടതരവും ആത്മീകവുമായ ഒന്നിന്റെ കാരണവും അടയാളവുമാകുന്നു: ഈ ക്ഷണികവഴിയായി ക്രിസ്തുവിനാൽ ഉൽഭൂതമാക്കപ്പെട്ടതോ ദൃഢീകരിക്കപ്പെട്ടതോ ആയ നമ്മിലുള്ള പരിശുദ്ധ ത്രിത്വത്തിന്റെ സാന്നിദ്ധ്യത്തെയും ദൈവത്തോടുള്ള നമ്മുടെ ആത്മാക്കളുടെ ഐക്യത്തെയും അതു വ്യഞ്ജിപ്പിക്കുന്നു. അവിടുത്തെ ശാരീരിക സാന്നിദ്ധ്യത്താൽ അവിടുന്നു പ്രദർശിപ്പിക്കുന്ന ഉൽകൃഷ്ടമായ താഴ്മ നമ്മെ ഛായാകാംക്ഷിക്കുന്നു. എന്നാൽ അതു സൂചിപ്പിക്കുകയും ഉളവാക്കുകയും ചെയ്യുന്ന ആത്മിക ഐക്യം എത്രയോ കൂടുതൽ ഉൽകൃഷ്ടമായിരിക്കുന്നു! ആദ്യത്തേതു അസ്സാധുവായി ദിവ്യകാരുണ്യസ്വീകരണം നടത്തുന്നവരിലും (ജ്ഞാനസ്നാനപ്പെടാത്തവർ) അയോഗ്യമായി ദിവ്യകാരുണ്യസ്വീകരണം നടത്തുന്നവരിലും (പാപികൾ) കാണപ്പെടുന്നതാണ്.

യഥാർത്ഥസാന്നിദ്ധ്യത്തിൽ (സക്രാരിയിലോ നമ്മിലോ) അടങ്ങിയിരിക്കുന്ന ചില സത്യങ്ങൾ യഥാർത്ഥസമർപ്പണത്തിന്റെ കാര്യത്തിലും ശരിയാകുന്നു. അർപ്പിതവസ്തുവിന്റെ രൂപാന്തരം, അതായതു നമ്മുടെ കാഴ്ചകൾക്കു പകരമുള്ള കാൽവരിയിലെ ബലിവസ്തുവിന്റെ സമർപ്പണം, അതിൽതന്നെ അത്ഭുതാവഹമായ ഒരു പ്രത്യേകാനുഗ്രഹമാകുന്നു. എന്നാൽ ഇതിലുമുപരിയായ ഒരു സൂച്യാർത്ഥം അഥവാ ആത്മികഫലം അതിനുണ്ട്. ക്രിസ്തുവിന്റെ ആത്മാർപ്പണവും നമ്മുടെ ആത്മാർപ്പണവുമായുള്ള അത്ഭുതാവഹവും നിഗൂഢവുമായ (അതായതു, യഥാർത്ഥവും എന്നാൽ അതിസ്വാഭാവികവുമായ) ഒരു ഐക്യം അതിനുണ്ട്. യഥാർത്ഥസാന്നിദ്ധ്യത്തെപ്പോലെതന്നെ യഥാർത്ഥസമർപ്പണവും ഒരേസമയംതന്നെ ഫലവും അടയാളവും ആകുന്നു. അതു നമ്മുടെ കാഴ്ചകൾക്കുണ്ടാകുന്ന വസ്തുഭേദത്തിന്റെ ഉടനടിയുള്ള ഫലവും നമ്മുടെ ആത്മാർപ്പണോന്നമനത്തിന്റെ ഫലവത്തായ അടയാളവുമാകുന്നു.

ഇങ്ങനെ ദിവ്യപൂജയുടെ യഥാർത്ഥമായ അർത്ഥം ക്രിസ്തുവിന്റെ ബലിയുമായുള്ള നമ്മുടെ ബലിയുടെ അവർണ്ണ്യമായ ഐക്യമാകുന്നു. നമ്മുടെ ഉപഹാരങ്ങൾ കാൽവരിയിലെ ബലിവസ്തുവായി രൂപാന്തരപ്പെട്ടുകൊണ്ടു ഈ ഐക്യത്തെ വ്യഞ്ജിപ്പിക്കുകയും സമർപ്പണ

മാക്കുകയും ചെയ്യുന്നു. ദൈവത്തോടുള്ള ആത്മവിധേയത്വാനുഷ്ഠാനത്തിൽ, ക്രിസ്തു ആത്മികവും അതിസ്വാഭാവികവുമായ വിധത്തിൽ തന്റെ അംഗങ്ങളോടും ഐക്യപ്പെടുന്നുവെന്നുള്ളതാണു ബലിയുടെ യഥാർത്ഥമായ നിഗൂഢസത്യം.

ആകയാൽ ദിവ്യബലിയുടെ സാക്ഷാത്തായ ഉദ്ദേശ്യം നമുക്കു പകരം ക്രിസ്തുവിനെ സമർപ്പിക്കുകയല്ല, അങ്ങേയോടുകൂടെയും അങ്ങു വഴിയായും നമ്മെത്തന്നെ അർപ്പിക്കുകയാകുന്നു. കുരിശിൽ നമുക്കു വേണ്ടി ക്രിസ്തു ഏകനായി ബലി അർപ്പിച്ചു; * ഇപ്പോഴാകട്ടെ, നാം നമ്മെത്തന്നെ അവിടുത്തോടുകൂടി അർപ്പിക്കുന്നതിനുവേണ്ടി അവിടുന്നു നാം വഴിയായി സ്വയം അർപ്പിക്കുന്നു. അവിടുന്നു തന്റെ ഭൗമികജീവിതംതന്നെ ഒരു ബലിയാക്കിത്തീർത്തു; ഇപ്പോൾ അവിടുത്തെ അംഗങ്ങൾ അതേകൃത്യംതന്നെ അനുഷ്ഠിക്കുന്നതിനു അവിടുന്നാഗ്രഹിക്കുന്നു, അഥവാ, അവിടുന്നു തന്റെ അംഗങ്ങളിൽ ജീവിക്കുന്നതിനാൽ, അവരെ സ്നേഹിക്കുന്നതിനും അവരിൽ അർപ്പിക്കുന്നതിനും വാഞ്ഛിക്കുന്നു. അങ്ങനെ ക്രിസ്തുമതം മുഴുവനും "നമ്മുടെ പുരോഹിതശ്രേഷ്ഠൻ വഴിയായി ദൈവത്തിനു സമർപ്പിതമായ ഒരു സാവ്വലൗകികയജ്ഞ"മായിരിക്കും. (വി. ആഗുസ്തീനോസ്) സ്വയം അർപ്പിക്കുന്നതിനായി നമ്മെ പ്രേരിപ്പിക്കുന്നതിനും അർപ്പണത്തിന്റെയും ആത്മവിധേയത്വത്തിന്റെയും മനോഭാവം നമ്മിൽ അങ്കുരിപ്പിക്കുന്നതിനുമാണു ദിവ്യബലി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്; എന്തുകൊണ്ടെന്നാൽ ക്രിസ്തുവിന്റെയും സഭ മുഴുവന്റെയും ദൃഷ്ടാന്തത്തെ അതു നമ്മുടെ മുമ്പിൽ കൊണ്ടുവരികയും നമ്മുടെ സമർപ്പണത്തെ ക്രിസ്തുവിന്റേതിനോടു യോജിപ്പിച്ചുകൊണ്ടു ഉൽകൃഷ്ടമായ ഒരു ഫലപ്രാപ്തിയിലേയ്ക്കുയർത്തുമെന്നു നമുക്കുറപ്പു നൽകുകയും ചെയ്യുന്നു. വി. ആഗുസ്തീനോസിന്റെ വാക്കുകളിൽ പറഞ്ഞാൽ, "അനുദിനബലി വഴിയായി ക്രിസ്തുവിന്റെ ശരീരമായ തിരുസ്സഭ, ശിരസ്സായ ക്രിസ്തുവിൽക്കൂടി സ്വയം അർപ്പിക്കുന്നതിനു പരിശീലിക്കുന്നു."

ദിവ്യബലിയുടെ നാടകാനുസൃതമായ പുരോഗമനം വഴിയായി ഈ മതതത്വം വളരെ ഭംഗിയാംവണ്ണം വിശദീകരിക്കപ്പെടുന്നു. പവിത്രീകരണത്തിനു കാഴ്ചവയ്പു കൂടിയേകഴിയൂ; ദിവ്യബലി സ്വർഗ്ഗത്തിൽനിന്നു വീഴുന്ന ഒരു കാഴ്ചദ്രവ്യമല്ല; ഒരു രൂപാന്തരീക

---

* മാനവകുലത്തെ പ്രതിനിധീകരിച്ചുകൊണ്ടു അവിടെ സന്നിഹിതയായിരുന്ന നമ്മുടെ നാഥയെ ഒഴിച്ചാൽ, അവിടുന്നു ഏകനായിട്ടാണു ആ കർമ്മമനുഷ്ഠിച്ചതു.

രണത്തിന്റെ ഫലോദയമാകുന്നു. കാഴ്ചകൾ കൊണ്ടുവന്നുകൊണ്ടും സ്നേഹത്തിന്റെയും ആത്മവിധേയത്വത്തിന്റെയും ഒരു പ്രത്യക്ഷ ചടങ്ങെന്നവണ്ണം ദൈവത്തെ സമീപിച്ചുകൊണ്ടും വേണം നാം ആരംഭിക്കുവാൻ. അപ്പോൾ ക്രിസ്തു നമ്മുടെ ഉപഹാരങ്ങൾക്കു പകരം സ്വയം സമർപ്പിച്ചുകൊണ്ടും അവിടുത്തെ ആത്മവിധേയത്വത്തെ നമ്മുടേതിനോടു യോജിപ്പിച്ചുകൊണ്ടും ആഗതനാകുന്നു. കാൽവരിയിലെ ബലിവസ്തു ബലിപീഠത്തിൽ അർപ്പിതനാകുന്നു; എന്നാൽ നമ്മുടെ ഉപഹാരങ്ങളുടെ രൂപത്തിൽ മാത്രമേ അവിടുന്നു അർപ്പിക്കപ്പെടുന്നുള്ളു. നമ്മുടെ ബലിയാണെ ഇതെന്നുള്ള വസ്തുത ഇതു നമ്മെ അനുസ്മരിപ്പിക്കുകയും, സമർപ്പണകർമ്മത്തിൽ, ക്രിസ്തുവുമായുള്ള നമ്മുടെ ഐക്യത്തെ വ്യഞ്ജിപ്പിക്കുകയും ചെയ്യുന്നു.

## നാം എന്തുചെയ്യണം.

കാഴ്ചവയ്പു മുഖ്യമായി നമ്മുടെ പ്രവൃത്തി ആയിരുന്നു. ഇപ്പോൾ പ്രധാന പ്രവർത്തകൻ ക്രിസ്തുവത്രേ. യാഗചൈതന്യത്തോടുകൂടി നമ്മുടെ തലവനോടു ഐക്യപ്പെട്ടുകൊണ്ടു അത്ഭുതാവഹമായ സംഭവവികാസത്തെ ധ്യാനിക്കുന്നതിലാണു നമ്മുടെ പ്രവർത്തനം പ്രധാനമായി അടങ്ങിയിരിക്കുന്നതു്.

നമ്മുടെ ആത്മാവിനെ ആവരണം ചെയ്യേണ്ട അന്തരീക്ഷമേതാണെന്നു പ്രാർത്ഥനകളിൽനിന്നും മനസ്സിലാകുന്നതാണു്; നമ്മെ സൃഷ്ടിച്ചതിനെയും, വിശിഷ്യ, അവിടുത്തെ സ്നേഹബന്ധം നമ്മിൽ ദൃഢതരമാക്കിത്തീർത്ത ക്രിസ്തുവഴിയായി നമ്മെ രക്ഷിച്ചതിനെയും പ്രതി ദൈവത്തോടു പ്രദർശിപ്പിക്കേണ്ട കൃതജ്ഞതാപൂർവ്വകമായ സ്നേഹമത്രേ അതു്. അതു കാഴ്ചവയ്പിൽ നിക്ഷിപ്തമായിരിക്കുന്ന ആശയത്തിന്റെ ഒരു തുടർച്ച മാത്രമാണു്; (നമ്മുടെ അർപ്പണം ദൈവത്തിന്റെ സ്നേഹബന്ധത്തെ പ്രതീക്ഷിക്കുന്നു.) പവിത്രീകരണത്തിലേയ്ക്കു അതു നമ്മുടെ മനസ്സിനെ ആകർഷിക്കുകയും ചെയ്യുന്നു.

നമ്മുടെ പ്രവർത്തനമെല്ലാം, നടന്നുകൊണ്ടിരിക്കുന്ന മഹാത്ഭുതത്തിലേയ്ക്കു കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു— (1) കുരിശിൽ ഉയർത്തപ്പെട്ട അവിടുന്നതന്നെയാണല്ലോ ഇവിടെയും സന്നിഹിതനായിരിക്കുന്നതെന്നോർക്കുമ്പോൾ വിശ്വാസവും അത്ഭുതവും ഭക്തിയും നമുക്കുണ്ടാകുന്നു. നമ്മുടെ കർത്താവിന്റെ അനല്പമായ പീഡാനുഭവത്തെപ്പറ്റിയും നമ്മുടെ രക്ഷയ്ക്കുവേണ്ടി അവിടുന്നു ഏറ്റെടുത്ത സഹനങ്ങളെപ്പറ്റിയും ചിന്തിക്കുക. (2) ആകയാൽ പരിശുദ്ധ മറിയം

കാൽവരിയിൽവച്ചു സമർപ്പിച്ചതുപോലെ അങ്ങയെ സ്വർഗ്ഗീയപിതാവിനു സമർപ്പിക്കുക. ക്രിസ്തുവിനെ സമർപ്പിക്കുകയെന്നതു ക്രിസ്തീയമായ ഒരു അവകാശമാണ്. എന്നാൽ അർപ്പകൻ അർപ്പിതവസ്തുവിൽ നിന്നും വിഭിന്നനല്ല എന്ന എല്ലായ്പോഴും ഓർത്തിരിക്കണം. നമ്മുടെ നാഥ ചെയ്തതും ഇതുതന്നെയാണ്. അവളുടെ അഗാധമായ ഭക്തിയെയും, ദൈവസ്തുതിക്കും അവിടുത്തെ തിരുവിഷ്ടം നിറവേറുന്നതിനും ലോകരക്ഷയ്ക്കുംവേണ്ടി അവൾ പ്രദർശിപ്പിച്ച വിരോചിതമായ ധൈര്യത്തെയും, ആത്മപരിത്യാഗത്തെയും, നല്ലവണ്ണം മനസ്സിലാക്കുക. ഈ ഉദ്ദേശ്യത്തോടുകൂടിത്തന്നെ നിങ്ങളുടെ അപ്പണത്തെയും ക്രിസ്തുവിന്റെയും മറിയത്തിന്റെയും അപ്പണങ്ങളോടു യോജിപ്പിക്കുക. (3) "സ്മരണയുടെ പ്രാർത്ഥനകൾ" അപ്പണത്തിന്റെ ഒരു തുടർച്ച മാത്രമാണ്: ലോകം മുഴുവനും ക്രിസ്തുവിന്റെ ബലിയിൽ പങ്കെടുക്കുന്നതിനു നാം ആഗ്രഹിക്കുന്നു. എല്ലാ മനുഷ്യർക്കുംവേണ്ടി അവിടുന്നു മരണം കൈവരിച്ചു എന്നുള്ള ഓർമ്മ, നമ്മുടെ ആത്മാവുകളെ സുദൃഢമായ അപ്പൊസ്തോലികചൈതന്യത്തോടുകൂടിയതാക്കണം. (കാനോനായിൽ അജ്ഞാനികളുടെ കാര്യം സൂചിപ്പിച്ചിട്ടില്ല; എന്നാൽ ആദ്യത്തെ "സ്മരണ"യിൽ അവർ ഉൾപ്പെടുന്നുണ്ട്: തിരുസ്സഭയുടെ ഏകതാവും പരിപുഷ്ടിയും വിവക്ഷിക്കപ്പെടുന്നു.) നമ്മുടെ തനതാവശ്യങ്ങൾ വലുതായാലും ചെറുതായാലും അവസാനത്തിൽ മാത്രമേ പരിഗണിക്കപ്പെടാവൂ.

ഭക്താത്മാക്കൾ സ്വന്തം ആവശ്യങ്ങളിലും കഷ്ടതകളിലും മാത്രം ശ്രദ്ധചെലുത്തുക സാധാരണ കണ്ടുവരാറുള്ള ഒരു വിപത്താണ്. അതിനാൽ ഈ പ്രാർത്ഥനകളുടെ അർത്ഥസമ്പൂർണമായ ഗുണം അതു ആത്മാവിനെ വികസിപ്പിക്കുകയും "കത്തോലികം" അഥവാ സാർവ്വലൗകികം ആക്കിത്തീർക്കുകയും ചെയ്യുന്നു എന്നുള്ളതാണ്. സുപ്രസിദ്ധ ഹിന്ദുമതപ്രസംഗകനായ സ്വാമിവിവേകാനന്ദൻ 1893-ൽ ചിക്കാഗോനഗരത്തിൽ നടക്കുന്ന സർവ്വമതസമ്മേളനത്തിൽ പങ്കെടുത്തപ്പോൾ അവിടെ കൂടിയിരുന്ന അനേകായിരങ്ങളുടെ മുമ്പാകെ ഹിന്ദുമതത്തെപ്പറ്റി പ്രസംഗിച്ചു. അതിനുശേഷം അദ്ദേഹത്തെ, അന്നൊരു വിദ്യാർത്ഥിനിയായിരുന്ന ഒരു അമേരിക്കൻവനിത കണ്ടുമുട്ടുകയുണ്ടായി. സ്വാമി രാവിലെ കുളിക്കുന്ന അവസരത്തിൽ സർവ്വജീവജാലങ്ങൾക്കും ദൈവാനുഗ്രഹത്തെ നേർന്നുകൊണ്ടു ഗീതാപാഠം ചെയ്യുന്നതായി താൻ കണ്ടുപിടിച്ചു എന്നു ഈയിടെ ആ മഹതി പ്രസ്താവിക്കുകയുണ്ടായി. അവർ തുടരുന്നു: "ഇതെന്നെ ഹഠാദാകർഷിച്ചു, എന്നും ഞാൻ ഉഷഃകാലജപം ചൊല്ലുക പതിവുണ്ടായിരുന്നു; എന്നാൽ എനിക്കുവേണ്ടി ആദ്യം പ്രാർത്ഥിച്ചിട്ടു മാത്രമേ എന്റെ കുടുംബാംഗങ്ങൾക്കുവേണ്ടി ഞാൻ പ്രാർത്ഥിച്ചിരുന്നുള്ളു. മനുഷ്യവർഗ്ഗ

ത്തെ മുഴുവനെയും എന്റെ കുടുംബാംഗങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുന്നതിനോ അവരെ സഭാ എന്റെ മുമ്പിൽ ദശിക്കുന്നതിനോ ഒരിക്കലും എനിക്കിടയായിട്ടില്ല.'' ഈ ''കണ്ടുപിടുത്തം'' അവരുടെ സ്വന്തം മതത്തിൽ അവർക്കുണ്ടായിരുന്ന വിശ്വാസത്തെ തട്ടിയുണർത്തുകതന്നെ ചെയ്തു. അനുദിനദിവ്യപൂജയിൽനിന്നും താൻ ഗ്രഹിച്ചുവച്ചിട്ടുള്ള സാവ്വലൗകികമായ ചൈതന്യംതന്നെ ഒരു ഹിന്ദുവിലും ദശിച്ചതിൽ ഒരു കത്തോലിക്കൻ ആനന്ദിക്കുമായിരുന്നു.

പുരോഹിതൻ ദിവ്യപൂജയ്ക്കൊരുങ്ങുന്നതിനുപയോഗിക്കുന്ന ആകർഷകമായ ഒരു ജപം കുമ്പാനപ്പുസ്തകത്തിലുണ്ട്. (Summe Sacerdos — ഇതു വി. അംബ്രോസിസിന്റെതാണെന്നാണു പഴയ കാലങ്ങളിൽ കരുതപ്പെട്ടിരുന്നതു). ബുധനാഴ്ചത്തെ ഉപയോഗത്തിനായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഭാഗത്തു ഇപ്രകാരം നാം കാണുന്നു: ദരിദ്രന്മാരുടെ കഷ്ടതയെയും — രാഷ്ട്രങ്ങളുടെ ദുരിതങ്ങളെയും — ബന്ധനസ്ഥരുടെ പ്രലാപങ്ങളെയും — അനാഥരുടെ പരിത്യക്താവസ്ഥയെയും — അവശന്മാരുടെ നിസ്സഹായതയെയും — രോഗികളുടെ നിരാശയെയും — വൃദ്ധന്മാരുടെ ക്ഷയോന്മുഖമായ ശക്തിയെയും — യുവാക്കളുടെ വ്യാമോഹങ്ങളെയും — യുവതികളുടെ അതിരുകടന്ന ആഗ്രഹങ്ങളെയും — വിധവകളുടെ കണ്ണുനീരുകളെയും കർത്താവെ അങ്ങേ തിരുമുമ്പിൽ ഇതാ സമർപ്പിച്ചുകൊള്ളുന്നു.



## അങ്കം III.

# സ്വീകരണം.

ഒരു ബലിയുടെ സാരാംശം സമർപ്പണത്തിലാണ അടങ്ങിയിരിക്കുന്നത്. അങ്ങനെ, ദിവ്യപൂജയുടെ അർത്ഥവും മഹത്വവും പവിത്രീകരണത്തിൽ ദൃശ്യമാകുന്നു. എങ്കിലും ബലി അവിടെ നിറുത്തപ്പെടുകയാണെങ്കിൽ അതു അപൂർണ്ണമായിരിക്കും. ഉൾക്കൊള്ളൽ വഴിയായി അതിന്റെ അർത്ഥവും ഫലവും പരിപൂർണ്ണമാക്കപ്പെടുന്നു. ദിവ്യകാരുണ്യസ്വീകരണമില്ലാത്ത കുർബ്ബാനയേ ഇല്ല. കുറഞ്ഞപക്ഷം അപ്പുകനെങ്കിലും താൻ അർപ്പിച്ച ക്രിസ്തുവിന്റെ ശരീരവും രക്തവും ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. ആ സമയം അവിടെ സന്നിഹിതരായിരിക്കുന്നവരെല്ലാം അദ്ദേഹത്തെ അനുകരിക്കുന്നതു നന്നായിരിക്കും.

### ദൈവത്തിനു നമ്മുടെ സമർപ്പണത്തോടുള്ള അനുഭാവം.

ബലിയുടെ ഒരു ഭാഗമാണ ഉൾക്കൊള്ളൽ എന്നു നാം ധരിക്കണം. അതു വിഭിന്നവും സ്വതന്ത്രവുമായ ഒരു കർമ്മമല്ല; ക്രിസ്തുവിനോടുള്ള വെറും ഒരു ഐക്യവുമല്ല. അതു യാജ്ഞികമായ ഒരു വിരുന്നാണ്; ദൈവത്തിനു അർപ്പിതമായ ബലിവസ്തു ആഹരിക്കപ്പെടുന്നു. അതിനാൽ അതു ബലികർമ്മത്തിന്റെ തുടർച്ചയും പര്യവസാനവുമാണ്. ഏതുബലിയെ അതു പൂർത്തീകരിക്കുകയും ഏതിൽനിന്നു അതിന്റെ സംപൂർണ്ണമായ അർത്ഥം അതു സ്വീകരിക്കുകയും ചെയ്യുന്നുവോ, ആ ബലിയിൽതന്നെ അതു അടങ്ങിയിരിക്കുകയും ചെയ്യുന്നു.

ബലിയിൽ ക്രിസ്തുവിനെയും ക്രിസ്തു വഴിയായി നമ്മെത്തന്നെയും നാം സമർപ്പിച്ചുകഴിഞ്ഞു. നമ്മുടെ ഹൃദയങ്ങളിൽനിന്നുത്ഭവിച്ചു, ക്രിസ്തു വഴിയായി സ്വർഗ്ഗത്തിലേയ്ക്കുയരുന്ന ഒരു ചലനമാണതു്. ഉൾക്കൊള്ളൽ വഴിയായി ദൈവം നമ്മുടെ കർമ്മത്തോടു അനുഭാവം പ്രദർശിപ്പിക്കുന്നു. ക്രിസ്തു വഴിയായി ദൈവം നമ്മുടെ ഉപഹാരം സ്വീകരിച്ചശേഷം, ക്രിസ്തുമുഖേന നമ്മോടു യോജിക്കുന്നു. നമ്മുടെ സ്വയം പരിത്യാഗത്തെയും സ്നേഹത്തെയും സംവഹിപ്പിച്ചുകൊണ്ടു ദൈവത്തിനു സമർപ്പിച്ച ആ ബലിവസ്തുവിനെത്തന്നെ ദൈവത്തിനു നമ്മോടുള്ള സ്നേഹത്തിന്റെയും വിധേയത്വത്തിന്റെയും നീർച്ചാലായി

നാം സ്വീകരിക്കുന്നു. ബലിയിൽ ക്രിസ്തുവഴിയായി ദൈവത്തോടു ഐക്യപ്പെടുവാൻ നാം ആഗ്രഹിക്കുന്നു. ഉൾക്കൊള്ളലിലാകട്ടെ ക്രിസ്തുവഴിയായി ദൈവം നമ്മോടു യോജിക്കുന്നു.

കാഴ്ചവസ്തുക്കളായ അപ്പവും വീഞ്ഞും നമുക്കാവശ്യമായിരുന്നു; എന്തുകൊണ്ടെന്നാൽ ഇവ രണ്ടിന്റെയും പവിത്രീകരണത്താൽ ക്രിസ്തുവിന്റെ ക്രൂശുമരണം സൂചിപ്പിക്കപ്പെടുന്നു. നമ്മെ ദൈവത്തോടു യോജിപ്പിക്കുവാൻ ശക്തിയുള്ള ദിവ്യമായ ബലിവസ്തു പവിത്രീകൃതമായ അപ്പത്തിലും വീഞ്ഞിലും അടങ്ങിയിരിക്കുന്നതിനാൽ, ഉൾക്കൊള്ളുമ്പോൾ, ഇവ രണ്ടിൽ ഏതെങ്കിലും ഒന്നിനെ നാം സ്വീകരിച്ചാൽ മതിയാകുന്നതാണ്.

## ക്രിസ്തുവഴിയായി ദൈവത്തോടുള്ള ഐക്യം.

ഈ നിഗൂഢസത്യത്തെക്കുറിച്ചു നാം എന്തെങ്കിലും മനസ്സിലാക്കുന്നതിനു മുമ്പായി, മനുഷ്യന്റെ പരമാന്ത്യം ദൈവവുമായുള്ള ഐക്യമാണെന്നും, സ്വർഗ്ഗത്തിൽ, തന്നോടുള്ള പൂർണ്ണമായ ഐക്യത്തിനു ദൈവം മനുഷ്യനെ ആഹ്വാനം ചെയ്യുന്നുവെന്നും നാം സ്മരിക്കണം. ആ ഐക്യംവഴിയായി ദൈവം അവിടുത്തെ സൃഷ്ടിക്കു കീഴ്ഴ്പ്പെടുകയും, അങ്ങനെ, അവൻ സ്വന്തമാക്കി ആനന്ദിക്കുന്നതിനു തന്നത്താൻ പാത്രമായിത്തീരുകയും ചെയ്യുന്നു. നമ്മുടെ അസ്തിത്വം പ്രദാനം ചെയ്യുന്നതിൽ അനുഷ്ഠിക്കുന്നതുപോലുള്ള വെറുമൊരു കർമ്മമല്ല ഇത്. അവിടുന്നു പിതാവായ അവിടുത്തെത്തന്നെയും പുത്രനെയും പരിശുദ്ധാത്മാവിനെയും നൽകുകയാണു ചെയ്യുന്നത്. ഇപ്രകാരം അവിടുത്തെ സ്വകീയമാക്കുന്നതുമൂലം നാം അവിടുത്തെ ജീവിതത്തിന്റെയും ജ്ഞാനത്തിന്റെയും സ്നേഹത്തിന്റെയും അവാച്യമായ ആനന്ദത്തിന്റെയും പങ്കുകാരാക്കപ്പെടുന്നു. "നിന്റെ നാഥന്റെ ആനന്ദത്തിലേയ്ക്കു നീ പ്രവേശിച്ചാലും." നമ്മുടെ ഭൗമികജീവിതത്തിൽ പ്രസാദവരം വഴിയായി നിത്യജീവന്റെ "പിത്തി"നെ നാം സ്വീകരിക്കുന്നു. പരിശുദ്ധത്രീത്വം നമ്മുടെ ആത്മാവുകളിൽ വാസമുറപ്പിച്ചുകഴിഞ്ഞിരിക്കുന്നു. ഈ ഐക്യംമൂലം നമ്മുടെ പ്രവൃത്തികൾ ഉൽകൃഷ്ടതരങ്ങളായി പരിണമിച്ചിരിക്കുന്നു. അവ നമ്മെ സ്വർഗ്ഗത്തിലേയ്ക്കു നയിക്കുന്നു. അതെ, അവ "ഫലവത്തു"ക്കളായിത്തീർന്നിരിക്കുന്നു. പ്രകൃത്യാനുസൃതമായ നമ്മുടെ ജീവിതത്തിന്റെ മഹത്വീകരണമാണു പ്രസാദവരം. അതിനെ "നവജീവൻ"

അഥവാ "അതിസ്വാഭാവികജീവൻ" എന്നു നാമകരണം ചെയ്യുന്നതു ശരിയായിരിക്കും.

പ്രസാദവരം എല്ലാ മനുഷ്യരിലേയ്ക്കും പ്രവഹിക്കുന്ന ഒരു നീർച്ചാലാണു ക്രിസ്തു. പാപംമൂലം മനുഷ്യവർഗ്ഗം ദിവ്യദാനത്തെ നഷ്ടപ്പെടുത്തി എന്നു നമുക്കറിയാമല്ലോ. അതു സമൃദ്ധരിക്കുന്നതിനു വേണ്ടി ബലിയെ മുഴുവൻ പരിപക്വമാക്കുവാൻ ദൈവം മനുഷ്യരൂപമെടുത്തതാണു ക്രിസ്തു. ആത്മപരിത്യാഗം വഴിയായി അവിടുന്നു പാരത്രിക ജീവിതത്തെ വീണ്ടെടുത്തുകഴിഞ്ഞു. ഇപ്പോൾ അവിടുന്നു ജീവദായകമായ സ്രോതസ്സായി പരിണമിച്ചുകൊണ്ടു തന്റെ ഔദാര്യത്തിനായി ആത്മാക്കളെ അപ്പിക്കുന്നവർക്കു പ്രസാദവരം നൽകിയും, അവരെ പ്രസാദവരത്താൽ ദൈവത്തോടു യോജിപ്പിച്ചും, മനുഷ്യരുടെയിടയിൽ ശ്രഢമായി സേവനമനുഷ്ഠിക്കുന്നു. ദൈവത്തോടു അന്യാദൃശമായ വിധത്തിൽ യോജിച്ചിരിക്കുന്നതിനാൽ പ്രസാദവരം അതിന്റെ പൂർണ്ണതയിൽ അവിടുത്തേയ്ക്കു സ്വാധീനമാണ്. "അവിടുത്തെ പൂർണ്ണതയിൽനിന്നും നാമെല്ലാം സ്വീകരിച്ചിരിക്കുന്നു." തന്റെ അദൃശ്യപ്രവർത്തനത്തിന്റെ ദൃശ്യചിഹ്നങ്ങളായ സംസ്കാരങ്ങൾ വഴിയായി നാം അങ്ങയുടെ സ്വാധീനശക്തിയ്ക്കു വിധേയരാകുന്നു.

ഒരു വൃക്ഷം അതിന്റെ ജീവനെ ശിഖരങ്ങളിലേയ്ക്കു പ്രവഹിപ്പിക്കുന്നതുപോലെ, നമ്മുടെ പാരത്രികജീവിതം ക്രിസ്തുവിന്റെ ജീവിതത്തിന്റെ ഒരു വികാസവിശേഷമത്രേ. "ഞാൻ മുന്തിരിച്ചെടിയും, നിങ്ങൾ ശിഖരങ്ങളുമാകുന്നു." (യോഹന്നാൻ 15.) മുന്തിരിച്ചെടിയിൽക്കൂടി പ്രവഹിക്കുന്ന ജീവൽദ്രാവകത്തോടു പ്രസാദവരത്തെ സാമ്യപ്പെടുത്താം. ഇതു അത്ര ശരിയായ ഒരു ഉപമയല്ല. ഇതിന്റെ യാഥാർത്ഥ്യം കുറെക്കൂടി ഉൽകൃഷ്ടവും മനോഹരവുമാണ്. വി. പൗലോസു വേറൊരുപമയാണുപയോഗിച്ചിട്ടുള്ളതു: ക്രിസ്തു ശിരസ്സും നാം അവയവങ്ങളുമായുള്ള ഒരു ശരീരമായി നാം രൂപാന്തരപ്പെടുന്നു. ക്രിസ്തുവ് ന്റെയും നമ്മുടെയും ജീവിതൈക്യത്തെ വിശദമാക്കുവാനാണു ഈ ഉപമകൾ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. സ്വകീയമായ അർഹതകൊണ്ടു മാത്രമല്ല പ്രാവർത്തികമായ അനുകൂല്യത്താലും നമ്മുടെ ജീവന്റെ കേന്ദ്രമാണു അവിടുന്ന്. ഇക്കാരണത്താൽ പ്രസാദവരത്തോടുകൂടിയ ഒരാത്മാവു അവിടുത്തോടുള്ള സജീവമായ ഐക്യത്തിൽ സ്ഥിതിചെയ്യുന്നു. ക്രിസ്തു കഴിഞ്ഞുപോയ ഒരു സത്തയല്ല; അവിടുന്നു അനന്തവും ജീവദായകവുമായ ഒരു സ്രോതസ്സാണ്. ക്രിസ്ത്യാനിയായിരിക്കണമെങ്കിൽ ഒരുവൻ ക്രിസ്തുവഴിയായി ദൈവ

ത്തെ പ്രാപിക്കുകയും ക്രിസ്തുവിന്റെ ജീവിതത്തിൽ ഭാഗഭാക്കാകയും ചെയ്യേണ്ടിയിരിക്കുന്നു. മുന്തിരിച്ചെടി അതിന്റെ ശിഖരങ്ങളിലെന്നതുപോലെ അവിടുന്നു നമ്മിൽ ജീവിക്കുന്നു.

ദിവ്യകാരുണ്യസ്വീകരണത്തിൽ എന്തു സംഭവിക്കുന്നു? നമ്മുടെ നാഥനും രക്ഷകനുമായ ക്രിസ്തു ദൃശ്യമായപിധത്തിൽ നമ്മോടു യോജിക്കുന്നു. അപ്പത്തിന്റെ രൂപത്തിൽ മാത്രമേ അവിടുന്നു നമുക്കു ദൃശ്യനാകുന്നുള്ളു. നമുക്കു നല്ലവണ്ണം ഗ്രഹിക്കുവാൻ പാടില്ലാത്ത വണ്ണം അതു അത്ഭുതാവഹമായ ഒരു താഴ്മയാണിതു്. പക്ഷെ ഇതു പ്രഥമവും ഏറ്റം പ്രകടിതവുമായ ഒരു അർത്ഥം മാത്രമാണ്. നമ്മുടെ അജ്ഞമായ മനസ്സിനെ അത്ഭുത സ്തബ്ധമാക്കുവാനും ഉൽകൃഷ്ട തരങ്ങളായ കാംക്ഷങ്ങൾ ഗ്രഹിക്കുവാൻ ശക്തമാക്കുവാനും മാത്രമാണു ഇതുദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. ഇതൊരു സംസ്കാരമല്ലേ? അതായതു, ആദ്ധ്യാത്മികമായ ഒരു യാഥാർത്ഥ്യത്തിന്റെ കാരണവും അടയാളവും അല്ലേ?

നമ്മുടെ ഭൗമികജീവിതത്തോടുള്ള സാദൃശ്യം വഴിയായി പാരത്രികജീവിതത്തെ നാം മനസ്സിലാക്കണമെന്നു നമ്മുടെ കർത്താവുദ്ദേശിക്കുന്നു. താൻ നമ്മുടെ ആത്മാവുകളുടെ ആഹാരമാകുന്നുവെന്നു സൂചിപ്പിക്കുന്നതിനുവേണ്ടി അപ്പത്തിന്റെ രൂപത്തിൽ നമ്മിലേയ്ക്കു വരുന്നു. എന്നാൽ ഈ അപ്പം അന്യാദൃശമായ ഒരു ഗുണത്തോടുകൂടിയതാണ്. നമ്മുടെ ശരീരമായി പകരുന്നതും നമുക്കു ജീവൻ നൽകുന്നതുമായ ഭൗതികഭക്ഷ്യപദാർത്ഥത്തെപ്പോലെയല്ല അതു്. സ്വന്തം ജീവനെ നമ്മിലേയ്ക്കു പകർത്തുന്ന സജീവമായ ഭക്ഷണമാണു അവിടുന്നു്. ഇപ്രകാരം ക്രിസ്തു നമ്മെ തന്റെ ജീവിതത്തിന്റെ പങ്കുകാരാക്കുന്നുവെന്നും അവിടുന്നതന്നെയാണു നമ്മുടെ ആത്മാവുകളുടെ ജീവനെന്നും ഈ ദിവ്യഭക്ഷ്യം സൂചിപ്പിക്കുന്നു.

നാം അതു സ്വീകരിക്കുമ്പോൾ അതിന്റെ സൂച്യാർത്ഥം സാക്ഷാൽക്കരിക്കപ്പെടുന്നു. നമ്മുടെ ആത്മാവുകളെ അതു ജീവിപ്പിക്കുന്നു. ദിവ്യകാരുണ്യസ്വീകരണത്തിനു പ്രസാദവരത്തോടുകൂടിയ അവസ്ഥ അത്യന്താപേക്ഷിതമാണ്. ജ്ഞാനസ്നാനത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും ക്രമാശകൾ വഴിയായി നമ്മുടെ കർത്താവു നേരത്തേതന്നെ നമ്മെ തന്റെ ജീവിതത്തിൽ പങ്കുകാരാക്കിയിട്ടുണ്ട്. എന്നാൽ ഇപ്പോഴാകട്ടെ പ്രസാദവരത്തിന്റെയും മറ്റു വരങ്ങളുടെയും പ്രത്യേകമായ വർദ്ധനവിനാൽ ആ ജീവിതത്തെ ദൃഢീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി അവിടുന്നു തന്നെ ആഗതനാകുന്നു. സുവിശേഷത്തിലെ ഒന്നോരണ്ടോ സംഭവവൃത്തനകളെ നാം

അനുസ്മരിക്കുന്നപക്ഷം കർത്താവു എങ്ങനെയാണു നമ്മുടെ ആത്മാവുകളിൽ പ്രവർത്തിക്കുന്നതെന്നു വിശദമാകുന്നതാണ്.

"യേശു കാഫർനാമിൽ പ്രവേശിച്ചപ്പോൾ ഒരു ശതാധിപൻ അദ്ദേഹത്തിന്റെ അടുത്തുവന്നു അപേക്ഷിച്ചുകൊണ്ടു ഇങ്ങനെ പറഞ്ഞു: കർത്താവേ, എന്റെ ഭൃത്യൻ പക്ഷവാതംപിടിച്ചു വീട്ടിൽകിടന്നു വല്ലാതെ കഷ്ടപ്പെടുന്നു. അപ്പോൾ യേശു, "ഞാൻവന്നു അവനെ സുഖപ്പെടുത്താം" എന്നു അയാളോടു അരുളിച്ചെയ്തു. അതിനു ശതാധിപൻ ഇങ്ങനെ പ്രത്യുത്തരം പറഞ്ഞു: കർത്താവെ, അങ്ങു എന്റെ ഭവനത്തിൽ പ്രവേശിക്കുവാൻ ഞാൻ യോഗ്യനല്ല. ആകയാൽ അങ്ങു ഒരു വാക്കുമാത്രം അരുളിച്ചെയ്യുക. എന്റെ ഭൃത്യൻ സുഖംപ്രാപിച്ചുകൊള്ളും. എന്തുകൊണ്ടെന്നാൽ ഞാനും അധികാരത്തിനധീനനായ ഒരു മനുഷ്യനാകുന്നു; എന്റെ കീഴിൽ ഭടന്മാരുണ്ടു; ഒരുവനോടു: പോകുക, എന്നു ഞാൻ പറയുന്നു, അപ്പോൾ അവൻ പോകുന്നു. മറ്റൊരുവനോടു: വരിക എന്നു; അപ്പോൾ അവൻ വരുന്നു; എന്റെ ദാസനോടു: ഇതു ചെയ്യുക എന്നു ഞാൻ പറയുന്നു, അവൻ ചെയ്യുന്നു. യേശു ഇതുകേട്ടു വിസ്മയിച്ചുതന്നെ അനുഗമിച്ചവരോടു പറഞ്ഞു: ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു, ഇസ്രായേലിൽ ഇത്രവലിയ വിശ്വാസം ഞാൻ കണ്ടിട്ടില്ല. അനന്തരം യേശു ശതാധിപനോടു: നീ പൊയ്ക്കൊൾക, നീ വിശ്വസിച്ചതുപോലെ നിനക്കു ഭവിക്കട്ടെ. അതേസമയംതന്നെ ഭൃത്യൻ സുഖംപ്രാപിക്കുകയും ചെയ്തു." (മത്തായി 8.)

"ഒരു വലിയ ജനാവലി അദ്ദേഹത്തിന്റെ പിന്നാലെ ചെന്നു, അദ്ദേഹത്തെ തിക്കിക്കൊണ്ടിരുന്നു. അപ്പോൾ, പന്ത്രണ്ടുവർഷം രക്തസ്രാവപീഡിതയായിരുന്ന ഒരു സ്ത്രീ, അനേകം വൈദ്യന്മാരിൽ നിന്നും വളരെക്ലേശം സഹിക്കുകയും തനിക്കുണ്ടായിരുന്ന സ്വത്തുമെല്ലാം ചെലവാക്കുകയും ചെയ്തിട്ടും ഒട്ടും സുഖം ലഭിക്കാതെ പൂർവ്വാധികം പീഡിതയായിരിക്കയിൽ, യേശുവിനെക്കുറിച്ചുള്ള വർത്തമാനം കേട്ട അവൾജനസമൂഹത്തിനിടയിൽക്കൂടി അവിടുത്തെ പിന്നിൽചെന്നു അവിടുത്തെവസ്ത്രത്തെ സ്പർശിച്ചു. എന്തുകൊണ്ടെന്നാൽ; അവിടുത്തെ വസ്ത്രമെങ്കിലും തൊട്ടാൽമതി, എനിക്കു സുഖം ലഭിക്കുംഎന്നു അവൾ പറഞ്ഞു. ഉടൻ അവളുടെ രക്തസ്രാവം നിലയ്ക്കുകയും ആ വ്യാധിയിൽനിന്നു താൻ സ്വസ്ഥത പ്രാപിച്ചുവെന്നു അവൾക്കു തന്റെ ശരീരത്തിൽ അനുഭവപ്പെടുകയും ചെയ്തു. തൽക്ഷണം യേശു തന്നിൽ നിന്നും നിർഗ്ഗമിച്ച ശക്തിയേപ്പറ്റി സ്വയം അറിഞ്ഞു ജനസഞ്ചയത്തിന്റെ നേരെ തിരിഞ്ഞു: ആരാണു എന്റെ വസ്ത്രത്തെ സ്പർശിച്ചതു? എന്നു ചോദി

ച്ചു. എന്നാൽ ആ സ്ത്രീ തന്നിൽ സംഭവിച്ചതറിഞ്ഞു വിറച്ചുകൊണ്ടു അവിടുത്തെ മുമ്പാകെ വന്നു സാഷ്ടാംഗപ്രണാമം ചെയ്തു. വസ്തുതയെല്ലാം ഉണർത്തിച്ചു. അപ്പോൾ അവിടുന്നു അവളോട്: നിന്റെ വിശ്വാസം നിന്നെ സുഖപ്പെടുത്തി. നീ സമാധാനത്തിൽ പൊയ്ക്കൊള്ളുക; വ്യാധിയൊഴിഞ്ഞു നീ സ്വസ്ഥമായിരിക്കുക എന്നു അരുളിച്ചെയ്തു.'' (മർക്കോസു, 5.)

ക്രിസ്തുവിനു തന്റെ മനസ്സിന്റെ ഒരാജ്ഞകൊണ്ടു മാത്രം അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ സാധിക്കുമെന്നു ശതാധിപൻ അറിഞ്ഞിരുന്നു. ദൈവം തീർച്ചയായും തന്റെ മനസ്സുകൊണ്ടു മാത്രം പ്രവർത്തിക്കുന്നു. ''എന്തുകൊണ്ടെന്നാൽ അവൻ പറയുകയും അവ (യെല്ലാം) ഉണ്ടാക്കപ്പെടുകയും ചെയ്തു.'' (സങ്കീർത്തനം 32). മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധംമൂലം ക്രിസ്തുവിന്റെ മനസ്സു സുതനായ ദൈവത്തിന്റെ തന്നെ മനസ്സായിരിക്കുന്നതിനാൽ കല്പിച്ചാൽ മാത്രം മതിയായിരുന്ന ഫലപ്രാപ്തിയുണ്ടാകുവാൻ. ഈ വസ്തുത ശതാധിപൻ വിശ്വസിച്ചിരുന്നു; അയാളുടെ വിശ്വാസം ഫലവത്താക്കപ്പെടുകയും ചെയ്തു. വചനങ്ങൾ വഴിയോ മറേറതെങ്കിലും അടയാളം വഴിയോ, ആംഗ്യംമുഖേനയോ സ്പർശനത്താലോ, ഏതുവിധത്തിലെങ്കിലും, ആഗ്രഹത്തെ അന്യർക്കു വെളിപ്പെടുത്തുക എന്നുള്ളതു മനുഷ്യരുടെയിടയിൽ സാധാരണമാണല്ലോ. അങ്ങനെ ശതാധിപന്റെ ഭൃത്യനുവേണ്ടിപ്പോലും യേശു വചനങ്ങൾ ഉച്ചരിച്ചു. സുവിശേഷത്തിലെ സ്ത്രീ അതിൽ കൂടുതൽ ആഗ്രഹിച്ചു: യേശുവിന്റെ മേലങ്കിയെങ്കിലും സ്പർശിക്കുവാൻ അവൾ ആഗ്രഹിച്ചു. അതു കേവലം മാനുഷികം മാത്രമായിരുന്നു. അതു അവളുടെ വിശ്വാസത്തെ പ്രകടിപ്പിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്തു. ആ സ്പർശനത്തിനു പകരം യേശു അവളെ സുഖപ്പെടുത്തി. ആ സ്പർശനത്തിനു, അതിൽ തന്നെ പൊരുപ്പിക്കുവാനുള്ള ശക്തിയുണ്ടായിരുന്നില്ല. എന്നാൽ അവളുടെ വിശ്വാസം കണ്ടു, അവളെ സ്വസ്ഥയാക്കുന്നതിനു അനുകമ്പയാൽ അവിടുന്നു പ്രേരിതനായി. ഇവിടെയും മുമ്പത്തേതുപോലെ പ്രാവർത്തികമായ ശക്തിഅവിടുത്തെ ദയാർദ്രമായ മനസ്സുതന്നെയാണു്.

ഈ ശക്തിവിശേഷം ശരീരങ്ങളിലേയ്ക്കുന്നതുപോലെ ആത്മാവുകളിലേയ്ക്കും പ്രവഹിക്കുന്നു. ''നിന്റെ പാപങ്ങൾ നിനോടു ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്നു പറയുന്നതോ, നീ എഴുന്നേറു നടക്കുക എന്നു പറയുന്നതോ ഏതാണു അധികം എളുപ്പം'' (മത്തായി 9, 5.) ദിവ്യകാരുണ്യസ്വീകരണത്തിൽ ദൈവം നമ്മുടെ ആത്മാവുകളുടെമേൽ പ്രവർത്തിക്കുന്നു. അവിടുത്തെ വെറും സഹവാസം പവി

ത്രീകരണയോഗ്യമാണെന്നല്ല വിവക്ഷ. യഥാർത്ഥത്തിൽ, നമ്മുടെ ആത്മാവിനെ സ്പർശിക്കുവാൻ നമുക്കു കഴിയുന്നതിനെക്കാൾ ക്രൂശതലായി അവിടുത്തെ സ്പർശിക്കുവാൻ നമുക്കു കഴിയുന്നില്ല. (ശരീരം വായുവിലെന്നതിനേക്കാൾ ആത്മാവു ശരീരത്തിൽ എന്നതുപോലെയാണു അവിടുത്തെ സാന്നിദ്ധ്യം എന്നു നാം ഓർക്കണം.) പ്രവർത്തിക്കുന്നതിനു നമ്മോടു ക്രൂശതൽ അടുത്തിരിക്കേണ്ട ആവശ്യവും അവിടുത്തേയ്ക്കില്ല. അതുകൊണ്ടാണു ശതാധിപന്റെ മനോഹരങ്ങളായ ഈ വാക്കുകളെ നാം ആവർത്തിക്കുന്നതു: "കർത്താവേ, ഞാൻ യോഗ്യനല്ല." ഇവ വിനയത്തിന്റെ എന്നതിനേക്കാൾ വിശ്വാസത്തിന്റെ വചനങ്ങളാണ്. പക്ഷെ നാം അവിടുത്തെ പ്രവൃത്തിക്കു അടയാളം ആവശ്യപ്പെടുന്നു; നാം വചനത്തേക്കാൾ ക്രിയെ പ്രതീക്ഷിക്കുന്നു; നമ്മുടെ വിശ്വാസത്തെയും ധൈര്യത്തെയും വർദ്ധിപ്പിക്കുന്നതിന്, അവിടുത്തെ അദൃശ്യമായ പ്രവൃത്തിയെപ്പറ്റി പരിപൂർണ്ണബോധ്യം വരുന്നതിന്, ആ സ്ത്രീയേപ്പോലെ സ്പർശ്യമായ ഒന്നിനെ നാം ആവശ്യപ്പെടുന്നു. ദിവ്യകാരുണ്യഭക്ഷണം അതിനൊരടയാളമാണ്. ഇതുവഴിയായി വെറുമൊരു സ്പർശനം മാത്രമല്ല അവിടുത്തെ ശാരീരികവും ആരാധ്യവുമായ സാന്നിദ്ധ്യമാണു നമ്മിലുണ്ടാകുന്നതു്. ഇതിലും ശക്തവും വിശ്വാസജന്യവുമായ വേറൊരു അടയാളം കണ്ടുപിടിക്കുന്നതിനു അവിടുത്തെ സ്നേഹത്തിനു കഴിഞ്ഞില്ല. പവിത്രീകരണശക്തമായ അവിടുത്തെ മനസ്സിനെ ഇതുവഴിയായി നമ്മിലേയ്ക്കു അവിടുന്നു പ്രവഹിപ്പിക്കുകയും അതിനെ നമ്മുടെമേൽ പ്രയോഗിക്കുകയും ചെയ്യുന്നു. നമുക്കുവേണ്ടി കുരിശിൽ മരിച്ച പരിശുദ്ധ മനുഷ്യനായ അവിടുന്നു നമ്മുടെ പവിത്രീകരണത്തിനുള്ള ഒരുപാധിയായിത്തീരുന്നു. അവിടുന്നു നമ്മിൽ പ്രവർത്തിക്കുന്നുണ്ടെന്നു നമുക്കറിയാം—നിർജ്ജീവമായ ഒരു ശക്തിയല്ല, സ്നേഹത്താൽ ജ്വലിക്കുന്ന ഒരു ഹൃദയമാണു പ്രവർത്തിക്കുന്നതു്.

ദൈവം നമ്മിൽ നിവസിക്കുന്നതു ആത്മാവിനോടുള്ള ഉൽകൃഷ്ടതമമായ ആത്മസംയോജനവും വിശ്വസിക്കുവാൻപോലും വഹിയാത്ത അവിടുത്തെ ആത്മവിധേയത്വവുമാണ്. നമുക്കു പ്രസാദവരം പ്രദാനംചെയ്യുകൊണ്ടു, ക്രിസ്തു പരിശുദ്ധത്രിത്വത്തോടു നമ്മെ ഐക്യപ്പെടുത്തുന്നു. അവിടുത്തെ പരിശുദ്ധമായ മനുഷ്യത്വം വഴിയായി തന്റെ ദൈവത്വത്തിനു നാം പങ്കുകാരായിത്തീരുന്നു. പുത്രൻ വഴിയായി പിതാവിനോടും പരിശുദ്ധാത്മാവിനോടും നാം യോജിക്കുകയും അവരുടെ നിത്യജീവന്റെ മഹത്വത്തിൽ ഓഹരിക്കാരാകുകയും ചെയ്യുന്നു. ഇപ്രകാരം ആത്മാവിന്റെ ഭൂർന്നിവാരമായ ആകാം

ക്ഷയെ അതിന്റെ സാക്ഷാൽ പ്രാപ്യസ്ഥാനത്തേയ്ക്കു അവിടുന്നു നയിക്കുന്നു. സ്വർഗ്ഗത്തെപ്പറ്റിയുള്ള ഒരു പ്രതീക്ഷ അതിനു പ്രദാനം ചെയ്യുന്നു. ദിവ്യകാരുണ്യസ്വീകരണത്തിൽ നമ്മുടെ ദിവ്യജീവിതത്തെ; അതെ, അപരിമേയശക്തിയുമായുള്ള നമ്മുടെ സായൂജ്യത്തെ, അതു ദൃഢീകരിക്കുന്നു. അഗ്നി ഒരു ഇരുമ്പുകഷണത്തിലേയ്ക്കു കടന്നു വ്യാപിക്കുന്നതുപോലെ ദൈവത്തെ അവിടുന്നു ആത്മാവിന്റെ സാരാംശത്തിലേയ്ക്കും ശക്തികളിലേയ്ക്കും അഗാധമായി പ്രവേശിപ്പിക്കുന്നു.

അതിസ്വാഭാവികജീവിതത്തിന്റെ ദാർഢ്യമാകുന്നു സ്നേഹതീക്ഷ്ണത. അതുകൊണ്ടാണു പ്രസാദവരത്തെ വർദ്ധിപ്പിക്കുന്നതിനും പുറമേ, ഈ സംസ്കാരത്തിനു, അതിനു പ്രത്യേകമായുള്ള ഒരു ഫലമെന്നോണം, സ്നേഹത്തെയോ തീക്ഷ്ണതയെയോ ഉൽപാദിപ്പിക്കേണ്ടിയിരിക്കുന്നതു്. അതു ദൈവാഭീഷ്ടത്തെ ഹൃദയപൂർവ്വമായും ആനന്ദത്തോടുകൂടിയും സ്വീകരിക്കുന്നതിനു ആത്മാവിനെ ശക്തമാക്കുന്ന സ്നേഹത്തെ ഉജ്ജ്വലിപ്പിക്കുന്നു. പാപത്തിൽനിന്നു അതു നമ്മെ അകറ്റുകയും വിദ്വേഷം, ശത്രുത, സ്വാർത്ഥത, എന്നീ തിന്മകളെ നമ്മിൽനിന്നും ഉന്മൂലനം ചെയ്യുകയും, പരിശുദ്ധങ്ങളായ ആഗ്രഹങ്ങളാലും ഉദാരങ്ങളായ ആകാംക്ഷകളാലും നമ്മെ നിറയ്ക്കുകയും ചെയ്യുന്നു. ദിവ്യകാരുണ്യമുൾക്കൊള്ളുമ്പോൾ നാം പ്രഥമതഃ അഭിലഷിക്കേണ്ട ഫലമാണു് ഇതാകുന്നു. ശരിയായ ഒരുക്കമുണ്ടെങ്കിൽ മാത്രമേ ഇതു നമുക്കു പ്രാപിക്കുവാൻ സാധിക്കുകയുള്ളൂ, ആത്മികമായ ഈ തീക്ഷ്ണത അഥവാ സാക്ഷാത്തായ സ്നേഹം വികാരങ്ങൾക്കനുഭവേദ്യമായിത്തീരണമെന്നില്ല എന്നുള്ള വാസ്തവം നാം ഓർത്തിരുന്നാൽ നിരാശക്കിടയാകുകയില്ല. ക്ഷീണംകൊണ്ടും മറ്റുവല കാരണങ്ങൾകൊണ്ടും നാം ഉണർവ്വില്ലാത്തവരായിരിക്കുവാൻ ഇടയുണ്ടു്. ഉൾക്കൊള്ളൽ വഴിയായി സമുൽഭൂതമാകുന്ന തീക്ഷ്ണത, മുഖ്യമായി ആന്തരികശക്തിവിശേഷങ്ങളിലാണു സ്ഥിതിചെയ്യുന്നതു്. ദൈവം ഏറ്റവും വലിയ നന്മയാകുന്നുവെന്നബോധത്തോടും അറിവോടുംകൂടി അവിടുത്തെ സമാശ്രയിക്കുന്നതിലാകുന്നു അതു അടങ്ങിയിരിയ്ക്കുന്നതു്. ഭക്തിവഴിയായി അതു പ്രത്യക്ഷപ്പെടുന്നു. സ്വയം ദൈവസേവനത്തിനായി അർപ്പിക്കുന്നതിനുള്ള "മനസ്സിന്റെ സന്നദ്ധത" എന്നു വി. തോമസു ഭക്തിയെ അഭ്യുപഗമം ചെയ്യുന്നു. അതുപോലെയും ശാരീരികാസ്വസ്ഥതയുടെയുമിടയ്ക്കു നമ്മുടെ മനസ്സു സർവ്വാത്മനാ ദൈവാഭീഷ്ടത്തോടു ഒത്തു ചേരുന്നു. ഇതത്രേ സ്നേഹത്തിന്റെ സാരം. ദിവ്യകാരുണ്യസ്വീകരണം സ്നേഹപ്രകരണങ്ങളെ ഉൽഭൂതമാക്കുകയും അവവഴിയായി ഇതര ഫലങ്ങളെ ഉളവാക്കുകയും ചെയ്യുന്നു. അവ

ആത്മികാനന്ദം, ലഘുപാപങ്ങളുടെയും താല്ക്കാലിക ശിക്ഷകളുടെയും മോചനം, ജഡികവികാരങ്ങളുടെ നിയന്ത്രണം, വിഷമതകളിൽ ധൈര്യം, ഭാവിയിൽ ചെയ്യേക്കാവുന്ന പാപങ്ങളിൽനിന്നുമുള്ള ഒഴിഞ്ഞു നിൽക്കൽ, സാഹോദര്യൈക്യം മുതലായവയാണ്.

ക്രിസ്തുവിന്റെ ശാരീരികസാന്നിദ്ധ്യം നമ്മിൽ ഇല്ലാതായിത്തീരുമ്പോഴും നാം അവിടുത്തോട് യോജിച്ചുതന്നെയിരിക്കുന്നു; അവിടുത്തെ ദൈവത്വത്തോട് മാത്രമല്ല, മനുഷ്യത്വത്തോടും നാം യോജിച്ചിരിക്കുന്നു. സൂര്യൻ അതേപടി ഒരു മുറിയിൽ ഉണ്ടായിരിക്കുന്നില്ലെങ്കിലും അതിൽനിന്നു പുറപ്പെടുന്ന കിരണങ്ങളും ചൂടും അവിടെയുണ്ടെങ്കിൽ, സൂര്യൻ മുറിയിലുണ്ട് എന്നു നാം പറയുന്നു. ഒരു വൃക്ഷം സദാ അതിന്റെ ജീവനെ ശിഖരങ്ങളിലേയ്ക്കു വ്യാപിപ്പിക്കുന്നതിനാൽ, അവയിൽ ജീവിക്കുന്നു എന്നു നാം പറയുന്നു. ഉപ്രകാരംതന്നെ മനുഷ്യനായ ക്രിസ്തു ഇടവിടാതെ നമ്മിൽ ജീവിക്കുകയും അവിടുത്തെ അനുഗ്രഹത്തിന്റെ അദൃശ്യരശ്മികളാൽ ജീവനെയും പ്രകാശത്തെയും ശക്തിയെയും നമ്മുടെ ആത്മാവുകളിൽ ചൊരിയുകയും ചെയ്യുന്നു. "നിങ്ങൾ എന്നിൽ വസിക്കുവിൻ; ഞാൻ നിങ്ങളിൽ (വസിക്കും). ശാഖ മുന്തിരിവള്ളിയിൽ നിൽക്കാതിരുന്നാൽ അതിനു സ്വയം ഫലം നൽകുവാൻ സാധിക്കാതിരിക്കുന്നതുപോലെ എന്നിൽ വസിക്കാതിരുന്നാൽ നിങ്ങൾക്കും സാധിക്കുകയില്ല." (യോഹന്നാൻ 15.) പാപത്തിനു മാത്രമേ ദൈവത്തിൽ നിന്നും ക്രിസ്തുവിൽനിന്നും നമ്മെ അകറ്റുവാൻ സാധിക്കുകയുള്ളു. നാം സ്വായത്തമാക്കിയ ക്രിസ്തുവിന്റെയും പരിശുദ്ധ ത്രിത്വത്തിന്റെയും വിലതീരാത്ത ജീവനെ പാപം നിർമ്മാജ്ജനം ചെയ്യുന്നുവെങ്കിലും രക്ഷകനായുള്ള നമ്മുടെ ബന്ധത്തെയാകെ അതു ശിഥിലമാക്കുന്നില്ല. സദാകാരുണ്യനിധിയായ അവിടുന്നു അനുഗ്രഹദാനങ്ങൾ വഴിയായി ആത്മാവിനെ അതു നഷ്ടപ്പെടുത്തിയ സ്ഥാനത്തേയ്ക്കു ആനയിക്കുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

## ക്രിസ്തുവുമായുള്ള രൂപാന്തരം.

നവജീവൻ എന്ന വച്ചാൽ അഭിനവമായ ഒരു വീക്ഷണം അഥവാ പ്രവർത്തനം എന്നർത്ഥമാകുന്നു. ആത്മാവിലേയ്ക്കുള്ള പ്രസാദവരത്തിന്റെ പ്രവാഹം പരിവർത്തനപരമായ ഒരു സംഭവമാണ്. ക്രിസ്തു നമ്മിലേയ്ക്കു അവിടുത്തെ ജീവനെ വികസിപ്പിക്കുമ്പോൾ നമ്മിലുള്ള "പഴയ മനുഷ്യ"നെ — നമ്മുടെ പ്രവൃത്തികളെ ഭരിച്ചിരുന്ന

സ്വാർത്ഥതയെ — നമ്മിൽ ഇല്ലാതാക്കുന്നതിനും അവിടത്തെ ആദർശ മനുസരിച്ചു നമ്മുടെ ജീവിതത്തെ പിണ്ടും ക്രമവൽക്കരിക്കുന്നതിനും ആഗ്രഹിക്കുന്നു. "തിന്മയുടെ ആഗ്രഹങ്ങളെ അനുകരിച്ചു വഷളായിത്തീർന്നിരിക്കുന്ന പഴയമനുഷ്യനെ ഉരിഞ്ഞുകളയുകയും, നീതിയിലും സത്യത്തിന്റെ പരിശുദ്ധിയിലും ദൈവത്തെ അനുകരിച്ചു സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിക്കുകയും ചെയ്യുവിൻ. നാഥനായ യേശുക്രിസ്തുവിനെ ധരിക്കുവിൻ" (എഫേ. 4. 24; കൊളോ. 3. 9; റോമാ. 13. 14.)

വെറുമൊരു സാധാരണ മനുഷ്യനെപ്പോലെ ആയിരിക്കുവാൻ ഒരു ക്രിസ്ത്യാനിക്കു സാധിക്കുകയില്ല. അവന്റെ അതിസ്വാഭാവിക ജീവിതത്തിന്റെ ആന്തരിക നിയമം ക്രിസ്തുവിനെ അനുകരിച്ചുള്ളതായിരിക്കണം; എന്തുകൊണ്ടെന്നാൽ പ്രസാദവരം വഴിയായി ക്രിസ്തു അവനിൽ ജീവിക്കുന്നു. ക്രിസ്തുവിന്റെ ജീവിതം ക്രിസ്തുവിനു ചേർന്തായിരിക്കണമല്ലോ. പ്രസാദവരത്തോടുകൂടിയ ഈ ജീവിതം നമ്മുടെ മതപരങ്ങളായ കർമ്മാനുഷ്ഠാനങ്ങളെ മാത്രമല്ല വിവക്ഷിക്കുന്നത്. അഭിനവമായ ഒരു സ്രോതസ്സാൽ നിയന്ത്രിതവും സജീവമാക്കപ്പെട്ടതുമായ നമ്മുടെ അസ്തിത്വം മുഴുവനുമാകുന്നു അത്. നമ്മുടെ സ്വാഭാവിക വീക്ഷണത്തെ വ്യതിചലിപ്പിക്കുന്നതിനായി പ്രസാദവരം വിശ്വാസത്തെ ബുദ്ധിക്കു പ്രദാനം ചെയ്യുന്നു; നമ്മുടെ പ്രവർത്തനം സ്നേഹത്താൽ പ്രചോദിതമാകേണ്ടതിനായി സ്നേഹദീക്ഷ്ണതയെ നമ്മുടെ മനസ്സിൽ ഉളവാക്കുകയും ചെയ്യുന്നു. ദിവ്യമായ ആദർശത്തെ അനുകരിച്ചു നമ്മുടെ ജീവിതത്തെ ക്രമവൽക്കരിക്കുന്നതിനു വേണ്ടി പ്രസാദവരം മുഖേന ക്രിസ്തു നമ്മുടെ ആന്തരികശക്തികളെ സ്വാധീനപ്പെടുത്തുന്നു. നമ്മിൽക്കൂടി പ്രവർത്തിക്കുന്നതിനായി അവിടുന്നു നമ്മിൽ വാസമുറപ്പിക്കുന്നു. ദൈവാലയത്തിൽ മാത്രമല്ല, വീട്ടിലും പഠനമുറിയിലും പണിപ്പുരയിലും. കളിസ്ഥലത്തും സന്ദർശനമുറിയിലും നമ്മെ നയിക്കുവാൻ അവിടുന്നു ആഗ്രഹിക്കുന്നു. നാം ഉണ്ടായിരിക്കുന്നിടത്തോളംകാലം ക്രിസ്ത്യാനികൾ – ക്രിസ്തുവിന്റെ അംഗങ്ങൾ – ക്രിസ്തുവിനെ ധരിക്കുന്നവർ – തന്നെയാകുന്നു. നമ്മിൽക്കൂടി അവിടുന്നു തന്റെ ഭൗമികജീവിതത്തെ തുടർന്നുകൊണ്ടുപോകുന്നു: ക്രിസ്തുവിന്റെ ജീവിതത്തെ സമകാലീനമായ ലോകത്തിൽ നാം പ്രതിനിധീകരിക്കുന്നു; നാം ഓരോരുത്തരും ക്രിസ്തുവാകുന്നു. അതെ, ഇരുപതാം നൂറ്റാണ്ടിലെ ക്രിസ്തു നാമാകുന്നു. പ്രവൃത്തികളിലും വചനങ്ങളിലും നിനവുകളിലും എല്ലാം ക്രിസ്തുവിനെപ്പോലെ ആയിത്തീർന്നാൽമാത്രം നമുക്കു എത്തിച്ചേരുവാൻ കഴിയുന്ന ഒരു ബഹുമതിയും

കത്തവ്യവുമാകുന്ന അതു്, ക്രിസ്തു നമ്മിൽ അവതരിക്കണം. "സ്നേഹത്തിൽ സത്യത്തെ പ്രവർത്തിച്ചുകൊണ്ടു, എല്ലാക്കായ്ങ്ങളിലും ശിരസ്സാകുന്ന അങ്ങിലേയ്ക്കു നാം വളരണം." (എഫേ. 4, 15.)

നമ്മുടെ വ്യക്തിപരമായ പരിപൂർണ്ണതയെ മാത്രം സ്പർശിക്കുന്ന ഒരു കായ്മല്ല ഇതു്. രക്ഷകനെന്ന നിലയിൽ താൻ അനുഷ്ഠിക്കുന്ന പ്രവർത്തനം നമ്മിൽക്കൂടി തുടർന്നുകൊണ്ടുപോകുവാൻ ക്രിസ്തു ആഗ്രഹിക്കുന്നു; പലേ ശതാബ്ദങ്ങൾക്കു മുമ്പു അവിടുന്നു മനുഷ്യരൂപമെടുത്ത അവസരത്തിൽ സമാരംഭിച്ച രക്ഷാകരകൃത്യങ്ങൾക്കായി മനുഷ്യരായ നമ്മെ ഉപയോഗപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. അവതീർണ്ണനായ പവിത്രമനുഷ്യൻ പരിശുദ്ധ ത്രിത്വത്തിന്റെ മഹാപേടകപ്രസംഗകനും ഉപകരണവുമായിരുന്നു. എന്നാൽ ഒരു മനുഷ്യൻ ആയിരുന്നതിനാൽ, ശാരീരികപരിമിതികളോടും അന്യഭൗമികസംഭവമായ മരണത്തോടുംകൂടിയ മനുഷ്യജീവിതത്തിന്റെ പ്രകൃതിനിബന്ധനകൾക്കു വിധേയനാകുവാൻ അവിടുന്നു തിരുമനസ്സായി. അതിനാൽ, ദൃശ്യമായവിധത്തിൽ ലോകത്തിന്റെ ഓരോ ഭാഗത്തും ഓരോ ദശയിലും ഓരോ മനുഷ്യസൃഷ്ടിയോടും ഇടപെട്ടു, തന്റെ ജീവിതം തുടരുന്നതിനോ അഥവാ, താൻ ഒരിക്കൽ സ്വീകരിച്ച ജീവിതത്തിൽനിന്നും വ്യത്യസ്തമായ ഒരു ജീവിതം നയിക്കുന്നതിനോ അവിടുത്തേയ്ക്കു കഴിഞ്ഞില്ല. അവിടുന്നു ഒരു മനുഷ്യനും ഒരു യഹൂദനും ഒരു ആശാരിയുമായിരുന്നു. അതേസമയംതന്നെ ഒരു സ്ത്രീയോ ഒരു ഇൻഡ്യാക്കാരനോ ഇംഗ്ലീഷുകാരനോ ക്രൂടി ആയിരിക്കുന്നതിനു അവിടുത്തേയ്ക്കു സാധിച്ചില്ല. നാം ആകുന്നതു എന്തോ അതായിരിക്കുവാൻ അവിടുത്തേയ്ക്കു പറ്റുകയില്ലായിരുന്നുവെങ്കിലും, അവിടുത്തെ സ്നേഹത്തിന്റെ ആഗ്രഹത്തെ സാധിക്കുന്നതിനായി, ഇതെല്ലാവുമോ നാം പറയുന്ന മറ്റെന്തെങ്കിലുമോ ആകുവാൻ അവിടുന്നു തിരുമനസ്സായിരിക്കുന്നു. വിവിധമാർഗ്ഗങ്ങൾ വഴിയായി തന്റെ പരിശുദ്ധപിതാവിനെ മഹത്വപ്പെടുത്തുന്നതിനും ഓരോ മനുഷ്യനെയും സമീപിക്കുന്നതിനും വേണ്ടിയാണു ഇപ്രകാരം അവിടുന്നു തിരുമനസ്സാകുന്നതു്. നമ്മെ-മുഴുവനായും നമ്മുടെ കഴിവുകളെയും സ്നേഹവികാരങ്ങളെയും മാനുഷികങ്ങളും ആത്മികങ്ങളുമായ ശക്തികളെയും അവിടുത്തേയ്ക്കു സമർപ്പിയ്ക്കുവാൻ നമ്മിലോരോരുത്തരോടും അവിടുന്നു ആവശ്യപ്പെടുന്നു. അങ്ങനെ, അവിടുന്നു ഇവ വഴിയായി സ്വയം വർദ്ധിക്കുന്നതിനും ലോകാവസാനംവരെയും ലോകത്തിന്റെ ഓരോ തുറയിലും പ്രവേശിക്കുന്നതിനും അഭിലഷിക്കുന്നു. ഇനിമേൽ നാം വെറും പുരുഷന്മാരോ സ്ത്രീകളോ അല്ല, പിന്നെയോ, ക്രിസ്തുവിനു സ്വയം നൽകപ്പെട്ടവരും

ക്രിസ്തുവിനാൽ സ്വായത്തമാക്കപ്പെട്ടവരുമാകയാൽ, യഥാർത്ഥത്തിൽ ഇതരക്രിസ്തുമാരായിത്തീർന്നിരിക്കുകയാണ്. നാം എത്രമാത്രം മുരുങ്ങുന്നുവോ അത്രമാത്രം അവിടുന്നു വർദ്ധിക്കുകയും, നമ്മിൽക്കൂടി പ്രവർത്തിക്കുന്നതിനും പ്രകാശിക്കുന്നതിനും ശക്തനായിത്തീരുകയും ചെയ്യുന്നു.

നാം വഴിയായി അവിടുത്തെ ദീപ്തി പ്രകാശിക്കുകയും അവിടുത്തെ മാതൃക നിഗ്രഹിക്കുകയും അവിടുത്തെ ജീവിതം വികസിതമാക്കുകയും വേണം. ആദ്ധ്യാത്മികനവീകരണം സാധിക്കുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള മനുഷ്യവർഗ്ഗത്തിന്റെ ഉറയും ഭൂമിയുടെ ഉപ്പും ലോകത്തിന്റെ വെളിച്ചവുമാകുന്നു നാം. എന്നാൽ "നിങ്ങളുടെ നീതി സദ്ധ്രിമാരുടേതിനെയും പ്രീശന്മാരുടേതിനെയും ഉല്ലംഘിച്ചതല്ലെങ്കിൽ," നാം ക്രിസ്തുവിനെപ്പോലെയുള്ളവരല്ലെങ്കിൽ, എങ്ങിനെ നമ്മുടെ മഹത്തായ ഉദ്ദേശ്യത്തിനനുസരിച്ചു ജീവിക്കുവാൻ നമുക്കു കഴിയും? പ്രകാശിക്കാത്ത ദീപം പറയുടെ കീഴിൽ വയ്ക്കപ്പെട്ടം. ഉറകെട്ടുപോയ ഉപ്പു "പുറത്തെറിയപ്പെടുകയും മനുഷ്യരാൽ ചവിട്ടപ്പെടുകയും ചെയ്യും." (മത്തായി 6.)

ആത്മാവിനെ ക്രിസ്തുവായി രൂപാന്തരപ്പെടുത്തുന്നതിനു, അഥവാ, ക്രിസ്തുവിനെപ്പോലെ ആക്കുന്നതിനു, എല്ലാ പ്രസാദവരത്തിനും കഴിവുണ്ട്. എന്നാൽ ദിവ്യകാരുണ്യസ്വീകരണത്തിന്റെ കാര്യത്തിൽ ഈ വസ്തുത തികച്ചും വാസ്തവമാണ്. ദിവ്യകാരുണ്യഭക്ഷണം മേൽപറഞ്ഞ രൂപാന്തരത്തെ പ്രധാനമായി സൂചിപ്പിക്കുന്നു. (മുകളിൽ കാണുക.) അതിന്റെ പ്രത്യേകമായ ഫലം ആദ്ധ്യാത്മികജീവിതത്തിന്റെ ദൃഢീകരണമാണ്. ആത്മികമഹത്വങ്ങളെയും അതിസ്വാഭാവികയാഥാർത്ഥ്യങ്ങളെയുംപറ്റിയുള്ള പൂർണ്ണമായ ബോധ്യവും, ക്രിസ്തുവിനെപ്പോലെ ചിന്തിക്കുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള മനോഭാവവും സ്നേഹതീക്ഷ്ണതയും, യോജിപ്പിനെയും ഏകീഭാവത്തെയും സമുത്ഭ്രതമാക്കുകയും, പങ്കുവയ്ക്കുന്ന ശീലങ്ങളെയും തഴക്കങ്ങളെയും ഉന്മൂലനം ചെയ്യുകയും ചെയ്യുന്ന ശക്തിയുക്തവും ആനന്ദകരവുമായ സ്നേഹവും, ആത്മികജീവിതത്തിന്റെ ദൃഢീകരണംകൊണ്ടു വിവക്ഷിതമായിരിക്കുന്നു.

## ക്രിസ്തുവിനോടുകൂടിയുള്ള ബലിവസ്തുക്കൾ.

ദിവ്യകാരുണ്യസ്വീകരണം നമ്മെ ക്രിസ്തുവായി രൂപാന്തരപ്പെടുത്തുവാൻ പരിശ്രമിക്കുന്നു. ക്രിസ്തുവിന്റെ ചൈതന്യസാരാംശം

ആത്മവിധേയത്വമാകയാൽ ഉൾക്കൊള്ളൽ പരിത്യാഗത്തിന്റെ ചൈതന്യം നമ്മിൽ പരിപുഷ്ടമാക്കുന്നു. ദിവ്യകാരുണ്യസ്വീകരണം യാജ്ഞികമായ ഒരു വിരുന്നായും ദിവ്യപൂജയുടെ ഒരു അവിച്ഛിന്നഘടകമായും പരിഗണിക്കപ്പെടുമ്പോൾ അതേപ്പറ്റിയുള്ള ഈ ആശയം വെളിവായും സുശക്തമായും സ്ഥാപിക്കപ്പെടുന്നു. മുമ്പിലത്തേ ആശയത്തിൽ ഇതടങ്ങിയിട്ടുണ്ട്.

ദിവ്യകാരുണ്യസ്വീകരണത്തിനു യാജ്ഞികചൈതന്യം അത്യന്താപേക്ഷിതമാണ്. ഉൾക്കൊള്ളൽ സാധിക്കുന്നതിനു വിശുദ്ധപള്ളി അവളുടെ കാഴ്ചകളെ പവിത്രീകരിക്കുകയും, അങ്ങനെ ക്രിസ്തുവിനെയും അവിടുത്തോടൊന്നിച്ചു അവളെത്തന്നെയും സമർപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഇതു താൽക്കാലികമായ ഒരു ബാഹ്യകർമ്മം മാത്രമാണെങ്കിലും, സ്വയം സമർപ്പണത്തെ വിവക്ഷിക്കുകയും, ബലിയുടെ ചൈതന്യത്തിൽ ജീവിച്ചുകൊള്ളാമെന്നുള്ള വാഗ്ദാനത്തെ അടക്കിക്കൊള്ളുകയും ചെയ്യുന്നു. നാം സ്വീകരിച്ച തിരുവോസ്തി നമ്മുടെ ആത്മസമർപ്പണം നിർവ്വഹിച്ചുകഴിഞ്ഞു. ദിവ്യകാരുണ്യസംയോജനമാകട്ടെ ദൈവത്തിനുള്ള നമ്മുടെ ആത്മാർപ്പണത്തെ ദൃഢവൽക്കരിക്കുകയും പരിപൂർണ്ണമാക്കുകയും ചെയ്യുന്നു: അതായതു നമ്മുടെ സമർപ്പണത്തിനു മൂടുപടമിടുന്നു. ഇതു ബലിവസ്തുവിന്റെ ചൈതന്യവുമായുള്ള ഐക്യത്തെ സൂചിപ്പിക്കുന്ന ഒരു ഐക്യവിശേഷമാകുന്നു. നാം അവിടുത്തെ സ്വന്തമായിരിക്കുന്നതിനും അവിടുത്തേയ്ക്കുവേണ്ടി ജീവിക്കുന്നതിനും അവിടുത്തെ തിരുമനസ്സിനുവേണ്ടി സ്വയം പരിത്യജിക്കുന്നതിനുമായുള്ള പരസ്പരവിധേയത്വദ്യോതകമായ ദൈവികൈക്യം തന്നെ ആകുന്നു അത്. (അതാണു ബലിവസ്തുവായിരിക്കുക എന്നതിന്റെ അർത്ഥം: സ്വയം സമർപ്പിതമായിരിക്കുക, പവിത്രീകൃതമായിരിക്കുക, ദൈവത്തിനു വിധേയമായിരിക്കുക.)

നമ്മുടെ തലവനായ ക്രിസ്തു, തന്നോടുകൂടി നാമും നമ്മെത്തന്നെ അർപ്പിക്കുന്നതിനു നമ്മെ പ്രേരിപ്പിച്ചു. ബലിയുടെ ഉദ്ദേശ്യം അതായിരുന്നു. നമ്മെ അവിടുന്നായി രൂപാന്തരപ്പെടുത്തുന്നതിനും അവിടുത്തെ ചൈതന്യം സുദൃഢമായി നമ്മിൽ പകർത്തുന്നതിനും നമ്മുടെ സമർപ്പണം ഫലവത്താക്കിത്തീർക്കുവാൻ നമ്മെ സഹായിക്കുന്നതിനുമായി ഇപ്പോൾ നമ്മിലേയ്ക്കെഴുന്നള്ളിവരുന്നു. ഇതിനു പ്രതികൂലമായി നിൽക്കുന്ന ഏകശക്തി നമ്മുടെ സ്വാർത്ഥതൽപരത മാത്രമാണ്. സുന്ദരതരമായൊരു ജീവിതത്തെ കെട്ടിപ്പടുക്കുന്നതിനുവേണ്ടി ഈ സ്വാർത്ഥതയെ നശിപ്പിക്കുവാൻ അവിടുന്നുദ്ദേശിക്കുന്നു. നമ്മെ കണ്ടെത്തുന്നതിനായി നാം സ്വയം പരിത്യജിക്കണമെന്നും ദിവ്യജീ

വിതം നയിക്കുന്നതിനുവേണ്ടി നമ്മുടെ സ്വാർത്ഥപരമായ ജീവിതത്തെ സംബന്ധിച്ചിടത്തോളം നാം മൃതരായിരിക്കണം എന്നും പഴയ നിയമം നമ്മെ ഉൽബോധിപ്പിക്കുന്നു. മധുരമായ ഒരു ജീവിതം വിലപ്പിടിപ്പില്ലാത്ത ഒന്നായിരിക്കുവാൻ തരമില്ല. നമ്മിലുള്ള ക്രിസ്തുവിന്റെ ജീവിതം സ്വയം വിധേയത്വത്തിന്റെ — ദൈവത്തോടും ക്രിസ്തുവിനോടുമുള്ള സ്വയം വിധേയത്വത്തിന്റെ — ഒരു ജീവിതമാകുന്നു.

## പരസ്പരം അംഗങ്ങൾ.

ദൈവത്തോടും ക്രിസ്തുവിനോടുമുള്ള വിധേയത്വം അവരിൽ മാത്രമല്ല, നമ്മുടെ അയൽക്കാരനിലും ദൃശ്യമാകണം. ഇവ രണ്ടും നമുക്കു വ്യവച്ഛേദിക്കുവാൻ നിവൃത്തിയില്ല. അതിപ്രധാനവും പ്രായോഗികവുമായ ഈ സത്യത്തെ ദിവ്യകാരുണ്യസ്വീകരണം നമ്മെ അനുസ്മരിപ്പിക്കുന്നു. തികച്ചും സ്വന്തമായ പ്രവൃത്തിയോ, ക്രിസ്തുവുമായുള്ള എന്റെ കേവലം വ്യക്തിപരമായ ഒരു ഐക്യമോ അല്ല ദിവ്യകാരുണ്യസ്വീകരണത്തിൽ വിവക്ഷിതമായിരിക്കുന്നത്. ഏകാകിയായി, അകന്നുമാറിയ ഒരു വ്യക്തിയായി ഒരിക്കലും ഒരു കത്തോലിക്കൻ സ്വയം പരിഗണിക്കരുതാത്തതാകുന്നു. ദിവ്യപൂജയുടെ സമയം മുഴുവനും സാമൂഹ്യമായി ചിന്തിക്കുന്നതിനും, പുണ്യവാന്മാരുടെ ഐക്യത്തോട്ട സ്വയം ബന്ധിതരായിരിക്കുന്നുവെന്ന് കരുതുന്നതിനും നാം നിബ്ബന്ധിക്കപ്പെടുന്നു. ദിവ്യകാരുണ്യസ്വീകരണത്തിനുമുണ്ട് സാമൂഹ്യമായ ഒരു വശവും സാമുദായികമായ ഒരു അർത്ഥവ്യാപ്തിയും. എല്ലാവരും ഒരേ ഭക്ഷണത്തിൽതന്നെ പങ്കെടുക്കുന്ന ഒരു വിരുന്നു നിശ്ചയമായും സുഹൃൽബന്ധത്തിന്റെയും യോജിപ്പിന്റെയും ഉത്തമ ലക്ഷ്യമാകുന്നു. ദിവ്യകാരുണ്യസ്വീകരണം ഒരു ബാഹ്യചിഹ്നത്തേക്കാൾ മഹത്തരമാകുന്നു. അതു നമ്മെ ക്രിസ്തുവിനോടു ക്രൂതൽ സൗഹാർദ്ദമായി യോജിപ്പിക്കുന്നതിനാൽ, സന്യായം, അവിടുത്തെ അംഗങ്ങളായ നമ്മുടെ നാഥയോടും, വിശ്വാസന്മാരോടും, നമ്മുടെ സ്നേഹിതന്മാരോടും, ക്രിസ്തുവിൽ ജീവിക്കുന്നവരായ എല്ലാ മനുഷ്യരോടും, പോരാ, നമ്മുടെ ശത്രുക്കളോടുപോലും, നമ്മെ ഐക്യപ്പെടുത്തുന്നു. "നാം മുറിക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ പങ്കുകൊള്ളലും അല്ലയോ? നാമേവരും ഒരേശരീരമാകുന്നു; എന്തുകൊണ്ടെന്നാൽ ആ ഒരേ അപ്പത്തിൽ നിന്നുതന്നെയാകുന്നു നാമെല്ലാവരും സ്വീകരിക്കുന്നത്." (കോറി. 10. 16–17.)

ക്രിസ്തുവിലുള്ള പ്രകൃത്യതിതമായ ജീവിതത്തിന്റെ ഐക്യത്താൽ നാം പരസ്പരം ബന്ധിതരായിത്തീരുന്നു. രക്ഷകന്റെ ശരീരത്താലും രക്തത്താലും സജീവന്മാരാക്കപ്പെട്ടിരിക്കുന്നതിനാൽ ഒരു വിധത്തിൽ നാമെല്ലാം രക്തബന്ധുക്കളും രക്തസഹോദരന്മാരുമത്രേ. *

ഇങ്ങനെ, ക്രിസ്തുവിനു മുമ്പുണ്ടായിരുന്നതിനേക്കാൾ ശക്തിമത്തായ ഒരു നവ്യബന്ധമാണു, ക്രിസ്തുമതത്തിൽ, സ്നേഹം വ്യഞ്ജിപ്പിക്കുന്നതു്. അതിനാൽ, "ഒരു പുതിയ പ്രമാണം ഞാൻ നിങ്ങൾക്കു തരുന്നു, അതായതു, ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ;" അല്ല, പരസ്പരസ്നേഹം ക്രിസ്തീയ ചൈതന്യത്തിന്റെ മാനദണ്ഡം തന്നെ ആക്കപ്പെട്ടിരിക്കുന്നു. "നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ, അതു വഴിയായി, നിങ്ങൾ എന്റെ ശിഷ്യന്മാരാകുന്നുവെന്നു അവർ അറിയും." (യോഹ. 13, 34-35.) ഒരു ക്രിസ്ത്യാനിക്കു ഈ ലോകത്തിലുള്ള പ്രധാനമായ കടമ, സ്നേഹിക്കുക – എല്ലാവരെയും സ്നേഹിക്കുക – തന്നെയാകുന്നുവെന്നു പറയാം. ക്രിസ്തു ഒരു ചരിത്രപുരുഷനെന്ന നിലയിൽ മാത്രമല്ല, തന്റെ ഇന്നുള്ള അംഗങ്ങളുടെയിടയിലും സ്നേഹിക്കപ്പെടുവാൻ ആഗ്രഹിക്കുന്നു! അവർ "കാണപ്പെട്ട ക്രിസ്തുമ"രല്ലേ? ഈ സ്നേഹം ക്രിസ്ത്യാനികളിൽ നിന്നുമാണു ഉൽഭവിക്കുന്നതെങ്കിലും എല്ലാവരിലേയ്ക്കും വ്യാപിക്കേണ്ടിയിരിക്കുന്നു; എന്തുകൊണ്ടെന്നാൽ ക്രിസ്തു എല്ലാവർക്കുംവേണ്ടി മരിച്ചു; എല്ലാവരെയും തന്റെ ജീവിതത്തിൽ പങ്കുകാരാക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു.

## നാം എന്തുചെയ്യണം.

ദിവ്യകാരുണ്യസ്വീകരണം ബലിയുടെ സമാപനമാകയാൽ സന്നിഹിതരായിരിക്കുന്നവർ കഴിയുന്നിടത്തോളം ആ സന്ദർഭത്തിൽ തന്നെ അതിൽ പങ്കെടുക്കണമെന്നാണു ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. ദിവ്യകാരുണ്യസ്വീകരണം മറ്റൊരു സന്ദർഭത്തിലേയ്ക്കു മാറ്റിവയ്ക്കുന്നതിനു തക്ക കാരണങ്ങളുണ്ടായിരിക്കാമെങ്കിലും അതിന്റെ പൂർണ്ണമായ

* ആടവും ഹവ്വായും എല്ലാവരുടെയും പിതാവും മാതാവുമാകയാൽ എല്ലാവരും അവരുടെ സ്വാഭാവികജീവിതത്തിൽ രക്തബന്ധമുള്ളവരാകുന്നു. പക്ഷെ, ഈ ബന്ധം വളരെ യഥാർത്ഥമായിട്ടുള്ളതാണെങ്കിലും കാലപ്പഴക്കത്താൽ അകന്നതും അവ്യക്തവുമായിത്തീർന്നിരിക്കുന്നു. ക്രിസ്തു നമ്മിലേയ്ക്കു പ്രവഹിപ്പിക്കുന്ന അതിസ്വാഭാവികജീവിതത്താൽ അടുത്തതും അഭിനവവുമായ ഒരു ബന്ധം ആണ് ഉൽഭൂതമാകുന്നതു്.

അർത്ഥം മനസ്സിലാക്കുന്നതിനുവേണ്ടി, യാജ്ഞികമായ ഒരു വിരുന്നാണ ദിവ്യകാരുണ്യസ്വീകരണം എന്ന അപ്പോഴും നാമോർക്കേണ്ടതാണ്.

ബലിയുടെ ഇതരഭാഗങ്ങളിലെന്നപോലെതന്നെ ഇവിടെയും നമ്മുടെ പ്രവർത്തനം പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ക്രിയാശകൾ, അവയിൽത്തന്നെ ഫലവത്തുകളാണ് (ex opere operato) എന്നാൽ ദിവ്യകാരുണ്യസ്വീകരണത്താൽ നാമറിയാതെതന്നെ നല്ലവരായിത്തീരുന്നുവെന്ന ഇതിൽനിന്നും അർത്ഥമാകുന്നില്ല! ഈ പ്രകാരമുള്ള ഒരു ധാരണ തീർച്ചയായും നമ്മെ നിരാശയിലേയ്ക്കാനയിക്കും.

ആദ്യമായിത്തന്നെ, നമ്മുടെ ഒരുക്കത്തെ ആശ്രയിച്ചാണ ഫലസിദ്ധിയുണ്ടാകുന്നത്. മറ്റു ക്രിയാശകളെ അപേക്ഷിച്ചു കുർബാനയുടെ കാര്യത്തിൽ ഇതു കൂട്ടുതൽ പരമാർത്ഥവുമാണ്. അതിനാൽ ഉൾക്കൊള്ളലിന്റെ എണ്ണമല്ല യോഗ്യതയാണ കൂട്ടുതൽ കാര്യമായിട്ടുള്ളത്. നമുക്കുതന്നെ പൂർണ്ണമായ ബോധ്യംവന്നശേഷം ദിവ്യകാരുണ്യം സ്വീകരിച്ചെങ്കിൽ മാത്രമേ "ഏതു കൂടെക്കൂടെയോ അതുയും നന്ന" എന്നുള്ള മതം ശരിയായിരിക്കുകയുള്ളു. വെറും ഒരു ദിനചര്യയായി മാത്രമോ സമൂഹമായി ജീവിക്കുന്നതുകൊണ്ടോ വല്ലവരെയും ഇഷ്ടപ്പെടുത്തുവാനായിട്ടോ അപ്രകാരം നാം ചെയ്യരുത്. (വിദ്യാർത്ഥികൾ സമൂഹമായി ജീവിക്കുന്ന സ്ഥാപനങ്ങളിലും മറ്റും അനുദിന ദിവ്യകാരുണ്യസ്വീകരണത്തിൽ നിർബന്ധം വയ്ക്കുന്നതു അനാശാസ്യമായിരിക്കും.)

രണ്ടാമതായി, ധാർമ്മികമായ നന്മയല്ല, പ്രത്യുത, ജീവന്റെയും നന്മയുടെയും ഒരു അഭിനവസ്രോതസ്സായ പ്രസാദവരമാണ നാം സ്വീകരിക്കുന്നത്. ഈ ജീവിതം നാം നയിയ്ക്കുകയും ഈ തത്വം നല്ലവണ്ണം മനസ്സിലാക്കുകയും വേണം. എപ്പോഴും എളുപ്പമാർഗ്ഗം അരായുക എന്നുള്ളതു മനുഷ്യസ്വഭാവമാണ്. ശ്രമംകൂടാതെ സ്വയമേവ ലഭ്യമാകാവുന്ന നന്മ സംസ്കാരങ്ങളിൽനിന്നും പ്രാപിക്കുന്നതിനു, ഈ സ്വഭാവം മനുഷ്യരെ പ്രേരിപ്പിക്കുന്നു. പ്രസാദവരം ധാർമ്മികപരിശ്രമത്തിനു നമ്മെ പ്രചോദിപ്പിക്കുകയല്ലാതെ ഒരിക്കലും അതിൽനിന്നു നമ്മെ ഒഴിവാക്കുന്നില്ല. ആവശ്യകമായ യത്നം നമ്മെക്കൊണ്ടു ചെയ്യിക്കുന്നതിനാണ അതു നമുക്കു നൽകപ്പെട്ടിട്ടുള്ളത്. സാധാരണമായി അതു നമ്മിൽനിന്നും വൈഷമ്യങ്ങളെയും പ്രലോഭനങ്ങളെയും നീക്കിക്കളയുന്നില്ല. എന്നാൽ അവയെ ജയിക്കുന്നതിനു നമ്മുടെ മനസ്സിനെ സന്നദ്ധവും ഉദാരവുമാക്കിത്തീർക്കുന്നു. അതിനാൽ, ദിവ്യകാരുണ്യസ്വീകരണം നടത്തുന്നതുകൊണ്ടു ഇക്കാര്യം എളുപ്പമാണെന്നു നാം ധരിച്ചുവയ്ക്കരുതു. പ്രസാദവരം നമ്മിൽ എത്രമാത്രം

വർദ്ധിക്കുന്നുവോ അത്രയും കൂടുതൽ തീക്ഷ്ണമായിരിക്കണം നമ്മുടെ പ്രവൃത്തി. അല്ലാത്തപക്ഷം പ്രസാദവരം നിർജീവമായി നമ്മിൽ സ്ഥിതിചെയ്യും. പുണ്യവാന്മാർ പ്രത്യേകമായ വിധത്തിൽ പ്രസാദവരസഞ്ചയങ്ങൾ പ്രാപിച്ചിരുന്നില്ലേ? എങ്കിലും ധീരധീരം അവക്കു യത്നിക്കേണ്ടിയിരുന്നു.

അതിനാൽ നമ്മുടെ ഒരുക്കവും കൃതജ്ഞതാപ്രകാശനവും വളരെ പ്രാധാന്യമർഹിക്കുന്നവയാണ്. "ഏറ്റവും നല്ല ഒരുക്കം ബലിതന്നെയാകുന്നു." ദിവ്യകാരുണ്യസ്വീകരണത്താൽ സമാപിക്കപ്പെടുന്ന ആ "കഥ"യെ അഥവാ "നാടക"ത്തെ ആദരിച്ചു ജീവിക്കുക; അതിന്റെ അരൂപിയിലേയ്ക്കു പ്രവേശിക്കുക. അതു നിങ്ങളെ ആവശ്യമുള്ള എല്ലാ "അങ്ക"ങ്ങളിലേയ്ക്കും അതിന്റെ സംഗീതമാധുരിയുടെ ക്രമമനുസരിച്ചു ആനയിച്ചുകൊള്ളും; അതു നമ്മിലോരോരുത്തരിലും ദിവ്യകാരുണ്യസ്വീകരണത്തിനു ആഗ്രഹം ജനിപ്പിക്കുകയും, അങ്ങനെ, ഉദ്ദേശ്യശുദ്ധി ഉളവാക്കുകയും ചെയ്യുന്നു. പത്താം പീയൂസു മാപ്പാപ്പാ ഉദ്ദേശ്യശുദ്ധിയെ, ഫലപ്രദമായ ദിവ്യകാരുണ്യസ്വീകരണത്തിനനുയോജ്യമായ അവസ്ഥയായും, വെറും പതിവിനെ ഇല്ലാതാക്കുന്നതിനുള്ള പ്രധാന മാർഗ്ഗമായും പരിഗണിക്കുന്നു. ഉൾക്കൊള്ളലിന്റെ അവസരത്തിൽ, നമ്മുടെ രക്ഷയ്ക്കുവേണ്ടി ക്രിസ്തു കുരിശിൽ തൂങ്ങിക്കിടക്കുന്നതായി നിങ്ങൾ സങ്കല്പിക്കണം. "അവിടുന്നു എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി സ്വയം അർപ്പിക്കുകയും ചെയ്തു." സുവിശേഷത്തിലെ സ്ത്രീയുടെയും, ശതാധിപന്റെയും വിശ്വാസത്തിൽ ഭാഗഭാക്കുകളാകുവിൻ; ക്രിസ്തുവിന്റെ സ്നേഹത്തിലും ശക്തിയിലും വിശ്വാസം വയ്ക്കുന്നതിനു അവരെക്കാൾ കൂടുതൽ ന്യായങ്ങൾ നിങ്ങൾക്കുണ്ട്.

മുമ്പു വിവരിച്ചതുപോലെ, ദിവ്യകാരുണ്യസ്വീകരണത്തിന്റെ ചൈതന്യത്തിലേയ്ക്കു പ്രവേശിക്കുകയാകുന്ന അത്യുത്തമമായ കൃതജ്ഞതാപ്രകടനം: നമ്മിലും നമ്മിൽക്കൂടെയും പ്രവർത്തിക്കുന്നതിനായി ക്രിസ്തു നമ്മിലേയ്ക്കു വരുന്നു; നമ്മുടെ കഴിവുകളെ സ്വായത്തമാക്കുന്നതിനും നമ്മുടെ ജീവിതത്തെ രൂപവൽക്കരിക്കുന്നതിനും അവിടുന്നു ഉദ്ദേശിക്കുന്നു. ആകയാൽ നിങ്ങൾ അവിടുത്തെ ആരാധിക്കുക; സ്നേഹിക്കുക; നന്ദി പ്രദർശിപ്പിക്കുക; സങ്കടങ്ങളുണർത്തിക്കുക; സർവ്വോപരി, (അവിടുന്നാഗ്രഹിക്കുന്നതു അതാകയാൽ) അവിടുത്തേയ്ക്കു കീഴ്പെടുക; നിങ്ങൾ വഴിയായി അവിടുന്നു തന്റെ തിരുവിഷ്ടം നിറവേറുന്നതിനും, ദൈവമഹത്വത്തിനും, ലോകരക്ഷയ്ക്കുമായി അവിടുത്തെ ആദർശത്തെ നിങ്ങളിൽ സാക്ഷാൽക്കരിക്കുന്ന

തിനും അങ്ങയോടപേക്ഷിക; നിങ്ങളുടെ വ്യക്തിപരങ്ങളും അപ്പൊസ്തോലികങ്ങളുമായ പ്രായോഗിക തീരുമാനങ്ങളെ അവിടുത്തെ തിരുമുമ്പിൽ സമർപ്പിക്കുക. ഈ ആത്മവിധേയത്വം വി. ഇഗ്നേഷ്യസിന്റെ പ്രാർത്ഥനയിൽ മനോഹരമായി പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

"എന്റെ എല്ലാ സ്വാതന്ത്ര്യത്തെയും, ഓർമ്മയേയും ബുദ്ധിയേയും മനസ്സിനേയും എനിക്കുള്ള എല്ലാവറ്റിന്റെയും കർത്താവേ, അങ്ങു സ്വീകരിച്ചാലും! അവിടുന്നു എനിക്കു അവ നൽകി: കർത്താവേ, അങ്ങയെ ഞാൻ തിരിച്ചേല്പിക്കുന്നു: എല്ലാം അങ്ങേയ്ക്കുള്ളതാകുന്നു, അവിടുത്തെ തിരുവിഷ്ടംപോലെ അവയെ ഇല്ലാതാക്കിക്കൊള്ളുക, അവിടുത്തെ സ്നേഹവും അനുഗ്രഹവും എനിക്കു നൽകുക, അതെനിക്കു വേണ്ടുവോളം മതിയാകുന്നതാണ്."

കൃതജ്ഞതാപൂർവ്വകമായ ആനന്ദത്തോടുകൂടി രക്ഷകന്റെ ഉറവയിൽനിന്നും വലിച്ചുകുടിച്ചുകൊള്ളുക. (ഏശയ്യാ. 12); അവിടുത്തെ ചൈതന്യത്താലും പ്രസാദവരത്താലും നിറഞ്ഞിരിക്കുക. വിശ്വാസം ഒരു സുകൃതമാണെന്നോർത്തുകൊള്ളണം: അതു നമുക്കനുഭവപ്പെടണമെന്നു നിർബന്ധമില്ല; എന്നാൽ അതു സയുക്തികമായ ഒരു മനോഭാവമാണ്. "എന്നെ ശക്തിപ്പെടുത്തുന്നവൻ വഴിയായി എല്ലാം പ്രവർത്തിക്കുവാൻ എനിക്കു കഴിയും." (ഫീലിപ്പോസു 4, 13.) "ഞങ്ങളിലുള്ളവൻ ലോകത്തിലുള്ളവനേക്കാൾ വലിയവനാകുന്നു." (യോഹന്നാൻ 4, 4).



# പര്യവസാനം.

നാം ബലിയെ അവധാനപൂർവ്വം ശ്രവിക്കുകയും അതിൽ പങ്കെടുക്കുകയും ചെയ്യുന്നുവെങ്കിൽ, അന്ത്യസുവിശേഷംകൊണ്ടു അതു അവസാനിക്കുന്നില്ലെന്നു നമുക്കു മനസ്സിലാക്കുവാൻ കഴിയും. അതിനു ഒരു തുടർച്ചയുണ്ടു്; അതെ, ഒരു അന്ത്യഘട്ടം– നമ്മുടെ ജീവിതത്തിന്റെ ബലി. നാം ദൈവത്തിനു സ്വയം സമർപ്പിച്ചുകഴിഞ്ഞു. അവിടുന്നു നമ്മുടെ സമർപ്പണത്തെ സ്വീകരിക്കുകയും ക്രിസ്തു വഴിയായി നമ്മെ സ്വകീയമാക്കുകയും ചെയ്തു. നമ്മുടെ ജീവിതത്തെ രൂപവൽക്കരിക്കുന്നതിനും, യാതൊന്നിനുവേണ്ടി അവിടത്തേയ്ക്കു ഒരിക്കൽമാത്രം മരിക്കുവാൻ സാധിച്ചുവോ ആ ലോകരക്ഷാകൃത്യം നമ്മിൽക്കൂടി നിർവ്വഹിക്കുന്നതിനുമായി ഇപ്പോൾ ക്രിസ്തു നമ്മിൽ ജീവിക്കുന്നു. "അഗ്നിയിലായിരിക്കുക, ലോകത്തെ അഗ്നിയാൽ കത്തിക്കുകയും ചെയ്യുക," എന്നു വി. ഫ്രാൻസിസു സേവ്യർ ഇൻഡ്യയിലേയ്ക്കു തിരിച്ചപ്പോൾ, വി. ഇഗ്നേഷ്യസു അദ്ദേഹത്തോടു പറയുകയുണ്ടായി. "നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു" എന്നു ക്രിസ്തു തന്റെ എല്ലാ അനുയായികളോടും പറയുന്നുണ്ടു്. പ്രേരകമായ ഈ ആദർശം സാക്ഷാൽക്കരിക്കപ്പെടണമെങ്കിൽ ഇപ്പോൾ നമ്മുടെ ആത്മസമർപ്പണത്തിനു അനുസരിച്ചു നാം പ്രവർത്തിക്കണം; നമ്മുടെ വാശാനത്തെ നാം നിറവേറ്റണം.

ദിവ്യബലിയേപ്പറ്റി നാടകത്തിന്റെ രീതിയിലുള്ള പ്രതിപാദനം നമ്മെ വഴിപിഴപ്പിക്കരുതു്. സാധാരണയുള്ള ഒരു കളിക്കുശേഷം, നടൻവേഷങ്ങൾ മാറുകയും ചായം കഴുകിക്കളയുകയും തന്റെ വേഷാന്തരത്തെ നാടകശാലയുടെ പിമ്പിൽ ഉപേക്ഷിക്കുകയും ചെയ്യുന്നു. എന്നാൽ ബലിയിലെ നടൻ അപ്രകാരമല്ല ചെയ്യേണ്ടതു്. സ്വയം ക്രിസ്തുവിന്റെ ഒരംഗമായിത്തീർന്നശേഷം ഈ പരിശുദ്ധ ബലിയുടെ പുറമേയും ക്രിസ്തുവിനോടുകൂടിയും ക്രിസ്തുവിലും കാൽവരിയിലെ രക്തം ചിന്തൽവരെ ജീവിക്കണം. (Orate fratres 1941–Page 357) ജീവിതയാഥാർത്ഥ്യങ്ങളെ നാം അഭിമുഖീകരിക്കുമ്പോൾ– വാസനകളുടെ പ്രചോദനവും കഷ്ടതയുടെ യാതനയും

ഭീരുതയുടെ പിൻവാങ്ങലും നമ്മുടെ അധമവ്യക്തിത്വത്തിന്റെ എതിർപ്പും (ഒരു ആദർശത്തിനുവേണ്ടി ബലികഴിക്കപ്പെടുന്നതിനു പ്രതികൂലമായി നിൽക്കുന്ന ശക്തി ഇതാണ്) നമുക്കനുഭവപ്പെടുമ്പോൾ– ആണു നമുക്കു വിഷമതയുണ്ടാകുന്നതു്. എന്നാൽ നാം സ്വയം അർപ്പിക്കുകയും നൽകുകയും ചെയ്യിരിക്കുന്നു. ബലിയുടെ സമയത്തുള്ള നമ്മുടെ സാന്നിദ്ധ്യം ഇതിനൊരു വെളിവായ ഉറപ്പാകുന്നു. ബലി ഒരു വ്യത്യാസം നമ്മിൽ വരുത്തണം; അതെ, നമ്മുടെ ജീവിതത്തിൽ അതു സ്വാധീനശക്തി ചെലുത്തണം. യേശുക്രിസ്തുവിന്റെ ബലിയിൽ പങ്കെടുക്കാത്തവരെപ്പോലെയല്ല നാം ചിന്തിക്കുകയും സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതു്. നമ്മുടെ ജീവിതം ശക്തിയുക്തവും നിസ്വാർത്ഥവും സുന്ദരവുമായിരിക്കണം. വിഷമതകൾ നേരിട്ടേയ്ക്കാം; എന്നാൽ ബലി നമ്മിൽ ആത്മപരിത്യാഗത്തിന്റെ ചൈതന്യം പ്രബലപ്പെടുത്തിയിട്ടുണ്ട്. സ്നേഹത്തെയും ഔദാര്യത്തെയും, ദൈവമഹത്വത്തിനുവേണ്ടിയുള്ള അത്യാകാംക്ഷയെയും, ക്രിസ്തുവിനുവേണ്ടിയും ലോകരക്ഷാർത്ഥമായും യത്നിക്കുന്നതിനുള്ള തീക്ഷ്ണതയെയും അതു നമ്മിൽ വർദ്ധിപ്പിച്ചിരിക്കുന്നു. സർവ്വോപരി ബലി, വഴിയായി ക്രിസ്തു നമുക്കു സംലബ്ധനായിത്തീർന്നിരിക്കുന്നു.

ഇങ്ങനെ, നിങ്ങളിൽ വാസമുറപ്പിച്ചിരിക്കുന്ന ക്രിസ്തുവിന്റെ സഹായത്താൽ നിങ്ങളുടെ ബലിക്കനുസരണമായി ജീവിക്കുകയും വാശ്ചനങ്ങളെ നിറവേറ്റുകയും ചെയ്യുക. ദിവസം മുഴുവനെയും ജീവിതം മുഴുവനെയും നിങ്ങളുടെ പ്രവൃത്തിയെയും നിങ്ങളുടെ സ്വാധീനശക്തിയെയും, കർമ്മാനുഷ്ഠാനത്തെയും എല്ലാം ദൈവത്തോടു നിങ്ങൾക്കുള്ള വിധേയത്വത്തിന്റെ അടയാളമായി സമർപ്പിക്കുക. നിങ്ങളുടെ ഓരോ പ്രവൃത്തിയും ദൈവത്തിനു സമർപ്പിക്കത്തക്കവിധത്തിലുള്ളതായിരിക്കട്ടെ. ആത്മാർത്ഥവും ധൈര്യപൂർവ്വകവുമായ ഒരു ക്രിസ്തീയജീവിതത്താൽ– നിങ്ങളുടെ പ്രാർത്ഥനയാലും * ദൈവതിരുമനസ്സിനുള്ള കീഴ്വഴക്കത്താലും പരിശ്രമംകൊണ്ടും സഹനം

---

* കാനോനിക പ്രാർത്ഥനാക്രമം പ്രത്യേകിച്ചും, ബലിയുടെ പ്രവൃത്തിയെ നീട്ടിക്കൊണ്ടുപോകുന്നു. അതു പുരോഹിതൻ ബലിയുടെ സമയം അനുഷ്ഠിക്കുന്ന ആത്മസമർപ്പണത്തിന്റെ ഒരു ഭാഗമാണ്. അദ്ദേഹം വിശുദ്ധ പള്ളിയുടെ നാമത്തിൽ സ്തുതിയുടെ യജ്ഞം ദൈവത്തിനു സമർപ്പിക്കുവാൻ തുടങ്ങുന്നു. "ഞങ്ങളുടെ സ്തുതികൊണ്ടു പാടുന്നതിനും ദിവസം മുഴുവനും അവിടുത്തെ മഹത്വത്തെ കീർത്തിക്കുന്നതിനുമായി എന്റെ വായ് സ്തുതികളാൽ നിറയപ്പെടട്ടെ." (സങ്കീർത്തനം 70, 8.) ഏതെങ്കിലും ഒരു സങ്കീർത്തനത്തിന്റെ ആശയത്തെ, ദിവ്യബലിയുടെ നാലു വിധത്തിലുള്ള സമാപനങ്ങളിൽ ഒന്നിനായി

വഴിയായും, സ്വോപരി, നിങ്ങളുടെ ജീവിതാന്തസ്സിനനുയുക്തങ്ങളായ അനുദിനപ്രവൃത്തികളാലും– ദിവ്യബലിയെ നിങ്ങൾ തുടർന്നുകൊണ്ടുപോകുക. ദൈവത്തോടും ക്രിസ്തുവിനോടും മറുള്ളവരെ അടുപ്പിക്കുന്നതിനായി അവരുടെമേൽ നിങ്ങൾ പ്രയോഗിക്കുന്ന സ്വാധീനശക്തിയാൽ– പ്രാർത്ഥനകളെയും അവയുടെ ഫലങ്ങളെയും അവക്കായി സമുപ്പിച്ചും അപ്പൊസ്തോലിക തീക്ഷ്ണതയാൽ പ്രേരിതങ്ങളായ വചനങ്ങളാലും പ്രവൃത്തികളാലും, സ്വോപരി, നിങ്ങളുടെതന്നെ ആത്മാർത്ഥവും ആനന്ദപൂർണ്ണവുമായ ക്രിസ്തീയ ജീവിതത്താലും– ബലിയെ നിങ്ങൾ തുടർന്നുകൊണ്ടുപോകണം.

ആകയാൽ ഒരു ദിവസത്തിൽ എപ്പോഴെങ്കിലും സങ്കടമോ നൈരാശ്യമോ അനിഷ്ടകരമായ മറെന്തെങ്കിലുമോ അനുഭവപ്പെടുകയും അനീതിയായി വല്ലവരും നിങ്ങളോട് പെരുമാറുകയും ചെയ്താൽ നിങ്ങൾ പിറുപിറുക്കരുത്– അതുപോലെ നിങ്ങളുടെ ബലി! അതു നിങ്ങളുടെ കഴിഞ്ഞ ബലിയുടെ സമുപ്പണവും അടുത്തതു അപ്പിക്കുവാൻ പോകുന്ന ബലിസ്സുള്ള ഒരുക്കവുമാണ്. ഓരോ ദിവസവും നിങ്ങൾക്കുണ്ടാകുന്ന പ്രലോഭനങ്ങളിൽ– നിങ്ങളുടെ തൊഴിൽ വഴിയായും അയൽക്കാരൻ വഴിയായും ഉണ്ടാകുന്ന പരീക്ഷകളിൽ– ഉത്സാഹഭരിതമായ ഒരു ഹൃദയവും പുഞ്ചിരി തൂകുന്ന ഒരു വദനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ. ശുഭ്രബുദ്ധികളും സത്യസന്ധരും നിർമ്മലരും സേവനനിരതരുമായി വർത്തിക്കുക വിഷമമെന്നു നിങ്ങൾക്കു തോന്നുന്നുവെങ്കിൽ നിങ്ങളുടെ ബലിയെപ്പറ്റി സ്മരിക്കുകയും സമുപ്പണങ്ങളെ നിർവഹിക്കുകയും ചെയ്യുവിൻ. നിങ്ങൾക്കരോചകമായ ഒരു ജോലിചെയ്യുവാൻ നിർബ്ബന്ധിക്കപ്പെട്ടുന്നെങ്കിൽ, അഥവാ, ഒരു രോഗം നിങ്ങളുടെ ജോലിക്കും പ്രതീക്ഷയ്ക്കും വിരാമമിടുകയും, നിങ്ങളെ സഹനങ്ങളുടെ ഒരു ബലിവസ്തുവാക്കുകയും ചെയ്യുന്നുവെങ്കിൽ ആത്മാനുകമ്പ നിങ്ങളുടെ മനസ്സിനെ ഇട്ടുങ്ങിയതാക്കാതിരിക്കട്ടെ. നിങ്ങളുടെ അപ്പണത്തെ ആവർത്തിക്കുക. എപ്പോഴെങ്കിലും നിങ്ങളുടെ അയൽക്കാരനെ സഹായിക്കുന്നതിനും അവനെ നന്നാക്കുന്നതിനും അവസരം ലഭിക്കുന്നുവെങ്കിൽ, അഥവാ, ക്രിസ്തുവിന്റെ രാജ്യം വർദ്ധിപ്പിക്കുന്നതിനും അവിടുത്തെ തിരുസ്സഭയെ സഹായിക്കുന്നതിനും സന്ദർഭം കൈവരുന്നുവെങ്കിൽ, ഒരിക്കലും ഒഴിഞ്ഞു

---

ഉപയോഗപ്പെടുത്താവുന്നതാണ്. സുദീർഘമായ 118–ാം സങ്കീർത്തനം ദൈവതിരുമനസ്സുമായുള്ള സ്നേഹപൂർവ്വകമായ ഐക്യത്തെ, അതായതു, നമ്മുടെ ആത്മാപ്പണത്തിന്റെ സാക്ഷാലുള്ള അർത്ഥത്തെ സൂചിപ്പിക്കുന്നു.

മാറി നിൽക്കുകയോ ഒഴിവുകഴിവുകൾ പറയുകയോ ചെയ്യരുത്; കാരണം, അതു നിങ്ങളുടെ ബലിതന്നെയാകുന്നു. സ്വാർത്ഥതയെ അടിച്ചമർത്തുക. ഭയാർദ്രതയെ നിർമ്മിപ്പിക്കുക; ദൈവത്തിനെന്നോണം നിങ്ങളുടെ അയൽക്കാരനു നിങ്ങളെത്തന്നെ നൽകുക. അവസാനമായി, നിങ്ങൾ സേവിച്ച യജമാനന്റെ പക്കലേയ്ക്കു നിങ്ങളെ ആഹ്വാനം ചെയ്യുവാൻ മരണം എത്തിക്കഴിയുമ്പോൾ, ബലിയുടെ അവസാന ചടങ്ങായി നിങ്ങളുടെ ജീവിതത്തെ നിങ്ങൾ സമർപ്പിക്കുക—ദൈവതിരുമനസ്സിനുള്ള ഒടുവിലത്തേ കീഴ്വഴക്കമായിരിക്കും അതു്. ഇങ്ങനെ ക്രിസ്തീയജീവിതം മുഴുവനും ദിവ്യബലിയുടെ ഉൽകൃഷ്ടമായ ചൈതന്യത്തിൽ, ദാനത്തിന്റെയും അർപ്പണത്തിന്റെയും ആത്മവിധേയത്വത്തിന്റെയും നിസ്വാർത്ഥതയുടെയും ചൈതന്യത്തിൽ, അതെ, ക്രിസ്തുവിന്റെ ഐക്യബന്ധത്തിൽ, നയിക്കപ്പെടുന്നു. ഈ അർത്ഥത്തിൽ "ആദ്ധ്യാത്മികബലി" എന്നു നമുക്കു അതിനെ വിളിക്കാവുന്നതാണു്. *

കുമ്പാനയുടെ സമയം കുറിക്കുന്ന ഒരു നാഴികമണിയുടെയോ, അഥവാ, അതിൽ അടങ്ങിയിരിക്കുന്ന ആശയത്തിന്റെയോ ഉപയോഗത്താൽ നമുക്കു ഗണ്യമായ സഹായം ലഭിക്കുന്നതാണു്. ലോകത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്തു ദിവ്യബലി എല്ലായ്പോഴും നടന്നുകൊണ്ടിരിക്കുന്നതിനാൽ ക്രിസ്തുവിന്റെ ബലിയോടു ചേർന്നു നമ്മുടെ സ്നേഹവും ആത്മപരിത്യാഗവും സമർപ്പിക്കപ്പെടുന്നു. എത്രദൂരത്തിലാണെങ്കിലും ഏതെങ്കിലും ഒരു പുരോഹിതൻ വഴിയായി സർവ്വദാ നാം ബലിസമർപ്പിച്ചുകൊണ്ടാണിരിക്കുന്നതു്. "എന്റെ കണ്ണുനീരുകളെയും ആനന്ദങ്ങളെയും പകരുന്നതിനായി എല്ലായ്പോഴും പവിത്രീകൃതമായ ഒരു പാനപാത്രം ഉണ്ടായിരിക്കുന്നതാണു്." (ഈ വചനം അപ്പൊസ്തോലികങ്ങളായ അഥവാ, വേദപ്രചാരവിഷയങ്ങളായ നിയോഗങ്ങളോടു സംബന്ധിപ്പിച്ചു, ചില പ്രത്യേക മണിക്കൂറു

---

* യഥാർത്ഥത്തിൽ ഒരു ബലിമാത്രമേയുള്ളൂ: നമ്മുടെ ബലിപീഠങ്ങളിലെ സാമൂഹ്യവും സാംസ്കാരികവുമായ ഒരു സമർപ്പണമാണതു്. അതിൽ ക്രിസ്തുവിന്റെ ആത്മബലി അന്യാദൃശമായവിധത്തിൽ നമ്മിലേയ്ക്കു പകർത്തപ്പെടുന്നു. നമ്മുടെ സാധാരണജീവിതം വാസ്തവത്തിൽ ക്രിസ്തീയമാണെങ്കിൽ ആത്മവിധേയത്വത്തിന്റെ ചൈതന്യത്തിൽ അതു നയിയ്ക്കപ്പെടുകയും ക്രിസ്തുവിന്റെ ബലി വഴിയായി ഫലവത്താക്കപ്പെടുകയും ചെയ്യുന്നു. ദിവ്യബലിയുടെ മഹത്തായ ചൈതന്യം പ്രായോഗികമാക്കപ്പെടുകയാണെങ്കിൽ മേൽ പറഞ്ഞതിനെ അതു ശരിയായിട്ടല്ലെങ്കിലും, "ആദ്ധ്യാത്മികബലി" എന്നു വിളിക്കാവുന്നതാണു്.

കളിൽ ബലി നടക്കുന്ന സ്ഥലത്തിനുവേണ്ടി ഉപയോഗപ്പെടുത്താവുന്നതാണ്.)

വീണ്ടും, നമ്മുടെ ബലിയുടെ അപ്പീതവസ്തു സക്രാരികളിൽ സന്നിഹിതനായിരിക്കുന്നു. നമ്മിലുള്ള ക്രിസ്തുവിന്റെ ജീവിതത്തെയും അവിടുത്തോടുള്ള നമ്മുടെ വിധേയത്വത്തേയും സക്രാരി നമ്മെ അനുസ്മരിപ്പിക്കുന്നു. നമ്മുടെ ജീവിതം പ്രതീതികൾകൊണ്ടും ധാരണകൾകൊണ്ടുമല്ല പ്രത്യുത, അളശ്യമായ സത്യത്തിലുള്ള വിശ്വാസംകൊണ്ടാണു ഭരിക്കപ്പെടുന്നതു എന്നു അതു നമ്മെ ഓർമ്മിപ്പിക്കുന്നു. നമ്മുടെ പ്രസാദവരത്തിന്റെ വഴിഞ്ഞൊഴുന്ന സ്രോതസ്സായും നമ്മുടെ അളശ്യനിയന്ത്രാവായും സഹായകനായും അവിടുന്നു സക്രാരിയിൽ എഴുന്നെള്ളിയിരിക്കുന്നു. നമ്മുടെ ജീവിതത്തിന്റെ സജീവകേന്ദ്രമായിരിക്കുന്ന അവിടുന്നു നമ്മുടെ ഹൃദയത്തിന്റെയും മനസ്സിന്റെയും കേന്ദ്രമായിത്തീരണം. ആ കേന്ദ്രത്തിലേയ്ക്കു നാം നയിക്കപ്പെടുകയും നമ്മുടെ പ്രശ്നങ്ങൾ—നമുക്കു സ്വന്തമായുള്ളവയും ലോകത്തിനുള്ളവയും—അതിൽനിന്നും വിധിക്കപ്പെടുകയും ചെയ്യണം. കുരിശിൽവച്ചുമരണവേളയിൽ വധിക്കപ്പെട്ട ആസ്സീയൻ ഭരണമേധാവിയായ ഡോൽഫസ്സിന്റെ ജീവചരിത്രത്തിൽ നാം ഇങ്ങനെ വായിക്കുന്നു: അദ്ദേഹത്തിന്റെ രാജ്യത്തിനു ശക്തനായ ഒരു നേതാവിന്റെ അവശ്യകത നേരിട്ടുകയും, അദ്ധ്യക്ഷൻ, ഭരണനേതൃത്വം കൈയേൽക്കുന്നതിനു അദ്ദേഹത്തോടു ആവശ്യപ്പെടുകയുംചെയ്തു ആ അതിപ്രധാനമായ അവസരത്തിൽ "തന്റെ സ്വഭാവത്തിനു ചേർന്ന ഒരു പ്രവൃത്തി അദ്ദേഹം ചെയ്തുയെന്നുവരുത്തി. ആലോചിക്കുന്നതിനു കുറെ സമയമനുവദിക്കണമെന്നും പിറ്റേന്നു രാവിലെ മറുപടി നൽകിക്കൊള്ളാമെന്നും അദ്ദേഹം പറഞ്ഞു. രാത്രിയായപ്പോഴേയ്ക്കും അദ്ദേഹം തെരുവിൽക്കൂടി നടക്കുന്നതായി കാണപ്പെട്ടു. ഇക്കാര്യത്തെക്കുറിച്ചു ആലോചിക്കുന്നതിനായി പലേ രാഷ്ട്രീയനേതാക്കന്മാരെയും അദ്ദേഹം സമീപിക്കുകയുണ്ടായി എന്നാണു പറയപ്പെടുന്നതു്. കാര്യങ്ങളുടെ യാഥാർത്ഥ്യം പറയുകയാണെങ്കിൽ, ആരും കാണാതെ (അങ്ങനെ അദ്ദേഹം കരുതുകയും ആഗ്രഹിക്കുകയും ചെയ്തു.) വിയന്നായിലെ തിക്കും തിരക്കുമായ ഒരു ഭാഗത്തേയ്ക്കു അദ്ദേഹം ഗതിതുടരുകയും വിനീതമായ ഒരു ദൈവാലയത്തിൽ പ്രവേശിച്ചു, തനിക്കു നൽകപ്പെട്ടിരിക്കുന്ന ഉദ്യോഗം താൻ സ്വീകരിക്കണമോ വേണ്ടയോ എന്ന ദൈവഹിതം അറിയുന്നതിനായി ആ രാത്രി മുഴുവൻ അവിടെ പ്രാർത്ഥനയിൽ കഴിച്ചുകൂട്ടുകയുമാണുണ്ടായതു" ആ മനുഷ്യൻ ക്രിസ്തുമതമെന്താണെന്നറിഞ്ഞിരുന്നു.

ക്രിസ്തീയജീവിതം എന്നുവച്ചാൽ "ദിവ്യകാരുണ്യപരമായ ജീവിതം" എന്നത്രേ അർത്ഥം.: അതായത്, സന്നിഹിതനും പ്രവർത്തനനിരതനുമായ ക്രിസ്തുവിൽ കേന്ദ്രീകരിച്ച ഒരു ജീവിതം, ആത്മാവിൽ പ്രവർത്തിക്കുന്നതിനു അവിടുത്തെ അനുവദിച്ചുകൊണ്ടും സ്വയം വിധേയത്വത്തിന്റെയും, പരിത്യാഗത്തിന്റെയും, സ്നേഹത്തിന്റെയും ചൈതന്യത്തെ അങ്ങിൽനിന്നു സ്വീകരിച്ചുകൊണ്ടും, അവിടുത്തോടു ഐക്യപ്പെട്ടു നയിക്കുന്ന ഒരു ജീവിതമാണു ഇവിടെ വിവക്ഷിതമായിരിക്കുന്നതു്.

# ദിവ്യബലിയും കത്തോലിക്കാപ്രവർത്തനവും.



ദിവ്യബലി കത്തോലിക്കാപ്രവർത്തനത്തിന്റെ ഉൽകൃഷ്ടമായ ഒരു വിദ്യാലയമാകുന്നു. കത്തോലിക്കാപ്രവർത്തനമെന്നു വിളിക്കപ്പെടുന്നതിൽ പലതും ഫലരഹിതമായ ഒരു ഒച്ചപ്പാട്ട മാത്രമായിക്കാണപ്പെടുന്നെങ്കിൽ അതിനുള്ള കാരണം ദിവ്യബലിയുടെ ചൈതന്യം വേണ്ടിടത്തോളം അതിൽ ചെലുത്തപ്പെടുന്നില്ല എന്നുള്ളതാണ്. ബലിയിൽവച്ചു കത്തോലിക്കാ പ്രവർത്തനത്തിന്റെ ശരിയായ അർത്ഥവും സാക്ഷാത്തായ ചൈതന്യവും എന്താണെന്നു നാം ഗ്രഹിക്കുന്നു.

1. എല്ലാ രക്ഷയുടെയും പ്രേഷിതവൃത്തിയുടെയും ഉൽപത്തിസ്ഥാനമായ ക്രിസ്തുവിന്റെ യജ്ഞത്തെ നവീകരിക്കുന്നതിനു ദിവ്യബലി നമ്മെ സഹായിക്കുന്നു. പ്രേഷിതവൃത്തിയാകുന്ന മഹാപ്രവർത്തനം മനുഷ്യാത്മാക്കളിലേയ്ക്കു പകർത്തപ്പെടുന്നതാണു ക്രിസ്തുമതം; അങ്ങനെ അവരെ ക്രിസ്തുവിന്റെ അംഗങ്ങളും സ്വർഗ്ഗത്തിന്റെ അവകാശികളുമാക്കിത്തീർക്കുന്നു. ദൈവത്തിങ്കലേയ്ക്കുള്ള മനുഷ്യവർഗ്ഗത്തിന്റെ ആഗമനത്തിനു (ബലിയുടെ അർത്ഥം അതാകുന്നു.) ക്രിസ്തുവിന്റെ ബലി ആരംഭമിട്ടു. ഈ പ്രവാഹത്തിലേയ്ക്കു മനുഷ്യരെല്ലാം ആകർഷിക്കപ്പെടണം. തിരുസ്സഭയുടെയും അവളുടെ സന്താനങ്ങളുടെയും എല്ലാ ക്രിസ്തീയ പ്രവർത്തനങ്ങളും പ്രസ്ഥാനങ്ങളും ഈ ഉദ്ദേശ്യത്തെ ലക്ഷ്യമാക്കുന്നു. അവ ക്രിസ്തുവിന്റെ പ്രവൃത്തിയെ പ്രായോഗികമാക്കുകയും അവിടുത്തെ ബലിയുടെ പുരോഗമനത്തിലേയ്ക്കു മനുഷ്യവർഗ്ഗത്തെ വലിച്ചടുപ്പിക്കുകയും ചെയ്യുന്നു. അവയുടെ ഐക്യവും പ്രകൃത്യതീതസ്വഭാവവും അതിലാണു അടങ്ങിയിരിക്കുന്നതു്.

സഭ വഴിയായി ക്രിസ്തു തന്റെ രക്ഷാകരമായ പൗരോഹിത്യത്തെ പ്രവർത്തിപ്പിക്കുന്നു. സഭയുടെ എല്ലാ അംഗങ്ങൾക്കും ആ പൗരോഹിത്യത്തിൽ ഒരു പങ്കുണ്ടു്. ബലിയും കത്തോലിക്കാ പ്രവർത്തനവും (അഥവാ പ്രേഷിതവൃത്തി പൊതുവിൽ) മൗലികമായി, വിഭിന്ന പ്രവർത്തനങ്ങളല്ല. അവ ഒരേ പ്രവർത്തനത്തിന്റെ രണ്ടു ഭിന്നരൂപങ്ങൾ മാത്രമാണു്. ക്രിസ്തീയപൗരോഹിത്യത്തിന്റെ പ്രവ

ത്തനവും ക്രിസ്തുവിന്റെ മഹാ കർത്തവ്യത്തിന്റെ തുടർച്ചയും പ്രായോഗികവശവുമാണ് അവ. അക്കാരണത്താലാണ് ബലിയുടെ സജീവമായ പങ്കുകൊള്ളലിനു ഇന്നുള്ള പരിപുഷ്ടിയും കത്തോലിക്കാ പ്രവർത്തനത്തിന്റെ പ്രശസ്തമായ പ്രചാരവും, ആന്തരികമായി പരസ്പരബന്ധമുള്ളവയായിത്തീർന്നിരിക്കുന്നതു്. സാമാന്യജനങ്ങൾക്കു അംഗങ്ങളെന്ന നിലയിൽ സഭാജീവിതത്തിൽ അനുഷ്ഠിക്കേണ്ട പ്രവർത്തനത്തെ കൂടുതൽ സാക്ഷാൽക്കരിക്കുന്നതിനു ഇവ രണ്ടും സഹായിച്ചിട്ടുണ്ട്.

2. ദിവ്യകാരുണ്യം ക്രിസ്തീയവിശുദ്ധീകരണത്തിന്റെയും പ്രേഷിതത്വത്തിന്റെയും കേന്ദ്രമാണ്. താൻ യാതൊന്നിനുവേണ്ടി മനുഷ്യനായി അവതരിക്കുകയും കുരിശിൽ മരിക്കുകയും ചെയ്തുവോ, ആ ഉൽകൃഷ്ടമായ ജോലിതന്നെ നമ്മിലും നമ്മിൽ കൂടെയും നിവൃഹിക്കുന്നതിനായി പ്രധാനാചാര്യൻ അവിടെ സന്നിഹിതനായിരിപ്പുണ്ട്. ദിവ്യബലിയുടെ അവസരത്തിൽ അവിടുന്നു നമ്മെ തന്റെ യാഗത്തോടും അതിന്റെ ചൈതന്യത്തോടും നേരിട്ടും സാംസ്കാരികമായും യോജിപ്പിക്കുന്നു.

3. ദിവ്യബലി യഥാർത്ഥമായ പൗരോഹിത്യത്തിന്റെയും പ്രേഷിതത്വത്തിന്റെയും ചൈതന്യകേന്ദ്രമാണ്. ക്രിസ്തുവിന്റെ ആത്മാവിന്റെ ചൈതന്യത്തിന്റെ ഉൽകൃഷ്ടതമമായ പ്രകടനം നമ്മുടെ മനസ്സിനു ദൃശ്യമാക്കുക മാത്രമല്ല, പിന്നെയോ, നാം അതിനോടു യോജിപ്പിക്കപ്പെടുകയും, തദ്വാരാ, ക്രിസ്തുവിന്റെ യാഗചൈതന്യത്തെ—ദൈവത്തെ നമ്മിൽ കേന്ദ്രീകരിക്കുന്നതിന്റെയും ഉദാരമായി ദൈവത്തിനും നമ്മുടെ അയൽക്കാരനും നമ്മെത്തന്നെ അർപ്പിക്കുന്നതിന്റെയും ചൈതന്യത്തെ – നാം സ്വായത്തമാക്കുന്നതിനു പ്രേരിപ്പിക്കപ്പെടുകയും ചെയ്യുന്നു. ഈ ചൈതന്യത്തെ നാം സ്വന്തമാക്കണം. എന്തുകൊണ്ടെന്നാൽ ജ്ഞാനസ്നാനം വഴിയായും സ്ഥിരീകരണം വഴിയായും നമുക്കു സംലബ്ധമായിരിക്കുന്ന ദൈവികസ്വഭാവത്തെ തൃജിക്കുന്നതിനു നമുക്കു കഴിവില്ല. ഇതിനുമുപരിയായി ബലി, ദിവ്യകാരുണ്യസ്വീകരണത്തിൽ നമ്മെ ക്രിസ്തുവിനോടു ഐക്യപ്പെടുത്തുകയും, അങ്ങനെ, നാം ക്രിസ്തുവിന്റെ അംഗങ്ങളായിരിക്കുന്നതിനും ക്രിസ്തുവിനെ ധരിക്കുന്നതിനും വിളിക്കപ്പെട്ടവരാണെന്നു നമ്മെ മനസ്സിലാക്കുകയും ചെയ്യുന്നു. ക്രിസ്തു നമ്മിൽ ജീവിക്കുന്നു; നമ്മെയും നമ്മുടെ അസ്തിത്വത്തെ മുഴുവനെയും, അവിടുത്തെ ആദർശത്തിനനുസരിച്ചു രൂപവൽക്കരിക്കുന്നതിനും അവിടുത്തെ രക്ഷാകരകൃത്യത്തിനായി ഉപയോഗപ്പെടുത്തുന്നതിനുംവേണ്ടി, അവിടുന്നു സ്വായത്തമാക്കിയിരി

ക്കുന്നു. മനുഷ്യനായ അവിടുന്നു സമാരംഭിച്ച ജോലി തുടർന്നുകൊണ്ടു പോകുന്നതിനു മനുഷ്യരായ നമ്മെ ഉപയോഗപ്പെടുത്തുവാൻ അവിടുന്നാഗ്രഹിക്കുന്നു. അവിടുത്തെ ജോലി നമുക്കു നൽകപ്പെട്ടിരിക്കുന്നു; അതു നിറവേറുകയോ ഫലശൂന്യമാക്കുകയോ ചെയ്യുക നമ്മെ ആശ്രയിച്ചാണിരിക്കുന്നത്... ഇങ്ങനെ, അപ്പൊസ്തോലികകൃത്യത്തിൽ തനിക്കുള്ള അതീവമായ ചുമതല നന്നായി ഗ്രഹിച്ചുകൊണ്ടും അതി നനുസരണമായി ലോകരക്ഷാകർമ്മത്തിൽ ദൈവവുമായി സഹകരിച്ചു ജീവിക്കുന്നതിനുള്ള തീക്ഷ്ണമായ അഭിവാഞ്ഛയോടുകൂടിയുമാണ് ഒരു കത്തോലിക്കൻ ദൈവാലയത്തിൽനിന്നും പുറത്തു വരുന്നത്.

ബി. ദിവ്യബലിയിൽതന്നെ, ഈ ചൈതന്യം, ക്രിസ്തുവുമായി ഐക്യപ്പെട്ടുകൊണ്ടുള്ള നമ്മുടെ ആത്മാർപ്പണം വഴിയായി സജീവവും ഫലദായകവുമായിത്തീർന്നിരിക്കുന്നു. നമ്മുടെ മാനുഷിക പ്രവർത്തനത്തെ രക്ഷസ്സുവഴുക്കുമാക്കുന്നതിനു യാതൊന്നുമാത്രം ശക്തമായിരിക്കുന്നുവോ ആ മഹത്തായ അപ്പൊസ്തോലികതപം, അതെ, നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്ന അദൃശ്യമായ ആ അപ്പൊസ്തോലികതപം നാം ഇവിടെ ഉപയോഗിക്കുന്നു. മനസ്സിനെയും ഹൃദയത്തെയും ദിവ്യപ്രേമത്താൽ പൂരിതമാക്കുവാൻ യാതൊന്നുമാത്രം ശക്തമായിരിക്കുന്നുവോ, ആ പ്രസാദവരത്തെ പ്രാർത്ഥനയാലും പരിത്യാഗത്താലും നാം പ്രാപിക്കുന്നു. അതിനാൽ ദിവ്യ ബലി കത്തോലിക്കാ പ്രവർത്തനത്തിന്റെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു ഘടകമാകുന്നു. ശക്തിമത്തായ മാധ്യസ്ഥ്യം അതു വഹിക്കുകയും, നമ്മുടെ ജീവിതത്തെ മുഴുവനും തുടർച്ചയായ ഒരു പ്രാർത്ഥനയായും സമർപ്പണമായും രൂപാന്തരപ്പെടുത്തിക്കൊണ്ടു നമ്മുടെ ജീവിതത്തിൽ പരിത്യാഗത്തിന്റെ മുദ്ര പതിക്കുകയും ചെയ്യുന്നു.

3) കത്തോലിക്കാപ്രവർത്തനം നമ്മുടെ ദിവ്യബലിയുടെ സ്വാഭാവികമായ ഒരു തുടർച്ചയാകുന്നു. മറ്റൊരുവിധത്തിലാണെങ്കിലും, നമ്മുടെ പൗരോഹിത്യം നാം ഇവിടെ തുടർന്നു പ്രവർത്തിക്കുന്നുണ്ട്. ഈ പ്രവൃത്തിക്കായി നാം ദിവ്യബലിയിൽവച്ചു നമ്മുടെ വൈദികതീക്ഷ്ണതയെ നവീകരിക്കുകയും നമ്മുടെ അനുഷ്ഠാനത്തെ ഫലവത്താക്കുന്ന യജ്ഞാർപ്പണം നിർവഹിക്കുകയും, ദൈവത്തിനും നമ്മുടെ അയൽക്കാരനുംവേണ്ടി വേലചെയ്യുന്നതിനു സ്വയം സമർപ്പിക്കുകയും ചെയ്യുകഴിഞ്ഞിരിക്കുന്നു. നാം ക്രിസ്തുവിനെ ധരിക്കുന്നവർ, അഥവാ, ഇതര ക്രിസ്തുമാരായി പകർന്നിരിക്കുന്നു. അതിനാൽ ദുർബലരെങ്കിലും അനന്തമായ ശക്തി നമുക്കു കൈവന്നിരിക്കുന്നു; ഒരിദ്ധരെങ്കിലും അമേയങ്ങളായ സമ്പാദ്യങ്ങൾക്കു നാം ഉടമസ്ഥരായിത്തീ

ന്നിരിക്കുന്നു. കേവലം മനുഷ്യരെങ്കിലും, രക്ഷകനോടുകൂടി നാം രക്ഷകന്മാരായിപ്രകാശിക്കുന്നു.

ഏ. ക്രിസ്തുവിന്റെ സ്വാധീനശക്തിയെ വർദ്ധിപ്പിക്കുന്നതിനും ക്രിസ്തീയ വിശ്വാസത്തെയും ക്രിസ്തീയ ജീവിതത്തെയും ഉന്നമിപ്പിക്കുന്നതിനുമായി, ഓരോ മനുഷ്യനും തന്നിൽ നിക്ഷിപ്തമായിരിക്കുന്ന സ്വാധീനശക്തി ചുറ്റുമുള്ളവരുടെമേൽ ചെലുത്തുന്നതിലാണു പ്രഥമമായി നമ്മുടെ പ്രേഷിതവൃത്തി അടങ്ങിയിരിക്കുന്നതു്. ഭവനത്തിലിരിക്കുന്ന മാതാവിനും വിദ്യാലയത്തിലിരിക്കുന്ന ഉപാദ്ധ്യായനും ഉദ്യോഗകേന്ദ്രങ്ങളിലും നിർമ്മാണശാലകളിലും ജോലി ചെയ്യുന്ന ജീവനക്കാരനും ഇതു അനുഷ്ഠിക്കാവുന്നതാണു്. പ്രവർത്തനശാലയിലും, സന്ദർശനമുറിയിലും തെരുവീഥിയിലും, എന്നുവേണ്ട മനുഷ്യരെ നാം കണ്ടുമുട്ടുന്ന ഏതു തുറയിലും നമ്മുടെ പ്രേഷിതവൃത്തിയ്ക്കുള്ള പ്രവർത്തനരംഗമുണ്ടു്. അവിടെയെല്ലാം നാം ക്രിസ്തുവിനെ ധരിക്കുന്നവരായി കാണപ്പെടണം. നാം പറയുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നതിനെ ആശ്രയിച്ചല്ല, നമുക്കുള്ള നിലപാടിനെ ആശ്രയിച്ചാണു നമ്മുടെ സ്വാധീനശക്തി സ്ഥിതിചെയ്യുന്നതു്. ദിവ്യബലിയ്ക്കനുസരിച്ചുള്ള ജീവിതം ഓരോരുത്തന്റെയും ആത്മാർത്ഥതയെയും കഴിവിനെയും പ്രബലപ്പെടുത്തുന്നു. ഇവക്കുടാതെയുള്ള സംസാരവും പ്രവൃത്തിയും നിഷ്പ്രയോജനങ്ങളത്രെ.

ബി. തനിച്ചുള്ള ഈ പ്രേഷിതത്വത്തിനു പുറമേ തിരുസ്സഭയുടെ സംഘടിതമായ പ്രേഷിതത്വത്തിൽ, അതായതു, യഥാർത്ഥ കത്തോലിക്കാപ്രവർത്തനത്തിൽ, നാം പങ്കെടുക്കണം. സഹകരണചൈതന്യമാകുന്നു നമുക്കിവിടെ അത്യന്താപേക്ഷിതമായിട്ടുള്ളതു്. മനുഷ്യപ്രകൃതിക്കു ഏറ്റവും വിഷമകരമായ ഒന്നാകുന്നു ഇതു്. സ്വന്തം ആശയങ്ങളെയും അഭിപ്രായങ്ങളെയും ഒരാൾ ബലികഴിക്കുകയും മറ്റുള്ളവരുടെ അഭിപ്രായങ്ങളെ സ്വന്തമെന്നോണം ആദരിക്കുകയും ചെയ്യുന്നതിനുള്ള സന്നദ്ധതയിലാണു സഹകരണമടങ്ങിയിരിക്കുന്നതു്. എന്നാൽ സ്വാഭാവികമായ നമ്മുടെ ആത്മപ്രതിപത്തി വിധേയമനോഭാവത്തെ വെറുക്കുകയും, ഒച്ചപ്പാടുണ്ടാക്കിക്കൊണ്ടു പ്രവർത്തനരംഗത്തിൽ പ്രാമാണ്യം ലഭിക്കുവാൻ പരിശ്രമിക്കുകയും, മറ്റുള്ളവരുടെ ആശയങ്ങളെയും പ്രവർത്തനങ്ങളെയും അവജ്ഞാപൂർവ്വം വീക്ഷിക്കുകയും, അന്യന്റെ വിജയത്തിൽ അസൂയപ്പെടുകയും ചെയ്യുന്നു. ഇക്കാരണത്താലാണു ഉൽകൃഷ്ടങ്ങളായ പലേ സംരംഭങ്ങളും പരാജയമടഞ്ഞിട്ടുള്ളതു: സഹകരണത്തിനുപകരം നിരുത്സാഹവും കേവലം അസൂയയുംമാത്രം അവകൾക്കു സ്വാഗതമരുളി . . . ദിവ്യ

പൂജാവേളയിൽ ബുദ്ധിമാനായ ഒരു കത്തോലിക്കൻ, താൻ തിരുസ്സഭയുടെ ഒരു ഭാഗമാണെന്നും ക്രിസ്തുവിന്റെ ശരീരത്തിലെ ഒരു അവയവമാണെന്നും ചിന്തിക്കുന്നതിനു പരിശീലിക്കുന്നു. തന്റെയും തിരുസ്സഭയുടെയും വീക്ഷണം ഒന്നാണെന്നു കാണുവാൻ അയാൾക്കു കഴിവുണ്ടാകുന്നു. ഒരു പ്രവർത്തനത്തെമാത്രം, അതായതു, സഭവഴിയായുള്ള ക്രിസ്തുവിന്റെ പ്രവർത്തനത്തെമാത്രം, അയാൾ ദർശിക്കുന്നു. പൊതുവായ ഒരു ആദർശത്തിനുവേണ്ടി സാമൂഹ്യമായ സമർപ്പണത്തോടു സ്വയം സംയോജിപ്പിക്കുന്നതിനു അയാൾ ശീലിക്കുന്നു. ഏകീഭാവത്തോടുകൂടിയ ഈ പരിഗണന, പൊതുക്ഷേമത്തിനുവേണ്ടി ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നതിനുള്ള സന്നദ്ധതയും ഐക്യമനോഭാവവും നമ്മിൽ വളർത്തണം. സ്വയം അവഗണിക്കുന്നതിനും വിധേയത്വം സ്വീകരിക്കുന്നതിനും അയാൾ നിർബ്ബന്ധനാകും; എന്തെന്നാൽ നേരത്തേതന്നെ അയാൾ ആത്മസമർപ്പണമനുഷ്ഠിക്കുകയും, തദ്വാരാ, സ്വസ്വാർത്ഥാഭിലാഷങ്ങളെയും പരിത്യജിക്കുകയും ചെയ്തുകഴിഞ്ഞില്ലേ?

സേവനമനുഷ്ഠിക്കുവാൻമാത്രം അയാൾ ആഗ്രഹിക്കുന്നു. ദൈവവും ക്രിസ്തുവും അറിയപ്പെടുന്നതിനും സ്നേഹിക്കപ്പെടുന്നതിനും മാത്രം അയാൾ വാഞ്ഛിക്കുന്നു. "അവിടുന്നു വലുതാകുകയും ഞാൻ ചെറുതാകുകയും വേണം" * എന്ന യോഹന്നാൻ സ്നാപകന്റെ വാക്കുകളെ അയാൾ ഹൃദിസ്ഥമാക്കുന്നു.

---

* കർദ്ദിനാൾ വെർഡിയർ 1931-ൽ പാരീസിൽ കത്തോലിക്കാ പ്രവർത്തനസംഘടനാ ശ്രമവൽക്കരിച്ച അവസരത്തിൽ, ദൈവം സഹകരണത്തിന്റെ ചൈതന്യത്തെ പ്രദാനം ചെയ്യുന്നതിനായി ബലി അർപ്പിക്കുമ്പോൾ പ്രാർത്ഥിക്കണമെന്നു തന്റെ പുരോഹിതന്മാരെ പ്രത്യേകം ഉദ്ബോധിപ്പിക്കുകയുണ്ടായി. (Documentation Catholique XXV. 1931; 588.)

# ഉപസംഹാരം

ഹാ! എത്ര അത്ഭുതകരമായ ഒരു കമ്മമാകുന്നു ദിവ്യബലി. ആത്മാവിനു ആനന്ദനിർവൃതി ആവോളമരുളുന്ന വിശ്വൈക നാടകമാകുന്നു അത്. സൂമാൻ പറയുന്നു: "നമ്മുടെയിടയിൽ സമർപ്പിക്കപ്പെടുന്ന ദിവ്യബലിയോളം അത്ര ആശ്വാസസന്ദായകവും അത്ര ഹൃദയസ്പർശകവും അത്ര വികാരനിർഭരവും അത്ര വിജയപൂർണ്ണവുമായിയാതൊന്നും എനിക്കനുഭവപ്പെട്ടിട്ടില്ല. എന്നന്നേയ്ക്കുമായി ദിവ്യപൂജയിൽ പങ്കുകൊള്ളുവാൻ എനിയ്ക്കു കഴിയും. എന്നാലും ഞാൻ ക്ഷീണിതനാകുകയില്ല. അത്ര വെറുമൊരു പദസംഹിതയല്ല, ഒരു മഹാകമ്മമാണ്— അതെ, ലോകത്തിലുണ്ടാകാവുന്നതിൽ ഏറ്റവും മഹത്തായ ഒരു കമ്മമത്രേ."

ബലി പ്രഥമദൃഷ്ടിയിൽ ദുർഗ്രഹമായി നമുക്കു തോന്നിയേക്കാം. എന്നാൽ അതിന്റെ സാരാംശം ഗ്രഹിച്ചുകഴിഞ്ഞാൽ അതു വളരെ സുഗമമായി നമുക്കനുഭവപ്പെടും. അതു കേവലം ഒരു ധ്യാനമല്ല, ക്രിസ്തീയ സത്യത്തിലുള്ള നമ്മുടെ പ്രവർത്തവ്യമായ ഭാഗഭാഗിത്വമാണ്. സ്വർഗ്ഗീയപിതാവിനു ക്രിസ്തു നൽകിയ ആത്മാർപ്പണത്തോടുള്ള സർവ്വവിശ്വാസികളുടെയും ഐക്യമാകുന്നു അത്. അഥവാ ഈ അർപ്പണം അവശ്യം ഫലവത്താകയാൽ, ക്രിസ്തുവിന്റെ ഏക മദ്ധ്യസ്ഥതയിൽ മനുഷ്യനും ദൈവവുമായുള്ള പരസ്പര വിധേയത്വം എന്നിതിനെ വീണ്ടും നിശ്ചിക്കുവുന്നതാണ്. ഈ സത്യത്തെ സംവരണം ചെയ്യിരിക്കുന്ന അപേക്ഷകളും പ്രാർത്ഥനാക്രമങ്ങളും ക്രിസ്തുവിന്റെയും അവിടുത്തെ ശരീരമായ തിരുസഭയുടെയും പൊതുവായ പ്രവർത്തനത്തെ നമ്മെ മനസ്സിലാക്കുന്നതിനും അതിൽ നമ്മെ ഭാഗഭാക്കുകളാക്കുന്നതിനും വേണ്ടി മാത്രമാണുദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

നമ്മുടെ ഇന്നത്തെ അതിപ്രധാനമായ ഒരു പ്രവർത്തനമാണിത്. യാതൊരുത്തൻ അതിന്റെ മാന്ത്രികശക്തിക്കു വിധേയനാകുന്നുവോ അവൻ മനുഷ്യരുടെ ആദ്ധ്യാത്മിക ചരിത്രത്തിന്റെ ഘടകങ്ങളായ സംഭവവികാസങ്ങളിൽക്കൂടി കടന്നു പോകുന്നു. ക്രിസ്തുവിന്റെ പ്രസാദവരം ആരംഭത്തിൽ തന്നെ അവനിൽ നിക്ഷിപ്തമാ

മായിരിക്കുന്നതിനാൽ ഉന്നതതരമായ ഒരു സരണിയിൽക്കൂടി അവൻ സഞ്ചരിക്കുന്നു. ക്രിസ്തുവിനാൽ അവൻ സ്വർഗ്ഗീയപിതാവിന്റെ സവിധത്തിലേയ്ക്കു നയിക്കപ്പെടുകയും ആ പരമപിതാവിനെ സ്നേഹപൂർണ്ണമായ പരസ്പരവിധേയത്വത്തിൽ ദർശിക്കുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ മഹത്തായ ചൈതന്യത്തെ, അറിയാതെ തന്നെ അവൻ പാനം ചെയ്യുന്നു. അവൻ, തനിച്ചു പ്രവർത്തനനിരതനായി വർത്തിക്കുന്നില്ല; തിരുസ്സഭ മുഴുവനോടും ലോകം മുഴുവനോടു തന്നെയും സ്വയം സംയോജിപ്പിക്കപ്പെട്ടതായി അവനനുഭവപ്പെടുന്നു. അവൻ അവയ്ക്കുവേണ്ടിയും അവയിന്മേലും പ്രവർത്തിക്കുന്നതിനോടൊപ്പം അവനിൽ പ്രവർത്തിക്കപ്പെടുകയും ചെയ്യുന്നു.

ദിവ്യബലിയെപ്പറ്റി അവഗാഢമായ ഒരു ജ്ഞാനം നമുക്കു സിദ്ധിക്കുകയും അതു നമ്മുടെ സ്വന്തമായ ബലിയാണെന്നുള്ള ബോധം നമ്മിൽ ജനിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ, എത്ര എളുപ്പമാണു ബലിയെ അനുകരിക്കുവാൻ. സമയം കടന്നുപോകുന്നതുപോലും നമുക്കു അനുഭവപ്പെടാത്തവണ്ണം ബലി അത്ര സമൃദ്ധമാകുന്നു, നാം അത്രമാത്രം കർമ്മനിരതരാക്കപ്പെടുന്നു, നമ്മുടെ പ്രവർത്തനങ്ങൾ അത്ര അഗാധങ്ങളും അത്ര ഉദാത്തവ്യാപകങ്ങളുമാകുന്നു.

നാം മന്ദന്മാരായിത്തീരുന്നുവെങ്കിൽ നമ്മെ തട്ടിയുണർത്തുവാൻ പല അവസരങ്ങളുമുണ്ട്: പൂജാവേളയിൽ പലപ്രാവശ്യം പ്രാർത്ഥനയുടെയിടയ്ക്കു പുരോഹിതൻ, "സഹോദരന്മാരേ, നിങ്ങൾ പ്രാർത്ഥിക്കുവിൻ", അല്ലെങ്കിൽ, "കർത്താവു നിങ്ങളോടുകൂടെ" എന്നുച്ചരിച്ചുകൊണ്ടു ജനങ്ങളുടെ നേരേ തിരിയുന്നു. സഭാമാതാവു നമ്മുടെ ബലഹീനതയെ അറിയുന്നുണ്ട്: പുരോഹിതന്റെ ഈ വാക്കുകൾ നമുക്കൊരുണർവു നൽകുന്നതിനും നമ്മെ പ്രവർത്തനോന്മുഖരാക്കുന്നതിനുംവേണ്ടിയാണെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. *

✓ഒരു കൃത്യം എത്ര മഹത്താണെങ്കിലും പലതവണ ആവർത്തി

---

* "കർത്താവു നിങ്ങളോടുകൂടെ" എന്നുള്ളതു ഒരു ആശംസയാകുന്നു. പൊതുബലിയോടു നാം നമ്മെത്തന്നെ ഗാഢമായി ബന്ധിക്കുന്നതിനു ക്രിസ്തുവിന്റെ സാഹായ്യത്തെയും ചൈതന്യത്തെയും നേടുകൊണ്ടു ഈ ആശംസയെ അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ ആചാര്യൻ പ്രയോഗിക്കുന്നു. "അങ്ങേയ്ക്കും അപ്രകാരമാവട്ടെ" എന്നു ആശംസിക്കുന്നതിനു ലോകമെമ്പാടും നമ്മെ നിർബന്ധിക്കുന്നു. "കർത്താവു അങ്ങയോടുകൂടെയും ഉണ്ടായിരിക്കട്ടെ" എന്നാണു ഈ മറുപടിയുടെ വിവക്ഷ. ഒന്നുകിൽ അവിടെ സന്നിഹിതരായിരിക്കുന്നവരെല്ലാവരും, അല്ലെങ്കിൽ, അവർക്കുവേണ്ടി ശുശ്രൂഷിയെങ്കിലും, ഈ മറുപടി നൽകുന്നു.

ക്കപ്പെട്ടമ്പോൾ വൈവിധ്യമില്ലായ്മ പ്രത്യക്ഷപ്പെടുകയും, വെറുമൊരു ദിനചര്യമാത്രമായി അതു പരിണമിക്കുകയും ചെയ്യുന്നു. നമ്മുടെ സ്വഭാവത്തിൽ നിർല്ലീനമായിരിക്കുന്ന ഈ തിന്മയ്ക്കു രണ്ടു പരിഹാരമാർഗ്ഗങ്ങൾ മാത്രമേയുള്ളു: ഒന്നു, കർതൃനിഷ്ഠം—പ്രേരകശക്തി; മറ്റതു പദാർത്ഥനിഷ്ഠം—വൈവിധ്യം.

1. പ്രേരകശക്തി ഔൽസുക്യത്തെയും തീക്ഷ്ണതയെയും വർദ്ധിപ്പിക്കുന്നതിനു അത്യന്താപേക്ഷിതമാണ്. ബാഹ്യപദാർത്ഥത്തോടോ പ്രവർത്തനത്തോടോ നമ്മുടെ ആന്തരിക ചാഞ്ചില്യങ്ങളെ സംഘടിപ്പിച്ചുകൊണ്ടു, ആവശ്യങ്ങളെയും ആഗ്രഹങ്ങളെയും സാധിച്ചുകിട്ടുന്നതിനു ഇതു സഹായിക്കുന്നു. എത്ര കൃത്യതലായി നാം ബലിയിൽ സംബന്ധിക്കുന്നുവോ (അഥവാ അർപ്പിക്കുന്നുവോ) അത്രയും കൂടുതലായി, ബലിയിലേയ്ക്കു നമ്മെ ആകർഷിക്കുന്ന പ്രേരണകളെ നാം മനസ്സിലാക്കേണ്ടതു അത്യാവശ്യമാണ്. ദിവ്യപൂജയുടെ മാഹാത്മ്യവും, മനോഹരതയും, യോഗ്യതയും, ശക്തിയും, ഉപയോഗവും ആവശ്യകതയുമാകുന്ന നമ്മെ അതിലേയ്ക്കു വലിച്ചടിപ്പിക്കുന്നതു്. അടുത്തടുത്തുള്ള ദിവ്യകാരുണ്യസ്വീകരണത്തിലും ഇതുപോലെതന്നെയാകുന്നു. എങ്ങനെ യാതൊന്നു ശ്രദ്ധാർഹമായിരിക്കുന്നുവെന്നു മനസ്സിലാകാത്തിടത്തോളംകാലം നാം അതിൽ ശ്രദ്ധ പതിക്കാറില്ല. ന്യായവാദത്താലല്ല, ജീവിതം വഴിയായിട്ടാണു അഗാധമായ പ്രേരകശക്തി സമുൽഭൂതമാകുന്നതെന്നു നാം ഓർക്കേണ്ടതാണ്. ഒരു ദിവസത്തിൽ എത്രമാത്രം നാം ബലിയെ അനുകരിച്ചു ജീവിക്കുന്നുവോ, അത്രയും കൂടുതൽ അതു വാസ്തവികമാകുകയും അതിന്റെ പ്രചോദനങ്ങൾ നമുക്കു അനുഭവപ്പെടുകയും ചെയ്യുന്നു. ബലിക്കനുസരണമായി നിങ്ങൾ ജീവിക്കുക; അപ്പോൾ അതിനെ നിങ്ങൾ സ്നേഹിക്കുകയും ചെയ്യും.

മനോനേത്രങ്ങളുടെ മുമ്പിൽ പ്രദർശിപ്പിക്കപ്പെടേണ്ട ചില രംഗവിശേഷങ്ങളുടെ രൂപത്തിലുള്ള മാനസികവീക്ഷണങ്ങളിൽ പ്രേരകശക്തികൾ സമാഹരിക്കപ്പെട്ടുന്നു. ശരിയായി ദർശിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നപക്ഷം, ഇവ, ദിവ്യപൂജയ്ക്കുള്ള ഏറ്റവും ഉൽകൃഷ്ടമായ ഒരുക്കമായും, നമ്മുടെ ഔൽസുക്യവും തീക്ഷ്ണതയും മന്ദീഭവിക്കുന്നെങ്കിൽ അവയ്ക്കുണർവു നൽകുന്നതിനുള്ള പ്രമാദരഹിതമായ ഉപാധിയായും പരിഗണിക്കപ്പെടാവുന്നതാണ്.

പ്രേരകശക്തികളിൽ നിയോഗങ്ങൾക്കാണു പ്രഥമസ്ഥാനം നൽകപ്പെടേണ്ടതു്. ഒരു നിയോഗം നമ്മുടെ ഹൃദയത്തിലുണ്ടെങ്കിൽ

ബലിയെപ്പറ്റിയുള്ള ചിന്തയും നമ്മുടെ ഹൃദയത്തിലുണ്ടെന്നുള്ളതു നിസ്സംശയമാണ്. പ്രചോദനം നൽകുന്നതിനു നിയോഗങ്ങൾ തികച്ചും പര്യാപ്തങ്ങളാണ്; അവ്യക്തമായ വൈവിധ്യം നിയോഗങ്ങൾക്കുള്ളതുകൊണ്ടു അവ ക്രൂരതൽ അപ്രകാരം ചെയ്യുന്നതിനു ശക്തങ്ങളാണ്. ലോകത്തിന്റെ ആവശ്യങ്ങളെയും ബലിയുടെ മാഹാത്മ്യത്തെയുംപറ്റി നാം അറിഞ്ഞിരുന്നെങ്കിൽ പരിശുദ്ധങ്ങളായ നിശ്രദ്ധസത്യങ്ങളിൽ എത്ര ജാഗ്രതാപൂർവ്വം നാം ഭാഗഭാക്കുകളാകുമായിരുന്നു.

2. പദാർത്ഥനിഷ്ഠമായ വൈവിധ്യം, അതിന്റെ സ്വഭാവത്താൽതന്നെ പരിമിതമാണ്. പ്രാർത്ഥനാക്രമത്തിന്റെ ഗതിയനുസരിച്ചും വിശുദ്ധന്മാരുടെ നാമത്തിനനുസരിച്ചും ചില വ്യതിയാനങ്ങൾ ഉണ്ടാകാവുന്നതാണ്. അവ മുഖ്യ പ്രവൃത്തിയെ ബാധിക്കുന്നില്ലെന്നതന്നെയല്ല, ചുരുങ്ങിയ ഒരു ധ്യാനം വഴിയായി തിരുനാളിന്റെ അന്തരാർത്ഥത്തെ ബലിയുടെ പ്രവൃത്തിയോടോ അതിന്റെ ഉദ്ദേശ്യങ്ങളോടോ സംഘടിപ്പിക്കുന്നതായാൽ ബലിക്കാകമാനം നവമായ ഒരു വർണ്ണവും ചൈതന്യവും നൽകുന്നതിനു പര്യാപ്തവുമാണ്. ക്രിസ്തുമസ്സ്, വിശുദ്ധവാരം, ഉയിർപ്പ്, അപ്പൊസ്തോലന്മാരുടെ തിരുനാളുകൾ എന്നിവയെ ഉദാഹരണത്തിനെടുക്കാവുന്നതാണ്.

ഒറ്റക്കർബാന, സുപസ്സുകർബാന, പാട്ടുകർബാന എന്നിങ്ങനെ പലതരത്തിൽ ബലികൾ സമർപ്പിക്കുന്നതായാൽ കുറെ വൈവിധ്യമുണ്ടായിരിക്കും. ബലിയുടെ പ്രവർത്തനത്തോടു ബന്ധപ്പെട്ടതാണെങ്കിൽ സാമൂഹ്യമായ ഗീതാലാപം ഉത്തമമായ ഒരു പങ്കുകൊള്ളലായിത്തീരുന്നു. (പലപ്പോഴും ദിവ്യകർമ്മത്തിൽനിന്നും നമ്മുടെ ശ്രദ്ധയെ വ്യതിചലിപ്പിക്കുന്നതിനു അതു കാരണമാകുന്നുണ്ട്.)

അവസാനമായി, നാം പൂജകാണുന്ന രീതിയനുസരിച്ചു വൈവിധ്യമുണ്ടാകുന്നു. പുരോഹിതന്റെ പ്രവൃത്തിയോടു സ്വയം സംയോജിപ്പിക്കുകയത്രേ ഏറ്റവും ഉത്തമമായ മാർഗ്ഗം. ഇക്കാര്യത്തിൽ കുർബാനപ്പുസ്തകം ഗണ്യമായ സഹായം നൽകുന്നുണ്ട്. എന്നാൽ അല്പം സ്വാതന്ത്ര്യത്തോടുകൂടി അതിനെ നാം അംഗീകരിക്കേണ്ടതാണ്. ഇതിനുപകരം ചിലപ്പോഴെല്ലാം ഒരു പരാവർത്തനം ഉപയോഗപ്പെടുത്താം. പ്രാർത്ഥനാപുസ്തകങ്ങൾ പലമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു. അവയിൽ ചിലതു ഉപയോഗയോഗ്യങ്ങളും മറ്റു ചിലതു മിക്കവാറും കെട്ടിച്ചമയ്ക്കപ്പെട്ടതും യഥാർത്ഥമായ ബലിയോടു യാതൊരു ബന്ധവുമില്ലാത്തതുമായിരിക്കും.

## എന്റെ ബലിയുടെ രത്നച്ചുരുക്കം.

ദിവ്യബലി സാംസ്കാരികമായ ഒരു നാടകമാകുന്നു: എന്തുകൊണ്ടെന്നാൽ ഐകരൂപ്യത്തോടും പുരോഗതിയോടുംകൂടി ആകർഷകമായ ഒരു അന്ത്യത്തിൽ പര്യവസാനിക്കുന്ന ഒരു നടനത്തിലെ സംഭവങ്ങളുടെ ഒരു സംഹിതയാകുന്നു അതു്. അതെ, ആദ്ധ്യാത്മികമായ ഒരു നാടകത്തെ സൂചിപ്പിക്കുകയും നടത്തുകയും ചെയ്യുന്ന ബാഹ്യവും ദൃശ്യവുമായ ഒരു നാടകം ബലിപീഠത്തിൽ അഭിനയിക്കപ്പെടുന്നതിനാൽ ദിവ്യബലി സാംസ്കാരികമായ ഒരു നാടകമാകുന്നു.

താഴെനിന്നും മുകളിലേയ്ക്കു വായിക്കുക:—

| |
|---|
| പര്യവസാനം. |
| എന്റെ ബലിക്കുള്ള സരണമായി ഞാൻ ജീവിക്കുന്നു. |

| | |
|---|---|
| മൂന്നാം അങ്കം. | |
| എനിക്കു കാൽവരിയിലെ ബലിവസ്തു ദൈവത്താൽ നൽകപ്പെട്ടിരിക്കുന്നു. | ക്രിസ്തു എന്നെ അവിടുത്തെ ജീവിതത്തിൽ ഭാഗഭാക്കാക്കുകയും എന്റെ ആത്മാവിനെ ദൈവത്തോടു ഐക്യപ്പെടുത്തുകയും ചെയ്യുന്നു. |
| രണ്ടാം അങ്കം. | |
| എന്റെ കാഴ്ചകൾ കാൽവരിയിലെ ബലിവസ്തുവായി രൂപാന്തരപ്പെട്ടിരിക്കുന്നു. | എന്റെ ആത്മാപ്പണം ക്രിസ്തുവിന്റെ ആത്മാപ്പണത്തോടുചേർന്നുകൊണ്ടു ദൈവത്തിൻപക്കലേയ്ക്കുയരുന്നു. |
| ഒന്നാം അങ്കം. | |
| ഞാൻ എന്റെ കാഴ്ചകളെ എന്റെ സ്വർഗ്ഗീയ പിതാവിനു സമർപ്പിക്കുന്നു. | അവ എന്റെ ആത്മാപ്പണത്തെ സൂചിപ്പിക്കുകയും നിർവ്വഹിക്കുകയും ചെയ്യുന്നു. |

| |
|---|
| പ്രാരംഭം. |
| ശുദ്ധീകരണവും ഉപദേശവും. |

# ബലിയെപ്പറ്റിയുള്ള പഠനം

കുട്ടികളുടെ മതോപദേശവും അഭ്യസനവും അവർക്ക ബലിയിൽ താല്പര്യം ജനിപ്പിക്കുന്നതിലാണ അടങ്ങിയിരിക്കുന്നതെന്ന പറയാം. ഇതുയും സാധിച്ചാൽ നമ്മുടെ അഭ്യസനം ഒരു വിജയമാണ്. ഇതിൽ പരാജയപ്പെട്ടാൽ മറ്റൊന്നുകൊണ്ടും അടയ്ക്കാൻ പാടില്ലാത്ത ഒരു വിടവു ശേഷിക്കും.

ഇതു നിശ്ചയമായും പ്രയാസമേറിയ ഒരു കാര്യമാണ്. നമ്മുടെ ദുർബലമായ ഒരു വശമാണിതു്. ഇനിയും വളരെ അധികം കുട്ടികൾക്ക ബലിയെന്ന പറഞ്ഞാൽ നിശ്ചലരായിരിക്കുന്നതിന നിബ്ന്ധിക്കപ്പെട്ടന്ന അരമണിക്കൂർ സമയം മാത്രമാണ ഓമ്മയിൽ വരുന്നതു്.

മതപഠനം സജീവമാക്കുന്നതിന അടുത്തകാലത്തു വളരെയധികം ചെയ്തിട്ടുണ്ട്. ഇനിയും ധാരാളം ചെയ്യാനുമുണ്ട്. ഒരുകാര്യം തീർച്ചയാണ്. ക്ഷണസാധ്യമായ മാന്ത്രികമൊന്നുമില്ല; മാന്ത്രികമായ തന്ത്രമില്ല. നാം വളരെയധികം ക്ലേശിച്ചില്ലെങ്കിൽ, നമുക്ക ജയിക്കുന്നതിന ആശയില്ല.

## ഉദ്ദേശ്യം.

ജ്ഞാനമാണ നമ്മുടെ ഉദ്ദേശ്യം. എങ്ങും സ്പർശിക്കാത്ത ധാരണകൾ കൊണ്ടായില്ല. നമ്മുടെ ചിന്താഗതിയെ മാത്രമല്ല സർവ്വാത്മാവിനെയും ബാധിക്കുന്ന, ഇളക്കിമറിക്കുന്ന യഥാർത്ഥ ജ്ഞാനമാണാവശ്യം. യുക്തിക്ക പ്രഥമസ്ഥാനംതന്നെയുണ്ട്. അതുകൊണ്ടു സ്ഥാപിക്കുന്ന ആശയങ്ങൾ ആത്മാവിന്റെ വാസനകളെ സ്പർശിക്കുകയും വികാരങ്ങളെ തട്ടിയുണർത്തുകയും ചെയ്യണം.

സാധാരണമായി വസ്തുപരമായ ജ്ഞാനം കണ്ണുവഴിയായിട്ടാണ ആരംഭിക്കുന്നതു്. (ചെവി വഴി മാത്രം പ്രവേശിക്കുന്നതു കുട്ടികളുടെ പ്രായമായവരിൽ പലരും ഗ്രഹിക്കാറില്ല.) അതു പ്രവർത്തനത്തിന പ്രേരിപ്പിക്കുകയും ജീവിതത്തിന ഒരു പ്രചോദനം നൽകുകയും ചെയ്യുന്നു. ബലിയെപ്പറ്റിയുള്ള പഠനം പ്രധാനമായി നാലു കാര്യങ്ങളിലടങ്ങിയിരിക്കുന്നു:—

1. ജനങ്ങൾ കുമ്പാനം കാണണം. അനേകകൊല്ലക്കാലം കുമ്പാനയിൽ സന്നിഹിതരായവർ ഒരിക്കലും കുമ്പാന കണ്ടില്ലെന്നു വരാം. ദൈവാലയത്തിലെ സംവിധാനങ്ങൾ, ബലിപീഠം, തിരി, തിരുവസ്ത്രങ്ങൾ, കർമ്മങ്ങൾ ഇവയെല്ലാം കാണണം. അവരവരുടെ സ്വന്തമായ ഭക്തികൃത്യങ്ങളിൽ ഏർപ്പെട്ടിരിക്കയോ വ്യഗ്രചിത്തരായിരിക്കയോ ചെയ്യാൽപോരാ. കണ്ടുതുടങ്ങുമ്പോൾ അതിൽ താൽപര്യവും ജിജ്ഞാസയും ഉളവായിക്കൊള്ളും.

2. അവർ മനസ്സിലാക്കണം. ബാഹ്യ ചടങ്ങുകളിൽനിന്നും അവയുടെ ജ്ഞാപകങ്ങളിൽനിന്നും ആന്തരികാർത്ഥങ്ങളിലേയ്ക്കും തിരുകർമ്മങ്ങളുടെ സുന്ദരവശങ്ങളിലേയ്ക്കും നമ്മുടെ മനസ്സിനെ നയിക്കണം. ബലിയെ സംബന്ധിച്ചു ദൈവശാസ്ത്രം ജനങ്ങൾ ഗ്രഹിച്ചു സ്വന്തമാക്കിത്തീർക്കണം.

'ദൈവശാസ്ത്രം അൽമായർക്കും കുട്ടികൾക്കും ഉള്ളതല്ല' എന്നൊരു മുൻവിധിക്കെതിരായി ഇവിടെ നാം പോരാടേണ്ടിയിരിക്കുന്നു. ദൈവശാസ്ത്രം എല്ലാ ക്രൈസ്തവർക്കും വേണ്ടിയുള്ളതാണ്. വൈദികൻ അതു പഠിക്കുന്നതു് മറ്റു ജനങ്ങൾക്കു പറഞ്ഞുകൊടുക്കുന്നതിനുവേണ്ടിയാണ്. വിശ്വാസ സത്യങ്ങളെപ്പറ്റിയുള്ള അജ്ഞതയാണു സാമാന്യജനങ്ങളുടെ ഭക്തിക്കുറവിനു കാരണം. മനുഷ്യഭാവനയെ സ്പർശിച്ചിട്ടുള്ള ഏറ്റവും വികാരോദ്ദീപകമായ നാടകം നിശ്ചയമായും ക്രൈസ്തവവിശ്വാസമാണ്. മതാത്മകങ്ങളായ പ്രവർത്തനങ്ങളും വികാരങ്ങളും വാദശോധിതവും സുസ്ഥിരവുമായിരിക്കണം. അല്ലെങ്കിൽ വെറും ബാഹ്യാചാരങ്ങളും ക്ഷണികവികാരങ്ങളുമായി അവ അധഃപതിച്ചുപോകും. ബലിയെ സംബന്ധിച്ചും അനിശ്ചിതമായ വിശദീകരണംകൊണ്ടു തൃപ്തിപ്പെടുവാൻ നിവൃത്തിയില്ല; സുനിശ്ചിതവും ഫലപ്രദവുമായ വിശദീകരണം, ഗഹനങ്ങളായ സത്യങ്ങളുടെ വെളിപ്പെടുത്തൽ ആവശ്യമാണ്.

കത്തോലിക്കാപ്രവർത്തനം വഴിയായുള്ള അടുത്തകാലത്തെ അനുഭവങ്ങൾ നമ്മെ ഒന്നു പഠിപ്പിച്ചിട്ടുണ്ട്. കുട്ടികൾക്കുപോലും, അനാഭ്യസ്തരായ പെൺകുട്ടികൾക്കുതന്നെയും, ഇതേവരെ സാദ്ധ്യമെന്നു വിചാരിച്ചിരുന്നതിൽ വളരെ കൂടുതലായി ക്രൈസ്തവ വിശ്വാസത്തെ സംബന്ധിച്ചും ആദ്ധ്യാത്മികജീവിതത്തെ സംബന്ധിച്ചും മനസ്സിലാക്കുവാൻ കഴിയുമെന്നു നാം ഗ്രഹിച്ചുകഴിഞ്ഞു; അദ്ധ്യാപകനിൽ അഗാധ ജ്ഞാനവും തീക്ഷ്ണമായ ഗ്രഹണശക്തിയും നല്ല ക്ഷമയും ഉണ്ടായിരുന്നാൽമതി. ജനങ്ങൾക്കു ബലിയുടെ അർത്ഥം

മനസ്സിലായാൽ, അതു തങ്ങളുടെ ബലിയാണെന്നു മനസ്സിലാകും. അവനവനേറതിനോടുള്ള താല്പര്യം ഏതുമനുഷ്യനും സ്വാഭാവികമാണു്. തനേറ ബലിയാണെങ്കിൽ അതു ജീവിതത്തിലേയ്ക്കു താനേ പകർന്നുകൊള്ളും.

3. അവർ പ്രവർത്തിക്കണം. പ്രവർത്തനങ്ങളിൽ പങ്കെടുക്കാതെ മൂകരായിരിക്കുകയാണെങ്കിൽ സന്നിഹിതർപോലും ബലിയോടു ബന്ധമില്ലാതെവരും. അപ്പോൾ അതു അവർക്കു ഒരു ഭാരമായിമാത്രം തോന്നുകയും ചെയ്യും.

പുരോഹിതനോടുള്ള ഐക്യമാണു അവരുടെ പ്രവൃത്തി. അതു പ്രധാനമായി ആന്തരികമാണു്; ആദ്ധ്യാത്മികമാണു്. എന്നാൽ ഒരിക്കലും വ്യക്തിപരമല്ല. അതു ബലിപീഠത്തോടും, വൈദികനോടും, സഭയോടു മുഴുവനായും അവരെ ബന്ധിക്കുന്നു. ഈ ഭാഗഭാഗിത്വം ബലിയുടെ അർത്ഥവും കർമ്മപരിപാടികളും മനസ്സിലാക്കുന്നതിനു അവരെ പ്രേരിപ്പിക്കുന്നു. (അതിനാൽ ഒരു കുർബാനപുസ്തകത്തിനേറ ഉപയോഗം ഉചിതമായിത്തീരുന്നു.) ഇതിനെല്ലാം ഉപരിയായി ആവശ്യപ്പെടുന്നതു ആദ്ധ്യാത്മികമായ പരിശീലനമാണു്. ചിലർക്കു ബലി നിസ്സാരമോ അഗണ്യമോ ആയി തോന്നുന്നെങ്കിൽ അതിനേറ കാരണം, ആരാധനയുടെയും സമർപ്പണത്തിനേറയും വികാരങ്ങളും മനസ്ഥിതിയും അവർക്കു ഒരിക്കലും സമ്പാദിക്കാൻ സാധിച്ചില്ല എന്നതാണു്. മതത്തെപ്പററി അവർക്കുള്ള പരിമിതമായ ജ്ഞാനത്തെയും ഭാവനയെയുംകാൾ വളരെ ഉപരിയായതാണു ബലി. അവരുടെ മതപരിശീലനം പൂർത്തിയാകുന്നതിനു ബലിയുടെ അർത്ഥവും പ്രേരകങ്ങളുമെന്തെന്നു അവർ അറിയണം. ആത്മാവിനേറ ദൈവത്തോടുള്ള ബന്ധം ബലിയായി പകർന്നാൽ പിന്നീടെല്ലാം എളുപ്പമായി.

കുർബാനപുസ്തകം (കുർബാനയുടെ അർത്ഥം) വളരെ ഉപകാരപ്രദമാണു്. അതു ഒരുപകരണമായല്ലാതെ ഒരു അന്ത്യമായി നാം ഗണിക്കരുതു്. അന്ത്യം ബലിയിലുള്ള ആന്തരികമായ ഭാഗഭാഗിത്വമാണു്. പുസ്തകത്തിലെ ജപങ്ങൾ ഇതിനു സ്വാഭാവികമായി സാഹായകങ്ങൾ തന്നെ. എങ്കിലും അത്യന്താപേക്ഷിതമല്ല. പ്രാർത്ഥനകൾ മുഴുവൻ ഉരുവിടുന്നതിലാണു വിശ്വാസികളുടെ ഭാഗഭാഗിത്വം അടങ്ങിയിരിക്കുന്നതെന്നു നാം തെററിദ്ധരിക്കരുതു്. അതിലെ ഓരോ വാക്കിനും സാംസ്കാരികമായ (ക്രുദാശയുടെ) വിലയുണ്ടെന്നും വിചാരിക്കരുതു്. കുർബാനപുസ്തകത്തിലെ ജപങ്ങൾ പുരോഹിതനേറ ഉപയോഗത്തിനായി രചിക്കപ്പെട്ടവയാണെന്നും, വിശ്വാസികൾ

അതു മുഴുവൻ വായിക്കാൻ തത്രപ്പെടുന്നതു ഭക്തിയ്ക്കൊരു തടസ്സമായേക്കാമെന്നും നാം ഓർമ്മിക്കണം. നിശ്ചലരായി ഏകാഗ്രതയോടെ ധ്യാനിക്കുന്നതിനു ജനങ്ങൾക്കു സൗകര്യമുണ്ടായിരിക്കണം. പ്രത്യേകമായ പരസ്യപ്രാർത്ഥനകളിലേർപ്പെടാതെ ഹൃദയംഗമമായി പ്രാർത്ഥിക്കുന്നതിനുള്ള വിനാഴികകൾ അവശ്യമാണ്. ബലിയിൽ സംബന്ധിക്കുന്ന വിശ്വാസികളുടെ പ്രധാന പ്രവർത്തനം പുരോഹിതനെ സൂക്ഷിച്ചു നിരീക്ഷിക്കുന്നതിൽ അടങ്ങിയിരിക്കുന്നു. കേവലം ജിജ്ഞാസുക്കളെപ്പോലെയല്ല, അവരുടെ ആത്മികതാൽപര്യങ്ങൾ മൂലവും ആന്തരികാവസ്ഥകളാലും ആ ദിവ്യകർമ്മത്തോടു ബന്ധപ്പെട്ടിരിക്കേണ്ടതാണു അവശ്യം.

പുരോഹിതനോടും സഭയോടുമുള്ള അവരുടെ ഐക്യം ചിലപ്പോഴെല്ലാമെങ്കിലും ബാഹ്യമായി കാണിക്കേണ്ടതാണ്. അതു ആന്തരിക ഭാഗഭാഗിത്വത്തെ സജീവമാക്കുന്നതിനു സഹായിക്കുകയും ചെയ്യും. അനവധി ആളുകൾ സന്നിഹിതരായിരിക്കുമ്പോൾ ഇതു പ്രയാസമല്ലേ എന്നു തോന്നാം. എന്നാൽ പൊതുവായ പ്രവർത്തനത്തിന്റെ അർത്ഥവും അതുമൂലം ഉളവാകുന്ന മനോഭാവവും മനസ്സിലായിക്കഴിഞ്ഞാൽ ഏതു ജനതതിയും ശിക്ഷണത്തിനു വിധേയരാകാൻ മടിക്കുകയില്ല.

ബലിയിൽ ബാഹ്യമായി പങ്കെടുക്കുന്നതിനു മൂന്നു മാർഗ്ഗങ്ങളുണ്ട്. ഏ.) സഹായിക്കുന്ന ആളോടുകൂടി മുറപടി പറയുക. അയാൾ പറയുന്ന ഭാഗങ്ങൾ ആദ്യകാലങ്ങളിൽ ജനങ്ങൾ പൊതുവായി പറഞ്ഞിരുന്നതാണ്. സാധിക്കുന്നവരെല്ലാം, പ്രത്യേകം കുട്ടികൾ, ദിവ്യബലിയിൽ സഹായിക്കുന്നതിനു അഭ്യസിക്കുന്നതും അതിനുവേണ്ട പ്രാർത്ഥനകൾ മനഃപാഠമാക്കുകയോ പുസ്തകത്തിൽ നോക്കി വായിക്കുന്നതിനെങ്കിലും പരിചയിക്കുകയോ ചെയ്യുന്നതും എത്ര നല്ലതാണ്. വൈദികനല്ലാത്ത ഒരാളിനു ചെയ്യാവുന്ന ഏറ്റം വലിയ കർമ്മം ഇതല്ലേ? ബി.) ദിവ്യബലിയുടെ സമയം ഗീതങ്ങൾ പാടുക. ആഘോഷമായി അർപ്പിക്കുന്ന ബലിയിൽ ഗായകസംഘം പാടുന്ന ചില പാട്ടുകൾ സാധാരണ ബലി സമയത്തു ജനങ്ങൾക്കു പൊതുവായി പാടാവുന്നതാണ്. ക്രമാതെ ഓരോ സമയത്തിനും യോജിക്കുന്ന വിധത്തിൽ മലയാളത്തിലുള്ള പാട്ടുകളും ഉചിതമായി പാടുന്നതു ഭക്തിപൂർവ്വം ബലിയിൽ പങ്കുകൊള്ളുന്നതിനു സഹായിക്കും. സി.) പുരോഹിതനോടൊരുമിച്ചു കുരിശടയാളം വരയ്ക്കുക, സുവിശേഷം വായിക്കുമ്പോൾ എഴുന്നേറ്റു നിൽക്കുക, പവിത്രീകരണസമയത്തു കുമ്പിട്ടു ആരാധിക്കുക, ഇങ്ങനെ ചില നടപടികളും അങ്ങു

ശ്രുതയിൽനിന്നു വിശ്വാസികളെ തട്ടിയുണർത്തുന്നതിനു ഉപകരിക്കുന്നവയാണ്.

4. അവർ ബലിയനുസരിച്ചു ജീവിക്കണം. ഒരു കത്തോലിക്കന്റെ ജീവിതത്തെ അനുസ്യൂതമായ ഒരു ബലിയായി മാറ്റുന്നതിനു ശക്തമാണു ദിവ്യബലി. അതു ജീവിതത്തിന്റെ കേന്ദ്രമാണ്. അതനുസരിച്ചു ജീവിക്കുന്നതിനു ഒരുവൻ എത്രയധികമായി പരിശ്രമിക്കുന്നുവോ അത്രയധികം അതിനെപ്പറ്റി അവൻ മനസ്സിലാക്കുകയും അതു അവന്റെ സ്നേഹവിഷയമാകയും ചെയ്യും. ദിവ്യബലി ജീവിതത്തിന്റെ ആദർശമാകാതെ അതെന്തെന്നു മനസ്സിലാക്കുന്നതിനോ വിലമതിക്കുന്നതിനോ ഒരുവനും സാധിക്കുകയില്ല.

